മെയ് 2017

വാല്യം 45 | ലക്കം പത്ത്

# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ. കെ**

*സബ് എഡിറ്റർ :*
**ജെ. മഹേഷ് കുമാർ**




## ഈ ലക്കത്തിൽ

# മാറുന്ന ഇന്ത്യ

**മലയാളം പതിപ്പ്:** റ്റി.സി. 25/139, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695001. **ഫോൺ: 0471 – 2323826**

**ഇ–മെയിൽ: yojanamal50@yahoo.co.in**

**വെബ്സൈറ്റ് :** www.yojana.gov.in

**ഇ–മെയിൽ:** yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നഡ, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം :
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം.48–53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/–, രണ്ടുവർഷം 430/–, മൂന്നുവർഷം 610/–.**

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും. അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷെ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നൽകപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.




## ലേഖനങ്ങൾ ക്ഷണിക്കുന്നു

സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതി വിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വിദഗ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും ക്ഷണിക്കുന്നു. വിലാസം: പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001.

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

## യോജന തപാലിൽ ലഭിക്കുവാൻ

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക. ഒരു വർഷം – 230 രൂപ • 2 വർഷം – 430 രൂപ • 3 വർഷം – 610 രൂപ

e-mail: yojanamal50@yahoo.co.in. ☎ 0471 - 2323826

ഓൺലൈൻ വഴി യോജന വരിക്കാരനാകാൻ www.bharatkosh.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് Publications Division e-store വഴി ബുക്കു ചെയ്യാവുന്നതാണ്.

## കേന്ദ്ര സർക്കാർ പ്രസിദ്ധീകരണങ്ങൾക്കായി പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയം



കേന്ദ്ര വാർത്താ വിനിമയ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ പബ്ലിക്കേഷൻ ഡിവിഷൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്റോഡിനു സമീപമുള്ള പബ്ലിക്കേഷൻസ് ഡിവിഷൻസ് സെയിൽ എംപോറിയത്തിൽ നിന്നും ലഭിക്കുന്നതാണ്. പുസ്തകങ്ങൾ തപാലിൽ ലഭിക്കാൻ ബന്ധപ്പെടേണ്ട വിലാസം: ബിസിനസ് മാനേജർ, പബ്ലിക്കേഷൻസ് ഡിവിഷൻ സെയിൽസ് എംപോറിയം, ഗവൺമെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695001

e-mail: bmsetvm@gmail.com ☎ 0471 - 2330650

യോജന
മെയ് 2017 • വാല്യം 45 • ലക്കം പത്ത്

# ഉള്ളടക്കം

## മാറുന്ന ഇന്ത്യ


7 **പുതിയ ഇന്ത്യ**
വെങ്കയ്യ നായിഡു

11 **ഡിജിറ്റൽ പേയ്മെന്റ്: വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം**
ലേഖ ചക്രബർത്തി, സമീക്ഷ അഗർവാൾ

14 **അടിസ്ഥാന സൗകര്യത്തിന് മുൻതൂക്കം നൽകുന്ന വികസന നയം**
കെ.ആർ. സുധാമൻ

18 **നൈപുണ്യ വികസനത്തിലൂടെ യുവതയുടെ ശാക്തീകരണം**
ഡോ. ജതീന്ദർ സിംഗ്

21 **കുറ്റമറ്റ, സുതാര്യ സമ്പദ്‌വ്യവസ്ഥക്കായി ഇന്ത്യ ഒരുങ്ങുന്നു**
എം.വി. ഭാനുമതി, രോഹിത് ദേവ് ഝാ

25 **ഭദ്രമായ സാമ്പത്തിക നിർവഹണത്തിന് ഏഴ് പടികൾ**
ശിശിർ സിൻഹ

29 **വ്യവസായം സുഗമമാക്കാൻ പുതുവഴികൾ**
ഡാനിഷ് എ. ഹാഷിം, ഐശ്വര്യ നഹത

35 **ഡിജിറ്റൽ ഇന്ത്യ പദ്ധതി**
ഡോ. ഓംകാർ റോയ്

39 **കാലാവസ്ഥാ ശാസ്ത്ര പഠനത്തിൽ രാജ്യം പുരോഗതിയിലേയ്ക്ക്**
മനോജ്. എം.ജി

42 **ഡിജിറ്റൽ ഇന്ത്യ: പുരോഗതിയിലേയ്ക്കുള്ള കുതിപ്പ്**
അനസ്മോൻ. എസ്, ഡോ. ബിജു.ടി

46 **പൊതുധനകാര്യ ഏകീകരണം**
രേണു കൃഷ്ണൻ. ജി

49 **നൈപുണി സംരംഭകത്വ വികസനം**
സെയ്ദ് ഷിയാസ്

54 **നിങ്ങൾക്കറിയാമോ?**


## അടുത്ത ലക്കം

ജൂൺ 2017

**ഇന്ത്യൻ യുവത്വം: പുതിയ ഉയരങ്ങളിലേക്ക്**

# ഇന്ത്യയുടെ വളർച്ചയുടെ കഥ

വേദങ്ങൾ, കൗടില്യന്റെ അർത്ഥശാസ്ത്രം തുടങ്ങി പൗരാണിക ഇന്ത്യൻ ഗ്രന്ഥങ്ങളിലെല്ലാം സദ്ഭരണ നിയമങ്ങളെ കുറിച്ച് വേണ്ടത്ര പ്രതിപാദിച്ചിട്ടുണ്ട്. രാഷ്ട്ര പുരോഗതിക്കായി ഭരണാധികാരികൾ സ്വീകരിക്കേണ്ട ക്ഷേമ നടപടികൾക്ക് അതീവ പ്രാധാന്യമാണ് നമ്മുടെ പ്രാചീന ഗ്രന്ഥങ്ങൾ നല്കിയിരിക്കുന്നത്.

സാമ്പത്തിക - കാർഷിക - അടിസ്ഥാന വികസന മേഖലകളിലായി അടുത്ത കാലത്ത് ഇന്ത്യ നേടിയ വളർച്ചയുടെ കഥ അത്ഭുതാവഹമായ നേട്ടങ്ങളുടെ കൂടി ചരിത്രം കൂടിയാണ്. സമഗ്ര വികസനത്തിനുള്ള ഗവൺമെന്റിന്റെ ഊന്നൽ എല്ലാ വികസന മേഖലകളെയും മുഖ്യ ധാരയിലേയ്ക്കു കൊണ്ടുവന്നു. മികച്ച സാമ്പത്തിക നയങ്ങളും, ജിഎസ്ടി പോലുള്ള പരിഷ്കാര നടപടികളും സാമ്പത്തിക മേഖലയുടെ കുത്തനെയുള്ള വളർച്ച ഉറപ്പാക്കി. ഒരു രാജ്യം ഒരു നികുതി എന്ന സങ്കല്പത്തിന് നികുതി സമ്പ്രദായത്തെ ലളിതവത്ക്കരിക്കുക, ചരക്കുകൾക്കും സേവനങ്ങൾക്കും രാജ്യവ്യാപകമായ വിപണി ഉറപ്പാക്കുക, ഉത്പാദനം കൂടുതൽ മത്സരക്ഷമമാക്കുക എന്ന ലക്ഷ്യമാണ്.

ചരിത്രസംഭവമായി മാറിയ നോട്ട് റദ്ദാക്കൽ യജ്ഞവും വരുമാന പ്രഖ്യാപന പദ്ധതി, പ്രത്യേക ദൗത്യ സേനയുടെ രൂപീകരണം തുടങ്ങിയ അഴിമതി വിരുദ്ധ നടപടികളും രാജ്യത്തു നിന്ന് അഴിമതിയും കള്ളപ്പണവും നിർമ്മാർജ്ജനം ചെയ്യാനുള്ള ശക്തമായ ചുവടുവയ്പുകളായി. സമ്പദ്ഘടനയെ കള്ളപ്പണത്തിന്റെയും അഴിമതിയുടെയും ശാപത്തിൽ നിന്നും ശുദ്ധീകരിച്ച് മൂലധന നിക്ഷേപങ്ങൾ വർധിപ്പിച്ച് യഥാർത്ഥ വളർച്ചയുടെ പാതയിലെയ്ക്ക് രാജ്യത്തെ തിരികെ എത്തിക്കുക എന്ന ലക്ഷ്യമായിരുന്നു ഈ നടപടികളുടെത്.

കറൻസി രഹിത സമ്പദ് വ്യവസ്ഥയെയും ഡിജിറ്റൽ പണമിടപാടിനെയും ശക്തിപ്പെടുത്തി രാജ്യത്തെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കാനുള്ള ശ്രമം കൂടിയായിരുന്നു നോട്ട് റദ്ദാക്കൽ നടപടി. ജനത്തിന്റെ കറൻസി രഹിത ഇടപാടുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഭീം ആപ്, റൂപെയ്, ഡെബിറ്റ് കാർഡുകൾ തുടങ്ങിയ വിവിധ ഡിജിറ്റൽ സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി. കുടുംബങ്ങളുടെ ക്ഷേമത്തിനു പ്രഥമ പരിഗണന, പൗരന്മാർക്ക് അവശ്യ വസ്തുക്കളുടെ ലഭ്യത എന്നിവയാണ് ഫലപ്രദമായ ഏതു നയത്തിന്റെയും മാർഗ്ഗനിർദ്ദേശക തത്വങ്ങൾ. ജൻ ധൻ യോജന, നേരിട്ടുള്ള ആനുകൂല്യ വിതരണം, ഉജ്ജ്വല, പഹൽ തുടങ്ങിയ സാമ്പത്തിക സർവോദയ നടപടികൾ വികസനത്തിന്റെ പ്രയോജനങ്ങൾ സമൂഹത്തിന്റെ അവസാന അറ്റം വരെ എത്തിച്ചു.

മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ കീഴിൽ ഇന്ത്യയെ ലോകം ആശ്രയിക്കുന്ന ഉത്പാദന കേന്ദ്രമാക്കി മാറ്റാൻ വിവിധ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. രാജ്യത്തെ അതി ബൃഹത്തായ ജനസംഖ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്താനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ഇതിലൂടെ നാം ശ്രമിക്കുന്നത്. ഈ സ്വപ്നം സാക്ഷാത്ക്കരിക്കാൻ കൗശൽ ഭാരത്, കുശാൽ ഭാരത് എന്ന മുദ്രാവാക്യവുമായി ഗവൺമെന്റ് നൈപുണ്യവികസന സംരംഭങ്ങൾ ആരംഭിച്ചു. സ്റ്റാർട്ട് അപ് ഇന്ത്യ, സ്റ്റാൻഡ് അപ് ഇന്ത്യ തുടങ്ങിയ സംരംഭങ്ങൾ ഇന്ത്യയിലെ യുവാക്കളെ ഇവിടെ ജീവിക്കാനും ഇന്ത്യയോടൊപ്പം വളരുവാനും പ്രേരണ നല്കി. ഗവൺമെന്റിന്റെ ഡിജിറ്റൽ ഭരണവും, വ്യവസായ അനുകൂല നയങ്ങളും വഴി ഇന്ത്യയിൽ മൂലധനനിക്ഷേപം വർധിച്ചു.

ഗവൺമെന്റിന്റെ മറ്റൊരു പതാക നൗക പദ്ധതിയാണ് സ്വച്ഛ് ഭാരത് ദൗത്യം. പ്രതിപക്ഷ നിരയിൽ നിന്നു പോലും കൈയടി നേടിയ പദ്ധതിയാണ് ഇത്. സ്വച്ഛ് ഭാരത് അഭിയാൻ ജനങ്ങളെ ശുചിത്വവും വൃത്തിയും ശുചിമുറിയുടെ ഉപയോഗവും ശീലിക്കാൻ പരിശീലിപ്പിക്കുന്നു, പ്രത്യേകിച്ച് ഗ്രാമങ്ങളിൽ.

കർഷക ക്ഷേമം, കൃഷി, ഗ്രാമ വികസനം എന്നിവ വികസന മുൻഗണനാ പട്ടികയുടെ ഒന്നാം സ്ഥാനത്താണ്. പ്രധാൻ മന്ത്രി ഫസൽ ബിമ യോജന, കൃഷി സിഞ്ചായി യോജന, എന്നിവ കൃഷിക്കാരുടെ ജീവിതങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. വർഷങ്ങളായി വികസനത്തിന്റെ പിന്നാം പുറങ്ങളിൽ തള്ളപ്പെട്ടിരുന്ന പെൺകുട്ടികളുടെ ക്ഷേമം ലക്ഷ്യമാക്കി ഗവൺമെന്റ് നടപ്പാക്കി വരുന്ന അതി പ്രധാനമായ രണ്ടു പദ്ധതികളാണ് സുകന്യ സമൃദ്ധി, ബേട്ടി ബച്ചാവോ ബേട്ടി പഠാവോ എന്നിവ. സാമൂഹിക സുരക്ഷാ പദ്ധതികളായ അടൽ പെൻഷൻ യോജന, ജീവൻ ജ്യോതി യോജന എന്നിവ രാജ്യത്തെ മുതിർന്ന പൗരന്മാർക്ക് കൂടുതൽ സുരക്ഷിതത്വം നല്കുന്നു. മുൻപ് എങ്ങുമില്ലാത്ത വിധം ഇക്കഴിഞ്ഞ ബജറ്റിൽ ഏറ്റവും പണം നീക്കി വച്ചിരിക്കുന്നത് അടിസ്ഥാന സൗകര്യ വികസനങ്ങൾക്കാണ്. ഇന്ത്യയിൽ ലോക നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി ഇന്ത്യയെ ആഗോള ഉത്പാദന കേന്ദ്രമാക്കി മാറ്റുകയാണ് നമ്മുടെ ലക്ഷ്യം. സ്മാർട്ട് സിറ്റി പദ്ധതി, പ്രധാൻ മന്ത്രി ആവാസ് യോജന, പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന, തുടങ്ങിയവയെല്ലാം അടിസ്ഥാന സൗകര്യ വികസനാർത്ഥമുള്ള പദ്ധതികളാണ്.

ഇന്ന് ലോകം പ്രശംസയോടെയാണ് ഇന്ത്യയെ നോക്കി കാണുന്നത്. നമ്മുടെ തത്വശാസ്ത്രം, സാഹിത്യം, കല എല്ലാം കഴിഞ്ഞ കാലങ്ങളിലും ആഗോള തലത്തിൽ അംഗീകാരം നേടിയവയാണ്. നൈപുണ്യ ശേഖരത്തിന്റെ, നിക്ഷേപ അവസരങ്ങളുടെ, അന്താരാഷ്ട്ര ബന്ധങ്ങളുടെ, സമാധാന പരമായ രാജ്യതന്ത്രജ്ഞതയുടെയെല്ലാം പേരിലാണ് ഇന്ന് ഇന്ത്യ അഭിനന്ദിക്കപ്പെടുന്നത്. ഒരിക്കൽ മന്ത്രവാദികളുടെയും സർപ്പങ്ങളുടെയും നാട് എന്ന് അറിയപ്പെട്ടിരുന്ന ഇന്ത്യ ഇന്ന് അമേരിക്കയും ചൈനയും കഴിഞ്ഞാൽ ലോകത്തിലെ മൂന്നാം സ്ഥാനത്തു നില്ക്കുന്ന സമ്പദ് വ്യവസ്ഥയാണ്. വികസനത്തിന്റെ വിജയ കഥയുമായി വളർച്ചയുടെ പാതയിൽ ഇന്ത്യ വീണ്ടും മുന്നോട്ടു കുതിക്കുന്നു.

# പുതിയ ഇന്ത്യ

**വെങ്കയ്യ നായിഡു**

സാമ്പത്തിക ചിത്രത്തിൽ പുതിയ ഭരണമാതൃക അടയാളപ്പെടുത്തിക്കൊണ്ട്, അന്താരാഷ്ട്ര മര്യാദകളുടെ നിറമുള്ള കണ്ണാടിയിലൂടെ കണ്ടിരുന്ന പഴയ പ്രതിഛായകളും മുദ്രകളും തകർത്തു കൊണ്ട്, ഒരു നവഭാരത സൃഷ്ടിക്കായി ഇന്ത്യ അതിന്റെ വളർച്ചയുടെ കഥ തിരുത്തി എഴുതുകയാണ്.

അമേരിക്കയും ചൈനയും കഴിഞ്ഞാൽ, ശക്തവും ശീഘ്രഗതിയിൽ വളരുന്നതുമായ ചരക്കു സേവന വിപണിയുമായി കുതിക്കുന്ന മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥ ഇന്ത്യയാണ് എന്ന വസ്തുത ലോകം അറിയണം. മാറുന്ന ഇന്ത്യയുടെ മുഖം കഴിഞ്ഞ മൂന്നു വർഷമായി അതിന്റെ നേതൃത്വപരമായ നിലപാടുകളുമായി വിവിധ മേഖലകളിൽ വെല്ലുവിളി ഉയർത്തുന്നുണ്ട്. ഗവൺമെന്റിന്റെ വികസനപരമായ നടപടികൾ രാജ്യത്തെ ജനങ്ങളുടെ നിലപാടുകളെയും സ്വഭാവത്തെയും ആഴത്തിൽ മാറ്റിക്കഴിഞ്ഞു. ആവർത്തനവിരസമായ നാട്യപ്രയോഗങ്ങൾ അവസാനിപ്പിക്കാൻ ഇന്ത്യയ്ക്കു സമയമായി കഴിഞ്ഞു. പ്രതിസന്ധികളുടെയും ആഗോള ഭീഷണികളുടെയും പശ്ചാത്തലത്തിൽ പുനരുദ്ധാനത്തിന്റെയും, മുക്തിയുടെയും, വെട്ടിപ്പിടിക്കേണ്ട അത്യുജ്വലമായ ആവശ്യങ്ങളുടെയും കഥയാണ് പുതിയ ഇന്ത്യയുടെ കഥ.

ഏറ്റവും അടുത്ത കാലത്തു നടന്ന 500,1000 നോട്ടുകളുടെ പിൻവലിക്കലിൽ നിന്ന് നമുക്ക് തുടങ്ങാം. കള്ളപ്പണം, കള്ളനോട്ട്, അഴിമതി എന്നിവ അവസാനിപ്പിക്കാനുള്ള ഏറ്റവും ശക്തമായ നടപടിയായിരുന്നു അത്. കഴിഞ്ഞ രണ്ടര വർഷമായി ഗവൺമെന്റ് സ്വീകരിച്ചു വന്ന വിവിധ നടപടികളുടെ യുക്തിഭദ്രമായ പര്യവസാനമായിരുന്നു അത്. ഒരു പ്രത്യേക ദൗത്യസംഘത്തെ രൂപീകരിച്ചുകൊണ്ട്, സ്വിസ് ബാങ്ക് അധികൃതരുമായി വളരെ അടുത്ത് സഹകരിച്ചുകൊണ്ട്, നികുതി വെട്ടിപ്പിന്റെയും വരുമാന നികുതി സത്യവാങ്മൂലത്തിന്റെയും ഓരോ സംഭവങ്ങളും പ്രത്യേകം അന്വേഷിച്ച് നികുതി പിരിവ് 65000 കോടിയിൽ എത്തിക്കാൻ ഇതുവഴി സാധിച്ചു. ഇതൊരു ചെറിയ സംഭവമല്ല. കള്ളപ്പണത്തിന്റെ പിടിയിൽ നിന്നു സമ്പദ് വ്യവസ്ഥയെ രക്ഷപ്പെടുത്തുക വഴി ഒരു പരിധി വരെ അഴിമതി ഇല്ലായ്മ ചെയ്യാനും നികുതി - പലിശ നിരക്കുകൾ കുറയ്ക്കാൻ യഥാക്രമം ഗവൺമെന്റിനും റിസർവ് ബാങ്കിനും സാധിച്ചു. മാത്രവുമല്ല രാജ്യത്തെ നിക്ഷേപങ്ങൾ വർധിപ്പിക്കാനും സാമ്പത്തിക കമ്മിയുടെയും വളർച്ചാനിരക്കിന്റെയും ലക്ഷ്യം നേടാനും രാജ്യത്തിനു കഴിഞ്ഞു. ഇതാണ് ഉയിർത്തെണീറ്റ ഇന്ത്യയുടെ കഥ.

നോട്ട് അസാധുവാക്കലിനു ശേഷം ഇന്ത്യയുടെ ഡിജിറ്റൽ നേതൃത്വം വളരെ വ്യക്തമായി. കാരണം അതോടെ ഇവിടുത്തെ ഡിജിറ്റൽ പണം ഒടുക്കൽ വ്യവസ്ഥ ശക്തി പ്രാപിച്ചു. ഒരു പക്ഷെ, അത്തരത്തിലുള്ള ഒരു വിരൽ ഞൊടിക്കലിനായി രാജ്യം കാത്തു നിന്ന പോലെ. പണരഹിതമായ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുക എന്ന ശീലം സമൂഹമനസിലേയ്ക്ക് കടത്തിവിടുക, ഒപ്പം ഇന്ത്യയെ കറൻസി രഹിതസമൂഹമാക്കി മാറ്റുക, അങ്ങനെ സുതാര്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുക ഇതൊക്കെയായിരുന്നു ലക്ഷ്യം. ഭീം ആപ്ലിക്കേഷൻ നടപ്പിൽ വന്നു ഒരു മാസത്തിനുള്ളിൽ 1.5 കോടി ജനങ്ങൾ അത് കൈകൾ നീട്ടി സ്വീകരിക്കുകയും ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു എന്നത് വലിയ ആവേശകരമായ സംഗതിയാണ്. ജൻ ധൻ അക്കൗണ്ട് ഉടമകൾക്ക് ഉൾപ്പെടെ 30 കോടി റുപെയ് ഡെബിറ്റു കാർഡുകൾ ഇക്കാലയളവിൽ വിതരണം ചെയ്തു എന്നത് ഗവൺമെന്റ് മുന്നോട്ടു വച്ച ഡിജിറ്റൽ ട്രാൻസാക്ക്ഷൻ നടപടിക്കുള്ള മറ്റൊരു അംഗീകാരമായി. ഏകദേശം 12.5 ലക്ഷം പേർക്ക് ലക്കി ഗ്രാഹക്ക് യോജനയുടെ സമ്മാനങ്ങൾ ലഭിച്ചു. 70000 വ്യാപാരികൾ ഡിജിധൻ വ്യാപാർ യോജനയുടെയും പാരിതോഷികങ്ങൾക്ക് അർഹരായി. നികുതി വെട്ടിപ്പുകാർക്ക് അവരുടെ വരുമാനം പ്രഖ്യാപിച്ച് ശിക്ഷാനടപടിയിൽ നിന്ന് രക്ഷപ്പെടാൻ പ്രധാൻ മന്ത്രി ഗരിബ് കല്യാൺ യോജനയിലൂടെ അവസാന അവസരം ലഭിച്ചു. നോട്ടു റദ്ദാക്കൽ നടപടി ഡിജിറ്റൽ വിപ്ലവത്തെ ശക്തിപ്പെടുത്താനും കള്ളപ്പണക്കാർക്കും അഴിമതിക്കാർക്കും കനത്ത ധാർമിക പ്രഹരം നല്കാനും അസുലഭ അവസരമായി. ഓൺലൈനിൽ കൂടി ഇടപാടുകൾ നടത്തുമ്പോൾ പണത്തിന്റെ ആവശ്യം കുറയുന്നു. ഒപ്പം സാമ്പത്തിക ഇടപാടുകൾ സുതാര്യമാവുകയും ചെയ്യുന്നു. ഇത്തരം സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യമുള്ളവർ ഇത് മറ്റുള്ളവരെ പഠിപ്പിക്കുകയും വേണം. എല്ലാവരും ഡിജിറ്റൽ പണമിടപാടിലേയ്ക്കു വന്നാൽ മാത്രമെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും കള്ളപ്പണം അഴിമതി എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനും കൂട്ടായി നാം നടത്തുന്ന പരിശ്രമങ്ങൾ ഫലപ്രദമാവുകയുള്ളൂ. ഇതാണ് ഡിജിറ്റൽ ഇന്ത്യയുടെ കഥ.

പ്രധാൻ മന്ത്രി ജൻധൻ യോജനയുടെ കീഴിൽ അക്കൗണ്ടുകൾ തുറന്നതിലൂടെ, എൽപിജിയുടെ സബ്സിഡി 'പഹൽ പദ്ധതി' ആനുകൂല്യം കൂടി ബാങ്കുകളിലേയ്ക്ക് നേരിട്ടു ലഭിക്കുന്നതിനുള്ള സൗകര്യം കിട്ടി. ആനുകൂല്യങ്ങൾ അർഹരായ പാവപ്പെട്ടവരുടെ ബാങ്ക്

അക്കൗണ്ടുകളിലേയ്ക്ക് നേരിട്ടു നല്കുന്ന നൂതന പരിഷ്കാരം ലോകത്തിനു തന്നെ വൻ മാതൃകയായി. 160 ദശലക്ഷം ജനങ്ങളാണ് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ നേരിട്ടുള്ള ആനുകൂല്യ വിതരണ പരിപാടിയാണ് ഇത്. സബ്സിഡി വിതരണം പരിഷ്കരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സബ്സിഡികൾ നിർത്തലാക്കുകയല്ല. മറിച്ച് അർഹരായവരുടെ കൈകളിലേയ്ക്ക് ഈ ആനുകൂല്യങ്ങൾ നേരിട്ട് എത്തിക്കുക, സബ്സിഡി വിതരണത്തിൽ സുതാര്യത കൈവരുത്തി വിതരണ ശൃംഖലയിലെ ആനുകൂല്യ ചോർച്ചയും അഴിമതിയും ഇതിലൂടെ അവസാനിപ്പിക്കുക എന്നതാണ് ലക്ഷ്യം. പദ്ധതി നടപ്പാക്കിയതിനു ശേഷം എൽപിജി വിതരണ ഇനത്തിൽ മാത്രം ചോർച്ചയിൽ നിന്നു ഗവൺമെന്റിനു ലാഭിക്കാൻ സാധിച്ചത് ഏകദേശം 22000 കോടി രൂപയാണ്. സാമ്പത്തിക മേഖലയിൽ നോട്ട് അസാധുവാക്കൽ പോലുള്ള പരിഷ്കാര നടപടികളിലൂടെ വളരെ ശക്തമായി നടത്തിയ മുന്നേറ്റം ലോക സാമ്പത്തിക ഭൂപടത്തിൽ നമുക്ക് തനതായ സ്ഥാനം നേടിത്തരികയും രാജ്യത്തെ എല്ലാ പൗരന്മാരെയും ഔപചാരിക ബാങ്കിംങ് ശ്രുംഖലയിലേയ്ക്ക് ഉൾപ്പെടുത്തുകയും ചെയ്തു. പ്രധാൻ മന്ത്രി ധൻ ജൻ യോജനയിൽ മാത്രമായി 28.13 കോടി പുതിയ ബാങ്ക് അക്കൗണ്ടുകൾ തുറന്നു പ്രവർത്തനം തുടങ്ങി. കറൻസി രഹിത ഇടപാടുകൾ സുഗമമാക്കാനും സാമ്പത്തിക അസ്പൃശ്യത എന്ന സ്പനം സാക്ഷാത്ക്കരിക്കാനും ഇതിലൂടെ സാധിച്ചു. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം 2014 ഓഗസ്റ്റ് വരെ രാജ്യത്ത് തുറന്ന അക്കൗണ്ടുകളെക്കാൾ കൂടുതലാണ് ഈ പദ്ധതിയിലൂടെ കഴിഞ്ഞ രു വർഷം കൊണ്ട് ഇന്ത്യയിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ. ഇതാണ് സമഗ്ര ഇന്ത്യയുടെ കഥ.

പഹൽ ഇന്ത്യ പദ്ധതിയുടെ ഒരു മറുവശം സബ്സിഡി ഉപേക്ഷിക്കൽ പ്രചാരണമാണ്. വാർഷിക വരുമാനം 10 ലക്ഷം രൂപയിൽ കൂടുതലുള്ള എൽപിജി ഉപഭോക്താക്കൾ സ്വമനസാലെ സബ്സിഡി ഉപേക്ഷിക്കുന്ന പദ്ധതിയാണ് ഇത്. ഇത്തരത്തിൽ ലാഭിക്കുന്ന തുക ഉപയോഗിച്ച് ഇപ്പോഴും വിറകടുപ്പിലും, മണ്ണെണ്ണ സ്റ്റൗവിലും ഭക്ഷണം പാകം ചെയ്യുന്ന 65 ലക്ഷം ഗ്രാമീണ വീട്ടമ്മമാർക്ക് പുതിയ പാചക വാതക കണക്ഷൻ നല്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യത്തെ ഒരു കോടിയോളം എൽപിജി ഉപയോക്താക്കൾ സബ്സിഡി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും ഇതുവഴി ഗവൺമെന്റ് ഖജനാവിലേയ്ക്ക് 5000 കോടി രൂപ ലാഭിക്കുകയും ചെയ്തു. ഇതാണ് അഴിമതി രഹിത ഇന്ത്യയുടെ കഥ.

മെയ്ക്ക് ഇൻ ഇന്ത്യ (ഇന്ത്യയിൽ നിർമ്മിക്കൂ) പ്രചാരണം ഇന്ത്യാ ഗവൺമെന്റിന്റെ പതാകനൗക പദ്ധതികളിൽ പ്രധാനപ്പെട്ടതാണ്. നിർമാണ മേഖലയിലെ ഒരു ആഗോള കേന്ദ്രമാക്കി ഇന്ത്യയെ മാറ്റിക്കൊണ്ട് അതിലൂടെ അടിസ്ഥാന വികസനം, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, ജനപ്പെരുപ്പം ലാഭകരമായി വിനിയോഗിക്കൽ തുടങ്ങിയവ വഴി സാമ്പത്തിക നേട്ടങ്ങൾ കൊയ്യുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2017 ൽ ഇന്ത്യയിലേയ്ക്കു വന്ന നേരിട്ടുള്ള വിദേശ നിക്ഷേപം 3.35 ശതലക്ഷം ഡോളറാണ്. മെയ്ക്ക് ഇൻ ഇന്ത്യയിലൂടെ 46 ശതമാനം നിക്ഷേപ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതാണ് നിക്ഷേപ സൗഹൃദ ഇന്ത്യയുടെ കഥ.

ചരിത്ര പ്രധാനമായ ജിഎസ്ടി നിയമം രാജ്യത്തെ നികുതി സംവിധാനം ലളിതവത്ക്കരിക്കുവാനുള്ള നടപടിയാണ്. ഒപ്പം രാജ്യത്തെ ഒരൊറ്റ വിപണിയാക്കി മാറ്റാനും. അതോടെ നമ്മുടെ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി അടിത്തറ വിശാലമാകുകയും അത് സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യും. ഇതോടെ ഗവൺമെന്റിന്റെ വരുമാനം ഉയരും. ചരക്കു നീക്കം, നിർമ്മാണ ചെലവ്, നികുതി വെട്ടിപ്പ് എന്നിവ കുറയും. ഉത്പ്പന്നങ്ങളുടെ വിലയും കുറയും. അങ്ങനെ ഒരു രാജ്യം ഒരു നികുതി എന്ന നമ്മുടെ ദീർഘ കാല സ്വപ്നം ഇതോടെ യാഥാർത്ഥ്യമാവുകയാണ്. ഇത് നമ്മുടെ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം ഒന്നു മാത്രം കൊണ്ട് സാധ്യമായതാണ്. ഇനി ഉത്പാദന മേഖലയിൽ കടുത്ത മത്സരം ഉണ്ടാകും. ജിഎസ്ടി നിലവിലുള്ളതിനാൽ ഇറക്കുമതിയെ ഭയപ്പെടേണ്ടതില്ല. അതിനു കൃത്യമായ ഇറക്കുമതി ചുങ്കം ഉണ്ടാകും. ഇതാണ് രൂപാന്തരീകൃത ഇന്ത്യയുടെ കഥ.

ഡിജിറ്റൽ സാക്ഷരതയിലൂടെ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളിലൂടെ കുറെക്കൂടി മെച്ചപ്പെട്ട സമ്പദ് വ്യവസ്ഥ എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനാണ് ഡിജിറ്റൽ ഇന്ത്യ പ്രചാരണ പരിപാടി ആരംഭിച്ചത്. കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കി ഇടപാടുകളിലെ കാലതാമസം ഒഴിവാക്കുക എന്നതാണ് ഇ-ഗവേണൻസിലൂടെ ലക്ഷ്യമിടുന്നത്. ഇതിപ്പോൾ പ്രാഥമിക ഘട്ടത്തിലായതിനാൽ ഗ്രാമങ്ങളിൽ മെച്ചപ്പെട്ട ഇന്റർനെറ്റ് ശൃംഖല സ്ഥാപിച്ച് വിവിധ വേദികളിലൂടെ വ്യാപനം ചെയ്യേണ്ടിയിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രാധാന്യം ഗവൺമെന്റ് മനസിലാക്കി കഴിഞ്ഞു. അതുകൊണ്ടാണ് ഭാരത് ബ്രോഡ് ബാൻഡ് സ്ഥാപിച്ച് 2.5 ലക്ഷം പഞ്ചായത്തുകളെ ഇന്റർനെറ്റിൽ ബന്ധിപ്പിക്കുന്നത്. 2017 ജനുവരി 29 ന് രാജ്യത്തെ 76089 ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ 1,72,257 കിലോമീറ്റർ നീളത്തിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല കൊണ്ട് ബന്ധിപ്പിച്ചു കഴിഞ്ഞു. 16355 ഗ്രാമ പഞ്ചായത്തുകൾ ബ്രോഡ് ബാൻഡിനാലും ബന്ധിപ്പിച്ചു. ഇതാണ് ഡിജിറ്റൽ ഇന്ത്യയുടെ കഥ.

ഈ ഗവൺമെന്റിന്റെ പേരിനോട് ചേർത്തു വായിക്കുന്ന ഒരു സംരംഭമാണ് സ്വച്ഛ്ഭാരത് അഭിയാൻ. 2019 ൽ ഇന്ത്യൻ ഗ്രാമങ്ങളെ മുഴുവൻ വെളിയിട വിസർജ്യ വിമുക്തമായി പ്രഖ്യാപിക്കുക എന്ന ശ്രേഷ്ഠമായ ലക്ഷ്യത്തോടെ ആരംഭിച്ചതാണ് സ്വച്ഛ്ഭാരത്. ഈ പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യം എന്ന നിലയിൽ എണ്ണമറ്റ ശുചിമുറികൾ രാജ്യത്തെമ്പാടും നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ രാജ്യത്തെ ജനങ്ങളെ ശുചിമുറി ഉപയോഗിക്കുന്ന നല്ല ശീലത്തിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമവും നടക്കും. പലപ്രദേശങ്ങളിലും ഇതിനു തടസമായി നിൽക്കുന്നത് അവിടങ്ങളിലെതു മാത്രമായ സാമൂഹ്യ സാസംസ്കാരിക, മത പെരുമാറ്റച്ചട്ടങ്ങളാണ്. പദ്ധതി നടപ്പാക്കി തുടങ്ങിയതിനു ശേഷം നാലു കോടിയോളം ശുചിമുറികൾ രാജ്യത്തു 573 നഗരങ്ങളിലും 188008 ഗ്രാമങ്ങളിലും നിർമ്മിച്ചു കഴിഞ്ഞു. ഇതുവരെ 130 ജില്ലകൾ വെളിയിട വിസർജ്യ മേഖലകളായി പ്രഖ്യാപിക്കപ്പെട്ടു. ഇതാണ് ശുചിത്വ ഇന്ത്യയുടെ കഥ.

നൈപുണ്യ വികസന മേഖലയിൽ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയാണ് ഗവൺമെന്റിന്റെ പതാകനൗക പദ്ധതി. രാജ്യത്തെ ലക്ഷക്കണക്കിനു യുവജനങ്ങളെ വ്യവസായോന്മുഖ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്ന പരിശീലനങ്ങൾ നല്കി സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കാനുള്ള ഗവൺമെന്റിന്റെ പദ്ധതിയാണ് ഇത്. കൗശൽ ഭാരത്, കുശാൽ ഭാരത് എന്ന മുദ്രാവാക്യവുമായി മൊത്തം 19.85 ലക്ഷം യുവജനങ്ങളാണ് ഇതിനോടകം പരിശീലനം നേടിയിരിക്കുന്നത്. ഇതിൽ 2.49 ലക്ഷം 2016 സാമ്പത്തിക വർഷത്തിൽ ജോലി നേടി കഴിഞ്ഞു. 596 ജില്ലകളിലായി 8479 പരിശീലന കേന്ദ്രങ്ങളാണ് ഇപ്പോൾ പദ്ധതിക്കായി പ്രവർത്തിക്കുന്നത്. ഇതാണ് സ്കിൽ ഇന്ത്യയുടെ കഥ.

കുറച്ച് ഭരണാധികാരികൾ കൂടുതൽ ഭരണം ഇതാണ് ഈ ഗവൺമെന്റിന്റെ തത്വശാസ്ത്രം. ഇത് ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ ദൃശ്യവുമാണ്. ഭരണത്തിലെ നേതൃത്വത്തിലെ തൊഴിൽപരമായ പൂർണത ഊർജ്ജസ്വലമാക്കുന്നത് ഗവൺമെന്റിന്റെ പ്രവർത്തന സംസ്കാരത്തെയാണ്. മന്ത്രിമാരുടെ കൃത്യമായ വിലയിരുത്തൽ യോഗങ്ങൾ, ഇടപെടലുകൾ, വിഡിയോ കോൺഫറൺസുകൾ തുടങ്ങിയവ മികവിന്റെ പുത്തൻ മുഖമുദ്രകളായി. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ നടത്തിയ ഇടപെടലുകൾ, പ്രത്യേകിച്ച് കൽക്കരി പാടങ്ങളുടെ ലേലം പോലുള്ള നടപടികൾ ഗവൺമെന്റിന്റെ വലിയ നേട്ടങ്ങളായി വിലയിരുത്തപ്പെടുന്നു.ഇതാണ് സുതാര്യ ഇന്ത്യയുടെ കഥ.

കാർഷിക മേഖലയിലെ പദ്ധതികളായ പ്രധാൻ മന്ത്രി ഫസൽ ബിമ യോജന, പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന, സോയിൽ ഹെൽത് കാർഡ്, വേപ്പിൽ പൊതിഞ്ഞ യൂറിയ, തറവില ഉയർത്തൽ, തുടങ്ങിയ പദ്ധതികൾ അസ്ഥിരമായ കാലാവസ്ഥകളിലും രാജ്യത്തെ കൃഷിക്കാരെ നിവർന്നു നില്ക്കാൻ സഹായിക്കുന്നു. 2014 മുതൽ 2017 വരെ 15.86 ലക്ഷം ഹെക്ടറാണ് സൂക്ഷ്മ ജലസേചനത്തിനു കീഴിൽ കൊണ്ടുവന്നിരിക്കുന്നത്. 6.20 കോടി മണ്ണു പരിശോധന കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. 23 സംസ്ഥാനങ്ങളിലെ ഖാരിഫ് ഇൻഷുറൻസ് പദ്ധതിയിൽ 390 ലക്ഷം കൃഷിക്കാരെ ഉൾപ്പെടുത്തി. 386.75 ലക്ഷം ഹെക്ടർ കൃഷിഭൂമി ഇൻഷുർ ചെയ്തു. ഇതു വഴി 1,41,883.30 കോടി രൂപ വിതരണം ചെയ്തു. റാബി സീസണിൽ 2016 –17 കാലയളവിൽ 167 ലക്ഷം കൃഷിക്കാരുടെ 193.35 ലക്ഷം കൃഷിയിടങ്ങൾ 71, 728.59 കോടി രൂപയ്ക്ക് ഇൻഷുർ ചെയ്തു. രാജ്യത്തെ അന്നദാതാക്കളുടെ പേർക്കുള്ള ഗവൺമെന്റിന്റെ കരുതൽ ഈ പദ്ധതികളിൽ നിന്നു വ്യക്തമാകുന്നു.

ഇതു കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിൽ സ്മാർട്ട് സിറ്റികൾ, പ്രധാൻ മന്ത്രി ആവാസ് യോജന, ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം, പ്രധാൻ മന്ത്രി സൻസദ് ആദർശ ഗ്രാം യോജന, പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന, തുടങ്ങിയവയാണ് ഈ മേഖലയിലെ മറ്റ് പദ്ധതികൾ.

ബേട്ടി ബച്ചാവോ, ബേട്ടി പഠാഹോ, അടൽ പെൻഷൻ യോജന, ജീവൻ ജ്യോതി ബിമ യോജന, കൃഷി സിഞ്ചായ് യോജന, മുദ്ര ബാങ്ക് യോജന, സുകന്യ സമൃദ്ധി യോജന, നയി മൻസിൽ യോജന തുടങ്ങിയവ സമൂഹത്തിലെ എല്ലാ മേഖലകളുടെയും വികസനത്തെ, പെൺകുട്ടികളുടെ, മുതിർന്ന പൗരന്മാരുടെ, കൃഷിക്കാരുടെ ,ന്യൂനപക്ഷങ്ങളുടെ, നഗര വാസികളുടെ, ഗ്രാമീണരുടെ എല്ലാം ക്ഷേമത്തെ ഉറപ്പാക്കുന്നു. ഗവൺമെന്റിന്റെ എല്ലാ പദ്ധതികളും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സ്പർശിക്കുന്നു. അവരുടെ ജീവിതങ്ങളെ സുഗമമാക്കുന്നു. ഇത് ഈ രാജ്യത്തെ ആനുകൂല്യങ്ങൾ അനുഭവിക്കുന്ന പാവപ്പെട്ടവന്റെ കൃഷിക്കാരന്റെ, മഹിളകളുടെ മാറുന്ന ഇന്ത്യയുടെ കഥയാണ്.

ഇന്ത്യയുടെ വിദേശ നയം പരിശോധിക്കുമ്പോൾ ഗവൺമെന്റിന്റെ നിലപാടുകൾ വളരെ സജീവമാണ്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ആറു ഭൂഖണ്ഡങ്ങളിലെ 50 രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിച്ചത്. അദ്ദേഹത്തിന്റെ ആദ്യ നിലപാടു തന്നെ ശ്രദ്ധേയമായിരുന്നു. തന്റെ സത്യപ്രതിജ്ഞാ ചടങ്ങിലേയ്ക്ക് സാർക്ക് രാജ്യങ്ങളുടെ മുഴുവൻ നേതാക്കളെയും ക്ഷണിച്ച സംഭവം നയതന്ത്രവൃത്തങ്ങളിൽ വലിയ ചർച്ചാ വിഷയമാവുകയുണ്ടായി. എല്ലാ അയൽ രാജ്യങ്ങളുമായും ശക്തമായ സൗഹൃദം കാത്തു സൂക്ഷിക്കാനുള്ള ഉ

ദ്ദേശമായിരുന്നു അതിനു പിന്നിൽ. പ്രധാനമന്ത്രിയായ ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനം ഭൂട്ടാനിലേയ്ക്കായിരുന്നു. ഒട്ടുമിക്ക അയൽ രാജ്യങ്ങളും അദ്ദേഹം ഇതിനോടകം ഒരു തവണയെങ്കിലും സന്ദർശിച്ചു കഴിഞ്ഞു.

ഭീകരപ്രവർത്തനങ്ങളോടുള്ള പാക്കിസ്ഥാന്റെ നിലപാടു മൂലം ഇന്ത്യയ്ക്ക് ചില കടുത്ത തീരുമാനങ്ങൾ സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. പാക്കിസ്ഥാനിൽ സാർക്ക് സമ്മേളനത്തിൽ പങ്കെടുക്കില്ല എന്ന ഇന്ത്യ തീരുമാനിച്ചത് ഇതേ തുടർന്നാണ്. ഇന്ത്യൻ സൈന്യത്തിനു നേർക്കുണ്ടായ ആക്രമങ്ങൾക്ക് തിരിച്ചടി നല്കിയതും ഇതിന്റെ ബാക്കി പത്രമാണ്. സാർക്ക് സമ്മേളനം ബഹിഷ്കരിക്കാനുള്ള ഇന്ത്യയുടെ തീരുമാനം ലോകരാഷ്ട്രങ്ങളോട് പാക്കിസ്ഥാനെ ഭീകര രാഷ്ട്രമായി പ്രഖ്യാപിക്കാനുള്ള ശക്തമായ സന്ദേശമായിരുന്നു.

യുഎൻ സുരക്ഷാ സമിതിയിൽ സ്ഥിരാംഗത്വം ലഭിച്ചു എന്നത് ഇന്ത്യയുടെ വലിയ നേട്ടമാണ്. നമ്മുടെ അടുത്ത ലക്ഷ്യം ആണവ വിതരണ സംഘടനയിൽ അംഗമാകുക എന്നതാണ്. ഈ നീക്കം പുരോഗമിക്കുന്നു. ബ്രിക്സ്, സാർക്ക്, ബിംസ്റ്റെക് തുടങ്ങിയ കൂട്ടായ്മകളിലെ ഇന്ത്യയുടെ പ്രവർത്തനങ്ങൾ വളരെ ഫലപ്രദങ്ങളാണ്. ലോക വ്യാപാര സംഘടനയുടെ വ്യാപാര സമ്മേളനത്തിലും, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പാരീസ് ഉച്ചകോടിയിലും വികസ്വര രാജ്യങ്ങളെ പ്രതിനിധീകരിച്ച് ഇന്ത്യ ചർച്ചകൾക്കു നേതൃത്വം നല്കുകയുണ്ടായി.

ഇന്ത്യാ - അമേരിക്ക ഉഭയകക്ഷി ബന്ധങ്ങൾ നിലവിലുള്ള നേതൃത്വത്തിനു കീഴിൽ പുതിയ മാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു. അമേരിക്കയുടെ മുഖ്യരാഷ്ട്രീയ നേതാക്കൾ എല്ലാവരുമായും പ്രധാനമന്ത്രി സൗഹൃദം സ്ഥാപിക്കുകയും അധികാരമേറ്റ് 24 മാസത്തിനുള്ളിൽ തന്നെ ആറു പ്രാവശ്യം പ്രസിഡന്റ് ഒബാമയുമായി കൂടിക്കാഴ്ച്ച നടത്തുകയും ചെയ്തു. മൂന്നു പ്രാവശ്യം അദ്ദേഹം അമേരിക്ക സന്ദർശിക്കുകയും ചെയ്തു. ഇരു രാജ്യങ്ങളും തമ്മിലുള്ള സുപ്രധാനമായ പല പ്രതിരോധ കരാറുകളും തുടരാനുള്ള ധാരണ നേതാക്കൾ സ്വീകരിച്ചിട്ടുണ്ട്. ജപ്പാൻ, റഷ്യ തുടങ്ങിയ നമ്മുടെ പരമ്പരാഗത സുഹൃത് രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കി ദക്ഷിണേഷ്യയിൽ അധികാരം സ്ഥാപിക്കാനുള്ള ചൈനയുടെ നീക്കത്തിന് പ്രധാനമന്ത്രി തടയിട്ടിരിക്കുയാണ്. താപി, ചാബഹർ തുറമുഖം തുടങ്ങിയവയുടെ നിർമ്മാണ കരാർ ഏറ്റെടുത്തതു വഴി മേഖലയിൽ ഏകപക്ഷീയ മുന്നേറ്റത്തിനു ശ്രമിച്ച ചൈനയ്ക്ക് നാം ഗൗരവമായ മുന്നറിയിപ്പാണ് നല്കിയിരിക്കുന്നത്.

പരമ്പരാഗത സഖ്യകക്ഷികളുമായുള്ള സൗഹൃദം ശക്തമാക്കുമ്പോഴും മധ്യ ഏഷ്യ, ആഫ്രിക്ക തുടങ്ങിയ മേഖലകളിൽ ഉയർന്നു വരുന്ന പുത്തൻ ശക്തികളുമായി നയതന്ത്ര ബന്ധങ്ങൾ സ്ഥാപിക്കാൻ ഇന്ത്യക്കു സാധിച്ചിട്ടുണ്ട്. ഇവർക്കിടയിൽ ഒരു സ്വാഭാവിക നേതൃസ്ഥാനത്തേയ്ക്ക് ഇന്ത്യ ഉയർന്നുകൊണ്ടിരിക്കുന്നു. ഇതാണ് ഉദിക്കുന്ന ഇന്ത്യയുടെ കഥ.

നേപ്പാളിലെ ഭൂകമ്പമാകട്ടെ, യെമനിലെ ഇന്ത്യക്കാരുടെ പ്രശ്നമാകട്ടെ, കാഷ്മീരിലെ പ്രളയക്കെടുതികളാകട്ടെ, കേരളത്തിലെ ക്ഷേത്രത്തിലെ അഗ്നിബാധയാകട്ടെ, ഗവൺമെന്റ് ജനങ്ങളുടെ രക്ഷക്കായി അവിടെ എത്തിയിരിക്കും, രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിരിക്കും. യോഗ ദിനം പോലുള്ള സംഭവങ്ങളെ ഫലപ്രദമായി അന്താരാഷ്ട്ര തലത്തിൽ അംഗീകരിപ്പിക്കുന്നതിൽ ഇന്ത്യയുടെ പ്രശാന്തമായ ശക്തി വിജയിച്ചു. ഇതാണ് കരുതലുള്ള ഇന്ത്യയുടെ കഥ.

കഴിഞ്ഞ മൂന്നു വർഷം കൊണ്ട് തുടർന്നുള്ള വർഷങ്ങളിലെ രാഷ്ട്രത്തിന്റെ സമഗ്ര പുരോഗതിക്കുള്ള അടിസ്ഥാനം നാം ഉറപ്പിച്ചു കഴിഞ്ഞു. പത്രസമ്മേളനങ്ങൾ, ടെലിവിഷൻ, റേഡിയോ, അച്ചടി സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയ ശക്തമായ വാർത്താ വിനിമയ ഉപാധികൾ ഉപയോഗിച്ചു നടത്തിയ പ്രചാരണ പരിപാടിയിലൂടെയാണ് ഇവയെല്ലാം ഫലപ്രദമായി നടപ്പാക്കിയത്. ആകാശവാണിയിലെ മൻ കി ബാത് എന്ന പ്രതിമാസ പ്രഭാഷണ പരിപാടിയിലൂടെ പ്രധാനമന്ത്രി ജനങ്ങളിലേയ്ക്ക് നേരിട്ട് എത്തുന്നു. പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നമ്മുടെ ഗവൺമെന്റിന്റെയും, പ്രതിപക്ഷത്തിന്റെയും, ഉദ്യോഗസ്ഥരുടെയും, കമ്പനികളുടെയും, പൗരന്മാരുടെയും കൂട്ടായ പരിശ്രമങ്ങൾ ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനുള്ള, ആഗോള മഹാ ശക്തിയാക്കാനുള്ള സ്വപ്നത്തെ സാക്ഷാത്ക്കരിക്കും. ഇതാണ് ആശയവിനിമയ ഇന്ത്യയുടെ കഥ.

നമ്മുടെ കഥ പുനരാഖ്യനം ചെയ്യേണ്ടിയിരിക്കുന്നു. നിറമുള്ള കണ്ണടയിലൂടെ മാത്രം ഇന്ത്യയെ കാണുന്ന പാശ്ചാത്യ രാജ്യങ്ങളുടെ കാഴ്ച്ചപ്പാടുകൾ മാറണം. ലോകമെമ്പാടുമുള്ള രാജ്യങ്ങൾ സോഷ്യലിസത്തിന്റെ മൃതസംസ്കാരം നടത്തിയിട്ടും ചിതൽ തിന്ന അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. നമുക്ക് അതിൽ നിന്നു മോചനം വേണം. ഇവിടെ വിവരിച്ച കഥകൾ, പുതിയ ഊർജ്ജത്തിന്റെ പ്രതിജ്ഞാബദ്ധതയോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പടുത്തുയർത്തുന്ന നവഭാരതത്തിന്റെതാണ്. ഇതാണ് മോദി ദൗത്യം അഥവാ വികസ്വര ഇന്ത്യയുടെ സൃഷ്ടി ( മെയ്ക്കിംങ് ഓഫ് ഡവലപ്പിംങ് ഇന്ത്യ).

*(കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കാബിനറ്റ് മന്ത്രിയാണ് ലേഖകൻ)*

# ഡിജിറ്റൽ പേയ്മെന്റ്: വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം

ലേഖ ചക്രബർത്തി, സമീക്ഷ അഗർവാൾ

ഇന്ത്യൻ സാമ്പത്തിക നയങ്ങളിലെ പ്രത്യേകിച്ച് നോട്ട് അസാധുവാക്കൽ നടപടിക്കു ശേഷമുള്ള ഡിജിറ്റൽ പരിഷ്കാരങ്ങൾ, ബൃഹത് നയനിർമാണവിദഗ്ധർ വളരെ ഇഷ്ടപ്പെടുന്ന കാര്യങ്ങളാണ്. പൊതു പണമിടപാടിൽ നേരത്തെ മൂന്നു പ്രാവശ്യം ഇന്ത്യ ഡിജിറ്റൽ പരീക്ഷണങ്ങൾ നടത്തിയതാണ്. ഏറ്റവും ഒടുവിൽ നടത്തിയ സാമ്പത്തിക സർവെ പ്രകാരം യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യ ഗവൺമെന്റിന് വളരെ പ്രയോജനപ്പെട്ടതായിട്ടാണ് നിരീക്ഷിക്കുന്നത്. സാങ്കല്പിക ഗുണഭോക്താക്കളെ പട്ടികയിൽ നിന്നു നീക്കം ചെയ്യുന്നതിനും ചോർച്ചയും തിരിച്ചറിയൽ പാളിച്ചകളും തിരുത്തുന്നതിനും അത് സഹായകമായി. മുൻ കണക്കു പ്രകാരം ഇന്ത്യയുടെ ഗവൺമെന്റ് പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്തതോടെ ക്ഷേമ പദ്ധതി ആനുകൂല്യങ്ങളുടെ വിതരണം വളരെ എളുപ്പമായി. അതായത് 41 ശതമാനം തൊഴിലുറപ്പ് പദ്ധതി, 37 ശതമാനം എൽപിജി, 14 ശതമാനം ദേശീയ സാമൂഹിക സഹായ പദ്ധതി, 7 ശതമാനം സ്കോളർഷിപ്പുകൾ എന്നിങ്ങനെയാണ് സാമ്പത്തിക സർവെ 2015-16 നിരത്തുന്ന കണക്കുകൾ.

മറ്റൊരു വിജയ കഥ പ്രധാൻ മന്ത്രി ജൻ ധൻ യോജനയുടെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്തതാണ്. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി ക്ഷേമ പദ്ധതികളുടെ സാമ്പത്തിക ആനുകൂല്യങ്ങൾ നേരിട്ടു നല്കാൻ പൊതുജനങ്ങളോട് ബാങ്ക് അക്കൗണ്ടുകൾ തുറപ്പിക്കുന്ന നടപടിയാണ് ഇത്. വേറൊന്ന് ആധാർ കാർഡുകളുടെ വിതരണമാണ്. രാജ്യത്തെ ഓരോ പൗരനും ഓരോ തിരിച്ചറിയൽ നമ്പർ ഇതോടെ സ്വന്തമായി. ഈ നമ്പറിനെ മൊബൈൽ, ബാങ്ക് അക്കൗണ്ട് എന്നിവയുടെ നമ്പരുകളുമായി ബന്ധിപ്പിക്കുന്നു. അതോടെ സാമ്പത്തിക ആനുകൂല്യങ്ങളുടെ നേരിട്ടുള്ള വിതരണം വളരെ എളുപ്പമായി. മൊബൈൽ വഴിയുള്ള പണമിടപാട് വളരെ വേഗത്തിലും എളുപ്പത്തിലും നടത്തുവാൻ സാധിക്കുന്നു എന്നതാണ് നേട്ടം. ജൻ ധൻ അക്കൗണ്ടുകൾ, ആധാർ കാർഡുകൾ, മൊബൈൽ ബാങ്കിങ് എന്നിവ ഇന്ത്യയെ ഒരു പടി കൂടി ഡിജിറ്റൽ വിപ്ലവത്തിലേയ്ക്ക് അടുപ്പിച്ചിരിക്കുന്നു.

സാമ്പത്തിക ഡിജിറ്റലൈസേഷനിൽ ആഗോളതല പരീക്ഷണങ്ങൾ ധാരാളം നടന്നിട്ടുണ്ട്. കെനിയയിൽ ഇതിനായി സ്ഥലങ്ങളുടെ സർവേ നടത്തി, ഈ ഡിജിറ്റൽ സാഹചര്യത്തോട് എത്രമാത്രം സാമ്പത്തിക സ്ഥാപനങ്ങൾ പ്രതികരിക്കുമെന്നു വരെ കണ്ടെത്തുകയുണ്ടായി. പക്ഷെ കെനിയയിൽ നല്ലൊരു ഭാഗം ജനങ്ങൾക്കും അവരുടെ വസതികൾക്ക് അഞ്ചു കിലോമീറ്റർ പരിധിക്കുള്ളിൽ എടിഎം കൗണ്ടറുകൾ ഉണ്ട്. മാത്രവുമല്ല ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്ന രാജ്യമായി കഴിഞ്ഞ പത്തു വർഷം കൊണ്ട് കെനിയ മാറി. എന്നുവച്ചാൽ പ്രായപൂർത്തിയായവരിൽ 75 ശതമാനവും ഫോണിൽകൂടിയുള്ള സാമ്പത്തിക ഇടപാടുകൾ മാത്രം നടത്തുന്നു.

ഈ ആഗോള അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇന്ത്യ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിനായി ജാം (ജൻ ധൻ, ആധാർ, മൊബൈൽ) ത്രിത്വം പരീക്ഷിച്ചത്. ഇന്ത്യയിൽ പ്രധാനമായും സബ്സിഡികളുടെ വിതരണത്തിൽ ചോർച്ചയും പകർപ്പ് ഗുണഭോക്താക്കളും, മറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളും മറ്റുമായി ഏതാണ്ട് മുഴുവനായും കെടുകാര്യസ്ഥതയാണ് ഉണ്ടായിരുന്നത്. ഉദാഹരണത്തിനു രാജ്യത്തെ പൊതു വിതരണ സമ്പ്രദായം. യഥാർത്ഥ ഗുണഭോക്താക്കളെ തിരിച്ചറിയാൻ സംവിധാനങ്ങളില്ലാതിരുന്നതിനാൽ അനർഹരായ ആളുകൾ ആനുകൂല്യങ്ങൾ കവർന്നെടുക്കുകയായിരുന്നു. സമാനമാണ് തൊഴിലുറപ്പു പദ്ധതിയിലെ പ്രശ്നങ്ങളും. വൻ തോതിലുള്ള ചോർച്ച ഇവിടെയും സംഭവിക്കുന്നു. എൽ പി ജിയുടെ കാര്യത്തിലാണ് ഈ കെടുകാര്യസ്ഥത ഏറ്റവും കൂടുതൽ കാണുന്നത്. സബ്സിഡിയോടെ വിതരണം ചെയ്യുന്ന 60 ശതമാനം സിലണ്ടറുകളും സമൂഹത്തിന്റെ മേൽത്തട്ടിലുള്ള 20 ശതമാനം ആളുകളാണ് ഉപയോഗിക്കുന്നത്. താഴെക്കിടയിലുള്ളവർക്ക് ലഭിക്കുന്നതാകട്ടെ 8 ശതമാനം സബ്സിഡി സിലിണ്ടറുകളും. ഇതിനെല്ലാം പരിഹാരമായിട്ടാണ് ഡിജിറ്റലൈസേഷൻ സംവിധാനം നിലവിൽ വരുന്നത്.

പാവപ്പെട്ടവർക്ക് അവർ അർഹിക്കുന്ന ആനുകൂല്യങ്ങൾ നേരിട്ടു ബാങ്കുകൾ വഴി വിതരണം ചെയ്യു

ന്നതിന് ആധാർ അടിസ്ഥാനമാക്കിയുള്ള ഏകീകൃത പണ വിതരണ സംവിധാനം ചെലവു കുറഞ്ഞ രീതിയിൽ കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിനായിട്ടാണ് നിലേകാനി ദൗത്യ സംഘം 2011 ൽ രൂപീകൃമായത്. ആനുകൂല്യങ്ങൾ പണമായി നേരിട്ടു നല്കാനാണ് സംഘം ശിപാർശ ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി രാജ്യത്തെ പൊതു വിതരണ സമ്പ്രദായം അടിസ്ഥാനമാക്കി നടത്തിയ ഒരു പഠനത്തിൽ ആധാർ വഴി ഗുണഭോക്താവിനെ രജിസ്റ്റർ ചെയ്താൽ അത് ആധികാരികമാവുകയും മറ്റ് ആനുകൂല്യങ്ങൾ അവകാശപ്പെടാനുള്ള തെളിവാകുകയും ചെയ്യും. തൊഴിലുറപ്പിലും വേതന വിതരണം ആധാർ അടിസ്ഥാനമാക്കി നടത്താൻ സാധിക്കും. അഞ്ചു ശതമാനം ചോർച്ച വളരെ ഫലപ്രദമായി തടയാൻ സാധിക്കും (എൻഐപിഎഫ്പി 2012). രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് കൃത്യമായ ചട്ടക്കൂട് ഇല്ലാത്തതിനാൽ ഇവിടെ സംഘടിത കുറ്റകൃത്യങ്ങളും വെട്ടിപ്പുകളും ഉണ്ടാകുമെന്ന് മറ്റൊരു നിരീക്ഷണ(ഷറഫ്, 2016)വുമുണ്ട്.

ഏറ്റവും പുതിയ സാമ്പത്തിക സർവെ അനുസരിച്ച് 210 ദശലക്ഷം ആധാർ കാർഡുകളാണ് 2015 ൽ നല്കിയത്. അതായത് ആഴ്ച്ചയിൽ നാലു ദശലക്ഷം എന്ന നിരക്കിൽ. രാജ്യത്ത് 975 ദശലക്ഷം പൗരന്മാർക്ക് ഇന്ന് ആധാർ കാർഡുണ്ട്. എന്നുവച്ചാൽ മൊത്തം ജനസംഖ്യയുടെ 75 ശതമാനത്തിനും പ്രായപൂർത്തിയായവരിൽ 95 ശതമാനത്തിനും ആധാർ കാർഡുണ്ട് എന്നു ചുരുക്കം. മൂന്നിൽ ഒന്നു സംസ്ഥാനങ്ങളിലും 90 ശതമാനം പൗരന്മാർക്കും ആധാർ ഉണ്ട് (ഇക്കണോമിക് സർവെ, ഗവൺമെന്റ് ഓഫ് ഇന്ത്യ 2015-16). രാജ്യത്തെ ബഹുജനങ്ങൾ സ്വന്തം പേരിൽ ബാങ്കുകളിൽ അക്കൗണ്ട് ആരംഭിച്ചു എന്ന് പ്രധാനമന്ത്രി ജൻധൻ യോജന ഉറപ്പാക്കുന്നു. ഇതു വഴി യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ഗവൺമെന്റിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേരിട്ട് എത്തുന്നു.

പഹൽ പദ്ധതി എന്ന പേരിൽ എൽപിജി സബ്സിഡി നേരിട്ടു നല്കുന്ന സംവിധാനം 2014 ലാണ് ആരംഭിച്ചത്. ഇതുവഴി എൽപിജി സിലിണ്ടർ ഉപയോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നേരിട്ട് നല്കി തുടങ്ങി. മുമ്പ് ഇത് വിതരണക്കാർ വഴിയായിരുന്നു. ഇത് പിന്നീട് സ്ത്രീ ശാക്തീകരണം, ഊർജ്ജ അടിസ്ഥാന സൗകര്യം, ശുദ്ധമായ ഇന്ധനം എന്നിവയുടെ ഏകോപനം എന്നിവ കൂടിയായി മാറി. മലമ്പനി പോലുള്ള സാംക്രമിക രോഗങ്ങൾ പിടിപെട്ട് മരിക്കുന്നതിനേക്കാൾ കൂടുതൽ സ്ത്രീകളും കുട്ടികളും അടുപ്പിൽ നിന്ന് വിറകു കത്തിച്ചുണ്ടാകുന്ന പുക ശ്വസിച്ചു മരിക്കുന്നു എന്ന ഒരു കണക്ക് അടുത്ത കാലത്ത് പുറത്തു വരികയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് പാവപ്പെട്ട വീട്ടമ്മമാർക്കായി ഈ പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയത്. വിറക് ശേഖരിക്കുന്നതിനായി പാവപ്പെട്ട ഗ്രാമീണ സ്ത്രീകളും വീട്ടമ്മമാരും പെൺകുട്ടികളും എത്രയോ കിലോമീറ്ററുകളാണ് യാത്ര ചെയ്യുന്നതും കഷ്ടപ്പെടുന്നതും. വിറകു ശേഖരിക്കാൻ സ്ത്രീകൾ ചെലവഴിക്കുന്ന സമയം എത്രയെന്ന് സെന്റർ ഫോർ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ ഓഫ് ഇന്ത്യയുടെ ഒരു കണ്ടെത്തലുണ്ട്. പഹൽ പദ്ധതിക്കു മുമ്പ് എൽപിജി മിക്കവാറും നഗരങ്ങളിലെ മികച്ച വരുമാന ശേഷിയുള്ള വീടുകളുടെ അടുക്കളകൾക്കു മാത്രമായിട്ടാണ് വിതരണം ചെയ്യപ്പെട്ടിരുന്നത്. ശുദ്ധവും ആരോഗ്യപ്രദവുമായ പാചക ഇന്ധനമാണ് എൽപിജി എന്നിരിക്കിലും രാജ്യത്തെ ഭൂരിഭാഗം വീട്ടമ്മമാരും ഇന്നും വിറകിനെയും മറ്റ് അനാരോഗ്യകരമായ ഇന്ധനങ്ങളെയുമാണ് പാചകത്തിന് ആശ്രയിക്കുന്നത്. എൽപിജിക്ക് കൂടുതൽ സബ്സിഡി നല്കുന്നതിന്റെ ലക്ഷ്യം പാവപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിനാണ്. അങ്ങനെ പുകനിറഞ്ഞ വിറകടുപ്പിന്റെ അനാരോഗ്യകരമായ ഉപയോഗത്തിൽ നിന്ന് അവരെ വിമുക്തരാക്കുക എന്നതാണ്. പക്ഷെ ആ ലക്ഷ്യം ഇനിയും പൂർണമായും നേടാൻ സാധിച്ചിട്ടില്ല.

എന്നാൽ ആധാർ സംവിധാനത്തിലൂടെ പഹൽ പദ്ധതി ഒരു പരിധിവരെ വിജയമായിരിക്കുന്നു. ഈ പദ്ധതിയിൽ ഉപയോക്താക്കൾക്ക് പൊതുവിപണിയിലെ വിലയ്ക്കു തന്നെ സിലണ്ടറുകൾ ലഭിക്കുന്നു. മുഴുവൻ വിലയും വിതരണക്കാർക്ക് ഗുണഭോക്താക്കൾ നല്കുമ്പോൾ അതിന്റെ സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അന്നു തന്നെ നേരിട്ട് എത്തുന്നു.ഈ സബ്സിഡി ലഭിക്കുന്നതിനായി തന്റെ ബാങ്ക് അക്കൗണ്ടുമായി ആധാർ കാർഡ് നമ്പർ ബന്ധിപ്പിച്ചിരിക്കണം എന്നു മാത്രം. ആധാർ ഇല്ലാത്തവർ എൽപിജി ഐഡിയുടെ 17 അക്ക നമ്പരുമായി ബാങ്ക് അക്കൗണ്ടിനെ ബന്ധിപ്പിക്കണം. രാജ്യത്തെ 676 ജില്ലകളിലെ 15.3 കോടി ഉപയോക്താക്കൾക്കായി ആരംഭിച്ച് ഈ പദ്ധതി രാജ്യത്താകമാനം വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പഹൽ ഒരു വൻ വിജയമായി ഗവൺമെന്റ് തന്നെ ഇന്ന് അംഗീകരിക്കുന്നു. എൽപിജി സിലണ്ടറുകളുടെ കരിഞ്ചന്തയും, മറിച്ചു വില്പനയും 24 ശതമാനം കണ്ട് കുറയാൻ ആധാർ വഴിയുള്ള സബ്സിഡി വിതരണത്തിനു സാധിച്ചിട്ടുണ്ട് എന്ന് ഇക്കണോമിക് സർവെ ഓഫ് ഇന്ത്യ (2015 -16)യും ചൂണ്ടിക്കാണിക്കുന്നു. ഇതുവരെ പഹൽ പദ്ധതിയിലൂടെ 45412 കോടി രൂപ 10546388 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നല്കിയിട്ടുണ്ട്. (കേന്ദ്ര പെട്രോളിയം പ്രകൃതി വാതക

മന്ത്രാലയം, 2014).

ജാമിന്റെ(JAM) പ്രസക്തി ഇപ്പോഴും വർധിച്ചുവരികയാണ്. പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റ് നിയന്ത്രണമുള്ളതും പണ ചോർച്ച കൂടുതലുള്ളതുമായ മേഖലകളിൽ. വളങ്ങളുടെ കാര്യത്തിൽ കേന്ദ്രഗവൺന്റിനാണ് നിയന്ത്രണം. ജാം വഴി വളം സബ്സിഡി ചോർച്ചയുടെ 40 ശതമാനം തടയാൻ സാധിച്ചിട്ടുണ്ട്. സമാന രീതിയിലാണ് സംസ്ഥാന, പഞ്ചായത്ത് ഭരണകൂടങ്ങളും സബ്സിഡി വിതരണം നടത്തുന്നത്.

പണവിതരണത്തിലെ ചോർച്ച കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും ഭരണ കാല താമസം ഒഴിവാക്കുന്നതിനും ജാമിനു സാധിക്കുന്നു. ഇത്രയെല്ലാം വിപ്ലവകരമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടും ഈ ക്ഷേമ പരിപാടികളുടെ കാര്യക്ഷമത ഇപ്പോഴും അപൂർണമാണ്. എന്നിരുന്നാലും വിവിധ പദ്ധതികൾക്കുള്ള പണത്തിന്റെ കൈമാറ്റത്തിലെ ചോർച്ചയും ദുർവ്യയവും അഴിമതിയും ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

ഇന്ത്യയിലെ സമ്പന്ന വിഭാഗം വിവിധ സബ്സിഡികൾ പ്രത്യേകിച്ച് ഊർജ്ജ സബ്സിഡി അനുഭവിക്കുന്നത് 2015 -16 ലെ സാമ്പത്തിക സർവേ പരാമർശിച്ചിട്ടുണ്ട്. അതുപോലെ എൽപിജിയുടെ സബ്സിഡി 36 ശതമാനമാണ് ഇവർ കൈപ്പറ്റുന്നത്. വെറും 9 ശതമാനം പാവപ്പെട്ടവരാണ് എൽപിജി ഉപയോഗിക്കുന്നത്. ഇതു വ്യക്തമാക്കുന്നത് രാജ്യത്തെ 91 ശതമാനം സബ്സിഡികളും സമൂഹത്തിലെ സമ്പന്ന വിഭാഗമാണ് അനുഭവിക്കുന്നത് എന്നത്രെ. നിലവിലുള്ള സംവിധാനം പരിഷ്കരിക്കുന്നതിന് സാർവത്രിക അടിസ്ഥാന വരുമാനം നടപ്പാക്കണം എന്ന നയം ഇപ്പോഴും സാമ്പത്തിക വിദഗ്ധർക്കിടയിൽ തർക്കവിഷയമാണ്. സാർവത്രിക അടിസ്ഥാന വരുമാനം എന്നത് നിരുപാധികവും ഏകീകൃതവുമായ പണ കൈമാറ്റ സംവിധാനമാണ്. അതിന് പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ല. സാർവത്രിക അടിസ്ഥാന വരുമാനം നടപ്പിലാക്കിയാൽ പണസംബന്ധമായ എല്ലാ ചോർച്ചയും തടയാനാവും എന്ന് 2016 -17 ലെ ഇന്ത്യൻ സാമ്പത്തിക സർവേ ചൂണ്ടിക്കാട്ടുന്നു. കാരണം ഇവിടെ പണം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് പോകുന്നത്. ഇവിടെ ഉദ്യോഗസ്ഥരുടെ പങ്കും കുറയുന്നു.

ബർദാൻ (2016) ന്റെ അഭിപ്രായത്തിൽ പൊതു വിദ്യാഭ്യാസം, ആരോഗ്യം, ശിശു പോഷകാഹാര പരിപാടി, പൊതു തൊഴിലുറപ്പ് വേലകൾ തുടങ്ങിയവ പ്രധാനപ്പെട്ടതാകയാൽ അവ നിലനിർത്തണം. സാർവ




ത്രിക അടിസ്ഥാന വരുമാനം പണപ്പെരുപ്പ സൂചികയുടെ അടിസ്ഥാനത്തിൽ 2014 -15 ൽ ഓരോ വ്യക്തിക്കും 10000 രൂപയായി നിജപ്പെടുത്തണം. അപ്പോൾ അത് ആ വർഷത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 10 ശതമാനം വരും.

ബാനർജി (2016) ഘട്ടക്ക് (2016) എന്നിവരുടെ നിരീക്ഷണത്തിൽ തൊഴിലുറപ്പു പദ്ധതി, പൊതുവിതരണ സംവിധാനം എന്നിവ ഇപ്പോഴും ശരിയാം വണ്ണമല്ല നടക്കുന്നത്. ഇത്തരം അനാവശ്യ സബ്സിഡികൾ നിർത്തലാക്കി, ദുർവ്യയം ഒഴിവാക്കി, നികുതി പരിഷ്കരിച്ച് ഇന്ത്യയ്ക്ക് നല്ലൊരു സംഖ്യ ലാഭിക്കാൻ സാധിക്കും. ഇന്ത്യയിൽ സാവധാനം വികസിക്കുന്ന ആധാർ അടിസ്ഥാനമാക്കി, ഇലക്ട്രോണിക് സംവിധാനത്തിലൂടെ പണം കൈമാറ്റം വ്യാപകമാക്കി ഇന്ത്യയിലെ പൗരന്മാർക്ക് സാർവത്രിക അടിസ്ഥാന വരുമാനം നിജപ്പെടുത്താവുന്നതാണ് എന്ന് റായ് (2016) ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ ഏകാധിപത്യത്തെ ഇതു വഴി നിയന്ത്രിക്കാൻ സാധിക്കും. കൈമാറ്റം സാർവത്രികമാണ് എന്നതത്രെ ഇതിന്റെ മെച്ചം.

സാമ്പത്തിക ഏകീകരണം സാമ്പത്തിക നിയമങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ ഇന്ത്യ അതിന്റെ മൊത്ത ആഭ്യന്തര ഉത്പാദന കമ്മി 3 ശതമാനമാക്കി നിലനിർത്തേണ്ടിയിരിക്കുന്നു. അതിനാൽ രാജ്യത്തെ സബ്സിഡി നിർവഹണ സംവിധാനം ലളിതമാക്കുന്നതിനും സാമ്പത്തിക അടങ്കൽ പ്രോത്സാഹിപ്പിക്കുന്നതിലും ഡിജിറ്റലൈസേഷന്റെ പങ്ക് വ്യക്തവും നേതൃത്വപരവുമാണ്. ഇത് വിഭവങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കും.

*(ലേഖകർ യഥാക്രമം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആന്റ് പോളിസിയിൽ അസോസിയേറ്റ് പ്രൊഫസറും ഗവേഷകനുമാണ്.)*

# അടിസ്ഥാന സൗകര്യത്തിന് മുൻതൂക്കം നൽകുന്ന വികസന നയം

കെ.ആർ സുധാമൻ

അടിസ്ഥാന സൗകര്യരംഗത്ത് ഇന്ത്യയുടെ പിന്നാക്കാവസ്ഥ കേന്ദ്ര ധനമന്ത്രി അടുത്തിടെ ചൂണ്ടിക്കാട്ടുകയുണ്ടായി. രണ്ടു ദശകങ്ങളുടെയെങ്കിലും വിടവ് ഈ രംഗത്ത് രാജ്യം നേരിടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതേ സമയം തന്നെ വികസനരംഗത്തെ ഈ വിടവ് ഒരു വൻ നിക്ഷേപാവസരമാണ് തുറന്നു തരുന്നത്. ഇതു മനസ്സിലാക്കിതന്നെ ഗവൺമെന്റ് അടിസ്ഥാനസൗകര്യ വികസനരംഗത്ത് പ്രത്യേക ശ്രദ്ധയാണ് നൽകുന്നത്.

അടിസ്ഥാന സൗകര്യ വികസന രംഗത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ദൃശ്യമായ കുതിപ്പ് വിലയിരുത്തുന്നത് അതുകൊണ്ടുതന്നെ ഏറെ പ്രസക്തമാണ്. റെയിൽവെ, റോഡ്, തുറമുഖങ്ങൾ, കപ്പൽ ഗതാഗതം, സിവിൽ വ്യോമയാനം, ഉൾനാടൻ ജലഗതാഗതം, ഊർജ്ജം, തുടങ്ങി വിവിധ രംഗങ്ങളിലെ പുരോഗതി, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളെ കൂട്ടിയിണക്കുന്നതിൽ നിർണ്ണായകമായി. സ്വാതന്ത്ര്യാനന്തര കാലത്തെ 70 വർഷങ്ങളിൽ ഈ രംഗത്തുണ്ടായ വർധിച്ച ആവശ്യം കണക്കിലെടുക്കുമ്പോഴാണ് ഇതിന്റെ പ്രസക്തി മനസ്സിലാകുക.

ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിന് ഇന്ത്യക്ക് വലിയ തോതിലുള്ള വിദഗ്ധ തൊഴിൽ ശേഷിയും ഡിജിറ്റൽവൽക്കരണവും ആവശ്യമാണ്. ഇന്ത്യയെ ആഗോള ഉത്പാദന കേന്ദ്രമാക്കി മാറ്റാൻ വിഭാവനം ചെയ്യുന്ന മെയ്ക്ക് ഇൻ ഇന്ത്യ പരിപാടിയോടൊപ്പം സ്കിൽ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, സ്വഛ് ഭാരത് തുടങ്ങിയവക്കും തുടക്കം കുറിച്ചതിന് കേന്ദ്ര ഗവൺമെന്റ് അഭിനന്ദനം അർഹിക്കുന്നു.

2017 ൽ അവസാനിക്കുന്ന 12-ാം പഞ്ചവൽസര പദ്ധതികാലത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു ലക്ഷംകോടി രൂപയുടെ നിക്ഷേപമാണ് ഗവൺ മെന്റ് ലക്ഷ്യമിട്ടത്. ഇതിൽ നല്ല പങ്കും സ്വകാര്യ മേഖലയുടെ സംഭാവനയാണ്.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ഉയർന്ന വളർച്ചയുടെ പാതയിലേക്ക് നയിക്കുന്നതിൽ അടിസ്ഥാന സൗകര്യ വികസന രംഗത്തിന് വലിയ പങ്കുണ്ട്. ഇതുവരെ സ്വീകരിച്ചുപോന്നതിന് വിരുദ്ധമായി അടിസ്ഥാന സൗകര്യവികസനം ആവശ്യാനുസരണം ആക്കുക എന്നതിലേക്ക് ഗവൺമെന്റ് നിലപാട് മാറ്റി എന്നതാണ് സവിശേഷത. നേരത്തെയുണ്ടായിരുന്ന വിതരണത്തിലൂന്നിയ തന്ത്രം കാർഷിക മേഖലക്കുപോലും തിരിച്ചടിയായിരുന്നു. മോശം ഗ്രാമീണ റോഡുകൾ, ശീതീകരിച്ച സംഭരണ ശാലകളുടെയും, ജലസേചന പദ്ധതികളുടെയും അഭാവം തുടങ്ങി ഗ്രാമീണ ജനതയുടെ ആവശ്യങ്ങൾ ഒരിക്കലും പരിഗണിക്കപ്പെട്ടിരുന്നില്ല.

കഴിഞ്ഞ 15 വർഷം ഈ രംഗത്ത് നേരിട്ട വെല്ലുവിളികൾ കണക്കിലെടുത്ത് ഗവൺമെന്റ് വൻതോതിൽ ആധുനീകരണത്തിന് തുടക്കമിട്ടു. ജനസംഖ്യയുടെ മൂന്നിൽ രണ്ടും 35 വയസ്സിൽ താഴെയുള്ളവർ ഉൾക്കൊള്ളുന്ന 125 കോടി ജനങ്ങളുള്ള രാജ്യത്ത് വൻതോതിലുള്ള അടിസ്ഥാന സൗകര്യ വികസനം പോലെ മറ്റൊന്നും ഫലപ്രദമാകില്ല. സാമ്പത്തിക വളർച്ച 7.5 ശതമാനമെന്ന മികച്ച നിരക്കിൽ നിൽക്കുമ്പോൾ ഇന്ത്യ ഇപ്പോൾ തന്നെ നല്ല നിലയിലാണ്. ചൈന ഉൾപ്പെടെ മറ്റു പ്രധാന സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ പിടിയിലാകുകയും ആഗോളാടിസ്ഥാനത്തിൽ തന്നെ ആവശ്യം കുറവ് നേരിടുകയും ചെയ്യുന്ന അവസരത്തിലാണ് ഈ നേട്ടം. ആഗോള സമ്പദ്‌വ്യവസ്ഥ ആരോഗ്യം വീണ്ടെടുക്കുകയും ആവശ്യം വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുമ്പോൾ അത് മുതലെടുക്കുവാൻ തക്കവണ്ണം അടിസ്ഥാന സൗകര്യവികസന പദ്ധതികൾ രാജ്യത്ത് ഏറ്റെടുക്കുവാൻ പറ്റിയ അവസരമാണിതെന്ന് സാമ്പത്തിക വിദഗ്ധർ ഒരേ സ്വരത്തിൽ സമ്മതിക്കും. അസംസ്കൃത എണ്ണ, സിമന്റ്, ഉരുക്ക് തുടങ്ങി അടിസ്ഥാന സൗകര്യ മേഖലക്ക് അവശ്യം വേണ്ട വസ്തുക്കൾ കുറഞ്ഞ വിലക്ക് ലഭ്യമായ ഇപ്പോഴത്തെ അവസ്ഥ മുതലെടുക്കാൻ ശ്രമിക്കുന്നതും സ്വാഭാവികം മാത്രം. ചെലവ് നിയന്ത്രിച്ച് നിർത്തുന്നതിൽ ഇത് നിർണ്ണായകമാകും. കൂടാതെ വികസിത രാജ്യങ്ങളിലെ പെൻഷൻ ഫണ്ടുകളും മറ്റു ആഗോള നിക്ഷേപകരും നിക്ഷേപാവസരങ്ങൾക്കായി കാത്തുനിൽക്കുകയാണ്. മറ്റൊരു രാജ്യവും ഇപ്പോഴത്തെ അവസരത്തിൽ ഇത്തരമൊരു വൻ നിക്ഷേപത്തിന് ആനുകൂല്യമായി കണക്കാക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാൻ ആഗോള നിക്ഷേപകർ കാത്തുനിൽക്കുന്നു.

ചൈന പോലുള്ള സമ്പദ് വ്യവസ്ഥകൾ ഇടറിനിൽക്കുമ്പോൾ ഇന്ത്യയുടെ മൊത്തത്തിലുള്ള സാമ്പത്തിക ഘടകങ്ങൾ ഏറെ ശക്തമായാണ് നിലകൊള്ളുന്നത്. നാണയപ്പെരുപ്പം 5 ശതമാനത്തിൽ താഴെയും ധനകമ്മി കൈകാര്യം ചെയ്യാവുന്ന നിലയിലും പലിശ നിരക്കുകൾ കുറയുകയും ചെയ്യുന്ന വേളയിൽ കാർഷിക രംഗം കൂടി തിരിച്ചുവരവിന്റെ പാതയിലാകുമ്പോൾ അടിസ്ഥാന സൗകര്യ വികസനരംഗത്ത് കുതിപ്പിന് പറ്റിയ അവസരം തന്നെയാണിത്. അടുത്ത 3-4 വർഷത്തിനുള്ളിൽ മറ്റൊരു ലക്ഷം കോടി രൂപകൂടി ചെലവിടാനുള്ള കർമ്മപദ്ധതി ഗവൺമെന്റ് ഇതിനകം തയ്യാ

റാക്കി കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസം മൂലധന നിക്ഷേപം 18 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയും മുടങ്ങിക്കിടന്ന പദ്ധതികൾ വേഗത്തിൽ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു വരികയാണ്. അടിസ്ഥാന സൗകര്യ പദ്ധതികളിൽ വൻതോതിലുള്ള ദീർഘകാല നിക്ഷേപങ്ങൾക്ക് വിദേശ നിക്ഷേപകർ താല്പര്യം കാണിച്ചു വരികയാണെന്ന് ഊർജ്ജ മന്ത്രാലയം പറയുന്നു.

പുതിയ ട്രാക്കുകൾ, 400 റെയിൽവെ സ്റ്റേഷനുകൾ, 15 ബില്യൺ ഡോളറിന്റെ ബുള്ളറ്റ് ട്രെയിൻ പദ്ധതി, 12.5 ബില്യൺ ഡോളറിന്റെ ചരക്ക് ഇടനാഴി തുടങ്ങി ഇന്ത്യൻ റെയിൽവേയിൽ 128 ബില്യൺ ഡോളറിന്റെ വൻവികസന പദ്ധതികൾക്കായി 2014 ൽ ഗവൺമെന്റ് വിദേശ നിക്ഷേപം സ്വാഗതം ചെയ്യുകയുണ്ടായി. രാജ്യത്തിന്റെ വിവിധ തുറമുഖങ്ങളെയും കോണുകളെയും കൂട്ടിയിണക്കി കൂടുതൽ ചരക്ക് ഗതാഗത ഇടനാഴികളുടെ നിർമാണം കഴിഞ്ഞ ബജറ്റിലും പ്രഖ്യാപനം ഉണ്ടായി. മുംബൈ-ഡൽഹി, ലുധിയാന-കൊൽക്കത്ത ചരക്ക് ഇടനാഴികൾക്ക് പ്രവൃത്തികൾ ത്വരിതഗതിയിൽ മുന്നേറുകയാണ്. കൊൽക്കത്ത-വിജയവാഡ, ഡൽഹി -ചെന്നൈ, കൊൽക്കത്ത-മുംബൈ എന്നീ ചരക്ക് ഇടനാഴികൾ കൂടി ഇതു കൂടാതെ ഏറ്റെടുത്തിട്ടുമുണ്ട്.

ഗവൺമെന്റ് രൂപം നൽകിയ 6 ബില്യൺ ഡോളറിന്റെ ദേശീയ അടിസ്ഥാന സൗകര്യ നിക്ഷേപ ഫണ്ട് ഈ മേഖലയിൽ വിദേശ നിക്ഷേപകരുടെ വിശ്വാസം വളർത്താൻ സഹായിക്കും. വിവിധ ഫണ്ടുകൾ ചേർന്ന് രൂപം കൊടുത്ത ഈ ദേശീയ നിധിയിൽ ഗവൺമെന്റിന് 49 ശതമാനം പങ്കാളിത്തമുണ്ട്. സമ്പന്നമായ പൊതുമേഖലാ സ്ഥാപനങ്ങളും വിദേശ നിക്ഷേപകരും ചേർന്ന് ഫണ്ടിന്റെ നിയന്ത്രണം വഹിക്കും.

1990 കളിലെ സാമ്പത്തിക ഉദാരവൽക്കരണത്തെ തുടർന്ന് വികസന ധനകാര്യ സ്ഥാപനങ്ങൾ ഇല്ലാതായത് അടിസ്ഥാന സൗകര്യമേഖലയിലെ വികസനത്തിന് പണം കണ്ടെത്തുന്നതിനെ ഏറെ ബാധിച്ചിരുന്നു. എന്നാൽ കോർപറേറ്റ് ബോണ്ടുകൾ, അടിസ്ഥാന സൗകര്യഫണ്ടുകൾ തുടങ്ങി പകരം ദീർഘകാല മാർഗ്ഗങ്ങൾ കണ്ടെത്താനും കഴിഞ്ഞില്ല. ഇതെ തുടർന്ന് വാണിജ്യബാങ്കുകളിൽ നിന്ന് വൻതോതിൽ വായ്പ സ്വീകരിക്കേണ്ടി വന്നു. ഹ്രസ്വ-മധ്യകാല നി ക്ഷേപങ്ങൾ മാത്രം ലഭിക്കുന്ന വാണിജ്യ ബാങ്കുകൾക്ക് അതിനാൽ തന്നെ ദീർഘകാല വായ്പകൾ നൽകാൻ കഴിയാത്ത സ്ഥിതിയാണ് ഉണ്ടായിരുന്നത്. പൂർത്തീകരിക്കാൻ ഏറെക്കാലം എടുക്കുന്ന അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് വരുമാനവും താരതമ്യേന കുറവായിരിക്കും. അതിനാൽ തന്നെ കുറഞ്ഞ പലിശ നിരക്കുകളോടെ ദീർഘകാല വായ്പകളാണ് ഈ രംഗത്ത് ആവശ്യം. പെൻഷൻ ഫണ്ടുകൾ, ഇൻഷുറൻസ് ഫണ്ടുകൾ, കോർപ്പറേറ്റ് ബോണ്ടുകൾ, അടിസ്ഥാന സൗകര്യ ഫണ്ടുകൾ തുടങ്ങിയവയ്ക്കാണ് സാധാരണ നിലയിൽ ഈ രംഗത്തെ ആവശ്യം നേരിടാൻ കഴിയുക.

രാജ്യത്ത് ഇവ ആവശ്യാനുസരണം ലഭ്യമല്ലാത്തതിനാൽ വായ്പ നൽകാൻ വാണിജ്യ ബാങ്കുകൾ നിർബന്ധിതരായി. ആസ്തി ബാധ്യത അസന്തുലനം രൂപപ്പെടാൻ ഇത് കാരണമാകുകയും ലാഭക്ഷമതയെ തന്നെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

2014 മുതൽ രണ്ടാം ഘട്ട അടിസ്ഥാന സൗകര്യം വികസനത്തിന് തുടക്കമിട്ട ഇന്ത്യക്ക് അടുത്ത അഞ്ച് വർഷത്തിനകം 43 ലക്ഷം കോടി രൂപ ആവശ്യം വരുമെന്നാണ് റേറ്റിംഗ് ഏജൻസിയായ ക്രിസിലിന്റെ കണക്കുകൂട്ടൽ.

പ്രതിവർഷം 8.6 ലക്ഷം കോടി രൂപയാണ് ഇതനുസരിച്ച് വേണ്ടിവരിക. ഊർജ്ജം, ഗതാഗതം, നഗര വികസനം എന്നീ മൂന്ന് മേഖലകൾക്ക് മാത്രം 70 ശതമാനം തുക വേണ്ടിവരും. 10-15 വർഷം മുമ്പ് നടത്തിയ സ്വകാര്യ നിക്ഷേപങ്ങൾ പിൻവലിയുന്ന ഈ അവസരം വിദേശ നിക്ഷേപകർക്ക് മുന്നിൽ വാതായനങ്ങൾ തുറക്കുന്നു.

പാരമ്പര്യേതര ഊർജ്ജരംഗത്തും വർധിച്ച താല്പര്യം ഇപ്പോൾ പ്രകടമാണ്. രാജ്യത്തിന്റെ ഹരിത ഊർജ്ജശേഷി നിലവിലുള്ള 30 ജിഗാവാട്ടിൽ നിന്നും 2022 ഓടെ 100 ജിഗാ വാട്ടായി ഉയർത്താനാണ് ലക്ഷ്യം.

പാരമ്പര്യേതര ഊർജ്ജം, റെയിൽവെ, ഹൈവേ തുടങ്ങി വിവിധ അടിസ്ഥാന സൗകര്യമേഖലകളെല്ലാം തന്നെ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണുള്ളത്. ഭരണത്തിൽ സുതാര്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിക്ഷേപ പദ്ധതികളിലെ വിവേചന അധികാരം എടുത്തുകളഞ്ഞ് ചട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള സംവിധാനത്തിലേക്ക് മാറുകയാണ്. കൂടുതൽ സ്വകാര്യ, വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനാണ് ഈ നടപടി.

ജപ്പാൻ, കൊറിയ, യു.എസ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളുമായി ഗവൺമെന്റ് തലത്തിൽ സമ്പർക്കം ശക്തിപ്പെടുത്തിയതിന്റെ ഗുണഫലങ്ങളും കണ്ടുതുടങ്ങിയിട്ടുണ്ട്.

ചരക്കു ഇടനാഴി പദ്ധതിയിൽ 5 ബില്യൺ ഡോളർ മുതൽ മുടക്കാൻ ജാപ്പനീസ് കമ്പനികൾ തയ്യാറായി. കാനഡയിലെ വൻ പെൻഷൻ ഫണ്ട് ഗ്രൂപ്പ് രണ്ടു ബില്യൺ ഡോളറിന്റെയും നിക്ഷേപം ഊർജ്ജരംഗത്ത് നടത്തിക്കഴിഞ്ഞു. യുഎഇ യിലെ അബുദാബി നിക്ഷേപ അതോറിറ്റിയും താല്പര്യം പ്രകടിപ്പിച്ചതായി ഊർജ്ജമന്ത്രി പറയുന്നു.

സഹകരണത്തോടൊപ്പം മത്സരാധിഷ്ഠിത ഫെഡറലിസത്തിലൂന്നി സമൂല വളർച്ച നേടാനാണ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഗവൺമെന്റ് ലക്ഷ്യമിട്ടത്. ദീർഘകാലമായി കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ വല്യേട്ടൻ മനോഭാവമായിരുന്നു നിലനിന്നിരുന്നത്. "എല്ലാവർക്കും ഒരേ തരം" എന്ന നിലപാട് സ്വീകരിച്ചിരുന്നത് വിഭിന്ന പശ്ചാത്തലത്തലമുള്ള സംസ്ഥാനങ്ങൾക്കും പ്രാദേശിക ആവശ്യങ്ങൾക്കും ഒട്ടും ചേർ

ന്നില്ല. ഇക്കാരണത്താൽ തന്നെയാണ് സംസ്ഥാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നീതി ആയോഗ് രൂപം കൊണ്ടത്.

ജൻധൻ, ആധാർ, മൊബൈൽ എന്നിവ സംയോജിപ്പിച്ച്കൊണ്ട് ഒരു നവീന സംരംഭത്തിനും ഗവൺമെന്റ് തുടക്കം കുറിച്ചു. ഗവൺമെന്റ് ആനുകൂല്യങ്ങൾ നേരിട്ട് കൈമാറാനാണ് ഇത്. ആനുകൂല്യ വിതരണത്തിലെ ചോർച്ച അടച്ച് അങ്ങനെ മുതൽ കൂട്ടുന്ന പണം കൂടി അടിസ്ഥാന സൗകര്യ രംഗത്തേക്ക് തിരിച്ചു വിടാനാണ് ലക്ഷ്യം. സമ്പദ്‌വ്യവസ്ഥക്ക് കൂടുതൽ ഗതിവേഗം നൽകുന്നതിന്റെ ഭാഗമായി പൊതു ചെലവിന് കൂടുതൽ നീക്കിയിരിപ്പ് ഇതിന്റെ ഭാഗമാണ്. ഇക്കൊല്ലം ജൂലൈ മുതൽ ചരക്ക് സേവന നികുതി- ജി.എസ്.ടി- നടപ്പാക്കുന്നതോടെ ഗവൺമെന്റ് വരുമാനം ഇനിയും വർദ്ധിക്കും. അങ്ങനെയും അടിസ്ഥാന സൗകര്യ പദ്ധതികളിൽ കൂടുതൽ പണം എത്തിക്കാൻ കഴിയും. ജി. എസ്.റ്റി യുടെ വരവോടെ സാമ്പത്തിക വളർച്ച പ്രതിവർഷം ഒന്നര മുതൽ രണ്ടുശതമാനം വരെ അധിക വളർച്ച നേടുമെന്നാണ് വിലയിരുത്തൽ. പ്രതിവർഷം 8-9 ശതമാനം കണ്ട് വളരുന്ന ഒരു സമ്പദ് വ്യവസ്ഥയിൽ റെയിൽവെ ഉൾപ്പെടെ ചരക്കു ഗതാഗത രംഗം രണ്ടു ശതമാനത്തിലധികം വളരും എന്നാണ് നിഗമനം. ഇതിന്റെ ഭാഗമായി തന്നെ റെയിൽവെ മൂലധന നിക്ഷേപം പ്രതിവർഷം ഒരു ലക്ഷം കോടിയെന്ന നിലയിലേക്ക് ഉയർത്തിക്കഴിഞ്ഞു. മൂന്ന് വർഷം മുമ്പ് 40000 കോടി മാത്രം മൂലധന നിക്ഷേപം നടത്തിയിരുന്ന സ്ഥാനത്താണിത്.

അടുത്ത മൂന്ന് വർഷത്തിനകം 25 ട്രില്യൺ (376.53 ബില്യൺ) ഡോളറിന്റെ നിക്ഷേപം നടത്താൻ റോഡ് ഗതാഗത, ഹൈവേ, കപ്പൽ ഗതാഗത മന്ത്രാലയം പദ്ധതിയിട്ടിരിക്കുകയാണ്. 27 വ്യവസായ സമുച്ചയങ്ങൾക്കായി 8 ട്രില്യൺ ഡോളർ, റോഡ്, റെയിൽ അനുബന്ധ പ്രവർത്തനങ്ങൾക്കായി മറ്റൊരു 5 ട്രില്യൺ ഡോളറും വകയിരുത്തും. ലോകബാങ്കിന്റെ ഗതാഗത മികവ് സൂചികയിൽ ഇന്ത്യ 2016 ൽ 19 സ്ഥാനങ്ങൾ മുന്നേറി 35-ാം സ്ഥാനത്തെത്തി. 160 രാജ്യങ്ങളുടെ പ്രകടനം പരിശോധിച്ചാണ് ഇത്. ഇന്ത്യൻ ഊർജ രംഗത്തിനും അടുത്ത 4-5 വർഷത്തിനകം 250 ബില്യൺ ഡോളറിന്റെ നിക്ഷേപ സാധ്യതകൾ ഉണ്ട്. ഊർജോല്പാദനം, പ്രസരണം, വിതരണം, ഉപകരണങ്ങൾ തുടങ്ങിയവയ്ക്കാണ് ഇത്.

നാല് വർഷത്തെ ഇടവേളക്ക് ശേഷം ഇന്ത്യൻ നിർമ്മാണ സാമഗ്രി വ്യവസായവും പുനരുജ്ജീവന പാതയിലാണ്. 2019-20 ഓടെ ഇപ്പോഴത്തെ 2.8 ബില്യൺ ഡോളറിൽ നിന്നും 5 ബില്യൺ ഡോളറായി ഈ രംഗം വളരും എന്നാണ് പ്രതീക്ഷ. നിർമ്മാണ രംഗത്ത് ആഗോള നിക്ഷേപകർ താല്പര്യം കാണിക്കുന്നു എന്ന് അർത്ഥം. അടിസ്ഥാന സൗകര്യ വികസനം, അതിവേഗ ട്രെയിനുകൾ, പാരമ്പര്യേതര ഊർജ്ജം, സ്മാർട്ട് സിറ്റി വികസനം തുടങ്ങിയ മേഖലകളിൽ ഇന്ത്യയുമായി കൈകോർക്കാൻ സ്പാനിഷ് കമ്പനികൾ മുന്നോട്ട് വരുന്നു. നാസയുടെ സാങ്കേതിക പങ്കാളിയായ സ്കൈട്രാൻ കമ്പനി ഇന്ത്യയിൽ നഗര ഗതാഗത സംവിധാനമായ പോഡ്കാർസംവിധാനം നടപ്പാക്കാൻ താല്പര്യം കാട്ടിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അവർ സ്വന്തം ചെലവിൽ രാജ്യത്ത് ഒരു കിലോമീറ്റർ ദൈർഘ്യമുള്ള പൈലറ്റ് ട്രാക്ക് തയ്യാറാക്കും. ആഗോള ഇക്വിറ്റി ഫണ്ടുകൾ, ഹെഡ്ജ് ഫണ്ടുകൾ, ആഗോള ബാങ്കിതര സ്ഥാപനങ്ങൾ, നിക്ഷേപ ഫണ്ടുകൾ തുടങ്ങിയവയെല്ലാം ഇന്ത്യൻ അടിസ്ഥാന സൗകര്യ മേഖലയിൽ മുതൽ മുടക്കാൻ കാത്തു നിൽക്കുകയാണ്. വ്യവസായ ഇടനാഴികൾ, ഡൽഹി- മുംബൈ, ലുധിയാന-കൊൽക്കത്ത, കൊൽക്കത്ത-വിശാഖ പട്ടണം-വിജയവാഡ, ചെന്നൈ-തൂത്തുക്കുടി, ചെന്നൈ-ബംഗളൂരു ബംഗളൂരു-മുംബൈ തുടങ്ങിയ ഇടനാഴികൾ ജാപ്പനീസ്, ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, ബ്രിട്ടീഷ് സഹായത്തോടെ നിർമ്മാണ ദശയിലാണ്. ഇതോടൊപ്പം 100 സ്മാർട്ട് സിറ്റികളുടെയും കൂടി വികസനം അടിസ്ഥാനസൗകര്യ രംഗത്തും ടെലികോം ഉൾപ്പെടെ മറ്റു മേഖലകളിലും വൻ നിക്ഷേപാവസരം തുറക്കുന്നു.

2019-ൽ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം പ്രമാണിച്ച് രാജ്യത്തെ തുറസ്സായ സ്ഥലങ്ങളെ മലവിസർജ്ജനമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി പ്രഖ്യാപിച്ച സ്വച്ഛ് ഭാരത് പദ്ധതി വൻ നിക്ഷേപ അവസരമാണ്. മാലിന്യ സംസ്കരണ പ്ലാന്റുകൾ, ഒരു ലക്ഷം പൊതു, ഗാർഹിക ശുചിമുറികൾ, ബയോഗ്യാസ് പ്ലാന്റുകൾ, തുടങ്ങിയവ ഗ്രാമീണ ഇന്ത്യയിൽ പ്രധാനമായും നിർമ്മിക്കുകയാണ് ലക്ഷ്യം. രാജ്യത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

ഗവൺമെന്റിന്റെ സ്മാർട്ട് സിറ്റി പദ്ധതിക്കും വൻ പ്രതികരണമാണ് ലഭിച്ചത്. ജപ്പാൻ, ബ്രിട്ടൻ, ഫ്രാൻസ്, യു.എസ്, ചൈന തുടങ്ങിയ രാജ്യങ്ങൾ ബില്യൺ കണക്കിന് ഡോളർ നിക്ഷേപം ഉറപ്പ് നൽകിക്കഴിഞ്ഞു.

ഇന്ത്യയിലെ നഗര വികസന പാർപ്പിട പദ്ധതികളിൽ 30 ബില്യൺ ഡോളർ മുതൽ മുടക്കാൻ മലേഷ്യയിലെ നിർമ്മാണ വ്യവസായ വികസന ബോർഡ് താല്പര്യം കാട്ടി. ന്യൂഡൽഹി റെയിൽവെ സ്റ്റേഷനോട് ചേർന്ന് മിനി സ്മാർട്ട് സിറ്റി, ഉത്തർ പ്രദേശിലെ ഗർമുക്ത്ശ്വരിൽ ഗ്രീൻസിറ്റി പദ്ധതിയും ഗംഗാ ശുചീകരണ പദ്ധതിയും അവർ മുന്നോട്ട് വച്ചിട്ടുണ്ട്.

ലോക നിലവാരത്തിലുള്ള ഹൈവേകളും തുറമുഖ സൗകര്യങ്ങളും രാജ്യത്ത് ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രാലയങ്ങൾ കഴിഞ്ഞ രണ്ടര വർഷത്തിനിടെ വൻ പദ്ധതികൾ നടപ്പാക്കി. റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 47.7 ബില്യൺ ഡോളറും കപ്പൽ ഗതാഗത മന്ത്രാലയം 80000 കോടിയും നിക്ഷേപം നടത്തി. 2016 -17 ൽ ലക്ഷ്യമിട്ടിരുന്ന 15000 കിലോമീറ്റർ ഹൈവേയിൽ 6604 കിലോ മീറ്റർ ഇക്കൊല്ലം ഫെബ്രുവരി അവ

സാനത്തോടെ പൂർത്തീകരിച്ചു.

2017-18 ലെ കേന്ദ്ര ബജറ്റിൽ അടിസ്ഥാന സൗകര്യവികസന രംഗത്തെ മുന്നേറ്റത്തിന് ഗവൺമെന്റ് കൂടുതൽ പദ്ധതികൾ പ്രഖ്യാപിച്ചു. അടിസ്ഥാന സൗകര്യത്തിന് 10 ശതമാനവും പ്രതിരോധ രംഗത്തെ മൂലധന നിക്ഷേപത്തിന് 20.6 ശതമാനവും കൂടുതൽ നീക്കിവച്ചു. 396135 കോടിയും 86488 കോടിയുമാണ് പുതിയ തുക. റെയിൽവെക്കായി 131000 കോടി രൂപ അനുവദിച്ചു. നടപ്പുവർഷം 3500 കിലോമീറ്റർ റെയിൽ ലൈനുകൾ സ്ഥാപിക്കാൻ തുക ഉപകരിക്കും. ഭവന നിർമ്മാണത്തെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമാക്കി. ഭൂമി, കെട്ടിടം എന്നിവക്ക് ദീർഘകാല മൂലധന നേട്ടത്തിനുള്ള ലോക്-ഇൻ കാലാവധി മൂന്ന് വർഷത്തിൽ നിന്ന് രണ്ടായി കുറച്ചു.

ഇന്ത്യയുടെ റെയിൽ വികസന ഫണ്ട് എന്ന പേരിൽ 5 ബില്യൺ ഡോളറിന്റെ ഫണ്ട് രൂപീകരിക്കാനും റെയിൽവെക്ക് പദ്ധതിയുണ്ട്. വിവിധ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് പണം കണ്ടെത്താനുള്ള സംവിധാനമായി ഇത് മാറും.

ഗവൺമെന്റിന്റെ ഗ്രാമീണ തൊഴിൽ പദ്ധതി, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, നഗര വികസനം കാർഷിക ഇൻഷുറൻസ് എന്നിവക്കായി 59,978 കോടി രൂപയും പ്രഖ്യാപിച്ചു.

ചരക്കുകടത്ത് ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ദേശീയ ജലപാതകൾ സജ്ജമാക്കാൻ ഷിപ്പിംഗ് മന്ത്രാലയം പദ്ധതിയിടുന്നുണ്ട്. 2016 ലെ ദേശീയ ജലപാതാ നിയമത്തിലെ 111 ജലപാതകളിൽ 37 എണ്ണം അടുത്ത മൂന്ന് വർഷം കൊണ്ട് വികസിപ്പിക്കും. ഒന്നാം പട്ടികയിൽ 2016-17 ൽ 23 പദ്ധതികളും 2017-18 ൽ രണ്ടാം പട്ടികയിൽ 31 പദ്ധതികളും ബാക്കി 45 എണ്ണം 2019 ഡിസംബറോടെ മൂന്നാം പട്ടികയിലും നടപ്പാക്കും. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, ഊർജിത ജലസേചന പരിപാടി എന്നിവയ്ക്ക് കീഴിലാണ് ഇവ നടപ്പാക്കുക.

നഗര മേഖലകളിലെ കാർബൺ ബഹിർഗമനം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ 8000 കിലോമീറ്റർ നടപ്പാതകളും സൈക്കിൾ പാതകളും 106 നഗരങ്ങളിൽ അടുത്ത 5 വർഷത്തിനകം നിർമ്മിക്കും. 80000 കോടി രൂപയാണ് ഇതിന്റെ മതിപ്പ് ചെലവ്.

2017-22 ലെ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഇന്ത്യയിലെ ഊർജ വിതരണ മേഖലയിൽ 2.6 ലക്ഷം കോടിയുടെ നിക്ഷേപം കേന്ദ്ര വൈദ്യുതി അതോറിറ്റി പ്രതീക്ഷിക്കുന്നു. മേഖലാതലത്തിൽ ഊർജ പ്രസരണ ശേഷി 45,700 മെഗാ വാട്ട് വർദ്ധിക്കാൻ ഇതുപകരിക്കും.

ടോൾ പിരിച്ച് കൈമാറുക എന്ന വ്യവസ്ഥയിൽ 75 ഹൈവേ പദ്ധതികൾ 35600 കോടി ചെലവിൽ നടപ്പാക്കും. 2700 കിലോമീറ്റർ ഹൈവേയാണ് ഇതുവഴി കൂട്ടിച്ചേർക്കപ്പെടുക.

അമൃത് പദ്ധതിയനുസരിച്ച് 6 സംസ്ഥാനങ്ങളിലായി അടിസ്ഥാന നഗരസൗകര്യ വികസനത്തിന് 2863 കോടി രൂപയുടെ നിക്ഷേപം നടത്താൻ നഗര വികസന മന്ത്രാലയം അനുമതി നൽകി. വിമാനത്താവള അതോറിറ്റിയുടെ മൂലധന ചെലവ് 2017-18 ൽ 25 ശതമാനം വർദ്ധിപ്പിച്ച് 2500 കോടിയായി ഉയർത്തും. 12 വിമാനത്താവളങ്ങളിൽ വിമാന ഗതാഗതശേഷി വർദ്ധിപ്പിക്കാൻ തുക ഉപകരിക്കും. രാജ്യത്തെ 13 വിമാനത്താവളങ്ങളിലെ ടെർമിനൽ സൗകര്യങ്ങളും ഹോട്ടൽ, കാർ പാർക്ക് ഉൾപ്പെടെയുള്ളവയും സ്വകാര്യ പങ്കാളിത്തതോടെ മെച്ചപ്പെടുത്താനും അതോറിറ്റിക്ക് പദ്ധതിയുണ്ട്. വ്യോമയാന ഇതര വരുമാനം വർദ്ധിപ്പിക്കാനാണ് ഇതുവഴി ലക്ഷ്യം.

രാജ്യത്തുടനീളം 100 സ്മാർട്ട് സിറ്റികൾ വികസിപ്പിക്കുന്നതിന് 50000 കോടി രൂപ ഗവൺമെന്റ് നീക്കിവച്ചു. അടുത്ത മൂന്ന് വർഷത്തിനകം ഹൈവേ പദ്ധതികൾക്കായി 93 ബില്യൺ ഡോളറും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പകുതിയും ദേശീയ പാതാ നിർമ്മാണ പദ്ധതിയിൻ കീഴിൽ നടപ്പാക്കുകയാണ് ഉദ്ദേശ്യം.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രയത്നങ്ങളുടെ ഫലമായി ബജറ്റിൽ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് പ്രഖ്യപിച്ച ഊന്നലാണ് മേൽപ്പറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നത്. ആവശ്യമായ നിയമ ചട്ടക്കൂട്, തീരുമാനങ്ങളിലെ സുതാര്യത, വേഗത്തിലുള്ള അനുമതി എന്നിവയാണ് ഇതിന്റെയെല്ലാം സവിശേഷത.

വരും വർഷങ്ങളിൽ വൻ മുന്നേറ്റം കൈവരിക്കാൻ വെമ്പുന്ന മറ്റൊരു മേഖലയാണ് തുറമുഖങ്ങൾ. 2017 ൽ രാജ്യത്തെ വൻകിട തുറമുഖങ്ങൾ 943.06 ദശലക്ഷം ടണ്ണും ചെറുകിട തുറമുഖങ്ങൾ 815.20 ദശലക്ഷം ടണ്ണും ചരക്ക് കൈകാര്യം ചെയ്യുമെന്നാണ് പ്രവചനം.

കൂടാതെ, 2020 ഓടെ ആഗോള തലത്തിൽ വ്യോമയാന രംഗത്ത് മൂന്നാം സ്ഥാനത്തെത്താൻ തയ്യാറാകുകയാണ് നമ്മുടെ വ്യോമയാന വിപണി. 120 ബില്യൺ ഡോളർ നിക്ഷേപം ആകർഷിക്കുന്ന വ്യോമയാന രംഗം 336 ദശലക്ഷം ആഭ്യന്തര യാത്രക്കാരെയും 85 ദശലക്ഷം വിദേശ യാത്രക്കാരെയും സഹായിക്കും. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ആകെയുണ്ടായ കുതിപ്പ് സമ്പദ് വ്യവസ്ഥയെ ആകെ തന്നെ വരുംവർഷങ്ങളിൽ മികച്ച വളർച്ചയുടെ പാതയിലേക്ക് നയിക്കും. ഒരു കാലത്ത് ദിനംപ്രതി രണ്ടോ മൂന്നോ കിലോമീറ്റർ ഹൈവേകൾ രാജ്യത്ത് നിർമ്മിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് 40 കിലോമീറ്ററാണ്. വരും മാസങ്ങളിൽ ഇനിയും വളരുകയും ചെയ്യും. റോഡ്, റെയിൽ, തുറമുഖം, മെട്രോ, അങ്ങനെ എന്തുമാകട്ടെ അടിസ്ഥാന സൗകര്യ വികസനം ഇപ്പോൾ ദൃശ്യമാണ് എന്ന് ചുരുക്കം.

*(പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഇക്കണോമിക്സ് എഡിറ്ററും പ്രശസ്ത പത്രപ്രവർത്തകനുമാണ് ലേഖകൻ)*

# നൈപുണ്യവികസനത്തിലൂടെ യുവതയുടെ ശാക്തീകരണം

ഡോ. ജതീന്ദർ സിംഗ്

യുവാക്കൾ സമൂഹത്തിൽ അർഥവത്തായ മാറ്റമുണ്ടാക്കുന്നവരാണ്. പരീക്ഷണങ്ങളോടു തുറന്ന മനോഭാവമുള്ളവരാണ്. അവർ പുതിയ ആശയങ്ങൾ കൊണ്ടുവരുന്നവരും വളർച്ചയ്ക്കു ചുക്കാൻ പിടിക്കുന്നവരുമാണ്.

രാജ്യത്തിന്റെ ഭാവിയിൽ മാത്രമല്ല വളർച്ചാഗതിയിലും പങ്കാളികളുമെന്ന നിലയിൽ അവരെ കേൾക്കുകയും കാണുകയും ചെയ്യുന്നുവെന്നത് ഇന്ത്യൻ യുവത ഉറപ്പാക്കിയിരിക്കുന്നു. ആവശ്യമായ നൈപുണ്യവും അറിവും നൽകി നമ്മുടെ യുവജനങ്ങളെ ഫലപ്രദമായി ശാക്തീകരിക്കേണ്ടത് അനുപേക്ഷണീയമായ കാര്യമാണ്. ഇന്ത്യയെ വളർച്ചാപാതയിലേക്ക് എത്തിക്കുന്നതിന്റെ താക്കോലാണിത്.

ഇപ്പോൾ ഇന്ത്യ അതിന്റെ ചരിത്രത്തിലെ ഏറ്റവും നല്ല സമയത്തിലൂടെയാണ് കടന്നുപോകുന്നത്. രാജ്യത്തെ ജനസംഖ്യയിൽ 50 ശതമാനത്തിലധികം 25 വയസിനു താഴെയുള്ളവരാണ്. 2020-ഓടെ ഇന്ത്യാക്കാരുടെ ശരാശരി വയസ് 29 ആകും. അതായത് 47 ദശലക്ഷം അധിക തൊഴിൽ ശക്തി രാജ്യത്തേക്കു കടന്നുവരും. ഇതു ചരിത്രപരമായ ഒരു സംഖ്യയാണ്. നൈപുണ്യവികസനം, സംരംഭകത്വം എന്നിവയിലൂടെ ഈ യുവതയെ വഴി തിരിച്ചുവിടേണ്ടത് ഏറ്റവും ആവശ്യമാണ്. ഇന്ത്യയിൽ കുറഞ്ഞത് 2040 വരെ തൊഴിൽ ശക്തി വളർന്നുകൊണ്ടിരിക്കുമെന്നാണ് ലോകബാങ്ക് റിപ്പോർട്ട് പറയുന്നത്. ഇത് ഇന്ത്യയെ 'വികസ്വര' രാജ്യത്തിൽ നിന്നു 'വികസിത' രാജ്യത്തേക്കു നയിക്കുമെന്നും റിപ്പോർട്ട് അഭിപ്രായപ്പെടുന്നു.

ഈ യുവാക്കളുടെ അഭിലാഷ പൂർത്തീകരണവും സാമ്പത്തിക വളർച്ചയും ഒരുമിപ്പിക്കുകയെന്നതാണ് രാജ്യത്തിന്റെ വികസന അജണ്ടയിൽ മുഖ്യമായിട്ടുള്ളത്. വിശാലമായ ചിന്തയും നവീകരണവും യുവാക്കളിൽ പ്രോത്സാഹിപ്പിക്കണം. രാജ്യത്തിന്റെ വളർച്ചയും സമൃദ്ധിയും ലക്ഷ്യമിട്ടുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കുചേരാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കണം. ഇവരെ തൊഴിലിന് അനുയോജ്യരാക്കിതീർക്കത്തക്കവിധം നൈപുണ്യമുള്ളവരാക്കി മാറ്റുകയെന്ന വലിയ വെല്ലുവിളിയാണ് ഇതു നൽകുന്നത്. ഇതോടൊപ്പം തൊഴിൽ ആവശ്യവും തൊഴിൽ ലഭ്യതയും തമ്മിൽ ഒത്തുപോകുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. മേക്ക് ഇൻ ഇന്ത്യ, സ്കിൽ ഇന്ത്യ മിഷൻ, സ്റ്റാർട്ട്പ് ഇന്ത്യ, സ്റ്റാൻഡ് അപ് ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയ തന്ത്രപരമായ ബഹുമുഖ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഈ വിടവ് നികുത്തുന്നതിന് ശ്രമം നടത്തിവരികയാണ്. ഈ നീക്കങ്ങളിലൂടെ തൊഴിൽ സൃഷ്ടിയും യുവാക്കളിൽ സംരംഭകത്വവും വളർത്തുന്നതിനു ഗവൺമെന്റ് ലക്ഷ്യമിടുന്നു.

## മേക്ക് ഇൻ ഇന്ത്യ

മേൽപ്പറഞ്ഞ പദ്ധതികളിൽ പതാകവാഹക പദ്ധതിയെന്നു വിശേഷിപ്പിക്കുന്ന 'മേക്ക് ഇൻ ഇന്ത്യ', നിക്ഷേപം, നവീകരണം, ബൗദ്ധികാവകാശ സംരക്ഷണം എന്നിവയ്ക്കു സൗകര്യമൊരുക്കുന്നു. കൂടാതെ വിവിധ മേഖലകളിലെ ഉത്പാദനശേഷി വർധിപ്പിക്കുന്നതിനും 2022-ഓടെ 100 ദശലക്ഷം തൊഴിൽ സൃഷ്ടിയും ലക്ഷ്യമിടുന്നു. രാജ്യത്തെ യുവാക്കൾക്കു ജീവനോപാധി അവസരമൊരുക്കുന്നതിനുള്ള ഒരു ബഹുമുഖ ശക്തിയാണ് മേക്ക് ഇൻ ഇന്ത്യ ദൗത്യം. ഇന്ത്യയെ ഒരു ആഗോള മാനുഫാക്ചറിംഗ് ഹബ്ബാക്കി മാറ്റുവാൻ ഈ ദൗത്യം ലക്ഷ്യമിടുന്നു. അതോടൊപ്പം ജിഡിപിയിൽ ഉത്പാദന മേഖലയുടെ വിഹിതം 2022-ഓടെ 25 ശതമാനമായി ഉയർത്തുവാനും ലക്ഷ്യമിടുന്നു. നിർമാണം, ഭക്ഷ്യസംസ്കരണം, ടെക്സ്റ്റൈൽസ്, വ്യോമഗതാഗതം, പ്രതിരോധ ഉപകരണങ്ങളുടെ നിർമ്മാണം, ഇലക്ട്രോണിക്സ് ഉൾപ്പെടെ വൈവിധ്യമാർന്ന നൈപുണ്യം ആവശ്യമാകുന്ന 25 മേഖലകളെ മേക്ക് ഇൻ ഇന്ത്യ ദൗത്യം നിർണയിച്ചിട്ടുണ്ട്.

ആഭ്യന്തരവും വൈദേശികവുമായ കമ്പനികളെ ഇന്ത്യയിൽ ഉത്പാദനം നടത്തുവാനും ആഗോളതലത്തിൽ വിൽപ്പന നടത്തുവാനും പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നേരിട്ടുള്ള വിദേശനിക്ഷേപ നിബന്ധനകളിൽ അയവു വരുത്തിയിട്ടുണ്ട്. ജോലി സ്ഥലങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ മേക്ക് ഇൻ ഇന്ത്യ വഴിയൊരുക്കും. ഈ പശ്ചാത്തലത്തിൽ നിലവിലേയും ഭാവിയിലേയും തൊഴിലാളികൾക്കു ഉയർന്ന നൈപുണ്യ പരിശീലനം ഏറ്റവും അത്യാവശ്യമാണ്.

ടെക്നീഷ്യൻമാർ, ഡിസൈനർമാർ, പ്രോഗ്രാം മാനേജർമാർ, പ്രോജക്ട് പ്ലാനർമാർ തുടങ്ങി വൈവിധ്യമാർന്ന തൊഴിൽ നൈപുണ്യമുള്ളവർക്ക് ഇത് വലിയ തൊഴിൽ അവസരമാണ് കൊണ്ടുവരിക. സൗരോർജോത്പാദനം, ഗ്രീൻ ബിൽഡിംഗ്, സ്മാർട്ട് സിറ്റി തുടങ്ങിയ പുതിയ തൊഴിൽ മേഖലകൾ ഉയർന്നുവരികയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം സപ്ലൈചെയിൻ- ലോജിസ്റ്റിക് ആവാസവ്യവസ്ഥ വൈവിധ്യമാർന്ന തൊഴിലുകളാണ് സൃഷ്ടിക്കുക. ഇത് ഇന്ത്യൻ വിപണിയെ മത്സരക്ഷമമാക്കുമെന്നു മാത്രമല്ല, ആഗോള ഉത്പാദന കേന്ദ്രമാക്കി മാറ്റുകയും ചെയ്യും.

## സ്കിൽ ഇന്ത്യ

ജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യക്ക് അനുകൂലാവസ്ഥയുണ്ടെങ്കിലും ഗുണമേന്മയുള്ള, വിപണിക്കാവശ്യമായ നൈപുണ്യം ലഭ്യമാക്കുകയെന്നത് വലിയ വെല്ലുവിളിതന്നെയാണ്. ഓരോ വർഷവും തൊഴിൽ മേഖലയിലേക്ക് കടന്നുവരുന്ന 12 ദശലക്ഷം പേരിൽ വെറും രണ്ടു ശതമാനത്തിനു മാത്രമേ ഔപചാരിക പരിശീലനം കിട്ടുന്നുള്ളു. നൈപുണ്യവികസന-സംരംഭകത്വ മന്ത്രാലയത്തിന്റെ വരവോടെ നൈപുണ്യമേഖല വൻ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. മേക്ക് ഇൻ ഇന്ത്യ, 100 സ്മാർട്ട് സിറ്റി പദ്ധതികൾ എന്നിവ ഇതിന് കൂടുതൽ പ്രസക്തി നൽകിയിട്ടുണ്ട്. നൈപുണ്യ വികസനം, സംരംഭകത്വം എന്നിവ സംബന്ധിച്ച് ആദ്യത്തെ സംയോജിത ദേശീയ നയം 2015-ൽ പുറത്തുവന്നു. ഉയർന്ന സാങ്കേതികവിദ്യ ആവശ്യമുള്ള ജോലികൾക്ക് അനുയോജ്യമായി യുവാക്കളെ തയാറാക്കുന്നതിനും അവരുടെ വിജയകരമായ നൈപുണ്യ വികസനത്തിനും ആവശ്യമായ മുഖ്യഘടകം സംരംഭകത്വത്തെ വളർത്തുകയാണെന്നതാണെന്നു ദേശീയ നയം വ്യക്തമാക്കുന്നു. " വലിയൊരു വിഭാഗത്തെ വളരെ വേഗത്തിലും ഉയർന്ന നിലവാരത്തിലും നൈപുണ്യവത്കരിക്കുന്നതിനും ശാക്തീകരണ ആവാസ വ്യവസ്ഥയും നൂതന സംരംഭക സംസ്കാരവും വളർത്തിയെടുക്കുന്നതിനും അതുവഴി സമ്പത്തും തൊഴിലും സൃഷ്ടിക്കുന്നതിനും ഈ നയം ലക്ഷ്യമിടുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിരവധി നൈപുണ്യ വികസന പദ്ധതികളും പരിപാടികളും ആരംഭിച്ചിട്ടുണ്ട്. പരിശീലനത്തിനുശേഷം പ്ലേസ്മെന്റിന് ഊന്നൽ നൽകിക്കൊണ്ടാണ് ഈ പദ്ധതികൾ തുടങ്ങിയിട്ടുള്ളത്.

സാങ്കേതികവിദ്യയിലും ബിസിനസിലുമുണ്ടായിട്ടുള്ള മാറ്റങ്ങൾ തൊഴിലിലും വലിയ ഫലമുളവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലനിൽക്കുന്ന തൊഴിൽ സൃഷ്ടി എന്നത് വെള്ളക്കോളറോ നീലക്കോളറോ അല്ല "പുത്തൻ കോളർ' ജോലികളാണ്. കൃത്രിമ ബുദ്ധി, യന്ത്രവത്കരണം, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, വിവര വിശ്ലേഷണം തുടങ്ങിയ പുതിയ മേഖലകളിലെ ജോലികളെല്ലാം ഉയർന്ന സാങ്കേതിക അറിവ് ആവശ്യമുള്ളവയാണ്. അതുകൊണ്ടുതന്നെ ഇവയ്ക്ക് ഉയർന്ന നൈപുണ്യ പരിശീലനവും ആവശ്യമാണ്. സ്ഥാപനങ്ങൾ നൈപുണ്യമാണ് ആവശ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ നൈപുണ്യവത്കരണത്തിനു പുതിയ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. തൊഴിലിന്റെ മാറുന്ന ചിത്രത്തിനനുസരിച്ച് യുവാക്കളെ അനുയോജ്യമായി പരിശീലിപ്പിക്കേണ്ടത് ഇന്നിന്റെ ഏറ്റവും ആവശ്യമാണ്. ഇന്ത്യയെ നൈപുണ്യ തലസ്ഥാനമാക്കി മാറ്റുന്നതിനൊപ്പംതന്നെ നൈപുണ്യ വികസനം രാജ്യാന്തര നിലവാരത്തോടൊത്തു പോകുന്ന വിധത്തിലുമായിരിക്കണം.

ദേശീയ നൈപുണ്യ വികസന കോർപറേഷൻ വ്യവസായമേഖലകളുടെ നേതൃത്വത്തിൽ സെക്ടർ സ്കിൽ കൗൺസിലുകൾക്കു രൂപം നൽകിയിട്ടുണ്ട്. ദേശീയ തൊഴിൽ നിലവാരം (എൻഒഎസ്) സൃഷ്ടിച്ചു കൊണ്ടിരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൗൺസിലിന്റെ രൂപീകരണം. ജോലി സ്ഥലത്ത് ഒരാൾ ജോലിയിൽ കാഴ്ച വയ്ക്കുന്ന പ്രകടനത്തിന്റെ നിലവാരത്തെ സൂചിപ്പിക്കുന്നതാണ് എൻഒഎസ്. സ്കിൽ സർട്ടിഫിക്കേഷൻ നൽകുന്നതിന് എല്ലാ പരിശീലകരും ഇപ്പോൾ എൻഒഎസിനെയാണ് ആശ്രയിക്കുന്നത്. നാഷണൽ സ്കിൽഡ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (എൻഎസ്ക്യുഎഫ്) ഇന്ത്യയിലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തേയും പൊതവിദ്യാഭ്യാസത്തേയും സംയോജിപ്പിക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഓരോ തലത്തിലും കാണിക്കുന്ന മത്സരക്ഷമതയെ അടിസ്ഥാനപ്പെടുത്തിയുള്ള സമീപനമാണ് ഇതിനായി സ്വീകരിക്കുന്നത്. ഇന്ത്യൻ യുവതയെ ആഗോളതലത്തിൽ മത്സരക്ഷമമാക്കുന്നതിനുള്ള ശ്രമത്തിന്റെ ആഗമനത്തെ ഇതു സൂചിപ്പിക്കുന്നു.

## ഇന്നോവേഷൻ, ഇൻകുബേറ്റർ, സ്റ്റാർട്ടപ്പ്, സ്റ്റാൻഡ് അപ് ആവാസ വ്യവസ്ഥ

പല വലിയ നൂതന കണ്ടുപിടുത്തങ്ങളുടേയും വലിയൊരു ഉറവിടമാണ് ഇന്ത്യ. സ്വദേശീയമായി നിർമിച്ച മംഗൾയാനിന്റെ വിജയം വിളിച്ചോതുന്നത് കുറഞ്ഞ ചെലവിലുള്ള നവീന കണ്ടുപിടുത്തങ്ങളുടെ വിജയത്തെയാണ്. ചൊവ്വ വരെയുള്ള 650 ദശലക്ഷം കിലോമീറ്ററിന്റെ ദൂരം താണ്ടാനുള്ള ചെലവൊന്ന് ആലോചിച്ചു നോക്കൂ. കിലോമീറ്ററിന് വെറും ഏഴു രൂപ! നവീനമായ സാങ്കേതികവിദ്യയിലും നേതൃപാടവത്തിലുമുള്ള ഇന്ത്യയുടെ പ്രായോഗികജ്ഞാനത്തെ വെളിപ്പെടുത്തുന്നതാണ് ഇത്.

വൈവിധ്യം നവീനതയെ വളർത്തുന്നു! വൈവിധ്യത്തിന്റെ കാര്യത്തിൽ വിശേഷമായിത്തന്നെ ഇന്ത്യ പ്രത്യേക സ്ഥാനത്താണ്. രാജ്യത്തിന്റെ വിവിധ മേഖലകളിൽ വസിക്കുന്ന യുവാക്കൾ തെളിച്ചമുള്ള ആശയങ്ങളുടെ നിറകുടങ്ങളാണ്. അവരുടെ ആശയങ്ങൾക്ക് പിന്തുണയും കൈത്താങ്ങും ആവശ്യമാണ്.

നവീന ആശയങ്ങളുടെ സംസ്കാരം സൃഷ്ടിച്ചെടുക്കാനുള്ള ശ്രമം സ്കൂളുകളിൽനിന്നുതന്നെ തുടങ്ങണം. രാജ്യത്തെങ്ങുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ധനകാര്യ സ്ഥാപനങ്ങളിലും നിരവധി ബിസിനസ് ഇൻകുബേറ്ററുകൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ചിലതിനെല്ലാം വൻ ബിസിനസ് സ്ഥാപനങ്ങളുടെ പിന്തുണയുമുണ്ട്. നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഡിഎസ്ടി) ബിസിനസ് ഇൻകുബേറ്ററുകൾക്കും പിന്തുണ നൽകുന്നുണ്ട്. ഗവേഷണവികസനത്തിന്റെ അടിസ്ഥാനം ഇന്ന് ഗ്രാമീണമേഖലയിലെ യുവാക്കളുടെ നവീനാശയങ്ങളിലേക്ക് തിരിഞ്ഞിരിക്കുകയാണ്. ഇവരിൽനിന്ന് ഏറ്റവും കൂടുതൽ ആശയങ്ങൾ സ്വീകരിക്കുന്നത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങളാണ്.

ഡിഎസ്ഐആർ (DSIR), സിഎസ്ഐആർ (CSIR), ഡിഎസ്ടി (DSD), എൻഎസ്ടി-ഇഡിബി, ഡിബിടി തുടങ്ങിയ വി വിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും സ്വകാര്യമേഖലയിലുള്ള നിരവധി ഏജൻസികളും സയൻസ്, ടെക് നോളജി, നവീന ആശയങ്ങൾ എന്നിവയ്ക്ക് ഫണ്ടിംഗ് നൽകി വരുന്നുണ്ട്. വെഞ്ചർ കാപ്പിറ്റൽ, പ്രൈവറ്റ് ഇക്വിറ്റി ഫണ്ടുകൾ, ഏഞ്ചൽ നിക്ഷേപകർ തുടങ്ങിയവരും യുവാക്കളുടെ നവീനാശയങ്ങൾക്കു പിന്തുണ ന ൽകുന്നുണ്ട്. സാങ്കേതികവിദ്യ, ധന സഹായം തുടങ്ങിയവ യുവാക്കൾക്ക് ഇവർ പ്രാപ്യമാക്കുന്നു.

സ്റ്റാർട്ടപ്പ് സംരഭങ്ങൾക്ക് അവയുടെ തുടക്കത്തിൽ നിലനിന്നുപോകുവാനുള്ള സഹായങ്ങൾ ഇൻകുബേറ്റർ നൽകുന്നു. മിക്ക സ്റ്റാർട്ടപ്പുകളും കുടുംബക്കാരിൽനിന്നോ കൂട്ടുകാരിൽനിന്നോ സ്വരൂപിച്ച ചെറിയ തുകയുമായിട്ടാണ് പ്രവർത്തനം തുടങ്ങിയിട്ടുണ്ടാവുക. ഇൻകുബേറ്റർമാർ നൽകുന്ന ഗ്രാന്റുകൾക്കു പുറമേ, സ്റ്റാർട്ടപ്പുകൾക്കു പ്രവർത്തിക്കാനുള്ള സ്ഥലവും മറ്റു സൗകര്യങ്ങളും നൽകുന്നു. അവർ ഒരു നെറ്റ്വർക്കിംഗ് പ്ലാറ്റ്ഫോം പോലെയാണ് പ്രവർത്തിക്കുക. ചിലപ്പോഴൊക്കെ ഉപഭോക്താക്കളേയും അവർ ലഭ്യമാക്കാറുണ്ട്. വിപണി ഡിമാണ്ട് അനുസരിച്ച് ഉത്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള മാർഗനിർദ്ദേശങ്ങളും മെന്റർ ഷിപ്പും അവർ നൽകുന്നു. കൂടാതെ മൂലധനം നേടാനും മൂലധന വിപണിയിൽ പ്രവേശിക്കുവാനും അവർ സഹായിക്കുന്നു.

ഇന്ത്യയിലെ ഇൻകുബേറ്ററുകളിൽ നല്ലൊരു പങ്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിൽ 118 എണ്ണത്തിന് സ്റ്റാർട്ടപ്പ് ഇന്ത്യയിൽ ഉൾപ്പെടുത്തി വാണിജ്യ, വ്യവസായ മന്ത്രാലയങ്ങളുടെ അംഗീകാരമുണ്ട്.

സ്റ്റാർട്ടപ്പ് സംരംഭകത്വം കരിയറായി തെരഞ്ഞെടുക്കുന്ന പ്രവണത ഇന്ത്യയിലെ യുവാക്കളിൽ വർധിച്ചുവരികയാണ്. ഇന്ന് ഇന്ത്യയിൽ പതിനായിരത്തിലധികം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. 2020-ഓടെ ഇത് 11,500 കവിയുമെന്നാണ് കണക്കാക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ് ഇന്ത്യയുടേത്.

ഇന്നോവേഷൻ കൾച്ചർ യുവസംരംഭകരിൽ പരക്കുകയാണ്. സ്കൂളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾ ആയിരിക്കുമ്പോൾ തന്നെ ഇ-ക്ലബ്ബുകളും സൊസൈറ്റികളും രൂപീകരിച്ചു പ്രവർത്തിച്ചുപോരുന്നു. ഈ ക്ലബ്ബുകൾ സംരംഭകത്വ സ്പിരിറ്റിനെ തുറന്നുവിടുകയും ബിസിനസ് വൈദഗ്ധ്യം വളർത്തിയെടുക്കുകയും ചെയ്യുന്നു. വ്യവസായങ്ങളും ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകളും തമ്മിൽ വളർത്തിയെടുക്കുവാനും വികസിപ്പിക്കുവാനും കോർപറേറ്റ് സാമൂഹ്യ ഉത്തരവാദിത്ത ഫണ്ടുകൾക്കു കഴിയും. 2013-ലെ ഇന്ത്യൻ കമ്പനി നിയമത്തിലെ ഷെഡ്യൂൾ ഏഴിലെ 135-ാം വകുപ്പ് അനുസരിച്ച് ഇന്ത്യൻ കമ്പനികൾക്ക് ഇൻകുബേറ്ററുകളുടെ വികസനത്തിനായി സിഎസ്ആർ ഫണ്ട് ഉപയോഗിക്കാം.

സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗ വിഭാഗം തുടങ്ങിയവരുടെ സംരംഭങ്ങളെ പ്രമോട്ടു ചെയ്യുന്നതിനു വേണ്ടി പ്രത്യേകം തയാറാക്കിയിട്ടുള്ളതാണ് സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതികൾ. ഈ വിഭാഗത്തിലെ സംരംഭകരുടെ പദ്ധതികൾക്ക് 10 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയുള്ള വായ്പ നൽകും. ഈ വായ്പ അടുത്ത ഏഴുവർഷംകൊണ്ടു തിരിച്ചടച്ചാൽ മതിയാകും. ഈ പദ്ധതി യുവ സംരംഭകരെ സേവനം, ഇ-മാർക്കറ്റ്, ഓൺലൈൻ രജിസ്ട്രേഷൻ പ്ലാറ്റ്ഫോം തുടങ്ങിയവയുമായി പരിചയപ്പെടുത്തുന്നു.

## യുവ ശക്തിയെ സ്വതന്ത്രമാക്കൽ

രാജ്യത്തെ യുവജനങ്ങളുടെ അഭിലാഷങ്ങൾ വികസനാധിഷ്ഠിതമായി സഫലീകരിക്കേണ്ടതുണ്ട്. വലിയ അഭിലാഷങ്ങൾ വച്ചുപുലർത്തുന്ന യുവതയുടെ ഊർജവും ഉയർന്ന ഗുണനിലവാരമുള്ള ജീവിതത്തിനു വേണ്ടിയുള്ള അവരുടെ ദാഹവും വികസിത ഇന്ത്യയെക്കുറിച്ചു പ്രതീക്ഷ നൽകുന്നു.

വ്യാവസായികമായി വികസിച്ച സമ്പദ്ഘടനകളിലെ തൊഴിൽ ശക്തി അടുത്ത 20 വർഷക്കാലത്ത് നാലു ശതമാനം കണ്ടു കുറയുമെന്നാണ് കണക്കാക്കുന്നത്. ഇന്ത്യയിൽ ഇത് ഈ കാലയളവിൽ 32 ശതമാനം കണ്ടു വർധിക്കും. യുവാക്കളുടെ ശാക്തീകരിക്കലിനും അവരുടെ ശേഷി വർധിപ്പിക്കലിനുമായി ഗവൺമെന്റ് മുൻകൈയെടുത്തു നടപ്പാക്കുന്ന പദ്ധതികൾ ഇന്ത്യയെ ആഗോള ഉത്പാദന ഹബ്ബും നൈപുണ്യവികസന തലസ്ഥാനവുമാക്കുന്നതിനുള്ള രാസത്വരകമായി പ്രവർത്തിക്കും. വിദ്യാഭ്യാസത്തിൽനിന്നു തൊഴിലിലേക്കുള്ള വിദ്യാർത്ഥികളുടെ രൂപാന്തരം സ്കിൽ ഇന്ത്യയും സ്റ്റാർട്ടപ്പ് ഇന്ത്യ മിഷനും എളുപ്പമുള്ളതാക്കും. അല്ലെങ്കിൽ യുവാക്കളുടെ ഉള്ളിൽ നവീനമായ മനോഭാവം വളർത്തിയെടുക്കുന്നതു സുഗമമാക്കും.

നിലനിൽക്കുന്ന വളർച്ച ഉറപ്പാക്കുന്നതിന്റെ താക്കോൽ യുവാക്കൾ ആർജിക്കുന്ന നൈപുണ്യവും തൊഴിലന്വേഷകൻ എന്ന നിലയിൽനിന്നു തൊഴിൽദായകൻ എന്ന നിലയിലേക്കു മാറുവാനുള്ള യുവാക്കളുടെ മനോഭാവത്തിൽ വന്ന മാറ്റവുമാണ്. യുവാക്കളുടെ ഇടയിലുള്ള സംരംഭകത്വമാണ് നമ്മുടെ വളർച്ചയുടെ അടിസ്ഥാനമാകുന്നത്. ഇതു നിലനിർത്തിക്കൊണ്ടു പോകാൻ സംയുക്തമായ ശ്രമവും ക്രാന്തദർശിത്വമുള്ള നേതൃത്വവും വേണം. ഗവൺമെന്റ് മാത്രമല്ല, സ്വകാര്യമേഖലയും വിദ്യാഭ്യാസമേഖലയും കൈകോർത്തു പിടിച്ചു പ്രവർത്തിക്കണം. 'പുതിയ ഇന്ത്യ'യുടെ സൃഷ്ടിക്കുവേണ്ടിയുള്ള ഈ യാത്രയിലെ വെല്ലുവിളികൾക്കെതിരേ ഉയർന്നു പ്രവർത്തിക്കണം. പുതിയ ഇന്ത്യ എന്നത് ആഗോള വെല്ലുവിളികളെ നേരിടാൻ ശേഷിയുള്ള, ആത്മവിശ്വാസമുള്ള, പാടവമുള്ള രാജ്യമായിരിക്കണം.

*(ന്യൂഡൽഹിയിലെ PHD ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയൽ സീനിയർ സെക്രട്ടറിയാണ് ലേഖകൻ)*

# കുറ്റമറ്റ, സുതാര്യ സമ്പദ് വ്യവസ്ഥക്കായി ഇന്ത്യ ഒരുങ്ങുന്നു

**എം വി ഭാനുമതി, രോഹിത് ദേവ് ഝാ**

**ഐ**ക്യരാഷ്ട്ര സഭയുടെ മനുഷ്യ വികസന സൂചിക പ്രകാരം കഴിഞ്ഞ വർഷത്തെ ഇന്ത്യയുടെ സ്ഥാനം 188 ൽ 131 ആണ്. രാജ്യത്തെ ഭൂരിഭാഗം പാവപ്പെട്ടവരുടെയും ദരിദ്രരുടെയും അവസ്ഥയാകട്ടെ മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു. അതെ സമയം അടുത്ത തലത്തിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാനും, സാമ്പത്തിക വളർച്ചയുടെ അരികുകളിൽ കഴിയുന്നവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ഗൗരവകരമായ ശ്രമങ്ങളും നടക്കുന്നു. ഈ നയതന്ത്രത്തിന്റെ പ്രധാന ആധാരം സാമ്പത്തിക ഉൾക്കൊള്ളൽ, സുതാര്യത, വികേന്ദ്രീകരണം എന്നിവയാണ്. ഈ മൂന്ന് നടപടികളുടെയും ഫലപ്രദമായ നിർവഹണം വളർച്ചയുടെ പ്രയോജനങ്ങൾ ജനത്തിനു നേരിട്ടു ലഭ്യമാക്കും. ഈ മൂന്നു വിഭാഗങ്ങളിലും സുതാര്യതയാണ് ഭൗതിക സാമ്പത്തിക വളർച്ചയ്ക്കുള്ള പ്രധാനപ്പെട്ട മുന്നുപാധി. പക്ഷപാതരഹിതമായ പരിശോധന അഴിമതിയെ ചൂണ്ടിക്കാണിക്കും. അഴിമതി കള്ളപ്പണം പെരുപ്പിക്കും. ഒപ്പം എല്ലാ ക്ഷേമ പ്രവർത്തനങ്ങളെയും അട്ടിമറിക്കുകയും, ഗവൺമെന്റിലേയ്ക്കുള്ള സാമ്പത്തിക പ്രവാഹത്തെ തടസപ്പെടുത്തുകയും, വിദേശ നിക്ഷേപങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും. ഇതുമൂലം രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മുരടിക്കും, ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടും.

ലോകബാങ്കിന്റെ അഭിപ്രായത്തിൽ വികസനത്തിന്റെ ഒന്നാമത്തെ പൊതു ശത്രുവാണ് അഴിമതി. കാരണം പാവങ്ങളാണ് അവരുടെ വരുമാനത്തിൽ നിന്ന് ഏറ്റവും കൂടുതൽ തുക കൈക്കൂലിയായി നല്കുന്നത്. ഇന്ത്യയിലും ഇക്കാര്യത്തിൽ മാറ്റം ഇല്ല. കള്ളപ്പണക്കാരെയും പൂഴ്ത്തിവയ്പുകാരെയും ഗവൺമെന്റ് പ്രതിക്കൂട്ടിലാക്കുമ്പോഴും പാവപ്പെട്ടവരെ അഴിമതിയുടെ പിടിയിൽ നിന്നു രക്ഷപ്പെടുത്തുന്നതിന് വിതരണ സമ്പ്രദായം നവീകരിക്കുകയാണ്. ഇത്തരം ചില നടപടികളെയാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

## കുറ്റമറ്റ സമ്പദ് വ്യവസ്ഥയിലേയ്ക്ക്

മൊത്ത ആഭ്യന്തര ഉത്പാദനത്തിലേയ്ക്കുള്ള ഇന്ത്യയുടെ നികുതി വിഹിതം കേവലം 16.6 ശതമാനം മാത്രമാണ്. ഇതിൽ 5.5 കോടി വ്യക്തികളും, കമ്പനികളും മറ്റ് വ്യാപാര സംരംഭകരും ഉണ്ട്. 2016-17 ലെ സാമ്പത്തിക സർവെ പ്രകാരം ഇന്ത്യയിൽ 100 വോട്ടർമാർക്ക് ഏഴ് നികുതി ദായകർ എന്നാണ് കണക്ക്. നികുതിയിൽ നിന്ന് ഒഴിവായി നില്ക്കുന്നവരുടെ വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. കഴിഞ്ഞ അഞ്ചുവർഷമായി രാജ്യത്ത് 1.25 കോടി കാറുകൾ വിറ്റഴിയപ്പെട്ടു. 2015 ൽ മാത്രം രണ്ടു കോടി ആളുകൾ വിദേശങ്ങളിലേയ്ക്കു യാത്ര ചെയ്തു. 1.72 ലക്ഷം വ്യക്തികളുടെ മാത്രം വാർഷിക നികുതി വരുമാനം 50 ലക്ഷത്തിനു മേലെയാണ്.

നികുതിവെട്ടിപ്പിലൂടെ ഉണ്ടാക്കുന്ന കള്ളപ്പണം ഒരു സാമ്പത്തിക വെല്ലുവിളിയാണ്, ഒപ്പം സാമൂഹിക തിന്മയുമാണ്. കൈക്കൂലിയുടെ താവളങ്ങൾ, തെരഞ്ഞെടുപ്പ് അഴിമതി, സംഘടിത കുറ്റകൃത്യങ്ങൾ തുടങ്ങിയവ സാമ്പത്തിക ആസൂത്രണത്തെ തകിടം മറിക്കുകയും രാഷ്ട്രത്തിന്റെ സാമ്പത്തിക സമഗ്രതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. മൊത്തത്തിൽ അത് സാമ്പത്തിക അസമത്വത്തെ ആഴപ്പെടുത്തുകയും രാഷ്ട്രത്തിന്റെ സാമൂഹ്യ കെട്ടുറപ്പിനെ കാർന്നു തിന്നുകയും ചെയ്യുന്നു.കഴിഞ്ഞ മൂന്നു വർഷമായി ഗവൺമെന്റ് കള്ളപ്പണത്തിനെതിരെ പോരാട്ടത്തിലാണ്. നിയമപരവും, ഭരണപരവുമായ നയതല പരിഷ്കാരങ്ങൾ, വിവരശേഖരണം, ശേഷി വികസനം തുടങ്ങി നിരവധി നടപടികളാണ് ഇതിനായി ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്.

### നികുതി നിർവഹണം: കള്ളപ്പണ നിർമ്മാർജ്ജനത്തിനായി ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ -

- സുപ്രിം കോടതി ജഡ്ജി എംബി ഷായുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചു.
- കള്ളപ്പണം, നികുതി അടവ് നിയമം 2015 കൂടുതൽ കർക്കശമാക്കി. 3-10 വരെ വർഷം തടവു വരെ ലഭിക്കാവുന്ന കുറ്റകൃത്യമായി ഇതിന്റെ ലംഘനം മാറി. പണം പൂഴ്ത്തിവയ്പ്പിന്റെ നടപടി ഭാഗമായി നികുതി വെട്ടിപ്പ് വലിയ കുറ്റകൃത്യമാക്കി.
- വിദേശബാങ്കുകളിൽ ഇന്ത്യക്കാരുടെ വകയായി നിയമവിരുദ്ധമായി സൂക്ഷിച്ചിരുന്ന 80,186 കോടി രൂപ കണ്ടെത്തി നികുതി സംവിധാനത്തിനു കീഴിൽ കൊണ്ടുവന്നു. പനാമ പേപ്പർ ലീക്ക്സിന്റെ വെളിച്ചത്തിൽ കേസുകൾ അന്വേഷിക്കാൻ മൾട്ടി ഏജൻസി ഗ്രൂപ്പിനെ നിയോഗിച്ചു.
- വിദേശ രാജ്യങ്ങളുമായി ഇരട്ടനികുതി ഒഴിവാക്കാനുള്ള കരാറുകൾ, നികുതി വിവര കൈമാറ്റ കരാറുകൾ എന്നിവ ഏർപ്പെടുത്തി.
- കള്ളപ്പണത്തിനെതിരെ ആഗോളതലത്തിൽ രൂപീകൃതമായിരിക്കുന്ന വിവര കൈമാറ്റ കരാറിൽ അംഗത്വം നേടി.

• വിദേശ നികുതി സംബന്ധിച്ച വിവരങ്ങൾ പങ്കു വയ്ക്കാൻ അമേരിക്കയുമായി സഹകരിക്കാൻ ധാരണയായി.

• കരാറുകളുടെ ദുരുപയോഗം, നികുതി വെട്ടിപ്പ്, വിദേശ ഫണ്ടുകൾ എന്നിവ നിയന്ത്രിക്കാൻ മൗറിഷ്യസ്, സിംഗപ്പൂർ, സൈപ്രസ് എന്നീ രാജ്യങ്ങളുമായി ധാരണയിലെത്തി.

• വിദേശനിക്ഷേപം രാജ്യത്തേയ്ക്കു വരുന്നത് സ്വാഗതം ചെയ്യവേ തന്നെ കള്ളപ്പണം വരുന്നതിനെതിരെ പ്രത്യേക ദൗത്യസംഘം രൂപീകരിച്ചു ജാഗ്രത കർശനമാക്കി. അത്തരം പണത്തിന്റെ യഥാർത്ഥ ഉടമകളെ കണ്ടെത്താനുള്ള നടപടികൾക്കു നിർദ്ദേശം നൽകുകയുണ്ടായി.

• ബിനാമി പണമിടപാടു നിരോധന നിയമം (2016) വഴി വ്യാജ പേരിലുള്ള ബിനാമി വസ്തുവഹകൾ പരിഹാരതുക നല്കാതെ തന്നെ കണ്ടുകെട്ടാൻ ഗവൺമെന്റിന് അനുമതി ലഭിച്ചു. ഈ കുറ്റകൃത്യത്തിനുള്ള ശിക്ഷ ഏഴു വർഷമായി ഉയർത്തി. ഇതുവരെ 245 ബിനാമി ഇടപാടുകൾ കണ്ടെത്തി, 124 കേസുകൾ രജിസ്റ്റർ ചെയ്ത്, 55 കോടിയുടെ ആസ്തിയിന്മേൽ നടപടികൾ സ്വീകരിക്കുകയുണ്ടായി.

• നികുതി വെട്ടിപ്പു കണ്ടെത്താൻ 23064 അന്വേഷണങ്ങളും റെയ്ഡുകളും നടത്തി.( വരുമാന നികുതി 17525, കസ്റ്റംസ് 2509, സെൻട്രൽ എക്സൈസ് 1913, സേവന നികുതി 1120) എന്നിങ്ങനെയാണവ. ആകെ 1.37 ലക്ഷം കോടി പിടിച്ചെടുത്തു. (വരുമാന നികുതി 69434, കസ്റ്റംസ് 11405, സെൻട്രൽ എക്സൈസ് 13952, സേവന നികുതി 42727).

• രാജ്യത്ത് നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് 2814 കേസുകളെടുത്ത് 3893 പേരെ അറസ്റ്റ് ചെയ്തു. കൂടാതെ 519 കേസുകളിൽ 396 റെയ്ഡുകളും 79 അറസ്റ്റുകളും നടത്തി 14,933 കോടിയുടെ അനധികൃത സ്വത്തുകൾ പിടിച്ചെടുത്തു.

• അനധികൃത സ്വത്തു വെളിപ്പെടുത്തൽ പദ്ധതി വഴി 2016 ൽ മാത്രം 64275 വ്യക്തികൾ 65,250 കോടിയുടെ സ്വത്തു വിവരം വെളിപ്പെടുത്തി കള്ളപ്പണ കേസിൽ നിന്നു മുക്തി നേടി.

'ഇന്ത്യയെ മാറ്റുക, ശാക്തീകരിക്കുക, കുറ്റമറ്റതാക്കുക' - കള്ളപ്പണത്തിനെതിരെ നടത്തുന്ന കുരിശുയുദ്ധത്തിൽ താഴെ പറയുന്ന പരിഷ്കരണ നടപടികളാണ് ധനമന്ത്രി നിർദ്ദേശിച്ചത്.

• പണമിടപാടുകൾ 10000 രൂപയാക്കി നിജപ്പെടുത്തി.

• ചാരിറ്റബിൾ ട്രസ്റ്റുകൾക്കു മാത്രം ഒരു സ്രോതസിൽ നിന്ന് 2000 രൂപ വരെ സംഭാവന പണമായി സ്വീകരിക്കാം. ഒറ്റത്തവണ പണമിടപാടുകൾക്കു രണ്ടു ലക്ഷം രൂപ വരെ പരിധി നിശ്ചയിച്ചു.

• കള്ളപ്പണം സൂക്ഷിക്കുന്നതായി സംശയിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം കമ്പ്യൂട്ടർ വത്ക്കരിച്ച് അവയെ ജില്ലാ സഹകരണബാങ്കുകളുടെ കോർ ബാങ്കിങ്ങിൽ ഉൾപ്പെടുത്തി.

• രാജ്യം വിട്ടു പോയിരിക്കുന്ന കള്ളപ്പണക്കാരുടെ രാജ്യത്തിനുള്ളിലുള്ള ആസ്തികൾ കണ്ടു കെട്ടുന്നതിനും അവരെ രാജ്യത്തെ നിയമത്തിനു കീഴിൽ കൊണ്ടു വരുന്നതിനുമുള്ള നിയമത്തിനു നിർദ്ദേശം നൽകി.

• വരുമാന നികുതി റിട്ടേണുകൾക്ക് പാനിനു പുറമെ ആധാറും നിർബന്ധമാക്കി. ഇത് വ്യാജ പാൻ പ്രശ്നം പരിഹരിക്കും. ബാങ്കുകൾ വഴിയുള്ള പണമിടപാടുകൾ സുതാര്യമാക്കും.

• സത്യസന്ധരായ നികുതി ദാതാക്കളെ ആദരിക്കും. നികുതി അടിസ്ഥാനം വിപുലമാക്കുവാനുള്ള ഗവൺമെന്റിന്റെ ലക്ഷ്യം നേടാൻ ശക്തമായ നികുതി വ്യവസ്ഥ കൊണ്ടുവരും.അത് നിക്ഷേപ സൗഹൃദവും വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതുമായിരിക്കും. മെച്ചപ്പെട്ട നികുതി നിർവഹണത്തിനായി കൊണ്ടു വന്നിട്ടുള്ള പരിഷ്കരണ നടപടികൾ വളരെ ശ്രദ്ധിച്ചും നീതിപൂർവകമായും നടപ്പാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

• ഏഴു നഗരങ്ങളിൽ ഇ- അസസ്മെന്റ് ആരംഭിച്ച് നികുതി ദാതാക്കളുടെയും വകുപ്പിന്റെയും സമയവും ജോലിഭാരവും ലഘൂകരിച്ചു. 2015 ൽ ആരംഭിച്ച 'ഇ-സഹയോഗ്' പദ്ധതി വഴി വരുമാന നികുതി ദാതാക്കൾക്ക് ഓൺ ലൈനായി റിട്ടേണുകൾ സമർപ്പിക്കാനുള്ള സംവിധാനം നടപ്പാക്കി.

• നികുതി നിയമങ്ങൾ സംബന്ധിച്ച് പൊതു ജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കാൻ ഇടയ്ക്കിടെ ഉന്നത തല കമ്മിറ്റിയുടെ ശിപാർശപ്രകാരം വിശദീകരണങ്ങൾ പുറപ്പെടുവിക്കും.

• ഇൻകം ടാക്സ് സെറ്റിൽമെന്റ് കമ്മിഷന്റെ പ്രവർത്തന പരിധി വ്യാപകമാക്കും. അപ്പോൾ കൂടുതൽ നികുതി ദാതാക്കൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം.

• ഇ- നിവാരൺ പോർട്ടൽ, സെൻട്രലൈസ്ഡ് പബ്ലിക്ക് ഗ്രീവൻസ് റിഡ്രസ് ആൻഡ് മോണിറ്ററിംങ് സിസ്റ്റം വഴി പരാതികൾ സമയബന്ധിതമായി പരിഹരിക്കും.

• തെരഞ്ഞെടുക്കപ്പെട്ട നികുതി ദായകർക്കായി സഹജിന്റെ ഒരു പേജ് ഇൻകം ടാക്സ് റിട്ടേൺ ഫോം നൽകാവുന്നതാണ്.

• നികുതി സംബന്ധിച്ച പരാതികളെ കുറിച്ച് വേഗത്തിൽ അന്വേഷണം നടത്തുന്നതിനായി വരുമാന നികുതി വകുപ്പ് പ്രൊജക്ട് ഇൻസൈറ്റ് എന്ന പദ്ധതി ആരംഭിച്ചു.

**നോട്ട് അസാധുവാക്കൽ:** ഉയർന്ന മൂല്യമുള്ള 500, 1000 കറൻസി നോട്ടുകൾ അസാധുവാക്കിയത് വഴി വർധിച്ചു വരുന്ന നികുതി വെട്ടിപ്പും അഴിമതിയും നിയന്ത്രിക്കാൻ സാധിച്ചു. കൂടാതെ കള്ളനോട്ടുകളുടെ വ്യാപനം തടയൽ, സമ്പദ് വ്യവസ്ഥയെ ഡിജിറ്റൽ സംവിധാന

ത്തിലേയ്ക്കു മാറ്റൽ, സാമ്പത്തിക നിക്ഷേപം വർധിപ്പിക്കൽ, സമ്പദ് വ്യവസ്ഥയുടെ പ്രമാണീകരണം തുടങ്ങിയവ വഴി മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ വർധനവും മികച്ച നികുതി വരുമാനവും നേടുക എന്നതും ഇതു വഴി ലക്ഷ്യമിടുന്നു.

നോട്ട് അസാധുവാക്കലിനു ശേഷം രാജ്യത്തെ പണം മിക്കവാറും ബാങ്കുകളിൽ എത്തി ചേർന്നു. ഇതോടെ പണത്തിന്റെ നീക്കങ്ങൾ അഥവാ ഇടപാടുകൾ സുതാര്യമായി. പണനിക്ഷേപം സംബന്ധിച്ച അന്വേഷണം അവധിക്കച്ചവടം, ബിനാമി നിക്ഷേപം, ആഭരണ വ്യാപാരം, ഓഹരി, ആഡംബര വസ്തുക്കൾ, പാൻ ഒഴിവാക്കാൻ ബില്ലുകൾ വിഭജിക്കൽ, സഹകരണ ബാങ്കു നിക്ഷേപം, ഒരേ പാനിൽ വിവിധ അക്കൗണ്ടുകൾ തുടങ്ങി നിരവധി വ്യാജ ഇടപാടുകൾ വെളിച്ചത്തു കൊണ്ടുവരാൻ സഹായിച്ചു.

നോട്ട് അസാധുവാക്കലിനെ തുടർന്ന് രണ്ടു ലക്ഷം മുതൽ 80 ലക്ഷം വരെയുള്ള നിക്ഷേപങ്ങൾ ഉണ്ടായി. മൊത്തം 5.48 ലക്ഷം കോടിയാണ് ഈ കാലയളവിൽ 1.09 കോടി അക്കൗണ്ടുകളിലായി ബാങ്കുകളിലേയ്ക്ക് എത്തിയത്. 'ഓപ്പറേഷൻ ക്ലീൻ മണി' പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ വരുമാന നികുതി വകുപ്പ് 18 ലക്ഷം പേർക്ക് ഇ മെയിലുകളും സന്ദേശങ്ങളും അയച്ചു. 12 ലക്ഷം അക്കൗണ്ടുകളിൽ നിന്നുള്ള പ്രതികരണങ്ങൾ വകുപ്പിന്റെ ഇ-ഫയലിങ് വെബ്സൈറ്റിൽ ലഭിച്ചു. സത്യസന്ധരായ ഇടപാടുകാരെ ഇതുവഴി ഒഴിവാക്കാൻ സാധിച്ചു. നോട്ട് അസാധുവാക്കലിനു ശേഷം 1100 റെയ്ഡുകളിലായി 600 കോടിയുടെ പണവും വസ്തുക്കളും പിടിച്ചെടുത്തതായി രാജ്യസഭയിൽ ധനമന്ത്രി രേഖാമൂലം മറുപടി നല്കി.

കള്ളപ്പണക്കാർക്ക് സ്വയം കുറ്റവിമുക്തമാകുന്നതിനു വീണ്ടും ഗവൺമെന്റ് ഒരു അവസരം കൂടി പ്രഖ്യാപിച്ചു- പ്രധാൻ മന്ത്രി ഗരിബ് കല്യാൺ യോജന. 2017 മാർച്ച് 31 വരെ നിക്ഷേപ വിവരങ്ങൾ വെളിപ്പെടുത്തി അതിന്റെ 50 ശതമാനം നികുതി നല്കി ബാക്കി 25 ശതമാനം തുക നാലു വർഷത്തേയ്ക്ക് പലിശ ഇല്ലാതെ ഈ പദ്ധതിയിൽ നിക്ഷേപിക്കുക. പക്ഷെ ഇതു എത്ര പേർ പ്രയോജനപ്പെടുത്തി എന്നതു സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ഇതു വരെ ലഭിച്ചിട്ടില്ല. എന്നെ മല്ല, അനധികൃതമായി ശേഖരിച്ച പണം നിയമാനുസൃതമാക്കാൻ ഒരു അവസരം കൂടി സാധാരണക്കാർക്ക് ലഭ്യമാക്കി എന്നതാണ് പ്രധാനം.

**ഡിജിറ്റൽ സമ്പദ് വ്യവസ്ഥ:** സമ്പദ് വ്യവസ്ഥയിൽ പണത്തിന്റെ ആധിപത്യമാണ് നികുതി വെട്ടിപ്പിനുള്ള പ്രധാനപ്പെട്ട ഒരു കാരണം. ഔദ്യോഗിക കണക്കുകൾ പ്രകാരം രാജ്യത്തു നടക്കുന്ന കൊടുക്കൽ വാങ്ങൽ ഇടപാടുകളിൽ 68 ശതമാനവും കറൻസി വഴിയാണ്. നോട്ട് അസാധുവാക്കലോടെ ഇതിന് ഗണ്യമായ കുറവു സംഭവിച്ചിട്ടുണ്ട്. ധാരാളം ആളുകൾ ഡിജിറ്റൽ ഇടപാടിലേയ്ക്ക് മാറി. ഇതിന് നിരവധി സൗകര്യങ്ങളുണ്ട്. ഏറ്റവും പ്രധാനം ഇത് സുതാര്യമാണ് എന്നതാണ്. വലിയ പുരോഗതി നേടിയ രാജ്യങ്ങളിൽ മൊത്തം ഇടപാടിന്റെ 10 ശതമാനം മാത്രമെ പണം ഉപയോഗിച്ചു നടത്തുന്നുള്ളു എന്നാണ് ട്രാൻപെരൻസി ഇന്റർനാഷണലിന്റെ അഴിമതി നിരീക്ഷണ സൂചിക വ്യക്തമാക്കുന്നത്. ഈ പട്ടികിൽ ഇന്ത്യയുടെ സ്ഥാനം 79 ആണ്.

നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ വളരെ വിജയകരമായി യുണിഫൈഡ് പെയ്മെന്റ് ഇന്റർഫേസ് നടപ്പാക്കിയിട്ടുണ്ട്. ഭീം (BHIM) (196 ലക്ഷം ആളുകൾ ഇതിന്റെ ഉപഭോക്താക്കളാണ്), ആധാർ പേ (Aadhar Pay) തുടങ്ങിയവയും ഡിജിറ്റൽ ഇടപാടുകൾക്ക് വ്യാപകമായി ഉപയോഗിച്ചു വരുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നല്കുന്ന വിവരങ്ങളനുസരിച്ച് മാർച്ച് 2017 ൽ ഇത്തരം ഇടപാടുകൾ 20 ശതമാനം വർധിച്ച് 2000 കോടി കടന്നിരിക്കുന്നു.

ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് കറൻസിഇതര ഇടപാടുകൾ നടത്തിയാൽ രണ്ടു കോടി വരെ വിറ്റുവരവുള്ള സ്ഥാപനങ്ങളുടെ നികുതി 8 ശതമാനത്തിൽ നിന്ന് 6 ശതമാനമാക്കി കുറച്ചു നല്കിയിട്ടുണ്ട്. കൂടാതെ എടിഎം, സ്വയിപ്പിങ് മെഷീനുകൾ എന്നിവ വഴിയുള്ള ഇടപാടുകളെ സർവീസ് ചാർജിൽ നിന്നു വിമുക്തമാക്കുകയും ചെയ്തു. അതേ സമയം പാൻ കാർഡുകളെ ആധാറുമായി ബന്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 50000 രൂപയ്ക്കു മേലുള്ള എല്ലാ പണം ഇടപാടുകൾക്കും ആധാർ കാർഡ് ഇനി നിർബന്ധമാണ്.

**ചരക്കു സേവന നികുതി (ജിഎസ്ടി):** സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടക്കുന്ന ഏറ്റവും വലിയ നികുതി പരിഷ്കരണമാണ് ചരക്കു സേവന നികുതി നടപ്പാക്കൽ. എല്ലാ കേന്ദ്ര സംസ്ഥാന നികുതികളെയും ഏകീകരിച്ചുകൊണ്ട് ഇന്ത്യയെ ഒരു പൊതു വിപണിയാക്കി ജിഎസ്ടി മാറ്റും. നികുതി നിർവഹണത്തെ ഇത് സുസംഘടിതമാക്കും, പരാതികൾ ഇല്ലാതാക്കും. നിക്ഷേപങ്ങളെയും വളർച്ചയെയും ശക്തിപ്പെടുത്തും. ആദായം ഉയർത്തും. പാർലമെന്റിൽ ഈ ബില്ല് പാസാക്കി നിയമമാക്കിയതോടെ ജൂലൈ 1 മുതൽ ജിഎസ്ടി രാജ്യത്ത് നടപ്പിലാകും. ഇതോടെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ നികുതി വരുമാനം കുത്തനെ ഉയർച്ച രേഖപ്പെടുത്തും. എല്ലാ വ്യാപാര ഇടപാടുകളും കൃത്യമായി രേഖപ്പെടുത്തപ്പെടും, നേരിട്ടുള്ള നികുതി ശേഖരണം ലളിതമാകും.

**തെരഞ്ഞെടുപ്പ് ഫണ്ടു പരിഷ്കരണം:** രാജ്യത്തെ പാർട്ടി ഫണ്ടിലേയ്ക്ക് 2004 -05 നും 2014-15 നും ഇടയ്ക്ക് സംഭാവനയായി ലഭിച്ചത് 7,833 കോടി രൂപയാണ്. പാർട്ടികളുടെ വരുമാനത്തിന്റെ 69 ശതമാനം വരും ഇത്. ഇതെല്ലാം അജ്ഞാത സ്രോതസുകളിൽ നിന്നാണ്. നിക്ഷിപ്ത താല്പര്യമുള്ള വ്യാപാരികളും ബിസിനസ് സ്ഥാപനങ്ങളുമാണ് ഈ അജ്ഞാതർ എന്ന് നമുക്കറിയാം. രാഷ്ട്രീയക്കാരും വ്യവസായ ലോബിയും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായി ലഭിക്കുന്ന പ്രതിഫലമാണ് ഈ സംഭാവനകൾ. ഇത് ജനാധിപത്യ

ത്തെയും ജനങ്ങളുടെ ആഗ്രഹങ്ങളെയും അട്ടിമറിക്കുന്നു. അതിനാൽ രാഷ്ട്രീയ പാർട്ടികൾക്കു ലഭിക്കുന്ന സംഭാവനകൾക്ക് സുതാര്യത വേണം. ഇതിനായി 2017 ലെ ബജറ്റിൽ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. പാർട്ടി ഫണ്ടിലേയ്ക്ക് 2000 രൂപയിൽ കൂടുതലായി ഒരാളിൽ നിന്ന് പണമായി സംഭാവന സ്വീകരിക്കാൻ പാടില്ല എന്നതാണ്.

**അഴിമതി ഒഴിവാക്കൽ:** വികസനത്തിന്റെ ഫലങ്ങൾ ഈ രാജ്യത്തെ പാവപ്പെട്ടവർക്കും ദരിദ്രർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു സ്വാതന്ത്ര്യത്തിനു ശേഷമുള്ള എല്ലാ ക്ഷേമ പദ്ധതികളുടെയും തുടക്കം. എന്നാൽ അഴിമതി ഈ പദ്ധതികളിലെല്ലാം വ്യാപകമായി. പൊതുഖജനാവിൽ നിന്നു ചോർന്ന പണം അനർഹരുടെ കീശകളിലെത്തി. രാജ്യത്തെ പദ്ധതിയായ പൊതു വിതരണ സംവിധാനത്തിൽ പോലും 40-50 ശതമാനം ആനുകൂല്യം ചോരുന്നു എന്നാണ് 2015-16 ലെ സാമ്പത്തിക സർവെ വ്യക്തമാക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് പുതിയ ഒരു പരിഷ്കാരം ഏർപ്പെടുത്തിയിരിക്കുന്നു. നേരിട്ടുള്ള ആനുകൂല്യ വിതരണം. അർഹരായ പാവപ്പെട്ട ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പദ്ധതിയുടെ ആനുകൂല്യം പണമായി നേരിട്ട് എത്തുന്ന സംവിധാനമാണിത്. ഇതോടെ അഴിമതി മറികടക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പാവപ്പെട്ടവരെ ബാങ്കുകളിൽ എത്തിക്കാനുള്ള ഒരു ബഹുജന നീക്കം 2014 ൽ ആരംഭിക്കുകയുണ്ടായി. ഈ അടിത്തറയിലാണ് നേരിട്ടുള്ള ആനുകൂല്യ വിതരണ പദ്ധതി പടുത്തുയർത്തത്. പിന്നീട് ജൻധൻ, ആധാർ, മൊബൈൽ എന്നീ മൂന്നു പദ്ധതികൾ കൂടി ആവിഷ്കരിച്ച് സുതാര്യതയുടെ അടിസ്ഥാനം കൂടുതൽ ശക്തമാക്കി. ഇന്ന് 17 മന്ത്രാലയങ്ങളുടെ കീഴിലുള്ള 84 പദ്ധതികൾ നേരിട്ടാണ് ആനുകൂല്യ വിതരണം നടത്തുന്നത്. കഴിഞ്ഞ മൂന്നു വർഷമായി ഇത്തരത്തിൽ രാജ്യത്ത് വിതരണം ചെയ്യപ്പെട്ടത് 50,000 കോടി രൂപയാണ്. അടുത്ത ഘട്ടത്തിൽ ഈ ഗുണഭോക്താക്കളുടെ പട്ടിക കൂടി സൈറ്റുകളിൽ അപ് ലോഡ് ചെയ്യുന്നതോടെ സുതാര്യത പൂർണമാകും.

ലേല നടപടികളിലൂടെ മാത്രമെ മേലിൽ കൽക്കരി പാടങ്ങളും മറ്റ് ഖനികളും വിതരണം നടത്താൻ പാടുള്ളു എന്ന നിയമം കൊണ്ടു വന്നതിലൂടെ രാജ്യത്തെ മറ്റൊരു വൻ അഴിമതി മേഖല കൂടി ഇല്ലാതായിരിക്കുന്നു. ഗവൺമെന്റ് മന്ത്രാലയങ്ങൾ, വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഉത്പ്പന്നങ്ങളും ഗവൺമെന്റ് ഇ മാർക്കറ്റിലൂടെ മാത്രമെ ഇനി ലഭിക്കുകയുള്ളു. ഈ നടപടികൾ രാഷ്ട്ര നിർമ്മാണ പ്രക്രിയയ്ക്കു തുരങ്കം വച്ചിരുന്ന അഴിമതിയുടെ സ്രോതസുകളെ ഉന്മൂലനാശം ചെയ്യുകയാണ് ഇപ്പോൾ.

കുറ്റമറ്റ ഇന്ത്യ നിർമ്മിക്കുക എന്ന ഗവണ്മെന്റിന്റെ സുധീരമായ ബോധ്യത്തെ അഭിനന്ദിക്കുമ്പോഴും ഏതാനും നടപടികൾ ഇതിന് ഇനിയും ആവശ്യമാണ് എന്നു തോന്നുന്നു.

- നികുതി നിയമങ്ങളുടെ ലളിതവത്ക്കരണം മാത്രമാണ് അഴിമതി രഹിതമായ നികുതി നിർവഹണത്തിനുള്ള ഫലപ്രദമായ മാർഗ്ഗം.2016 -17 ലെ ബജറ്റിൽ പറയുന്നതനുസരിച്ച് മൂന്നു ലക്ഷം നികുതി കേസുകളാണ് 5.5 ലക്ഷം കോടിയുടെ തർക്കവുമായി വിധി കാത്ത് കിടക്കുന്നത്.
- നീതിന്യായ വകുപ്പിലെ ഉദ്യോഗസ്ഥരെ ദുരുപയോഗിക്കുന്നതു തടയണം. ഇവരുടെ ഒത്താശോടെ നിരവധി കോർപ്പറേറ്റ് കമ്പനികൾ കൂണുപോലെ പൊട്ടി മുളയ്ക്കുന്നു. പലതും വ്യാജമാണ്. അതുപയോഗിച്ച് ഉദ്യോഗസ്ഥരെ സ്വാധീനിക്കുകയും രേഖകൾ നിർമ്മിച്ച് ഇവർ ബാങ്കുകളിൽ നിന്ന് വായ്പ തരപ്പെടുത്തുകയും ചെയ്യുന്നു. ഇവർ വ്യാജ സാമ്പത്തിക ഇടപാടുകൾ നടത്തുന്നു. ഇവരെ കണ്ടെത്തുക പ്രയാസമാണ്. ഇത്തരം 1155 വ്യാജ കമ്പനികളെ 2013 -16 വരെ അന്വേഷണ സംഘങ്ങൾ പിടികൂടുകയുണ്ടായി. 22000 ഉപഭോക്താക്കളുമായി 13300 കോടി രൂപയുടെ ഇടപാടാണ് ഇവർ നടത്തിയത്. ഈ കമ്പനികൾക്കെതിരെ കോടതിയിൽ കേസുകളുണ്ട്. ഇവയെ നിയന്ത്രിക്കാൻ നടപടി വേണം.
- നികുതി ദായകർക്കും നികുതി വാങ്ങുന്ന ഉദ്യോഗസ്ഥർക്കും മധ്യേയുള്ള ഇടനിലക്കാരെ ഒഴിവാക്കുക. ഇതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ അസസ്മെന്റ് പോലുള്ള സംവിധാനങ്ങൾ പരമാവധി നടപ്പാക്കുക.

ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് എന്ന സാമ്പത്തിക ദൗത്യ സേനയിൽ ഇന്ത്യയും അംഗമാണ്.രാഷ്ട്രീയ പ്രവർത്തകരുമായി വ്യവസായ ബന്ധമുള്ള സാമ്പത്തിക സ്ഥാപനങ്ങളെ കണ്ടെത്താനും അത് അവിശുദ്ധ ബന്ധങ്ങളാകാതിരിക്കാനുമുള്ള മുൻ നടപടികൾ സ്വീകരിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

## ആവശ്യം സുസ്ഥിര നടപടികൾ

അഴിമതിയെ പരാജയപ്പെടുത്താനും സമ്പദ് വ്യവസ്ഥയെ ശുദ്ധീകരിക്കാനും ഗവൺമെന്റ് സ്വീകരിച്ച ശക്തമായ നടപടികൾ പ്രശംസനീയമായ ഫലങ്ങളാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. തുല്യ ശക്തിയോടും ഭാവനയോടും കൂടി ഈ പ്രചാരണ പരിപാടി മുന്നോട്ടു പോയാൽ അത് നമ്മുടെ സമ്പദ് വ്യവസ്ഥയെ ഉയരങ്ങളിൽ എത്തിക്കും എന്നതിന് തർക്കമില്ല. അപ്പോൾ പാവങ്ങൾക്കും അർഹരായവർക്കും ആനുകൂല്യങ്ങൾ ലഭിക്കും. ദാരിദ്ര്യം ഇല്ലാതാകും, തൊഴിലവസരങ്ങൾ വർധിക്കും. അർഹരായവർക്ക് തൊഴിൽ പരിശീലനം ലഭിക്കും. പക്ഷെ ഈ മാറ്റത്തിന് അല്പം ക്ലേശം സഹിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ സമ്പദ് വ്യവസ്ഥ സുതാര്യവും കുറ്റമറ്റതുമാകുകയുള്ളൂ.

*(ലേഖകർ യഥാക്രമം ഇൻകം ടാക്സ് ഇൻവെസ്റ്റിഗേഷൻ വിഭാഗം പ്രിൻസിപ്പൽ ഡയറക്ടറും അസിസ്റ്റന്റ് ഡയറക്ടറുമാണ്.)*

# ഭദ്രമായ സാമ്പത്തിക നിർവഹണത്തിന് ഏഴു നടപടികൾ




ശിശിർ സിൻഹ

തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റിന് എല്ലാ വിഭാഗം ജനങ്ങളേയും തൃപ്തിപ്പെടുത്തേണ്ടതുണ്ട്. ഒന്ന് വോട്ടർമാരാണ്. അതിൽ ഭരണകക്ഷിക്ക് വോട്ടു ചെയ്തവരും പ്രതിപക്ഷത്തിന് വോട്ടു ചെയ്തവരും ഉണ്ടാവും. സാമ്പത്തിക - മൂല്യ - വിശകലന വിദഗ്ധരുടെ മറ്റൊരു വിഭാഗം. ആദ്യ വിഭാഗത്തിന് ആവശ്യം കൂടുതൽ കൂടുതൽ ക്ഷേമ പദ്ധതികളാണ്. ഗവൺമെന്റ് മൂലധന വിനിയോഗത്തിൽ കൂടുതലായി ശ്രദ്ധിക്കണം എന്നതിലാണ് രണ്ടാമത്തെ വിഭാഗം ഇഷ്ടപ്പെടുന്നത്. മൂന്നാമത് ഒരു വിഭാഗം കൂടിയുണ്ട്, കമ്പനികൾ. അവർക്ക് ഇഷ്ടം നികുതിയിൻമേലുള്ള കുറവുകളും ആനുകൂല്യങ്ങളുമാണ്. പൊതുജന ക്ഷേമകാര്യങ്ങൾക്കായി കൂടുതൽ ചെലവഴിക്കുന്നത് വെറുതെ പേരെടുക്കാൻ മാത്രമാണ് എന്നതത്രെ അവരുടെ പക്ഷം. അതിനാൽ ഇക്കൂട്ടരെയെല്ലാം ഒരേ പോലെ തൃപ്തിപ്പെടുത്താൻ ഒരു ധനമന്ത്രിക്കും അത്ര എളുപ്പമല്ല. അദ്ദേഹത്തിനു ജനത്തെ പ്രീതിപ്പെടുത്തണം. കാരണം അദ്ദേഹത്തിന്റെ പാർട്ടിക്ക് അടുത്ത തെരഞ്ഞെടുപ്പിലും അവരോട് വോട്ട് തേടാനുള്ളതാണ്. വിശകലന വിദഗ്ധരേയും സാമ്പത്തിക വിദഗ്ധരെയും തൃപ്തിപ്പെടുത്തിയേ പറ്റൂ. കാരണം അവർ അവതരിപ്പിക്കുന്ന കാഴ്ച്ചപ്പാടും മൂല്യവും മറ്റുമാണ് വിദേശത്തു നിന്നുള്ള നിക്ഷേപകരെ ആശ്രയിക്കുക. വിദേശ നിക്ഷേപം തരപ്പെട്ടാലും ആ മൂലധനം ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കാൻ നമുക്കു നമ്മുടേതായ സംരംഭകരെ വേണം, വ്യവസായികളെ വേണം. അതുകൊണ്ട് മൂന്നാമത്തെ വിഭാഗത്തെയും സന്തോഷിപ്പിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഈ മൂന്നു വിഭാഗത്തിനും പൊതുവായ ഒരു പ്രവർത്തന ഘടന എന്താണ്? അതിനെയാണ് ഭദ്രമായ സാമ്പത്തിക നിർവഹണം എന്നു പറയുക. ഇത് കാലക്രമത്തിൽ സാമ്പത്തിക ഏകീകരണത്തിലേയ്ക്ക് നയിക്കും.

ഭദ്രമായ സാമ്പത്തിക നിർവഹണ നയങ്ങൾക്ക് കണക്കോ മറ്റു പരുക്കൻ നടപടികളോ ആവശ്യമില്ല. മറിച്ച് പ്രായോഗികമായ സമീപനവും പ്രവർത്തന ഘടനയിലെ മാനുഷിക മുഖവുമായിരിക്കും സദ്ഫലങ്ങൾ ഉളവാക്കുക. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ ഗവൺമെന്റിന്റെ ശക്തമായ സാമ്പത്തിക നിർവഹണ നയങ്ങളുമായി ബന്ധപ്പെട്ട ഏഴ് പ്രധാന വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്യുക.

**കൽക്കരി പാടങ്ങൾ, സ്പെക്ട്രം തുടങ്ങിയവയുടെ ലേലം**

ആദ്യം എത്തുന്നവർക്ക് ആദ്യം എന്ന നയമായിരുന്നു പ്രകൃതി വിഭവങ്ങളുടെ കാര്യത്തിൽ നേരത്തെ നമുക്ക് ഉണ്ടായിരുന്നത്. എന്നാൽ ഇത് അഴിമതിയെ സഹായിക്കുന്നതാണ്. ഇത് വ്യക്തമായതിനെ തുടർന്ന് സുപ്രീം കോടതി 2014 ഓഗസ്റ്റ് 25 ന് ഒരു വിധിന്യായത്തിലൂടെ 204 കൽക്കരി പാടങ്ങളുടെ വിതരണം തടഞ്ഞു. ഇതിന്റെ ഭാഗമായി ഈ പാടങ്ങളുടെ വിതരണം ലേലത്തിലൂടെ നടത്താനും അല്ലാത്ത പക്ഷം ഗവൺമെന്റു കമ്പനികൾക്ക് നല്കാനും തീരുമാനമായി. ഇതിനായി ഒരു ഓർഡിനൻസും പുറപ്പെടുവിച്ചു. ലേലനടപടികളുടെയും ഗവൺമെന്റ് കമ്പനികൾക്ക് കൽക്കരി പാടങ്ങൾ അനുവദിക്കുന്നതിന്റെയും നടപടികൾ സുഗമമാക്കുന്നതിന് ഈ ഓർഡിനൻസ് പിന്നീട് നിയമമായി. ഇതുവരെ 82 കൽക്കരി പാടങ്ങൾ (ഇതിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് അനുവദിച്ച ആറെണ്ണവും ഉൾപ്പെടും) ലേലത്തിൽ നല്കി. ഇലക്ട്രോണിക് ലേലത്തിലൂടെ 31 പാടങ്ങൾ വിതരണം ചെയ്തു. ബാക്കി 51 പാടങ്ങൾ ലേലത്തിൽ നല്കാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.

ഈ പുതിയ നടപടി ഖജനാവിന് എത്രമാത്രം പ്രയോജനകരമായി? 2004 മുതൽ 2014 വരെ കോൾ പാടങ്ങളുടെ വിതരണം വഴി ഖജനാവിന് എത്രമാത്രം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് ഗവൺമെന്റ് ഇതുവരെ കണക്കാക്കിയിട്ടില്ല. എന്നാൽ ഇന്ത്യയുടെ കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ അദ്ദേഹത്തിന്റെ കോൾ പാടങ്ങളുടെ വിതരണവും കൽക്കരി ഉത്പാദനത്തിലെ വർധനവും എന്ന റിപ്പോർട്ടിൻ പ്രകാരം, 2010-11 സാമ്പത്തിക വർഷത്തിൽ കോൾ ഇന്ത്യ ലിമിറ്റഡിന്റെ ഉത്പാദനം, വിലപ്ന നിരക്കുകളുമായി വച്ച് കണക്കു

കൂട്ടുമ്പോൾ കൽക്കരി പാടങ്ങൾ അനുവദിച്ചു നല്കിയതിലൂടെ സ്വകാര്യ വ്യക്തികൾക്ക് ഏകദേശം 1.86 ലക്ഷം കോടി രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടാക്കി കൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൽക്കരി പാടങ്ങൾ ലേലം ചെയ്തു നല്കാനുള്ള പുതിയ തീരുമാനപ്രകാരം ഏതാണ്ട് നാല് ലക്ഷം കോടി രൂപയാണ് കൽക്കരി നിക്ഷേപമുള്ള ബംഗാൾ, ജാർക്കണ്ട്, മധ്യപ്രദേശ്, ഛത്തിസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് ലഭിക്കാൻ പോകുന്നത്.

ധാതു ഖനന വികസന നിയന്ത്രണ ഭേദഗതി നിയമം, 2015 പ്രകാരം മറ്റു ധാതുക്കളുടെ കാര്യത്തിൽ അവയുടെ ഖനികൾ ലേലം ചെയ്യാനുള്ള അധികാരം അതത് സംസ്ഥാനങ്ങൾക്ക് നല്കിയിരിക്കുന്നു. ഇതനുസരിച്ച് ഇത്തരം 21 ഖനികൾ ജാർക്കണ്ട്, മധ്യപ്രദേശ്, ഛത്തിസ്ഗഡ്, ആന്ധ്ര പ്രദേശ്, കർണാടക, ഒഡീഷ, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഇതുവരെ വളരെ വിജയകരമായി ലേലം ചെയ്തു കഴിഞ്ഞു. ഈ ലേലത്തിലൂടെ മേൽപ്പറഞ്ഞ സംസ്ഥാനങ്ങൾ 50,000 കോടി രൂപയെങ്കിലും നേട്ടമുണ്ടാക്കുമെന്നാണ് കരുതുന്നത്. അടുത്ത പത്തു സംസ്ഥാനങ്ങളിലായി 71 ധാതു ഖനികൾ കൂടി ഇനിയും ലേലം വിളിക്കാനുണ്ട്.

ഇതുപോലെ തന്നെ ലേലത്തിലൂടെ വൻ നേട്ടമുണ്ടാക്കിയ മറ്റൊരു മേഖലയാണ് സ്പെക്ട്രം. സ്പെക്ട്രം ലേലം 2012 ൽ ആരംഭിച്ചതാണ്. പക്ഷെ അത് മുഖ്യധാരയിലെത്തിയത് ഈ ഗവൺമെന്റ് അധികാരത്തിലെ ത്തിയ ശേഷമാണ്. ആദ്യ മൂന്നു വർഷക്കാലം ഒരു തരത്തിലുമുള്ള ന്യൂനതകളും സംഭവിച്ചിട്ടില്ല എന്ന് ഗവൺമെന്റ് അവകാശപ്പെടുന്നു.

പ്രകൃതി വിഭവങ്ങളുടെ വിതരണത്തിൽ പരമ്പരാഗത നടപടികളിലേതിനെ അപേക്ഷിച്ച് ലേലമാണ് കൂടുതൽ ലാഭകരം എന്നു വ്യക്തം. അടുത്ത കാലത്തായി ഇലക്ട്രോണിക് ലേലം കൂടി എത്തിയതോടെ നടപടി ക്രമങ്ങൾ കൂടുതൽ സുതാര്യമായി. ലേല നടപടിയെ പ്രകീർത്തിച്ചുകൊണ്ട് ഫോർബ്സ് മാസിക എഴുതി, പ്രകൃതി വിഭവങ്ങളുടെ വിതരണത്തിനുള്ള ഏറ്റവും ശരിയായ മാർഗ്ഗമാണ് ഇത്. ഇന്ത്യൻ ജനത കൂടുതൽ സാമ്പത്തിക പുരോഗതിയിലേയ്ക്കു നീങ്ങുന്ന മാർഗമാണ് ഇത്. ഇവ്വിധത്തിൽ തന്നെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതും.

## JAM ത്രിത്വം

ശക്തമായ സാമ്പത്തിക നയത്തിന്റെ പ്രായോഗിക സമീപനമാണ് ലേലം എങ്കിൽ, ജാം (JAM) അതിനു മനുഷ്യ മുഖം നല്കുന്നു. ജാം എന്നാൽ ഇംഗ്ലീഷിൽ ജൻധൻ, ആധാർ, മൊബൈൽ എന്നീ മൂന്നു സംജ്ഞകളുടെ ആദ്യക്ഷരങ്ങളാണ്. ജാമിലേയ്ക്ക് കൂടുതൽ ആഴത്തിൽ പ്രവേശിക്കും മുമ്പ്, അതു എന്തുകൊണ്ട്, നമുക്ക് എന്ത് ആവശ്യമാണ് ഉള്ളത് എന്നു കൂടി മനസിലാക്കാം. രാജ്യത്തെ സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ക്ഷേമപദ്ധതികൾക്കു വേണ്ടി ഓരോ വർഷവും കോടാനുകോടി രൂപയാണ് ഗവൺമെന്റ് ചെലവഴിക്കുന്നത്. ഇത്തരത്തിലുള്ള ഒരു പ്രധാന നടപടിയാണ് സബ്സിഡികളുടെ വിതരണം.

2015-16 സാമ്പത്തിക സർവെ ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന ചർച്ചയിലെയും നയത്തിലെയും സുപ്രധാന ഭാഗമാണ് സബ്സിഡി എന്നാണ്. പാവപ്പെട്ടവർക്ക് ഭക്ഷ്യസാധനങ്ങൾ താങ്ങുന്ന വിലയ്ക്ക് ലഭ്യമാകണം എന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വിലകളിൽ സബ്സിഡികൾ അനുവദിക്കുന്നത്. അരി, പരിപ്പുവർഗ്ഗങ്ങൾ, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പാചക വാതകം, നാഫ്ത, വെള്ളം, വൈദ്യുതി, ഡീസൽ, വളം, ഇരുമ്പയിര് തുടങ്ങിയവ ഗവൺമെന്റ് സബ്സിഡി നല്കുന്ന ഏതാനും ചരക്കുകളും സേവനങ്ങളുമാണ്. ഇത്തരത്തിൽ സബ്സിഡികൾക്കു മാത്രമായി ഒരു വർഷം ഗവൺമെന്റ് നേരിട്ടു ചെലവഴിക്കുന്നത് 378000 കോടി രൂപയാണ്. അതായത് മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 4.24 ശതമാനം. ഇവിടെ ഉയരുന്ന ഏറ്റവും വലിയ ചോദ്യം ആർക്കാണ് ഇതിന്റെ പരമാവധി പ്രയോജനം ലഭിക്കുന്നത്, പാവപ്പെട്ടവർക്കോ മറ്റു വല്ലവർക്കുമോ എന്നതാണ്. അതായത് യഥാർത്ഥത്തിൽ പാവങ്ങൾക്ക് ഇതിന്റെ പ്രയോജനം വല്ലതും ലഭിക്കുന്നുണ്ടോ എന്നതു ചിന്തനീയമാണ്.

ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരം സാമ്പത്തിക സർവെ 2015-16 തന്നെ നല്കുന്നുണ്ട്. വില സബ്സിഡികൾ മിക്കവാറും ലക്ഷ്യത്തിലെത്തുന്നില്ല. അതായത്, സബ്സിഡികളുടെ ആനുകൂല്യം കൂടുതലായി അനുഭവിക്കുന്നത് പാവപ്പെട്ടവരെക്കാൾ സമ്പന്നരാണ് എന്ന് അർത്ഥം. ഉദാഹരണത്തിന് എൽപിജിയുടെ കാര്യം തന്നെയെടുക്കാം. രാജ്യത്തെ ഏറ്റവും പാവപ്പെട്ടവരിൽ 25 ശതമാനം മാത്രമെ എൽപിജി അഥവ പാചക വാതകം ഉപയോഗിക്കുന്നുള്ളു. അതായത് താഴ്ന്ന വരുമാനക്കാർക്ക് എൽപിജി സബ്സിഡിയിലൂടെ ഒരാൾക്കു വീതം മാസം പത്തു രൂപയിൽ താഴെ മാത്രമെ നേട്ടം ഉണ്ടാകുന്നുള്ളു. അതെ സമയം ഉയർന്ന വരുമാനമുള്ളവർക്ക് ഒരാൾക്കു വീതം പ്രതിമാസം എൽപിജി സബ്സിഡിയിലൂടെ 80 രൂപയിലധികം നേട്ടം ലഭിക്കുന്നു. എന്തിന് ഏറ്റവും പാവപ്പെട്ടവർ മാത്രം ഉപയോഗിക്കുന്ന മണ്ണെണ്ണ പോലും, സാമ്പത്തിക സർവെ 2015 -16 ചൂണ്ടിക്കാട്ടുന്നത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 46 ശതമാനം കുടുംബങ്ങൾ, അല്ലെങ്കിൽ അന്ത്യോദയ അന്ന യോജന കാർഡ് ഉടമകൾ മാത്രമാണ് ഉപയോഗിക്കുന്നത്. അതായത് മൊത്തം വിതരണം ചെയ്യുന്ന

മണ്ണെണ്ണയുടെ 49 ശതമാനം മാത്രമാണ് ഏറ്റവും താഴെ തട്ടിൽ എത്തുന്നത്. അപ്പോൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യപ്പെടുന്ന മണ്ണെണ്ണയുടെ 51 ശതമാനവും പാവപ്പെട്ടവരല്ലാത്തവരും അതിൽ തന്നെ 15 ശതമാനം താരതമ്യേന സമ്പന്നരുമാണ് ഉപയോഗിക്കുന്നത് എന്നു വ്യക്തം. ഇതിനർത്ഥം ഭദ്രമായ സാമ്പത്തിക നിർവഹണ നയങ്ങളുടെ തത്വങ്ങൾക്കു വിരുദ്ധമായി വലിയ ചോർച്ച നടക്കുന്നു എന്നതു തന്നെ. അപ്പോൾ എന്താണ് ഇതിനു പരിഹാരമാർഗം. ഉത്തരം വ്യക്തമാണ്- ഗവൺമെന്റിന്റെ സഹായം യഥാർത്ഥത്തിൽ അർഹിക്കുന്നവരെ മാത്രം ലക്ഷ്യമിടുക. ഇത്തരത്തിലുള്ളവരെ മാത്രം ലക്ഷ്യമാക്കിയുള്ള പദ്ധതികളുണ്ട്. പക്ഷെ ഒന്നും ഇതുവരെ വിജയിച്ചിട്ടില്ല. അതിനു കാരണം യഥാർത്ഥത്തിൽ അർഹരായവരെ കണ്ടെത്താനുള്ള ശാസ്ത്രീയവും സുതാര്യവുമായ സംവിധാനത്തിന്റെ അഭാവമായിരുന്നു. ഫലമോ പാവപ്പെട്ടവർ പാവപ്പെട്ടവരായി തന്നെ തുടർന്നപ്പോഴും ഗവൺമെന്റ് സബ്സിഡി ചെലവുകൾ വീർത്ത് വീർത്തു വന്നു.

ഇവിടെയാണ് ഗവൺമെന്റിന് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അരബിന്ദ് സുബ്രഹ്മണ്യത്തിന്റെ സഹായം ലഭിച്ചത്. അദ്ദേഹമാണ് ജാം (JAM) എന്ന വാക്ക് നിർദ്ധാരണം ചെയ്തത്. JAM ന്റെ പ്രവർത്തനരീതി എപ്രകാരമാണ് എന്നു നോക്കാം:

**ജൻധൻ –** ഇപ്പോഴത്തെ ഗവൺമെന്റിന്റെ സാമ്പത്തിക പരിഷ്കാര നടപടിയാണ് പ്രധാനമന്ത്രി ജൻധൻ യോജന. എല്ലാ കുടുംബങ്ങൾക്കും ഒരു ബാങ്ക് അക്കൗണ്ട് എങ്കിലും ഉണ്ടായിരിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുക. ഇതനുസരിച്ച് രാജ്യത്താകമാനം 28 കോടി പുതിയ അക്കൗണ്ടുകൾ തുറക്കപ്പെട്ടു. യഥാർത്ഥ ഗുണഭോക്താവിൽ എത്തുന്നതിനുള്ള ആദ്യ പടിയായിരുന്നു ഇത്.

**ആധാർ –** രാജ്യത്തെ ഓരോ പൗരനുമുള്ള തിരിച്ചറിയൽ രേഖയാണ് 12 അക്കങ്ങളുള്ള ഈ സംഖ്യ. ഇപ്പോൾ എല്ലാവർക്കും ഇതുണ്ട് എന്നു കരുതുന്നു. ഒരാൾക്ക് ഒരു ആധാർ മാത്രമെയുള്ളു എന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്താൻ മാത്രമല്ല, ആനുകൂല്യങ്ങൾ അയാളിൽ തന്നെയെത്തുന്നു എന്ന് ഉറപ്പാക്കാനും സാധിക്കുന്നു. ആധാർ നമ്പരിനെ പ്രവർത്തന ക്ഷമമായ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതോടെ പണം നേരിട്ടു കൈമാറ്റം ചെയ്യുക സാധ്യമാകും. ഇത് ലക്ഷ്യമാക്കിയാണ് എല്ലാ ആധാർ നമ്പരുകളെയും ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്.

**മൊബൈൽ –** രാജ്യത്ത് ഇതുവരെ ഏകദേശം 1 ശതലക്ഷം മൊബൈൽ ഫോണുകൾ ഉണ്ട്. സാമ്പത്തിക മേഖലയെ ഡിജിറ്റൽ വേദിയിലേയ്ക്ക് എത്തിക്കുന്നതിനുള്ള മുഖ്യ ഉപാധിയായി ഇതു പ്രവർത്തിക്കും. തനിക്കുള്ള ആനുകൂല്യം തന്റെ ആധാർകാർഡുമായി ബന്ധിപ്പിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ എത്തിയിരിക്കുന്നു എന്നറിയാൻ ഗുണഭോക്താവിനെ മൊബൈൽ സഹായിക്കുന്നതുപോലെ അയാൾക്ക് പണം കൈമാറ്റം ചെയ്യാനും മൊബൈൽ ഫോൺ ഉപയോഗിക്കാവുന്നതാണ്. സാങ്കേതിക വിദ്യയുടെ വരവോടെ, എല്ലാ സാമ്പത്തിക ഇടപാടുകൾക്കും പണം അയക്കാനും സ്വീകരിക്കാനും ഒരു സ്മാർട്ട് ഫോൺ മാത്രം മതിയാകും.

ഗവൺമെന്റ് 2014-15 മുതൽ ജാം ഉപയോഗിക്കുന്നുണ്ട്. ഇതിനു നല്ല പ്രതികരണവുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ജാം ഉപയോഗിച്ച് ആനുകൂല്യങ്ങൾ നേരിട്ട് വിതരണം ചെയ്തതു വഴി കഴിഞ്ഞ രണ്ടരവർഷം കൊണ്ടു മാത്രം 50,000 കോടി രൂപ ലാഭിക്കാൻ സാധിച്ചു എന്ന് ഗവൺമെന്റ് വ്യക്തമാക്കുകയുണ്ടായി. പൊതുവിതരണ സമ്പ്രദായത്തിൽ 14000 കോടി, തൊഴിലുറപ്പു പദ്ധതിയിൽ 7600 കോടി, എൽപിജി വിതരണത്തിൽ 26400 കോടി രൂപ വീതം ലാഭിക്കാൻ ഗവൺമെന്റിന് ഈ പദ്ധതിയിലൂടെ സാധിച്ചു. വിതരണ സംവിധാനത്തിൽ ഒരു മാറ്റവും വരുത്താതെ ചെലവ് കുറയ്ക്കാൻ ഗവൺമെന്റിനു സാധിച്ചു എന്നതാണ് ഈ പരിപാടിയുടെ നേട്ടം.

## ജിഎസ്ടി അഥവാ ചരക്കു സേവന നികുതി

ആദ്യത്തെ രണ്ടു തൂണുകൾ സാമ്പത്തിക നിർവഹണത്തിന് മാനുഷിക മുഖവും പ്രായോഗിക സമീപനവും നല്കാനാണ് ഉദ്ദേശിക്കുന്നത് എങ്കിൽ രാജ്യത്ത് അനായാസം വ്യവസായങ്ങൾ നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാക്കേണ്ടതുണ്ട്. ഇതാണ് ജിഎസ്ടി അഥവ ചരക്കു സേവന നികുതി. 2017 ജൂലൈ 1 മുതൽ രാജ്യത്ത് പുതിയ നികുതി സംവിധാനം ജിഎസ്ടി നടപ്പിലാക്കാനുള്ള എല്ലാ ക്രമീകരണങ്ങളും ഗവൺമെന്റ് ചെയ്തു കഴിഞ്ഞു. പുതിയ ഈ നികുതി സമ്പ്രദായം രാജ്യത്തെ ഒരു വിപണിയാക്കി മാറ്റും. അനാവശ്യ ചെലവുകൾ ഒവിവാക്കും. വരുമാനം വർധിക്കും. ഇത് നികുതി - ആഭ്യന്തര മൊത്ത ഉത്പാദന അനുപാതം ഉയർത്തും. സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ നികുതി - ആഭ്യന്തര മൊത്ത ഉത്പാദന അനുപാതം 5.2 ശതമാനമായിരുന്നു. ഇത് ഇത്ര കുറയാൻ വിവിധ സാമൂഹിക സാമ്പത്തിക കാരണങ്ങളാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. കാർഷിക മേഖലയിൽ നികുതി ഇല്ല, ചെറുകിട വ്യവസായങ്ങൾ നികുതിയുടെ പരിധിയിൽ വരുന്നില്ല, മറ്റു പല മേഖലകൾക്കും സാമ്പത്തിക ആനുകൂല്യങ്ങൾ ഉണ്ട് ഇങ്ങനെ പലതും. ജിഎസ്ടിയിലും ഭക്ഷ്യധാന്യം ഉൾപ്പെടെ നിരവധി കാർഷികോത്പന്നങ്ങൾക്ക് നികുതി ഇല്ലെങ്കിലും വേറെ പലതും നികുതിയുടെ പ

രിധിയിൽ വരും. മറ്റ് പല നികുതി ഒഴിവുകളുടെ അവസ്ഥ എന്തെന്ന് ഇപ്പോൾ പറയാനാവില്ല.

ഏകീകൃത നികുതി നടപ്പാക്കുക എന്നതാണ് ജിഎസ്ടി കൊണ്ട് ഉദ്ദേശിക്കുക. ഇത് വൻ വ്യവസായങ്ങളുടെ നടത്തിപ്പ് സുഗമമാക്കും. അതോടൊപ്പം നികുതി വ്യവസ്ഥയുടെ അടിസ്ഥാനം വിശാലമാകുകയും ചെയ്യും. അപ്പോൾ ഗവൺമെന്റിന്റെ നികുതി വരുമാനം സ്വയം ഉയരും.

## ബജറ്റ് പ്രഭാവം

ബജറ്റിൽ പലതിനും ധനവിഹിതം നീക്കിവയ്ക്കുന്നത് വളരെ കൂടുതലും എന്നാൽ അതിൽ നിന്നുള്ള വരവ് വളരെ കുറവുമാണ് എന്ന് മൊത്തത്തിൽ ഒരു പരാതി ഉണ്ടായിരുന്നു. എന്നാൽ ഇനി മുതൽ ബജറ്റിനെ സംബന്ധിച്ച് അത്തരത്തിലുള്ള പരാതികൾ ഉയരില്ല. വിഹിതം, വിനിയോഗം, വരവ് എല്ലാം പാർലമെന്റിൽ സമയാനുസൃതം അവതരിപ്പിക്കും. പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും അതിനുള്ള ഉത്തരവാദിത്തം ഉണ്ടായിരിക്കും.

ബജറ്റ് രേഖകളുടെ ഭാഗമായി 68 മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളുടെയും സാമ്പത്തിക വിഹിതങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാക്കും. അപ്പോൾ ഓരോ പദ്ധതിയുടെയും നിർവചിക്കപ്പെട്ടിട്ടുള്ള ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും ആ രേഖകളിൽ വ്യക്തമാക്കിയിരിക്കും. ഇതു വഴി ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം വർധിക്കുകയും ചെയ്യും.

## ചെലവുകളുടെ പുനർ വർഗീകരണം

ഈ ബജറ്റ് ( 2017 -18) മുതൽ ചെലവുകൾക്ക് പദ്ധതി , പദ്ധതിയേതര എന്ന വർഗീകരണം ഉണ്ടായിരിക്കില്ല. ഈ വേർതിരിവ് ബജറ്റിൽ നിന്ന് നീക്കം ചെയ്തു. ഇനി മേൽ മൂലധനം, വരുമാനം എന്ന രണ്ടു വിഭാഗങ്ങളെ കാണുകയുള്ളു. ചെലവുകളുടെ പദ്ധതി, പദ്ധതിയേതര എന്ന വർഗീകരണം വിവിധ പദ്ധതികളുടെ വിഭവ വിഹിതത്തിന് അപൂർണമായ വീക്ഷണങ്ങൾ നല്കും. അതുമൂലം ചെലവുകളും സേവനങ്ങളും കൃത്യമായി കണക്കാക്കാൻ സാധിക്കാതെ വരികയും ചെയ്യും.

## റെയിൽവെ ബജറ്റിന്റെ പൊതു ബജറ്റിലെ ലയനം

റെയിൽവെയ്ക്കു മാത്രമായി ബജറ്റ് അവതരിപ്പിക്കുന്ന 92 വർഷത്തെ പാരമ്പര്യം ഗവൺമെന്റ് അവസാനിപ്പിച്ചു. ഇപ്പോൾ റെയിൽവെ ബജറ്റും പൊതു ബജറ്റിന്റെ ഭാഗമാണ്. റെയിൽവെയുടെ വികസനവും മറ്റ് പ്രവർത്തനങ്ങളും പൊതു ബജറ്റിലൂടെ അവതരിപ്പിക്കുമ്പോൾ ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയും ജനങ്ങൾക്കു കുറെക്കൂടി ബോധ്യമാകും. ഈ നടപടി റെയിൽവെയുടെ ലാഭവിഹിതം പോലുള്ള ചില ബാധ്യതകളും ഇല്ലാതാക്കി. പ്രതിവർഷം 9700 കോടിയുടെ വാർഷിക ലാഭവിഹിതമാണ് റെയിൽവെ ഗവൺമെന്റിനു നല്കിയിരുന്നത്.

## മുൻകൂട്ടിയുള്ള ബജറ്റ് അവതരണം

ഈ വർഷം ബജറ്റ് ഫെബ്രുവരി 1 ന് അവതരിപ്പിക്കുകയും ധനബില്ല് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും മാർച്ച് 31 നു മുമ്പായി പൂർത്തിയാക്കുകയും ചെയ്തു. നേരത്തെ ഇത് മെയ് ജൂൺ മാസങ്ങളിലാണ് പൂർത്തിയാക്കിയിരുന്നത്. തന്മൂലം മിക്ക മന്ത്രാലയങ്ങൾക്കും തുക ചെലവഴിക്കാൻ ഒൻപതു മാസം മാത്രമെ ലഭിച്ചിരുന്നുള്ളു. ഈ വർഷം മുതൽ മാർച്ച് 31 നു മുമ്പായി ബജറ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയായതിനാൽ മന്ത്രാലയങ്ങൾക്ക് പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും കൂടുതൽ സമയവും സാവകാശവും ലഭിച്ചു.

ഇതൊരു ആകസ്മികതയാണ്. സാമ്പത്തിക ഉത്തരവാദിത്തവും ബജറ്റ് നിർവഹണവും സംബന്ധിച്ച നിയമം 2003 ൽ അന്നത്തെ (1999 -2004) ഗവൺമെന്റ് പാസാക്കിയിരുന്നു. ആ നിയമം തന്നെയാണ് ഈ ഗവൺമെന്റ് പുതുക്കി എഴുതിയത്. ഇതിനു വേണ്ടി ഒരു കമ്മ–റ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയാണ് നടപടിക്രമങ്ങൾ തുടങ്ങിയത്. അടുത്ത മൂന്നു വർഷത്തേയ്ക്ക് 3 ശതമാനം സാമ്പത്തിക കമ്മിയാണ് കമ്മിറ്റി ശിപാർശ ചെയ്തത്.

കൂടുതൽ പൊതു ചെലവുകൾ പരിഗണിച്ച് 2017-18 ൽ ഗവൺമെന്റ് സാമ്പത്തിക കമ്മി മൊത്ത ഉത്പാദനത്തിന്റെ 3.2 ശതമാനമാക്കാൻ ശ്രമിക്കുമെന്നാണ് ധനമന്ത്രി ബജറ്റ് അവതരിപ്പിച്ചപ്പോൾ പറഞ്ഞത്. അടുത്ത വർഷം അത് 3 ശതമാനവുമാക്കും. ഗവൺമെന്റ് ആത് 3 ശതമാനമാക്കി മുന്നോട്ടു പോകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലക്ഷ്യം നേടാൻ ഈ ഗവൺമെന്റിനു സാധിക്കുമെന്ന് വ്യക്തമാക്കിയിരിക്കുന്നതിനാൽ വിശകലന വിദഗ്ധർ ഇതു കേട്ട് പുരികം ചുളിച്ചില്ല. 2014 ൽ അധികാരത്തിൽ എത്തിയ നാൾ മുതൽ ഈ ഗവൺമെന്റ് ഭദ്രമായ സാമ്പത്തിക നിർവഹണത്തിലൂടെ മുന്നേറുകയായിരുന്നു. 2013 -14 ലെ സാമ്പത്തിക കമ്മിയായ 4.5 ശതമാനം 2014-15 ൽ 4.1 ശതമാനമാക്കി കുറയ്ക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. 2015-16 ൽ ഇതു 3.9 ഉം 2016 -17 ൽ 3.5 ശതമാനത്തിലും എത്തിക്കാൻ ഗവൺമെന്റിനു സാധിച്ചു. അതിനാൽ 2018 -19 ൽ ഇത് 3 ശതമാനത്തിൽ എത്തുമെന്നാണ് കരുതുന്നത്.

*(ലേഖകൻ സാമ്പത്തികകാര്യ ലേഖകനും ABP ന്യൂസിന്റെ ബിസിനസ്സ് എഡിറ്ററുമാണ്)*

# വ്യവസായം സുഗമമാക്കാൻ പുതുവഴികൾ

ഡാനിഷ് എ ഹാഷിം, ഐശ്വര്യ നഹത

വ്യവസായങ്ങൾ തുടങ്ങാൻ അനുമതി നല്കുക, അതിനുള്ള പ്രതിബന്ധങ്ങൾ നീക്കുക തുടങ്ങിയവയിലെ ഗവൺമെന്റിന്റെ നിയന്ത്രണപരമായ പങ്ക് ലഘൂകരിക്കുക, പകരമായി അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ചുമതല ഏറ്റെടുക്കുക, അതുവഴി വ്യവസായങ്ങളുടെ നടത്തിപ്പ് അനായാസമാക്കുക എന്നതാണ് ഇന്ത്യ ഇപ്പോൾ നടപ്പാക്കി വരുന്ന സാമ്പത്തിക പരിഷ്കാരങ്ങളിലെ പ്രധാന വശം. ഈ ദിശയിലുള്ള പരിഷ്കാര നടപടികൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ വ്യവസായ മേഖലയ്ക്ക് അപര്യാപ്തമാണ് എന്ന് തെളിഞ്ഞിട്ടും 2014 ൽ രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദനം വെറും 24.2 ശതമാനമായിരുന്നു. ഇക്കാലയളവിൽ ചൈനയിൽ 43.9 ശതമാനം, ദക്ഷിണ കൊറിയയിൽ 38.7 ശതമാനം, മലേഷ്യയിൽ 34.7 ശതമാനം എന്നിങ്ങനെയായിരുന്നു മൊത്ത ആഭ്യന്തര ഉത്പാദനം. നടപടിക്രമ ലഘൂകരണ പരിഷ്കാരങ്ങളുടെ അഭാവം ഗവൺമെന്റിന്റെ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ വിജയത്തിന് അത്യന്താപേക്ഷിതമായ വ്യാവസായിക ഉത്പാദനത്തെ വളരെ പ്രതികൂലമായി ബാധിച്ചു. സാമ്പത്തിക പ്രവർത്തനങ്ങളുടെ അതിനിർണായക ഘടകമായ അടിസ്ഥാനസൗകര്യ വികസനത്തെ പോലും നടപടിക്രമങ്ങളിലെ തടസങ്ങളും സമ്മർദ്ദങ്ങളും അനുമതിക്കുള്ള കാലതാമസവും വളരെ വലച്ചു. ഉദാഹരണത്തിന് നിർദ്ദിഷ്ട അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് 19 മന്ത്രാലയങ്ങളുടെ അനുമതി വേണം. കൂടാതെ പരിസ്ഥിതി മുതൽ ആഭ്യന്തര സുരക്ഷ വരെയുള്ള 56 വകുപ്പുകളുടെ അനുമതി പത്രങ്ങളും വേണം. മാത്രവുമല്ല, ഈ നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ കുറഞ്ഞത് 24 മാസമെങ്കിലും വേണ്ടിവരും. വ്യവസായങ്ങ ൾ തുടങ്ങുന്നതിനാവശ്യമായ ലളിതമായ നടപടിക്രമങ്ങൾ ഏർപ്പെടുത്തുന്നതിൽ ഇന്ത്യ വളരെ പിന്നിൽ നില്കുന്നു എന്ന് ലോകബാങ്കിന്റെ വ്യവസായ നടത്തിപ്പ് സംബന്ധിച്ച 2016 ലെ റിപ്പോർട്ടിൽ കൃത്യമായി ചൂണ്ടിക്കാട്ടുന്നുണ്ട്. അതായത് 190 രാജ്യങ്ങളുടെ പട്ടികയിൽ 130 ആണ് ഇന്ത്യയുടെ സ്ഥാനം. വ്യവസായങ്ങൾ അനായാസമാക്കുന്നതിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പത്തിൽ ഏഴു മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ഇന്ത്യയുടെ സ്ഥാനം അതിലും എത്രയോ പിന്നിലാണ്. നിർമാണ അനുമതി (185), നികുതി അടവ് (172), കരാർ നിയമങ്ങൾ (172), വ്യവസായം(155), വിദേശ വ്യാപാരം (143), രജിസ്ട്രേഷൻ(138), നിർധനത്വ പരിഹാരം(136) എന്നിങ്ങനെയാണ് ഏഴു മാനദണ്ഡങ്ങൾ. വ്യവസായങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ഡൽഹി, മുംബൈ എന്നീ രണ്ടു നഗരങ്ങളെ മാത്രം അടിസ്ഥാനമാക്കിയാണ് ഇവിടെ പരാമർശം. അതിനാൽ ഈ അവസ്ഥ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ പൂർണമായും കാണപ്പെടണം എന്നില്ല. എന്നാലും ,സംസ്ഥാനങ്ങളിലെ ഗവൺമെന്റ് ഉത്തരവുകൾ, നിയമങ്ങൾ, ചട്ടങ്ങൾ, നടപടിക്രമങ്ങൾ, ചുവപ്പുനാട, ഉദ്യോഗസ്ഥരുടെ അഴിമതി, കാലതാമസം തുടങ്ങി എത്രയോ കടമ്പകൾ ഇപ്പോഴും വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള വെല്ലുവിളികളായി അവശേഷിക്കുന്നു. വ്യവസായ സൗഹൃദമല്ലാത്ത അവസ്ഥ മൊത്തത്തിലുള്ള നിക്ഷേപ കാലാവസ്ഥയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഘടകമാകുന്നു. ഇതുമൂലം രാജ്യത്തിന് നഷ്ടപ്പെടുന്നത് വലിയ സാമ്പത്തിക അവസരമാണ്. എത്രയോ പഠനങ്ങൾ ഈ വാദഗതിയെ പിന്താങ്ങുന്നു. രാജ്യത്തെ ദുർബലമായ നിക്ഷേപ കാലാവസ്ഥ, ഇങ്ങോട്ടുള്ള വൻ നിക്ഷേപങ്ങൾക്കു പ്രതിബന്ധമായി നിലകൊള്ളുന്നു, പ്രത്യേകിച്ച് വൻ നിർമ്മാണ വ്യവസായ സേവന മേഖലകളിൽ എന്നു ഡോളർ (2002) ചൂണ്ടിക്കാണിക്കുന്നു. ഇത് ആത്യന്തികമായി ബാധിക്കുന്നത് നമ്മുടെ തൊഴിലവസരങ്ങളെയും വളർച്ചാ സാധ്യതകളെയുമാണ്. കാർഷിക മേഖലയിൽ ഇത് ഉത്പാദനക്ഷമതയെയും കാർഷികേതര വളർച്ചയെയും പിന്നോട്ടടിക്കുന്നു. ദുർബലമായ നിക്ഷേപ കാലാവസ്ഥ വ്യവസായ മേഖലയിൽ ഉത്പാദന വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു (വീരമണി, ഗോൾഡർ 2004). പ്രധാനമായും സംസ്ഥാനങ്ങളിലെ നിക്ഷേപ കാലാവസ്ഥയാണ് അവരുടെ നിക്ഷേപതലത്തിലും സാമ്പത്തിക പുരോഗതിയിലും ഉത്പാദന വളർച്ചയിലും വലിയ വ്യതിയാനങ്ങൾക്കു കാരണമാകുന്നത് എന്നും അവർ സൂചിപ്പിക്കുന്നു. നിക്ഷേപ കാലാവസ്ഥ പൊതുവിൽ സംസ്ഥാന വിഷയമാണ് എന്നതാണ് കാരണം.

അടുത്ത കാലത്തായി കേന്ദ്ര ഗവൺമെന്റ് വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ ശ്രമം നടത്തുന്നുണ്ട്. നിലവിലുള്ള നിയമങ്ങൾ കുറെക്കൂടി ലളിതവും യുക്തിപരവുമാക്കാനും ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുവാനും വിവര സാങ്കേതിക വിദ്യ കൂടി ഇതിൽ പ്രയോജനപ്പെടുത്താനുമാണ് തീരുമാനിച്ചിരിക്കുന്നത്. ഭരണാധികാരികളുടെ ഇടപെടൽ കുറയ്ക്കുക, ഭരണം വർധിപ്പിക്കുക എന്ന മുദ്രാവാക്യമാണ് ഇതിനായി ഉയർത്തിപ്പിടിക്കുക. നിരവധി പരിഷ്കാരങ്ങൾ ഇതിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കി വരുന്നുണ്ട്. കേന്ദ്ര തലത്തിൽ ഉദാഹരണത്തിന് ഇൻഡസ്ട്രിയൽ

ലൈസൻസ്, ഇൻഡസ്ട്രിയൽ ഓൺട്രപ്രണർ മെമ്മോറാണ്ടം എന്നിവയ്ക്കുള്ള അപേക്ഷകൾ ഓൺലൈനിലാക്കി. ഇൻഡസ്ട്രിയൽ ലൈസൻസ്, എംപ്ലോയർ രജിസ്ട്രേഷൻ തുടങ്ങിയവ ഉൾപ്പെടെ ഇത്തരത്തിൽ ഏകദേശം 20 കേന്ദ്ര ഗവൺമെന്റ് സേവനങ്ങൾ ഇ-ബിസ് പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ കോർപ്പറേറ്റ് കാര്യ മന്ത്രാലയം ഫോം നമ്പർ 29 നടപ്പിലാക്കിക്കൊണ്ട് പേര്, ലഭ്യത, തിരിച്ചറിയൽ നമ്പർ, കമ്പനി സംയോജനം എന്നീ മൂന്നു നടപടിക്രമങ്ങൾ ഒന്നാക്കി മാറ്റിയിട്ടുണ്ട്. ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതിനാൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് ഇപ്പോൾ ഒന്നോ രണ്ടോ പ്രവൃത്തി ദിനങ്ങൾ മതിയാകും. എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയെല്ലാം ഇപ്പോൾ പൂർണമായും ഓൺലൈൻ രജിസ്ട്രേഷനാക്കിക്കഴിഞ്ഞു.

രാജ്യത്തെ ദശലക്ഷക്കണക്കിനു വരുന്ന വ്യവസായികളുടെ ജീവിതം സുഗമമാക്കാനും ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര കസ്റ്റംസ് ആൻഡ് എക്സൈസ് ബോർഡ് വ്യവസായങ്ങൾക്കായി ഏകജാലക സംവിധാനം നടപ്പിലാക്കിവരുന്നു. ഇറക്കുമതി ചെയ്യുന്ന വ്യവസായികൾക്ക് ഇ-പോർട്ടൽ വഴി സത്യവാങ്മൂലം ഫയൽ ചെയ്യാം. ഇതിലൂടെ ഒഴിവാക്കാൻ സാധിച്ചിരിക്കുന്നത് എഫ്എസ്എസ്എഐ, പ്ലാന്റ് ക്വാറന്റൈൻ, അനിമൽ ക്വാറന്റൈൻ, ഡ്രഗ് കൺട്രോളർ, വൈൽഡ് ലൈഫ് കൺട്രോൾ ബ്യൂറോ, ടെക്സ്റ്റൈൽ കമ്മിറ്റി തുടങ്ങി ആറു ഗവൺമെന്റ് ഓഫീസുകളിൽ നിന്നുള്ള വിജ്ഞാപനമാണ്. ഈ സൗകര്യം വൈകാതെ എല്ലാ കയറ്റുമതി വ്യവസായികൾക്കും നല്കും. ചരക്കുകൾ ഇറക്കുമതി ചെയ്യുന്നതിനും കയറ്റുമതി ചെയ്യുന്നതിനും ആവശ്യമായ രേഖകളുടെ എണ്ണം മൂന്നാക്കി ഗവൺമെന്റ് പരിമിതപ്പെടുത്തി. നേരത്തെ ഇത് 10 ആയിരുന്നു. പിന്നീട് 7 ആക്കി. ഇതു കൂടാതെ നിരവധി പരിഷ്കാരങ്ങൾ ഈ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വ്യവസായങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സംസ്ഥാനങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരം വളർത്തുന്നതിനുള്ള നടപടികളാണ്. അസസ്മെന്റ് ഓഫ് സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ ഓഫ് ബിസിനസ് റിഫോംസ് എന്ന പേരിൽ ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് 2015ൽ ബിസിനസ് റിഫോംസ് ആക്ക്ഷൻ പ്ലാനിനായി ചരിത്രപരമായ ഒരു നടപടി സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലങ്ങൾ പിന്നീട് പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ നെയിം ആൻഡ് ഷെയിം നയം എന്ന പേരിൽ ഇത് സാധാരണക്കാർക്കിടയിൽ പോലും പ്രചരിക്കുകയുണ്ടായി. പക്ഷെ ഇതു മൂലം ഒരു മെച്ചമുണ്ടായി. സംസ്ഥാനങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു മത്സരം രൂപപ്പെട്ടു. ലോകബാങ്കിന്റെ വ്യവസായ സംരംഭകത്വ പട്ടികയിൽ ഡൽഹി മുംബൈ നഗരങ്ങൾ മാത്രമെയുള്ളു. ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ പരിഷ്കാരങ്ങളെ സംബന്ധിച്ച വിലയിരുത്തലിൽ സംസ്ഥാനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ കുറെക്കൂടി വിശാലമാണ്.

പരിഷ്ക്കാരങ്ങളെ കുറിച്ചുള്ള 2015 ലെ വിലയിരുത്തൽ 98 മാനദണ്ഡങ്ങളെയും 36 സംസ്ഥാനങ്ങളെയും അടിസ്ഥാനമാക്കിയാണ്. ഉപയോഗിക്കുന്നവരുടെ കാഴ്ച്ചപ്പാടുകൾ അടിസ്ഥാനമാക്കി അഭിപ്രായം സ്വരൂപിക്കുന്നതിനെക്കാൾ ലോകബാങ്ക് വിലയിരുത്തൽ പോലെ ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ വിലയിരുത്തൽ സംസ്ഥാനങ്ങൾ തോറും നടപ്പാക്കിയ യഥാർത്ഥ പരിഷ്കാരങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു. 340 പരിഷ്കാര അജണ്ടയിൽ ഓരോ സംസ്ഥാനങ്ങളുടെയും പ്രതികരണം വിശദമായ പരിശോധനയ്ക്കു വേണ്ടി സമർപ്പിക്കാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു.

നിയമങ്ങളും നടപടിക്രമങ്ങളും യുക്തിഭദ്രമാക്കുക എന്ന വിശാലമായ വിഷയത്തിലൂന്നിയും ഭരണ നിർവഹണം കൂടുതൽ കാര്യക്ഷമവും ഡിജിറ്റലും ആക്കുന്നതിനും രണ്ടാം വട്ട വാർഷിക വിലയിരുത്തലിൽ വ്യവസായങ്ങൾ സുഗമമാക്കുന്നതിനുള്ള 340 ഇന വ്യവസായ പരിഷ്കരണ അജണ്ടയിലെ പത്തു വിശാലമായ സൂചകങ്ങൾക്ക് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് പ്രാധാന്യം നല്കിയിട്ടുണ്ട്. (1) വിവരങ്ങളും സുതാര്യതയും, (2) ഏകജാലകം,(3) ഭൂമിയുടെ ലഭ്യത, (4) നിർമ്മാണ അനുമതി, (5) പരിസ്ഥിതി രജിസ്ട്രേഷൻ, (6) തൊഴിൽ നിയമങ്ങൾ, (7) വൈദ്യുതി കണക്ഷൻ, (8) നികുതി അടവ്, (9) പരിശോധന പരിഷ്കാരങ്ങൾ, (10) വ്യാവസായിക തർക്കപരിഹാരങ്ങൾ എന്നിവയാണ് അവ.

ഈ സൂചകങ്ങൾ തെരഞ്ഞെടുത്തതിന് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് ന്യായീകരിക്കുന്നത് ഇതിൽ ഓരോന്നിനും കൂടുതൽ മെച്ചപ്പെടാനുള്ള സാധ്യതകൾ ഉണ്ട് എന്നതാണ്. ഉദാഹരണത്തിന് ഏകജാലകം. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് 2014 ൽ പുറത്തിറക്കിയ റിപ്പോർട്ടു പ്രകാരം അവർ നടത്തിയ സർവെയിൽ പങ്കെടുത്ത 78% സംരംഭകരും താല്പര്യപ്പെടുന്നത് ഗവൺമെന്റ് ഓഫീസുകൾ കയറിയിറങ്ങുന്ന നടപടി കുറയണം എന്നാണ്. കാരണം ഓഫീസുകളിൽ നിന്ന് കാര്യങ്ങൾ സാധിച്ചു കിട്ടുന്നതിന് അനന്തവും അകാരണവുമായ കാലതാമസമാണ് അനുഭവപ്പെടുന്നത്. അതുപോലെ തന്നെ 69 ശതമാനം പേരും പ്രതികരിച്ചത് ഭൂമിയുടെ ഉ

യർന്ന വില ഉൾപ്പെടെയുള്ള ലഭ്യതയിലെ പ്രശ്നങ്ങളാണ്. വ്യവസായം ആരംഭിക്കുന്നതിനുള്ള ഏറ്റവും വലിയ തടസമായി ഈ പഠനത്തിൽ അനുഭവപ്പെടുന്നത് പരിസ്ഥിതി അനുമതിയാണ്. 44 കേന്ദ്രനിയമങ്ങളും 100 സംസ്ഥാന നിയമങ്ങളും ഉണ്ടായിട്ടും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് 47 ശതമാനം വ്യവസായങ്ങളും നേരിടുന്ന മറ്റൊരു പ്രധാന തടസം.

രണ്ടാം വട്ട ചർച്ചകളുടെ ഫലങ്ങൾ 2016 ഒക്ടോബർ 31 ന് പ്രഖ്യാപിച്ചു. ഇത് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ പോർട്ടലിൽ പൊതുജനങ്ങൾക്കു ലഭ്യമാണ്. പരിഷ്കാരങ്ങളെ വിലയിരുത്തുന്നതിനും സംസ്ഥാനങ്ങളുടെ പദവി നിശ്ചയിക്കുന്നതിനുമപ്പുറം ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് അവതരിപ്പിച്ചിരിക്കുന്നത് പരിഷ്കാരങ്ങളിലെ ശ്രദ്ധേയമായ വിവിധ വിവക്ഷകളാണ്. ഈ ലേഖനത്തിൽ അപഗ്രഥിക്കാൻ ശ്രമിക്കുന്നത് സംസ്ഥാനങ്ങളിലെ വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ സംബന്ധിച്ച ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ പ്രധാന കണ്ടെത്തലുകളും രണ്ടാം വട്ട വിലയിരുത്തലുമാണ്.

സംസ്ഥാനങ്ങളുടെ വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ സംബന്ധിച്ച് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് നടത്തിയ വിലിരുത്തലിന്റെ അപഗ്രഥനം ചുവടെ പട്ടികയിൽ.

| നമ്പർ | വ്യവസായ സൂചകങ്ങൾ | മുൻനിരയിലെ 3 സംസ്ഥാനങ്ങൾ(90-100%) |
|---|---|---|
| 1 | വിവരങ്ങളും സുതാര്യതയും | ഉത്തരാഖാണ്ഡ്, രാജസ്ഥാൻ, ബംഗാൾ |
| 2 | ഏകജാലകം | ഹരിയാന, ഉത്തരാഖാണ്ഡ്, പഞ്ചാബ് |
| 3 | ഭൂലഭ്യത | ഗുജറാത്ത്, ആന്ധ്ര, തെലുങ്കാന |
| 4 | നിർമ്മാണ അനുമതി | ഹരിയാന, ആന്ധ്ര, രാജസ്ഥാൻ |
| 5 | പരിശോധനാനുമതി | ഹരിയാന, ആന്ധ്ര, ജാർക്കണ്ട് |
| 6 | പരിസ്ഥിതി രജിസ്ട്രേഷൻ | പഞ്ചാബ്, ഹിമാചൽപ്രദേശ്, ഹരിയാന |
| 7. | തൊഴിൽ നിയമങ്ങൾ | ഹരിയാന, ഉത്തരാഖണ്ഡ്, പഞ്ചാബ് |
| 8. | വൈദ്യുതി ലഭ്യത | ഉത്തരാഖണ്ഡ്, രാജസ്ഥാൻ, ജാർക്കണ്ട് |
| 9. | ഓൺലൈൻ നികുതി | രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ഹരിയാന |
| 10. | വ്യവസായ തർക്ക പരിഹാരം | തെലുങ്കാന |

340 വ്യവസായ പരിഷ്കാരങ്ങളുടെ വെളിച്ചത്തിൽ ഓരോ സംസ്ഥാനത്തു നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് അവയെ തരംതിരിച്ചത്. സർവേ ഫലങ്ങൾ വ്യത്യസ്തമായ രീതിയിലാണ് നിർദ്ധാരണം ചെയ്തത്. 36 സംസ്ഥാനങ്ങളെ 50 ശതമാനം പോയിന്റുകൾ നേടിയവയെന്നും നേടാത്തവയെന്നും 18 വീതമുള്ള രണ്ടു വിഭാഗങ്ങളാക്കി. ഇതിൽ ആദ്യ വിഭാഗം 90 ശതമാനം പോയിന്റുകൾ നേടിയവയാണ്. രണ്ടാം വിഭാഗങ്ങൾക്ക് 8 ശതമാനം വരെയൊക്കെയേ നേടാനായുള്ളു. പത്തു വിശാല വ്യവസായ സൗഹൃദ സൂചകങ്ങൾ വച്ച് നോക്കുമ്പോൾ ആദ്യ ഗണം ശരാശരി 99 ശതമാനം വരെ പരിസ്ഥിതി രജിസ്ട്രേഷനിൽ പോലും നേട്ടം ഉണ്ടാക്കി. 66 ശതമാനം വരെ ഇവർ തൊഴിൽ തർക്ക പരിഹാര മേഖലയിലും നേട്ടമുണ്ടാക്കി. എന്നാൽ പിന്നാക്കം നില്ക്കുന്ന സംസ്ഥാനങ്ങളാകട്ടെ, ശരാശരി നേട്ടം തൊഴിൽ തർക്ക പരിഹാര മേഖലയിൽ 33 ശതമാനം മാത്രമാണ്. പരിശോധന പരിഷ്കാരങ്ങളിൽ ഇവരുടെ നേട്ടം 2 ശതമാനത്തിലും താഴെയാണ്. ഛത്തിസ്ഗഡ്, മധ്യപ്രദേശ്, ജാർഖണ്ട്, രാജസ്ഥാൻ, പഞ്ചാബ്, യുപി, ബിഹാർ തുടങ്ങി ആദ്യ ഗണത്തിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ നിർമ്മാണമേഖലയിലെ അവരുടെ ശക്തി തിരിച്ചറിയാതെ തന്നെ നിക്ഷേപം ആകർഷിക്കുന്നതിലൂടെ വ്യാവസായിക സൗഹൃദ പരിഷ്കാരങ്ങൾ നടപ്പാക്കി. ഇത് ഇന്ത്യയുടെ വ്യാവസായിക ഭൂപടം മാറ്റി വരയ്ക്കാൻ പോകുന്നതാണ്.

ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് ഇത്തരത്തിലൊരു മത്സരം പ്രോത്സാഹിപ്പിക്കുക വഴി പല സംസ്ഥാനങ്ങളും ആദ്യ സർവെയിൽ അവർക്കുണ്ടായിരുന്ന സ്ഥാനം രണ്ടാമത്തെ സർവെയുടെ സമയമായപ്പോഴേയ്ക്കും മെച്ചപ്പെടുത്തി. ഇത്തരത്തിൽ സ്ഥാനം മെച്ചപ്പെടുത്തിയ സംസ്ഥാനങ്ങളാണ് തെലുങ്കാന ( 13 ൽ നിന്ന് 2 ലേയ്ക്ക്) ഹരിയാന ( 14 ൽ

നിന്ന് 6 ലേയ്ക്ക്) ഉത്തരാഖണ്ഡ് ( 23 ൽ നിന്ന് 9 ലേയ്ക്ക്) പഞ്ചാബ് ( 16 ൽ നിന്ന് 12 ലേയ്ക്ക്) ബിഹാർ ( 21 ൽ നിന്ന് 16 ലേയ്ക്ക്) തുടങ്ങിയവ. ഇത്തരത്തിൽ പല സംസ്ഥാനങ്ങളും അവരുടെ സ്ഥാനം മെച്ചപ്പെടുത്തിയപ്പോൾ ഒന്നാം സ്ഥാനത്തു നിന്നിരുന്ന ഗുജറാത്ത് രണ്ടാം സർവെയിൽ എത്തിയപ്പോൾ വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്ന വിഷയത്തിൽ മൂന്നാം സ്ഥാനത്തേയ്ക്ക് പോയി.

ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ സുപ്രധാന വിലയിരുത്തലുകളെ സംസ്ഥാന മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിച്ചു നോക്കാം. ഇതിനു വരും കാലങ്ങളിൽ നയപരമായ വലിയ അർത്ഥ തലങ്ങൾ ഉണ്ടാവും.

**1. സമഗ്ര പരിഷ്കാരം-** പരിഷ്കാരങ്ങൾ സുസ്ഥിരവും ചലനാത്മകവും ആയിരിക്കണം. വ്യവസായ സൗഹൃദ പരിഷ്കാരങ്ങളുടെ കാര്യത്തിൽ സംസ്ഥാനങ്ങളിലെല്ലാം പ്രസ്താവയോഗ്യമായ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ദേശീയ നിർവഹണ ശരാശരി ഇപ്പോൾ 48.9% ആണ്. അതായത് കഴിഞ്ഞ വർഷത്തെ 32 % ദേശീയ ശരാശരിയെക്കാൾ ഉയരത്തിൽ. രണ്ടാം വട്ട സർവെയിലെ ഏറ്റവും ഉയർന്ന പോയിന്റ് 98.8 % ആണ് (ആന്ധ്രയും തെലുങ്കാനയും). ഒന്നാം സർവെയിൽ ഒന്നാം സ്ഥാനത്ത് 71.1% വുമായി ഗുജറാത്തായിരുന്നു. അതിനെക്കാൾ ഉയരത്തിലെത്തി ഈ രണ്ടു സംസ്ഥാനങ്ങൾ രണ്ടാം സർവെയിൽ. സംസ്ഥാനങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരം സൃഷ്ടിച്ച് കൂടുതൽ വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് വിജയിച്ചു എന്നതാണ് ഇതു ചൂണ്ടിക്കാട്ടുന്നത്. ഇപ്പോൾ 16 സംസ്ഥാനങ്ങൾ പരിഷ്കാര അജണ്ടയുടെ കാര്യത്തിൽ 75 % നേട്ടം ഉണ്ടാക്കി കഴിഞ്ഞു. ഈ നേട്ടം ആഗോളതലത്തിൽ ഇന്ത്യയുടെ ഈ മേഖലയിലെ സ്ഥാനം 39 ൽ നിന്ന് 16 ലേയ്ക്ക് ഉയർത്തി. ലോക സാമ്പത്തിക ഫോറം 2016 ൽ 138 രാജ്യങ്ങളെ ഉൾപ്പെടുത്തി ക്രോഡീകരിച്ച ആഗോള മത്സര സൂചിക അനുസരിച്ചാണ് ഇന്ത്യ പദവി ഉയർത്തിയിരിക്കുന്നത്. പ്രധാന വസ്തുത പരിഷ്കരണത്തിനുള്ള ആവേശം ഓരോ വർഷം തോറും വർധിച്ചു വരുന്നു എന്നതാണ്. പരിഷ്കാര അജണ്ടയുടെ മാതൃക ചലനാത്മകവും, പരിഷ്കാരങ്ങൾ നടപ്പാക്കാനുള്ള സംസ്ഥാനങ്ങളുടെ ശേഷി മാറ്റുക എന്ന കാഴ്ച്ചപ്പാടോടെയും വ്യവസായ ആവശ്യങ്ങൾക്ക് ഉതകുന്നതും ആയിരിക്കണം എന്നു മാത്രം.

**2. സംസ്ഥാനങ്ങളുടെ സമീപനം –** മുന്നിൽ നില്ക്കുന്ന 18 സംസ്ഥാനങ്ങൾ മിക്കവാറും 10 വ്യസായ സൗഹൃദ സൂചകങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. 8 സൂചകങ്ങളിൽ ഈ സംസ്ഥാനങ്ങൾ ശരാശരി 75 ശതമാനവും 6 സൂചകങ്ങളിൽ 89 ശതമാനവും നേട്ടം ഇവർക്ക് കൈവരിക്കാനായി. വ്യാവസായിക തർക്ക പരിഹാരം, ഭൂലഭ്യത എന്നീ കാര്യങ്ങളിൽ ഇനിയും ഇവർക്ക് കുറെക്കൂടി മെച്ചപ്പെടാം. കുറച്ചുകൂടി പ്രയാസമേറിയ മാനദണ്ഡങ്ങളായിരുന്നെങ്കിൽ പോലും അതു കൈവരിക്കാൻ ഇവർക്കു സാധിക്കുമായിരുന്നു എന്നാണ് ഇവരുടെ പ്രകടനം തെളിയിക്കുന്നത്. ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് അതിനാൽ ഈ സംസ്ഥാനങ്ങൾക്കു മാത്രമായി പ്രത്യേക പരിഷ്കരണ അജണ്ട രൂപീകരിക്കണം. ഇവർ ഈ നേട്ടം കൈവരിക്കുമ്പോൾ അടുത്ത 3–5 വർഷത്തിനുള്ളിൽ ആഗോള തലത്തിൽ ഇന്ത്യക്ക് വ്യവസായത്തിൽ 20 രാജ്യങ്ങൾക്കു മുന്നിലെത്താനാവും.

**3. താഴെ നില്ക്കുന്ന പല സംസ്ഥാനങ്ങൾക്കും വ്യത്യസ്ഥ സമീപനം ആവശ്യമാണ്.** – 50 ശതമാനത്തിൽ താഴെ മാത്രം നേട്ടങ്ങളുമായി 18 സംസ്ഥാനങ്ങൾ പിന്നിൽ നില്ക്കുന്നു. വളരെ മോശം പ്രകടനമാണ് ഇവ കാഴ്ച്ച വച്ചത്. വ്യവസായ സൗഹൃദ പരിഷ്കാര സൂചകങ്ങളിൽ 16 പോയിന്റ് കടക്കാൻ ഈ 9 സംസ്ഥാനങ്ങൾക്കു സാധിച്ചില്ല. അതിനാൽ ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ, മേഘാലയ, ചണ്ഡിഗഡ്, ജമ്മുകാശ്മീർ,അരുണാചൽ പ്രദേശ്, സിക്കിം, മിസോറാം, മണിപ്പൂർ,നാഗാലാൻഡ് എന്നീ സംസ്ഥാനങ്ങളെ മറ്റൊരു രീതിയിൽ സമീപിക്കേണ്ടിയിരിക്കുന്നു. ആരെങ്കിലും ഈ സംസ്ഥാനങ്ങളിൽ വ്യവസായം തുടങ്ങാൻ ആഗ്രഹിച്ചാൽ പോലും പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിലെ പിന്നോക്കാവസ്ഥ മൂലം ആ നിക്ഷേപകർ പോലും പിൻവാങ്ങും. അതിനാൽ ഗവൺമെന്റ് ഇവിടെ അടിയന്തരമായി ഇടപെടണം. ടൂറിസം പോലുള്ള മേഖലകൾ ഇവിടെ അഭിവൃദ്ധിപ്പെടുത്തണം. ഇന്ത്യയെ പോലുള്ള രാജ്യത്ത് എല്ലായിടത്തും ഒരേ പോലുള്ള സമീപനം യോജിച്ചു എന്നു വരില്ല. അതിനാൽ സംസ്ഥാനങ്ങളെ രണ്ടു വിഭാഗങ്ങളാക്കി തിരിക്കണം, അതനുസരിച്ച് പരിഷ്കാരങ്ങളുടെ മുൻഗണനകളും നിശ്ചയിക്കാം. ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് ശിപാർശ ചെയ്യുന്ന പരിഷ്കാരങ്ങൾ നടപ്പാക്കുക ചില സംസ്ഥാനങ്ങൾക്ക് വളരെ എളുപ്പവും മറ്റു സംസ്ഥാനങ്ങൾ വളരെ വിഷമവുമാണ്. അതിനാൽ സംസ്ഥാനങ്ങളെ രണ്ടാക്കി തിരിച്ച് വിവിധ തരത്തിലുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്.

**4. ഡൽഹി വളരെ പിന്നിൽ, പ്രത്യേക ശ്രദ്ധ വേണ്ടിയിരിക്കുന്നു.-** ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ രണ്ടാം വിലയിരുത്തലിൽ ഡൽഹിക്ക് 48% നേട്ടങ്ങളോടെ 19–ാമത് സ്ഥാനമാണ്. ഡൽഹി മികച്ച വ്യാവസായിക സംസ്ഥാനമാകണം എന്ന്

പ്രതീക്ഷിക്കുന്നില്ല എങ്കിലും മുബൈയ്ക്ക് ഒപ്പം തന്ത്ര പ്രധാനമായ പദവി അതിനുണ്ട്. അതിനാൽ ലോകബാങ്കിന്റെ റിപ്പോർട്ടിൽ ഇന്ത്യയുടെ നിലവിലുള്ള 130-ാമത് സ്ഥാനം അടുത്ത മൂന്നു വർഷത്തിനുള്ളിൽ 50 ൽ എങ്കിലും എത്തിക്കണമെങ്കിൽ മുംബൈയ്ക്കൊപ്പം ഡൽഹിയെ കൂടി  വ്യവസായ സൗഹൃദ പ്രകടനങ്ങളിൽ ആദ്യ 10 സംസ്ഥാനങ്ങളുടെ പട്ടികയിൽ കൊണ്ടു വന്നേ പറ്റൂ.

**5. പരിഷ്കാരങ്ങളെ കുറിച്ചുള്ള വ്യവസായത്തിന്റെ കാഴ്ച്ചപ്പാട് -** പല കാര്യങ്ങളെ കുറിച്ചും ഗവൺമെന്റിന് വലിയ ധാരണ ഉണ്ടായിക്കൊള്ളണമെന്നില്ല. അതിനാൽ സ്വകാര്യ മേഖലയിൽ നിന്ന് കൃത്യമായി ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ നല്കണം. ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ സർവെ സംസ്ഥാന ഗവൺമെന്റിന്റെ പ്രതികരണമാണ്. വ്യവസായങ്ങളിൽ നിന്ന് ഗവൺമെന്റിനു ലഭിക്കുന്ന വിവരങ്ങളുടെ അഭാവം ഈ സർവെയിൽ ഉണ്ട്. അതിനാൽ വിവിധ സംസ്ഥാനങ്ങളിൽ പരിഷ്കാരങ്ങൾ സംബന്ധിച്ച ഗവൺമെന്റിന്റെ കാഴ്ച്ചപ്പാടും വ്യവസായ മേഖലയും തമ്മിൽ  വലിയ വിടവുണ്ട്. ഉദാഹരണത്തിന് ഏകജാലകത്തിന്റെ കാര്യത്തിൽ നിരവധി സംസ്ഥാനങ്ങളിൽ 90 ശതമാനം പരിഷ്കാരങ്ങളും നടപ്പാക്കി കഴിഞ്ഞു. പക്ഷെ അതു ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നില്ല.  മറ്റു പല വ്യവസായ സൗഹൃദ സൂചകങ്ങളുടെ കാര്യത്തിലും ഇതു തന്നെയാണ് അവസ്ഥ. 100 ശതമാനം നേട്ടം കൈവരിച്ച സംസ്ഥാനങ്ങളിൽ പോലും. പല സംസ്ഥാനങ്ങളെയും സംബന്ധിച്ചിടത്തോളം പരിഷ്കാരങ്ങൾ അടുത്ത കാലത്തുമാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്.  അതിനാൽ ഇത് ശരിയാം വണ്ണം സാധാരണഗതിയിലാകാൻ കുറച്ചു സമയം വേണ്ടിവരും. ഗവൺമെന്റും വ്യവസായ മേഖലയും തമ്മിൽ പരിഷ്കാരങ്ങൾ സംബന്ധിച്ചു നിലവിലുള്ള വിടവ് നികത്താൻ ഇക്കാലയളവിൽ തീക്ഷ്ണമായ പരിശ്രമങ്ങൾ ആവശ്യമാണ്.

ഇവിടെ വ്യവസായത്തിന്റെ കാഴ്ച്ചപ്പാടും പ്രാധാന്യം അർഹിക്കുന്നു. കാരണം സംസ്ഥാന ഗവൺമെന്റ് അവരുടെ പദവി ഉയർത്താൻ പരിശ്രമിക്കണം. ഇക്കാര്യത്തിൽ ഏറ്റവും മികച്ച ഉദാഹരണമാണ് റുവാണ്ട. രാജ്യം ലോകബാങ്കിന്റെ തരംതിരിവിവിൽ 139-ാം സ്ഥാനത്തു നിന്ന് 2006 ൽ 56-മത് എത്തി. ലോകത്തിലെ ഏറ്റവും ദരിദ്രമായ ഒരു സമ്പദ്‌വ്യവസ്ഥയാണ് ഈ നേട്ടം കൈവരിച്ചത് എന്നു കൂടി അനുസ്മരിക്കണം.

**6. മികച്ച മാതൃകകൾ അനുകരിക്കണം-** വിവിധ സംസ്ഥാനങ്ങളിൽ മികച്ച പ്രവർത്തന മാതൃകകൾ നിലനില്ക്കുന്നതായി സർവെ സൂചിപ്പിക്കുന്നു. 10 വ്യവസായ സൗഹൃദ സൂചകങ്ങളിൽ എട്ടും നടപ്പാക്കി 90 -100 ശതമാനം നേട്ടം കൈവരിച്ച 10 സംസ്ഥാനങ്ങളുണ്ട്. അവർക്ക് അവരുടെ മികച്ച പ്രവർത്തന മാതൃകകൾ അവതരിപ്പിക്കാവുന്നതാണ്. 90 -100 ശതമാനം നേട്ടം കൈവരിച്ച എല്ലാ സംസ്ഥാനങ്ങൾക്കും തന്നെ പരിസ്ഥിതി രജിസ്ട്രേഷനാണ് വലിയ വെല്ലുവിളിയായി അനുഭവപ്പെട്ടത്. അടുത്തത് തൊഴിൽ നിയമങ്ങൾ, നികുതി അടവ് എന്നിവയും. 90-100 ശതമാനം നേട്ടവുമായി മുന്നിൽ നില്ക്കുന്ന മൂന്നു സംസ്ഥാനങ്ങളുടെയും പ്രവർത്തന മാതൃക മറ്റ് സംസ്ഥാനങ്ങൾക്ക് പഠന മാതൃകകളായി സ്വീകരിക്കാവുന്നതാണ്. മറ്റൊരു പ്രത്യേകതയായി നിരീക്ഷിക്കുന്നത് ഇവയൊന്നും തന്നെ ചരിത്രപരമായി വ്യാവസായിക സംസ്ഥാനങ്ങൾ അല്ല എന്നതുമാണ്. എന്നിട്ടും വളരെ വേഗത്തിൽ വ്യാവസായിക പരിഷ്കാരങ്ങൾ നടപ്പാക്കാൻ അവയ്ക്കു സാധിച്ചു.

**7. പരിഷ്കാരങ്ങളുടെ വിലയിരുത്തൽ -** വ്യാവസായിക പരിഷ്കാരങ്ങളുടെ കാര്യത്തിൽ മുന്നിലും പിന്നിലും നില്ക്കുന്ന സംസ്ഥാനങ്ങൾ തമ്മിലുള്ള വിടവ് നികത്താനും എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ പരിഷ്കരണ നടപടികൾ വേഗത്തിലാക്കാനും കേന്ദ്ര മന്ത്രാലയങ്ങളും വകുപ്പുകളും കൂടി ഇതിൽ ഇടപെടണം. കാരണം തൊഴിൽ നിയമങ്ങൾ, നികുതി, പരിസ്ഥിതി, സ്വയം സാക്ഷ്യപ്പെടുത്തൽ, ഭൂമി ഏറ്റടുക്കൽ തുടങ്ങിയ വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തര ഇടപെടൽ ആവശ്യമാണ്.

**8. സംസ്ഥാനങ്ങളെ മത്സരാധിഷ്ഠിതമായി വിലയിരുത്തണം -** വ്യവസായ പരിഷ്കാരങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ പല സംസ്ഥാനങ്ങൾക്കും 90 ശതമാനം നേട്ടം കൈവരിക്കാൻ സാധിച്ചെങ്കിലും ഇപ്പോഴും നിക്ഷേപകർക്ക് അനുയോജ്യമായ ഒരു പരിസരം അവിടങ്ങളിൽ ലഭ്യമായിട്ടില്ല.സംസ്ഥാനത്തെ വ്യവസായ പരിസരത്തെ വിലയിരുത്താൻ വ്യവസായങ്ങൾ തുടങ്ങാൻ വളരെ എളുപ്പം എന്നത് പ്രധാനപ്പെട്ട മാദണ്ഡമാണെങ്കിലും, വ്യവസായങ്ങൾ തുടങ്ങാൻ സംസ്ഥാനം വളരെ യോജിച്ചതാണ് എന്ന് ഇതുകൊണ്ട് അർത്ഥമാക്കരുത്. ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിനുമപ്പുറം മൂലധന നിക്ഷേപത്തിനുള്ള തീരുമാനത്തെ സ്വാധീനിക്കുന്ന വേറെയും നിരവധി ഘടകങ്ങൾ ഉണ്ട്.  നിക്ഷേപത്തിനു തീരുമാനം എടുക്കും മുമ്പ് സംരംഭകർ അടിസ്ഥാന സൗകര്യം, സ്ഥാപനങ്ങളുടെ നിലവാരം, പരിശോധനശാലകൾ, ഗവേഷണ വികസന സൗകര്യങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ആരോഗ്യം, അടിസ്ഥാന സൗകര്യം, പൊതജനാരോഗ്യ നിലവാരം തുടങ്ങി നിരവധി കാര്യങ്ങൾ പരിശോധിക്കും. നിലവിൽ പൊതുജന സേവനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാണോ എന്നതാണ് അവർ പരിശോധിക്കുന്ന മറ്റൊരു കാര്യം.  തർക്കരഹിതവും അഴിമതി രഹിതവും

സമയബന്ധിതവുമായ സേവനം ഗവൺമെന്റ് ഓഫീസുകളിൽ നിന്നു ഉറപ്പാക്കുന്ന സേവനാവകാശ നിയമം മിക്ക സംസ്ഥാനങ്ങളിലും പ്രാബല്യത്തിലുണ്ട്. പക്ഷെ യാഥാർത്ഥ്യങ്ങൾ ഇപ്പോഴും ഏതാണ്ട് പഴയ മട്ടി ൽ തന്നെ. അതിനാൽ സംസ്ഥാനങ്ങളുടെ മൊത്തത്തിലുള്ള മത്സരക്ഷമത ഓരോ സംസ്ഥാനവും വിലയിരുത്തേണ്ടതുണ്ട്.

**9. കൺകറന്റ് ലിസ്റ്റിലെ നിയമങ്ങൾ സംസ്ഥാനങ്ങൾക്കും ശിപാർശ ചെയ്യണം –** സംസ്ഥാനങ്ങൾ നല്ല നിലയിൽ നടപ്പാക്കിയിട്ടുള്ള വ്യവസായ സൗഹൃദ സൂചകങ്ങൾ പലതും യഥാർത്ഥത്തിൽ നിക്ഷേപകർക്കു തൃപ്തികരമായിരിക്കണമെന്നില്ല. അതിനാൽ ആഴത്തിലുള്ള പരിഷ്കാരങ്ങളാണ് ആവശ്യം. പ്രത്യേകിച്ച് തൊഴിൽ നിയമങ്ങളിൽ. ഇത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമായി വിട്ടുകൊടുക്കാതെ, ഇതുമായി ബന്ധപ്പെട്ട കൺകറന്റ് ലിസ്റ്റിലെ നിയമങ്ങൾ ഭേദഗതി ചെയ്യാൻ ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പ് സംസ്ഥാനങ്ങളെ പ്രേരിപ്പിക്കണം. ഇത്തരം നിയമങ്ങൾ ക്രോഡീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങി പല സംസ്ഥാനങ്ങളും ഇതനുസരിച്ചുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വ്യവസായ തർക്ക നിയമം 1947, കരാർ തൊഴിലാളി നിയമം 1970, ഫാക്ടറി നിയമം 1948 തുടങ്ങിയ നിയമങ്ങളെല്ലാം ഭേദഗതിയുടെ പാതയിലാണ്. ഇതു മാത്രം പോരാ, ഭരണഘടനയുടെ ഏഴാം പട്ടിക ഭേദഗതി ചെയ്യുവാൻ കേന്ദ്രം സംസ്ഥാങ്ങൾക്ക് അധികാരം നല്കണം. ഇവയിൽ പലതും – തൊഴിലാളി സംഘടനകൾ, വ്യവസായ തൊഴിൽ തർക്കങ്ങൾ, വനം, ഫാക്ടറികൾ, ബോയിലറുകൾ, വൈദ്യുതി – വ്യവസായങ്ങൾ തുടങ്ങുന്നതുമായി നേരിട്ടു ബന്ധമുള്ളവയാണ്. ഇവയിൽ പലതും കൺകറന്റ് ലിസ്റ്റിൽ നിന്നു മാറ്റി സംസ്ഥാനങ്ങൾക്കു കൈമാറേണ്ടവയാണ്. ഇതെല്ലാം വ്യവസായ പരിഷ്കാരങ്ങൾ വേഗത്തിൽ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ ഇടം നല്കും.

ലോകബാങ്കിന്റെ കാഴ്ചപ്പാടിൽ വ്യവസായങ്ങൾ സുഗമമായി ആരംഭിക്കാൻ സാഹചര്യം കുറഞ്ഞ രാജ്യമാണ് ഇന്ത്യ. എന്നാൽ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതി വഴി ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് മുന്തിയ പരിഗണനയാണ് നല്കിയിരിക്കുന്നത്. ഗവൺമെന്റ് സ്വയം പരിഷ്കാരങ്ങൽ നടപ്പാക്കുക മാത്രമല്ല, സംസ്ഥാനങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു മത്സരം ഈ രംഗത്ത് വളർത്തുകയും ചെയ്യുന്നു. രണ്ടു വർഷം കൊണ്ട് ഈ രംഗത്ത് ദേശീയ തലത്തിൽ തന്നെ വലിയ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്. ദേശീയ തലത്തിൽ വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന്റെ ശരാശരി നിലവാരം 48.9 ശതമാനമാണ് ഇപ്പോൾ. കഴിഞ്ഞ വർഷം ഇത് 32 ശതമാനമായിരുന്നു. അതിനുമപ്പുറം ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ രണ്ടാം വട്ട വിലയിരുത്തൽ പ്രകാരം 36 സംസ്ഥാനങ്ങളിൽ പകുതിയും എടുത്തു പറയത്തക്ക പ്രകടനം നടത്തിയിരിക്കുന്നു. ഇവർ 90 ശതമാനം നേട്ടം രേഖപ്പെടുത്തുമ്പോൾ ബാക്കി പകുതി രേഖപ്പെടുത്തുന്നത് 8 ശതമാനം നേട്ടമാണ്. സംസ്ഥാനങ്ങൾ തമ്മിലുള്ള ഈ വലിയ അന്തരം പരിഷ്കാരങ്ങളിൽ രണ്ടു ഗുണനിലവാര വ്യവസ്ഥവും വിഭാഗങ്ങളും സൃഷ്ടിക്കും. നേട്ടമുണ്ടാക്കിയ സംസ്ഥാനങ്ങളിൽ കുറച്ചു കൂടി കർശനമായ പരിഷ്കാരങ്ങൾ വേണ്ടി വരും, പിന്നാലെയുള്ളവർക്ക് ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് വലിയ സഹായങ്ങളും. നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനങ്ങളിലെ മാതൃകകൾ ദുർബല സംസ്ഥാനങ്ങളിൽ പകർത്താൻ കർശനമാ പരിശ്രമങ്ങൾ ഉണ്ടാകണം. 19 –ാമത് സ്ഥാനത്ത് നിന്ന് ഇഴയുന്ന ഡൽഹിയെ പത്താം സ്ഥാനത്തുള്ള മുംബൈയ്ക്ക് ഒപ്പം മുഖ്യധാരയിലേയ്ക്കു കൊണ്ടുവരണം. എങ്കിൽ മാത്രമെ ലോക ബാങ്കിന്റെ കണക്കിൽ നാം മുന്നേറ്റം രേഖപ്പെടുത്തുകയുള്ളു.

ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ വ്യവസായ പരിഷ്കരണ വിലയിരുത്തൽ മറ്റ് പല മേഖലകളിലേയ്ക്കു കൂടി വ്യാപിപ്പിക്കാവുന്നതാണ്. ഇതിന്റെ മാനദണ്ഡങ്ങൾ കുറച്ചു കൂടി വിശാലമാക്കണം. കുറച്ചു കൂടി നിക്ഷേപ സൗഹൃദ മേഖലകൾ ഇതിൽ കൂട്ടി ചേർക്കണം. ഇപ്പോൾ ഇതില്ല. ഈ പരിഷ്കാരങ്ങൾ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടണം. അതോടൊപ്പം കൺകറന്റ് ലിസ്റ്റ് വെട്ടിച്ചുരുക്കാൻ ശിപാർശ ചെയ്യുകയും ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രമോഷൻ വകുപ്പിന്റെ മേൽ നോട്ടത്തിൽ വിവിധ കേന്ദ്ര മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കുമായി ഇത്തരം ഒരു വിലയിരുത്തൽ പരിപാടി നടപ്പാക്കണം. ഇത് ഈ പരിഷ്കരണ നടപടികൾക്ക് കൂടുതൽ ഊർജ്ജം പകരും.

ഉപസംഹാരമായി, വ്യവസായ സൗഹൃദ പരിഷ്കാരങ്ങൾ രാജ്യവ്യാപകമായി നടപ്പാക്കാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പ്രശംസനീയമായ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. അടുത്ത മൂന്നു വർഷത്തിനുള്ളിൽ മെയ്ക്ക് ഇൻ ഇന്ത്യ പോലുള്ള വിജയകരമായ നടപടികളിലൂടെ ഇന്ത്യ അതിന്റെ സ്ഥാനം ലോകരാജ്യങ്ങൾക്കിടയിൽ 50 ലേയ്ക്ക് ഉയർത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് രാജ്യത്തിന്റെ സാമ്പത്തിക ക്ഷേമത്തിനും കാരണമാകും.

*(ഡാനിഷ് എ.ഹാഷിം ഇക്കണോമിക് അഫയേഴ്സിന്റെ ഡയറക്ടറും ഐശ്വര്യ നഹത കൺസൾട്ടന്റുമാണ്)*

# ഡിജിറ്റൽ ഇന്ത്യ പദ്ധതി: ഇന്ത്യയെ ജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയും ഡിജിറ്റൽ ശാക്തീകൃത സമൂഹവുമായി പരിവർത്തിപ്പിക്കൽ

ഡോ. ഓംകാർ റായ്

സുതാര്യവും പ്രതികരണാത്മകവും സകലരെയും ഉൾകൊള്ളുന്നതും പങ്കാളിത്ത സ്വഭാവവുമുള്ളതുമായ ഒരു ഭരണകൂടത്തെ സൃഷ്ടിക്കുന്നതിൻറെ പശ്ചാത്തലത്തിൽ പൗരന്മാരെ ഡിജിറ്റൽ ശാക്തീകരിച്ച് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തെ ആഴമുള്ള ജനാധിപത്യമാക്കി മാറ്റുന്നതിനുള്ള പുതിയ അധ്യായം തുറക്കുകയാണ് ഡിജിറ്റൽ ഇന്ത്യ.

## ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ആവശ്യകത

എല്ലാ തുടക്കത്തിനും ഒരു കാരണമുണ്ട്. സമൂഹത്തിന്റെ അടിസ്ഥാനപ്രമാണങ്ങളുടെ സവിശേഷാധികാരങ്ങളെ ആധുനിക തിരിച്ചറിവുകളായി പരിഭാഷപ്പെടുത്തുന്നതരം വീക്ഷണത്തോടെയുള്ളതും പരിവർത്തന ശേഷിയുള്ളതുമായ ആശയങ്ങളുടെ പിറവി അനിവാര്യമാക്കുന്നതായിരിക്കും ആ കാരണം. അഭൂതപൂർവമായ പുതുമയെ തന്നെ അത് അടയാളപ്പെടുത്തും. ആഗോളതലത്തിൽ അതിവേഗം വളരുന്ന ഒരു സമ്പദ് വ്യവസ്ഥയായി ഇന്ത്യ പരിണമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പങ്കാളിത്ത ജനാധിപത്യ രംഗത്ത് (പൊതുവിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാകുന്നതിന് അനുയോജ്യമായ സംവിധാനങ്ങളുള്ളതും സർക്കാർ നയങ്ങളെക്കുറിച്ച സംവാദങ്ങൾക്ക് അവസരമുള്ളതും സാമൂഹിക, സാമ്പത്തിക വിഭജനങ്ങൾക്കതീതമായി നയരൂപവത്കരണത്തിൽ ജനങ്ങൾക്കെല്ലാവർക്കും സംഭാവന നൽകാൻ കഴിയുന്നതുമായ അവസ്ഥ മുന്നേറേണ്ടത് രാജ്യത്തിന് അനിവാര്യമായിരുന്നു. ഭരണ നിർവഹണമെന്നത് ഇന്ന് ഒറ്റവഴി പ്രക്രിയയല്ല. അത് എല്ലാവരെയും ഉൾക്കൊള്ളുന്നതും ദീർഘമായ ആലോചനകൾക്ക് വഴിയൊരുക്കുന്നതും കൂട്ടുചേർന്നുള്ള സൃഷ്ടികർമവുമൊക്കെയാണ്. ജനസംഖ്യയിൽ ഭൂരിപക്ഷവും യുവജനങ്ങളായ, പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഇന്ത്യയെപ്പോലെ ഒരു രാജ്യം സാമൂഹിക സാമ്പത്തിക സൂചികയിൽ മുന്നേറ്റം ഉണ്ടാക്കുവാൻ പരിവർത്തനം ആവശ്യമായ ഒരു രാഷ്ട്രത്തെക്കുറിച്ച് ന്യായമായും ചിന്തിക്കേണ്ടതുണ്ട്.

ആഗോളമാറ്റങ്ങൾക്കനുസരിച്ച് സമൂഹം പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുന്ന? ദശാസന്ധിയിൽ സാങ്കേതികവിദ്യയുടെ പ്രത്യേകിച്ച് വിവരസങ്കേതികവിദ്യയുടെ അതിവേഗത്തിലുള്ള പരിണാമമാണ് കൂടുതൽ ആഹ്ലാദം പകരുന്നത്. എല്ലാ പൗരന്മാരെയും ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ബന്ധിപ്പിച്ച് ഭരണനിർവഹണത്തിൽ പൗരപങ്കാളിത്തത്തിൻെറ ശക്തി വർധിപ്പിച്ചുകൊണ്ട് വികസനത്തിൻെറ മുഖ്യവാഹകരായി വിവരസാങ്കേതിക വിദ്യയെ മാറ്റുന്നതിനെക്കുറിച്ച് ചിന്തിക്കാൻ ഇത് സർക്കാരുകളെ പ്രേരിപ്പിക്കുന്നു.

പൗരന്മാരെ ഡിജിറ്റൽ ദേശവാസികളാക്കിയും ഭരണസംവിധാനങ്ങളെ സുതാര്യമാക്കി സ്മാർട്ട് ഭരണനിർവഹണത്തിനുള്ള വിവരങ്ങൾ ലഭ്യമാക്കിയും പൗരന്മാരെ ശാക്തീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നിലവിലെ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഭരണനിർവഹണത്തിൻെറ കേന്ദ്രസ്ഥാനത്ത് ഡിജിറ്റൽ ഇന്ത്യയെ കൊണ്ടുവരുന്ന കാര്യത്തിലും ദരിദ്രനും ധനാഢ്യനും അടക്കമുള്ള എല്ലാ പൗരന്മാർക്കും നല്ല ഭരണം ലഭ്യമാക്കുന്നതിലും ശുഭപ്രതീക്ഷ നൽകുന്ന കാര്യമാണിത്.

## ഡിജിറ്റൽ ഇന്ത്യ പദ്ധതിയെ നയിക്കുന്നതെന്ത്?

എല്ലാ പദ്ധതികളെയും നയിക്കുന്നത് അതിന്റെ കേന്ദ്രവീക്ഷണങ്ങളാണ്. നിലനിൽക്കുന്ന ഭരണ നിർവഹണ സംവിധാനങ്ങളെയും പൊതുജന സേവനളെയും വിവരസാങ്കേതിക വിദ്യയുടെ ശക്തി ഉപയോഗപ്പെടുത്തി പരിവർത്തിപ്പിക്കുന്നതിൽ ഡിജിറ്റൽ ഇന്ത്യയ്ക്കുള്ള പങ്ക് സർക്കാരിൻെറ കാഴ്ചപ്പാടുകളെ സ്വാധീനിച്ചിട്ടുണ്ട്. ഡിജിറ്റൽ ഇന്ത്യ പദ്ധതി അവതരിപ്പിക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സർക്കാർ കൃത്യമായി തന്നെ വ്യക്തമാക്കിയിരുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ശാക്തീകരിക്കപ്പെട്ട സമൂഹവും ജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയുമായി ഇന്ത്യയെ മാറ്റുക എന്നതാണ് ആ വീക്ഷണം. മൂന്ന് മുഖ്യ വീക്ഷണ മേഖലകളെയാണ് ഡിജിറ്റൽ ഇന്ത്യ അടിസ്ഥാനമാക്കുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളെ ഭരണനിർവഹണ ത്തിന്റെയും എല്ലാ പൗരന്മാരുടെയും അടിസ്ഥാന ആവശ്യമാക്കുക, ആവശ്യകതയ്ക്ക് അനുസൃതമായി സേവനം ലഭ്യമാക്കുക, പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണം എന്നിവയാണവ.

ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളെ എല്ലാ പൗരന്മാരുടെയും അടിസ്ഥാന ആവശ്യകതയാക്കുക എന്ന കാഴ്ചപ്പാട് ഡിജിറ്റൽ ഇന്ത്യയുടെ വിശാല ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സഹായിക്കും. മികച്ചരീതിയിൽ സേവനങ്ങൾ ലഭ്യമാകുന്ന രാഷ്ട്രത്തിനുള്ള മുന്നുപാധിയാണ് ഡിജിറ്റൽ സാങ്കേതിവിദ്യയിലൂടെ മികച്ച രീതിയിൽ ബന്ധിപ്പിക്കപ്പെട്ട രാജ്യം. ബ്രോഡ്ബാൻഡ്, അതിവേഗ ഇൻറർനെറ്റ് എന്നിവയിലൂടെ വിദൂരഗ്രാമങ്ങളിൽ ഉള്ളവരെപ്പോലും ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുക എന്നതാണ് സർക്കാരിൻെറ ലക്ഷ്യം. ഇത് എല്ലാ പൗരന്മാർക്കും ഇ-ഗവേണൻസ് സേവനങ്ങളും, സാമൂഹിക ഗു

ണ ഫലങ്ങളും ലഭ്യമാക്കാനും, സാമ്പത്തിക ഉൾച്ചേർക്കൽ പൂർത്തിയായി എന്ന് ഉറപ്പുവരുത്താനും സഹായിക്കും.

ആവശ്യകതയ്ക്കനുസരിച്ച് ഭരണനിർവഹണവും സേവനങ്ങളും ലഭ്യമാക്കുക എന്നതാണ് രണ്ടാമത്തെ വീക്ഷണമേഖല. ഭരണനിർവഹണ പ്രക്രിയയിലെ സുതാര്യതയും വേഗതയുമാണിതിൻറെ കേന്ദ്രബിന്ദു. പല സംസ്ഥാന സർക്കാറുകളും പതിറ്റാണ്ടുകൾക്കുമുമ്പേ തന്നെ ഇ ഗവേണൻസിന് തുടക്കമിട്ടിട്ടുണ്ടെങ്കിലും സർക്കാർ പദ്ധതികളിൽ പൗരന്മാരെ ഉൾക്കൊള്ളിക്കുന്ന പ്രക്രിയ ഇന്നും പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലേ എത്തിയിട്ടുള്ളൂ. സംസ്ഥാന, കേന്ദ്ര സർക്കാറുകൾ പേപ്പർ ജോലികൾ കമ്പ്യൂട്ടർ വത്കരിക്കാനും നയരൂപവത്കരണ പ്രകിയ യന്ത്രവത്കരിക്കാനും തുടങ്ങിയപ്പോഴാണ് ഇന്ത്യയിൽ ഇ ഗവേണൻസിന് തുടക്കമാകുന്നത്.

മൂന്നാമത്തെ വീക്ഷണമേഖല പ്രധാനമായും ശ്രദ്ധകേന്ദ്രീകരിക്കുന്നത് പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണത്തിലാണ്. ഡിജിറ്റൽ കണക്ടിവിറ്റി എല്ലാ പൗരന്മാർക്കും വിജയിക്കാനുള്ള തുല്യാവസരം സൃഷ്ടിക്കും. ജനസംഖ്യാപരവും സാമൂഹിക സാമ്പത്തിക പരവുമായ വേർതിരിവുകളില്ലാതെ ഇന്ത്യക്കാരെല്ലാവരും ഇന്ന് ഡിജിറ്റൽ പ്രേമികളാണ്. ഇൻറർനെറ്റിന്റെയും മൊബൈൽ ഫോണിൻെറയും പരിണാമത്തിനോടാണ് ഇതിന് നാം നന്ദി പറയേണ്ടത്. ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ വിഭവങ്ങൾ, പരസ്പരം സഹകരിച്ചുകൊണ്ടുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇന്ത്യയെ ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ശാക്തീകരിപ്പെട്ട സമൂഹമായി പരിവർത്തിപ്പിക്കുകയാണ് ഡിജിറ്റൽ ഇന്ത്യ പദ്ധതി ലക്ഷ്യമിടുന്നത്.

## ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങൾ

ഏത് പദ്ധതിയും വിജയിക്കാൻ മൂർത്തമായ ഒരു രൂപകൽപന വേണ്ടതുണ്ട്. ഡിജിറ്റൽ ഇന്ത്യ പദ്ധതിയെ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന പദ്ധതിയാക്കി മാറ്റാൻ ഒമ്പതു സ്തംഭങ്ങളായി അതിനെ സർക്കാർ നിർവചിക്കുന്നുണ്ട്. ഓരോ സ്തംഭവും പദ്ധതി മേഖലയ്ക്ക് പിന്തുണ നൽകുക മാത്രമല്ല, പദ്ധതിയുടെ തടസ്സരഹിതമായ വിജയത്തിന് സമഗ്രമായ സംഭാവനകളും നൽകുന്നുണ്ട്.

'ബ്രോഡ് ബാൻഡ് ഹൈവേ'യാണ് ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ആദ്യ സ്തംഭം. ഇതുവഴി 2.5 ലക്ഷം ഗ്രാമപ്പഞ്ചായത്തുകളെ ദേശീയ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിലൂടെ (NOFN) ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. സർക്കാർ പദ്ധതികൾ എളുപ്പത്തിലും ഫലപ്രദമായും ലഭ്യമാക്കി ഇത് ഗ്രാമീണജനതയെ ശാക്തീകരിക്കും. എൻ. ഒ. എഫ്. എന്നിനെ അതിൻെറ ഉദ്ദിഷ്ട ലക്ഷ്യത്തിലെത്തിക്കാനായി ഇന്ത്യൻ സർക്കാർ 1000 കോടി രൂപ മുതൽ മുടക്കി ഭാരത് ബ്രോഡ്ബാൻഡ് നെറ്റ് വർക്ക് ലിമിറ്റഡ് (BBNL) സ്ഥാപിച്ചിട്ടുണ്ട്. 641 ജില്ലകളിലെ 6600 ബ്ലോക്കുകളിലായി വ്യാപിച്ചു കിടക്കുന്ന 2, 50000 ത്തോളം ഗ്രാമപ്പഞ്ചായത്തുകളെ ബന്ധിപ്പിച്ച് NOFN സ്ഥാപിക്കുകയാണ് BBNLK ൻെറ ഉത്തരവാദിത്തം. പഞ്ചായത്തുകളിലെ മുഴുവൻ പൗരന്മാർക്കും ഡിജിറ്റൽ ലോകത്തേക്ക് പദ്ധതി പ്രവേശനം നൽകും.

മെബൈൽ സേവനം എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ് രണ്ടാമത്തെ സ്തംഭം. രാജ്യത്തെ സാധ്യമായ എല്ലായിടത്തും മൊബൈൽ സേവനം ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ ഏകദേശം രാജ്യത്തെ 42000 ഗ്രാമങ്ങളിൽ മൊബൈൽ സേവനം ലഭ്യമല്ല. ടെലി കമ്യൂണിക്കേഷൻ വകുപ്പ് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന പദ്ധതിക്ക് 2014 -18 കാലയളവിൽ 16000 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. 2018 ഓടെ സമ്പൂർണ മൊബൈൽ സേവനം ലഭ്യമായ രാജ്യമായി ഇന്ത്യ മാറുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

പൊതു ഇൻറർനെറ്റ് സേവനം ലഭ്യമാക്കൽ പദ്ധതിയെന്ന മൂന്നാമത്തെ സ്തംഭത്തിലൂടെ രാജ്യത്ത് 2.5 ലക്ഷം പൊതുസേവന കേന്ദ്രങ്ങൾ ( CSCs) സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ ഗ്രാമപ്പഞ്ചായത്തിനും ഒരു സി.എസ്.സി എന്ന രീതിയിലാണിത്. നിലവിൽ 1.62 ലക്ഷം പഞ്ചായത്തുകളിലായി രാജ്യത്ത് 2.42 ലക്ഷം സി. എസ്. സി. കളുണ്ട്. സർക്കാർ സേവനങ്ങളും ബിസിനസ് സേവനങ്ങളും ലഭ്യമാക്കുന്ന വിവിധോദ്ദേശ്യ സേവനകേന്ദ്രങ്ങൾ ആയിരിക്കും സി.എസ്.സി കൾ.

ഇഗവേണൻസ് സാങ്കേതിക വിദ്യയിലൂടെ സർക്കാരിനെ നവീകരിക്കൽ എന്ന നാലാമത്തെ സ്തംഭം സർക്കാർ പ്രവർത്തനങ്ങളെ ലളിതവും കൂടുതൽ കാര്യക്ഷമമാക്കാൻ വിവരസാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്താൻ സർക്കാരിനെ പര്യാപ്തമാക്കുന്നു. ഇതുവഴി വ്യത്യസ്ത വകുപ്പുകളിലെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും.

ഇ-ക്രാന്തിസേവനങ്ങളെ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കൽ എന്നതാണ് അഞ്ചാമത്തെ സ്തംഭം.

രാജ്യത്തെ മുഴുവൻ പൗരന്മാർക്കും നല്ല ഭരണം ലഭ്യമാക്കുന്നതിന് പര്യാപ്തമാകും വിധം ഇ-ഗവേണൻസിനെയും എം-ഗവേണൻസിനെയും പരിവർത്തിപ്പിക്കുകയെന്ന ലക്ഷ്യം പരിഗണിച്ച്, ഇ-ഗവേണൻസിനെ പരിവർത്തിപ്പിക്കുന്നതിലൂടെ ഭരണനിർവഹണത്തെ പരിവർത്തിപ്പിക്കുക എന്ന വീക്ഷണമാണ് ഇ-ക്രാന്തി മുന്നോട്ട് വെക്കുന്നത്. ഇ-ക്രാന്തിയുടെ കീഴിൽ ഇപ്പോൾ തന്നെ 44 മിഷൻ മോഡ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 3325 ഇ-സേവനങ്ങൾ വാഗദാനം ചെയ്തുകൊണ്ട് ഇന്ന് ഇ-ക്രാന്തി വലിയ വിജയമായി മാറിയിട്ടുണ്ട്.

എല്ലാവർക്കും വിവരങ്ങൾ എന്ന ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ആറാമത്തെ സ്തംഭം ഭരണ നിർവഹണത്തിലെ സുതാര്യതയാണ് മുന്നോട്ട് വെക്കുന്നത്. ഓപ്പൺ ഡാറ്റ പ്ലാറ്റ്ഫോമിലൂടെ മന്ത്രാലയങ്ങളും വകു

പ്പുകളും പൊതുജനങ്ങളുടെ ഉപയോഗത്തിന് വിവരങ്ങൾ മുൻകൂറായി തന്നെ പുറത്തുവിടുകയാണ് ചെയ്യുന്നത്. വിവരങ്ങളും രേഖകളുമൊക്കെ ഓൺ ലൈനായി ലഭ്യമാക്കുന്നതിലൂടെ വിവരലഭ്യത തുറന്നതും എളുപ്പവുമാക്കിത്തീർക്കുന്നതിന് സൗകര്യമൊരുക്കുകയാണ്.

ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഏഴാമത്തേതും സുപ്രധാനവുമായ സ്തംഭം ഇലക്ട്രോണിക് വസ്തുക്കളുടെ നിർമ്മാണമാണ്. ഇലക്ട്രോണിക് വസ്തുക്കൾക്കുള്ള ആവശ്യകത 22 ശതമാനം സംയുക്ത വാർഷിക വളർച്ച നിരക്ക് എന്ന തോതിൽ ഉയരുകയാണെന്നാണ് സർക്കാർ നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയത്. ഇത് 2020 ഓടെ 400 ശതകോടി അമേരിക്കൻ ഡോളറിലെത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഇലക്ട്രോണിക് വസ്തുക്കളുടെ നിർമാണത്തിന് ഉത്തേജനം നൽകുന്നതിനായി രാജ്യത്തെ ഇ-മേഖലയുടെ വികസനത്തിന് സർക്കാർ നിരവധി സംരംഭങ്ങൾക്ക് തന്നെ തുടക്കമിട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ മാത്രം 1.28 ലക്ഷം കോടി നിക്ഷേപം ആവശ്യമായി വരുന്ന 250 നിക്ഷേപ നിർദേശങ്ങൾ ഇലക്ട്രോണിക് വസ്തുക്കളുടെ നിർമാണ സംരംഭങ്ങൾക്ക് മാത്രമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ജോലി നേടാൻ വിവരസാങ്കേതികവിദ്യ എന്ന എട്ടാമത്തെ സ്തംഭം ഐടി /ഐടിഇഎസ് വിഭാഗങ്ങളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ചെറുപട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും യുവാക്കൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വരുന്ന അഞ്ച് വർഷം കൊണ്ട് ചെറുപട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും ഒരു കോടി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഐടി സേവനങ്ങൾ ലഭ്യമാകുന്ന വിജയ സാധ്യതയുള്ള ബിസിനസ് സംരംഭങ്ങൾ നടത്തുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്ന് ലക്ഷം സർവീസ് ഡെലിവറി ഏജന്റുമാർക്ക് പരിശീലനം നൽകാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ കീഴിൽ ആവിഷ്കരിച്ച ഇന്ത്യ ബി. പി. ഒ. പ്രോത്സാഹന പദ്ധതി (IBPS) രാജ്യത്തെമ്പാടും ബി. പി. ഒ/ ഐ. ടി. ഇ. എസ്. മേഖലയിൽ 48300 സീറ്റുകൾ ലഭ്യമാക്കുന്നതിന് സംരംഭകർക്ക് പ്രോത്സാഹനമേകാൻ ലക്ഷ്യമിട്ടുള്ളതാണ്. ഗ്രാമങ്ങളിലെയും ചെറുപട്ടണങ്ങളിലെയും 150000 യുവാക്കൾക്ക് തൊഴിലവസരം ഒരുക്കാൻ ഇതിലൂടെ കഴിയും. 493 കോടി രൂപ മുടക്കുമുതലുള്ള പദ്ധതി അടിസ്ഥാന സൗകര്യങ്ങൾ, മാനവ വിഭവശേഷി എന്നിവയുടെ കാര്യത്തിൽ ചെറുപട്ടണങ്ങളുടെ ശേഷി വർധിപ്പിക്കാൻ സഹായിക്കും. ഇത് രാജ്യത്തെ ഐ. ടി / ഐ. ടി. ഇ. എസ്. മേഖലയുടെ മുൻകയ്യാലുള്ള വളർച്ചയുടെ തരംഗത്തിന് അടിത്തറയായി മാറും. സമാനമായി നോർത്ത് ഈസ്റ്റ് ബി. പി. ഒ. പ്രോത്സാഹന പദ്ധതി ( NEBPS) വടക്ക് കിഴക്കൻ മേഖലയിലെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ. ടി / ഐ. ടി. ഇ. എസ്. വ്യവസായത്തിന്റെ വളർച്ചയ്ക്കും ആ മേഖലയിലെ ബി. പി. ഒ/ ഐ. ടി. ഇ. എസ്. രംഗത്തിനും പ്രോത്സാഹനമേകും. 5000 സീറ്റുകൾ ലക്ഷ്യമിടുന്ന എൻ.ഇ. ബി.പി.എസിന് വടക്ക് കിഴക്കൻ മേഖലയിലെ 15000 ത്തോളം യുവാക്കൾക്ക് തൊഴിലവസരം ഒരുക്കാൻ കഴിയും. ഇതുകൂടാതെ, ടെലികോം, ടെലികോം അനുബന്ധ സേവനങ്ങളിൽ ഗ്രാമീണ തൊഴിൽ സേനകൾക്ക് പരിശീലനം നൽകാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ ലക്ഷ്യത്തിനായി അഞ്ച് ലക്ഷം ഗ്രാമീണ തൊഴിൽ സേനക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

അവസാനത്തേതും ഒമ്പതാമത്തെ സ്തംഭവുമായ ഏളി ഹാർവെസ്റ്റ് പദ്ധതിയിൽ ഉൾപ്പെടുന്നത് ഹ്രസ്വകാലം കൊണ്ട് നടപ്പാക്കാൻ കഴിയുന്ന പദ്ധതികളാണ്. ഇതിന് കീഴിലുള്ള ചില പദ്ധതികളിൽ സന്ദേശങ്ങൾക്കുള്ള ഐ. ടി പ്ലാറ്റ്ഫോം, എല്ലാ സർവകലാശാലകളിലും വൈഫൈ, സർക്കാരിന്റെ തന്നെ സ്വന്തം സുരക്ഷിത ഇ മെയിൽ, പൊതുവായ വൈഫൈ ഹോട്ട് സ്പോട്ടുകൾ, എസ്. എം. എസ് അധിഷ്ഠിത കാലാവസ്ഥ അറിയിപ്പ് സംവിധാനം എന്നിവ ഉൾപ്പെടുന്നുണ്ട്.

## നല്ല ഭരണത്തിന് ഡിജിറ്റൽ ഇന്ത്യ സംരംഭങ്ങൾ

സുതാര്യത, പൗരന്മാരെ പ്രാപ്തരാക്കൽ എന്നിവയിലൂടെയാണ് നല്ല ഭരണനിർവഹണം സാധ്യമാകുന്നത്. രാജ്യത്തിന് മുഴുവൻ പരിവർത്തനമുണ്ടാക്കുന്ന ഒരു പദ്ധതിയായി ഡിജിറ്റൽ ഇന്ത്യ പദ്ധതിയെ മാറ്റുന്നതിനും മികച്ച ഭരണനിർവഹണം ഉറപ്പുവരുത്തുന്നതിനും ഒരു കൂട്ടം സംരംഭങ്ങൾ കൊണ്ടുവരുന്നതിന് ഭാരത സർക്കാർ ബഹുവിധ തലങ്ങളുള്ള തന്ത്രങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഡിജിധൻ അഭിയാൻ, ആധാർ പേ, ബി. എച്ച്. ഐ. എം., സി. എസ്. സി, ഡിജിലോക്കർ, ദിശ, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ, ഇ പഞ്ചായത്ത് എന്നിവയാണ് അവയിൽ ചില പദ്ധതികൾ. കള്ളപ്പണത്തിനെതിരായ പോരാട്ടത്തിന് സർക്കാരിന് ഉത്തേജനമേകുകയും കറൻസി ഇടപാടുകൾ കുറയ്ക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഡീമോണിട്ടൈസേഷൻ പ്രഖ്യാപിച്ചപ്പോൾ ഡിജിധൻ അഭിയാൻ പദ്ധതി പൗരന്മാർക്കും കച്ചവടക്കാർക്കും പരിധികളില്ലാതെ തൽസമയ ഡിജിറ്റൽ പണമിടപാട് നടത്താൻ കഴിയുന്ന ഒരു നവീന പദ്ധതിയായി മാറുകയുണ്ടായി. വിവിധ ഡിജിറ്റൽ പണമിടപാട് സംവിധാനങ്ങൾ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്ത് ഡിജിറ്റൽ പണമിടപാട് നടത്തുന്നതിന് പൗരന്മാരെ പ്രാപ്തമാക്കുകയാണ് രാജ്യത്തെമ്പാടും ഡിജിധൻ മേളകൾ സംഘടിപ്പിച്ചതിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. അതേസമയം തന്നെ ഭാരത് ഇൻറർഫേസ് ഫോർ മണി (BHIM) പോലുള്ള ഡിജിറ്റൽ പണമിടപാട് സംവിധാനവും സർക്കാർ അവതരിപ്പിക്കുകയുമുണ്ടായി. യൂണിഫൈഡ് പേയ്മൻറ് ഇൻറർഫേസ് ഉപയോഗിച്ച് പണമിടപാട് ലളിതവും എളുപ്പവുമാക്കാൻ ഭീം സഹായിക്കുന്നു. 2016 ഡിസംബർ 30 ന് ഭീം ആപ്പ് പുറത്തിറക്കിയത് മുതൽ അത് പല മടങ്ങ് വളരുകയുണ്ടായി. അടുത്തകാലത്തെ ഒരു റിപ്പോർട്ട് സൂചിപ്പിക്കുന്നത് 17 ദശലക്ഷം തവണ ഭീം ആപ്പ് ഇപ്പോൾ തന്നെ ഡൗൺലോഡ് ചെയ്യപ്പെട്ടു കഴിഞ്ഞുവെന്നാണ്. 2017 ഫെബ്രുവരി മുതൽ 19.37 ലക്ഷം പണമിടപാടുകളും ഭീം ആപ്പ് വഴി നടക്കുകയുണ്ടായി. 2017 ജനുവരി, ഫെബ്രുവരി എന്നീ രണ്ട് മാസങ്ങളിൽ മാത്രം ഭീം ആപ്പ് വഴി ആകെ 950

കോടി രൂപയുടെ പണമിടപാടും നടന്നിട്ടുണ്ട്.

ബയോമെട്രിക്സ് അടിസ്ഥാനമാക്കിയുള്ള ലോകത്തെ ഏറ്റവും വലിയ ഐഡൻറിഫിക്കേഷൻ സംവിധാനമായ ആധാറിനെ സാമ്പത്തിമായ ഉൾച്ചേർക്കലിനും പൊതുമേഖല സേവനങ്ങൾ ലഭ്യമാക്കലിനെ നവീകരിക്കാനും സാമ്പത്തിക ബജറ്റുകളെ കൈകാര്യം ചെയ്യുന്നതിനും ജനകേന്ദ്രീകൃത ഭരണ നിർവഹണത്തെ പ്രോത്സാഹിപ്പിക്കാനും അനായാസമാക്കാനും ഭാരത സർക്കാർ പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. നിലവിൽ 113 കോടി ഇന്ത്യക്കാർക്ക് ആധാർ കാർഡുണ്ട്. ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനും ബാങ്ക് അക്കൗണ്ടിൽ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ലഭിക്കുന്നതിനും ആധാർ കാർഡ് ഒരു മുഖ്യ ഉപാധിയായി മാറിയിട്ടുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ പ്രക്രിയ അടിസ്ഥാനമാക്കി ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് എല്ലാ ബാങ്ക് ഇടപാടുകളും ഒരു കൈപ്പട കൊണ്ട് മാത്രം നടത്താൻ ആധാർ പേ സഹായിക്കും. 2017 ഏപ്രിൽ 14 ന് നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ആധാർ പേ സംവിധാനം നൂറ് കോടിയിലധികം വരുന്ന ഇന്ത്യക്കാർക്ക് ഏറ്റവും അധികം ആൾക്കാരെ ഉൾക്കൊള്ളുന്ന പണമിടപാട് പ്ലാറ്റ്ഫോം ആയിത്തീരുമെന്നാണ് കരുതപ്പെടുന്നത്.

ഡിജിറ്റൽ സമൂഹത്തിനായി കേന്ദ്ര സർക്കാർ ശക്തമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കേ, ഏറ്റവും താഴെതട്ടിൽ പൗരകേന്ദ്രീകൃത സേവനങ്ങൾ ഉറപ്പു വരുത്തുകയെന്നത് ഒരു ലക്ഷ്യമായി മാറിയിരിക്കുകയാണ്. ഗ്രാമപ്പഞ്ചായത്ത് തലത്തിൽ സ്വന്തമായി 2.5 ലക്ഷം സി. എസ്. സി കേന്ദ്രങ്ങളുടെ വിപുല ശൃംഖലയുള്ള പൊതുസേവന കേന്ദ്രങ്ങളെ (CSCs) വ്യത്യസ്തമായ പൗരകേന്ദ്രീകൃത സേവനങ്ങൾ നൽകാൻ ഈ ദൗത്യം ശാക്തീകരിക്കുന്നു. പണമിടപാട് അടിസ്ഥാനമാക്കിയും സേവനം ലഭ്യമാക്കൽ അടിസ്ഥാനമാക്കിയുമുള്ള മാതൃക എന്ന രീതിയിൽ പ്രവർത്തിക്കുന്ന സി. എസ്. സി സിംഗിൾ ഡെലിവറി പ്ലാറ്റ്ഫോമിലൂടെ വിപുലമായ അളവിലുള്ള ഇ-സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ഇന്ത്യയെ ഡിജിറ്റൽ ശാക്തീകരിക്കപ്പെട്ട സമൂഹവും ജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയുമാക്കി പരിവർത്തിപ്പിക്കാനുള്ള ഒരു അവസരവും സർക്കാർ ഉപയോഗപ്പെടുത്താതിരുന്നിട്ടില്ല. പബ്ലിക് ക്ലൗഡിൽ പങ്കുവെക്കാവുന്ന ഒരു സ്വകാര്യ ഇടം ലഭ്യമാക്കുകയും എല്ലാ പൊതുരേഖകളും സർട്ടിഫിക്കറ്റുകളും ഈ ക്ലൗഡിൽ ലഭ്യമാക്കുകയും ചെയ്യാൻ ഡിജിറ്റൽ ഇന്ത്യക്ക് കീഴിലെ അഭിമാന പദ്ധതിയായ ഡിജി ലോക്കർ സർക്കാർ അവതരിപ്പിച്ചു. പക്വമായ ഇ-ഗവേണൻസ് ലക്ഷ്യമിടുന്ന ഡിജി ലോക്കർ സാമ്പ്രദായിക കടലാസ് രേഖകൾ ഒഴിവാക്കി രേഖകളും സർട്ടിഫിക്കറ്റുകളും ഡിജിറ്റലായി വിതരണം ചെയ്യുന്നതിനും പരിശോധിക്കുന്നതിനും സൗകര്യമൊരുക്കുന്നു. രാജ്യത്തെ പൗരന്മാരാൽ 40 ലക്ഷം ഡിജിറ്റൽ ലോക്കറുകൾ ഇന്ന് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സർക്കാറാവട്ടെ, 20 ലക്ഷത്തിലധം ഇ ഒപ്പുകളും (e-signs) പൗരന്മാർക്ക് നൽകിക്കഴിഞ്ഞു. ഡിജിലോക്കർ സംവിധാനത്തെ ആധാറുമായി ബന്ധിപ്പിക്കാനും കഴിയും. വിവിധതരം പ്ലാറ്റ് ഫോമുകളും പ്രോട്ടോക്കോളുകളും നിർമിച്ച് ഇന്ത്യയെ ഡിജിറ്റൽ ശാക്തീകരിക്കപ്പെട്ട സമൂഹമായി പരിവർത്തിപ്പിക്കുന്നതിൽ ഡിജിറ്റൽ ഇന്ത്യ പദ്ധതി എങ്ങിനെ പ്രവർത്തിക്കുന്നുവെന്നാണ് സംക്ഷിപ്ത രൂപത്തിൽ ഇവിടെ വ്യക്തമാക്കിയത്.

## 2017-18 ബജറ്റിലെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയെക്കുറിച്ചുള്ള ഊന്നൽ

ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ വേഗം വർധിപ്പിക്കുന്നതിന് 2017-18 ബജറ്റിൽ സർക്കാർ ഒരു കൂട്ടം നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഗ്രാമീണ മേഖലയിലെ ഇൻറർനെറ്റ് ലഭ്യതയും വേഗതയും മെച്ചപ്പെടുത്തുന്നതിനുള്ള ഒപ്റ്റിക്കൽ കേബിൾ ശൃംഖലകൾ വർധിപ്പിക്കുന്നതിനൊപ്പം രാജ്യത്ത് ഇൻറർനെറ്റ് പണമിടപാടുകൾ മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ അളവിലുള്ള നടപടികളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. യു. പി. ഐ, യു. എസ്. എസ്. ഡി, ആധാർപേ, ഐ. എം. പി. എസ്, ഡെബിറ്റ്/ ക്രെഡിറ്റ് കാർഡുകൾ എന്നിവയടക്കമുള്ള വ്യത്യസ്ത ഡിജിറ്റൽ പണമിടപാട് പ്ലാറ്റ്ഫോമുകളിലൂടെ 2017-18 സാമ്പത്തിക വർഷത്തിൽ 2500 കോടിയുടെ ഡിജിറ്റൽ പണമിടപാടാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2017 മാർച്ചോടെ അധികമായി 10 ലക്ഷം പുതിയ പി. ഒ. എസ്. ടെർമിനലുകൾ വിതരണം ചെയ്യാൻ ബാങ്കുകൾക്കും സർക്കാർ ടാർഗറ്റ് നൽകിയിട്ടുണ്ട്. 2017 സെപ്തംബറോടെ ആധാർ അടിസ്ഥാനമാക്കിയുള്ള 20 ലക്ഷം പി. ഒ. എസ്. വിതരണം ചെയ്യാനും ബാങ്കുകളോട് ഇതോടൊപ്പം ആവശ്യപ്പെട്ടിട്ടുണ്ട്. 1.5 ലക്ഷം ഗ്രാമപ്പഞ്ചായത്തുകളിൽ ഹോട്ട്സ്പോട്ടുകളും കുറഞ്ഞ നിരക്കിൽ ഡിജിറ്റൽ സേവനങ്ങളും ലഭ്യമാകുന്ന ഒപ്റ്റിക്കൽ ഫൈബർ വഴിയുള്ള അതിവേഗ ബ്രോഡ്ബാൻഡ് കണക്ഷൻ 2018 ഓടുകൂടി ലഭ്യമാക്കുന്ന പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരത് നെറ്റിന്റെ കീഴിൽ 1.55 ലക്ഷം കിലോമീറ്ററിൽ ഒപ്റ്റിക്കൽ ഫൈബറുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ ഭാരത് നെറ്റ് പദ്ധതിക്കായി 10000 കോടി രൂപയും ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാറിന്റെ പുതിയ സംരഭങ്ങളുടെയും പ്രത്യേക താൽപര്യത്തിന്റെയും സഹായത്തോടെ ഡിജിറ്റൽ ഇന്ത്യ പദ്ധതി വിജയകരമായി ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനൊരുങ്ങുകയാണ്. പദ്ധതിയോട് സഹകരിക്കുന്ന ജനങ്ങളുടെ അനുകൂല മനോഭാവം കൂടി ഇതോടൊപ്പം പരിഗണിക്കുമ്പോൾ ലോകത്തിൽ ഏറ്റവുമധികം ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ശാക്തീകരിക്കപ്പെട്ട ലോകത്തിലെ ഏറ്റവും വലിയ സമൂഹമായി മാറാൻ ഇന്ത്യക്ക് വലിയ പ്രയാസമുണ്ടാവില്ല. വരും കാലത്ത് ഡിജിറ്റൽ ഇന്ത്യ പദ്ധതി ഇന്ത്യയെ ഡിജിറ്റൽ വികസിത രാജ്യമാക്കി പരിവർത്തിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഇന്ത്യൻ സർക്കാറിനും ജനങ്ങൾക്കും ഇനിയും ഒട്ടേറെ പുതിയ ലക്ഷ്യങ്ങൾ നേടിയെടുക്കേണ്ടതുണ്ട്.

*(സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറലാണ് ലേഖകൻ)*



# കാലാവസ്ഥാ ശാസ്ത്ര പഠനത്തിൽ രാജ്യം പുരോഗതിയിലേക്ക്

**മനോജ്. എം.ജി**

മനുഷ്യന്റെ നാളിതുവരെയുള്ള ശാസ്ത്രോദ്യമത്തിൽ ഭൂമിയെപ്പോലെ ജീവൻ ആവിർഭവിച്ചിട്ടുള്ള മറ്റൊരു ആകാശഗോളത്തെ അടയാളപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഭൗമാന്തരീക്ഷത്തിന്റെ സവിശേഷ ഘടനയും സമൃദ്ധമായ ജലലഭ്യതയുമാണ് ജീവന്റെ നിലനിൽപ്പിന് ഭൂമിയെ പര്യാപ്തമാക്കിയത്. ആവാസയോഗ്യമായ ഈ കാലാവസ്ഥയുടെ അനുദിനവും ദീർഘകാലയളവിലുമുള്ള മാറ്റം ആഗോളതലത്തിൽ തന്നെ ഗൗരവതരമായ പഠന ഗവേഷണ വിഷയമാണ്. പാശ്ചാത്യരാജ്യങ്ങൾ കാലാവസ്ഥാ പഠന മേഖലയിൽ അമ്പരിപ്പിക്കുന്ന നേട്ടങ്ങൾ ഏതാണ്ട് രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പേ തന്നെ സ്വായത്തമാക്കിയിരുന്നുവെങ്കിലും ഇന്ത്യയുൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ ഈ മേഖലയിൽ കാര്യമായി ശ്രദ്ധയൂന്നുന്നത് കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിലാണ്. എന്നാൽ ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ പുരോഗതിയും, തദ്ദേശീയമായ കാലാവസ്ഥാ നിരീക്ഷണ ഉപഗ്രഹങ്ങളും, റഡാർ ശൃംഖലയും സങ്കീർണ്ണമായ ഗണിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനുള്ള സൂപ്പർ കമ്പ്യൂട്ടറുകളും എല്ലാം ചേർത്ത് കൂടുതൽ കൃത്യമായ കാലാവസ്ഥാ പ്രവചന മാതൃകകൾ (Weather/Climate Models) സൃഷ്ടിച്ചെടുക്കുവാൻ ചുരുങ്ങിയ കാലഘട്ടത്തിൽ നമ്മുടെ രാജ്യത്തിന് സാധിച്ചു എന്നുള്ളത് അഭിമാനാർഹമായ വസ്തുത തന്നെയാണ്.

വിശാലമായ ഭൂപ്രകൃതിയും വ്യതിരിക്തമായ കാലാവസ്ഥയുമുള്ള ഉഷ്ണമേഖലാ പ്രദേശമാണ് നമ്മുടെ രാജ്യം. ഏതാണ്ട് 3200 കിലോമീറ്റർ നീളം തെക്കു-വടക്കും, 2930 കി.മീ. കിഴക്ക്-പടിഞ്ഞാറുമായി 3, 287, 263 ചതുരശ്ര കിലോമീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഈ രാജ്യത്തിന്റെ വടക്കൻ പ്രദേശങ്ങൾ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി മഞ്ഞുമൂടിക്കിടക്കുന്ന അതിശൈത്യ മേഖലയാണ്. ഏതാണ്ട് മൂന്ന് അതിരുകൾ സമുദ്രത്താലും വടക്ക് ഹിമാലയത്താലും വേർതിരിക്കപ്പെട്ട, ഏറെ കയറ്റിറക്കങ്ങളുള്ള ഈ രാജ്യത്തിന്റെ കാലാവസ്ഥ വൈവിധ്യങ്ങളാൽ ശ്രദ്ധയാകർഷിക്കുന്നു. ആയതിനാൽത്തന്നെ രാജ്യത്തിനു മൊത്തമായി ഏകമാനമായ കാലാവസ്ഥാ പ്രവചനം അസാധ്യമാണ്. ഏതൊരു സമയത്തും ഒരു ഭാഗം കൊടും ചൂടിലോ തണുപ്പിലോ മുങ്ങുമ്പോൾ വേറൊരു ഭാഗത്ത് നേർവിപരീതമായ അന്തരീക്ഷ സ്ഥിതിയാവും സംജാതമാവുക. ഇതിനു പുറമെയാണ് രാജ്യത്തെ 130 കോടിയിൽപരം വരുന്ന ജനങ്ങളുടെ കുടിവെള്ള സ്രോതസും കാർഷിക വൃത്തിക്കാവശ്യവുമായിട്ടുള്ള മൺസൂൺ മഴയുടെ കടന്നുവരവും അതുമായി ബന്ധപ്പെട്ട പ്രവചനങ്ങളുടെ സങ്കീർണ്ണതകളും. ചുരുക്കത്തിൽ കാലാവസ്ഥാ പ്രതിഭാസങ്ങളെക്കുറിച്ചും അതിന്റെ പ്രവചനങ്ങളെക്കുറിച്ചും ആഴത്തിലുള്ള സൈദ്ധാന്തികമായ അറിവും പ്രയോഗവത്കരണവും ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

## കാലാവസ്ഥാ പഠനത്തിൽ സാങ്കേതിക വിദ്യയുടെ പങ്ക്

ഏതൊരു മേഖലയിലുമെന്നപോലെ, സാങ്കേതിക രംഗത്തെ പുരോഗതി കാലാവസ്ഥാ പഠനത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആധുനിക നിരീക്ഷണോപാധികൾ രാജ്യമെങ്ങും സ്ഥാപിക്കുവാനും അവയുടെ പ്രവർത്തനവും ഡേറ്റാ സംഭരണവും ഏകോപിപ്പിക്കുന്നതിനും ഭൗമമന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന കാലാവസ്ഥ നിരീക്ഷണ വകുപ്പി(India Meteorological Department)ന് പ്രത്യേക സഹായം നൽകിക്കൊണ്ട് ഭാരത സർക്കാർ പ്രയത്നിക്കു

കയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ നവീനമായ സാങ്കേതിക വിദ്യ പൂർണമായും ഉൾപ്പെടുത്തിയ നിരീക്ഷണ സംവിധാനം തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സ്ഥാപിക്കുവാനും, അവയുടെ ഒരു ശൃംഖല തന്നെ ഏകോപിതമായ രീതിയിൽ പ്രവർത്തിപ്പിക്കുവാനും സാധിച്ചു. കരപ്രദേശങ്ങളിൽ മാത്രമല്ല, കടലിലും ലഭ്യമായ എല്ലാ മാർഗങ്ങളുമുപയോഗിച്ച് ഇവ വിന്യസിക്കുവാനും ഇതുവരെ ലഭ്യമല്ലാതിരുന്ന വിവരങ്ങൾ ശേഖരിക്കുവാനും സാധിച്ചു. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ ക്യാമറക്കണ്ണിലൂടെ രാജ്യത്തിനുമേലെയുള്ള ഏത് അന്തരീക്ഷ പ്രതിഭാസത്തെയും നിരീക്ഷിക്കുന്നതിന് പര്യാപ്തമായ കൃത്രിമ ഉപഗ്രഹങ്ങളുടെ വൻനിര നമുക്ക് പ്രദാനം ചെയ്യുന്നത് അതിരുകളില്ലാത്ത, വിസ്മയിപ്പിക്കുന്ന വിവരങ്ങളുടെ കലവറയാണ്. ആവർത്തന ചെലവുകൾ വളരെയധികം കുറച്ച് വിശാലമായ ഒരു പ്രദേശത്തിന്റെ അന്തരീക്ഷ സ്ഥിതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ വിവരശേഖരണം നടത്തുവാനാകുന്നത് ഈ മേഖലയ്ക്ക് നൽകിയ സംഭാവന ചില്ലറയൊന്നുമല്ല. വർദ്ധിത വീര്യത്തോടെ കരയിലേക്ക് അടിച്ചു കയറുന്ന വൻ ചുഴലിക്കാറ്റ് മുതൽ നിമിഷനേരത്തിനുള്ളിൽ ഒരു പ്രദേശത്തെയാകെ മുക്കിക്കളയുന്ന വെള്ളപ്പൊക്കം വരെ സൃഷ്ടിക്കാൻ കഴിയുന്ന ഇടിമഴമേഘങ്ങളെ വരെ നിരീക്ഷിക്കുവാനും, മുന്നറിയിപ്പ് കൊടുക്കുവാനും കഴിയുന്ന രീതിയിലേക്ക് ശാസ്ത്രജ്ഞരെ പര്യാപ്തമാക്കുന്നതിന് ഉപഗ്രഹങ്ങളും റഡാർ ശൃംഖലകളും നൽകുന്ന സേവനം സാങ്കേതിക വിദ്യയിലുണ്ടായ പുരോഗതിയുടെ ഉപോൽപന്നമാണ്.

ഈ രംഗത്തെ മറ്റൊരു സുപ്രധാന ചുവടുവയ്പാണ് കമ്പ്യൂട്ടിങ്ങ് രംഗത്തുണ്ടായ അത്ഭുതപൂർവമായ വളർച്ച. കാലാവസ്ഥാ പ്രവചന മാതൃകകൾ പ്രവർത്തിക്കുന്നത് സങ്കീർണമായ ഗണിത സമവാക്യങ്ങളുടെ നിർദ്ധാരണത്തിലൂടെയാണ്. ഒരു സെക്കന്റിൽ ലക്ഷക്കണക്കിന് ഗണിത ക്രിയകളാണ് നിർദ്ധാരണത്തിന് വിധേയമാവുന്നത്. ഈ സങ്കീർണ്ണത, കമ്പ്യൂട്ടിങ്ങ് രംഗത്തുണ്ടായ വളർച്ചയ്ക്കനുസരിച്ച് ലഘൂകരിക്കാനും ത്വരിതപ്പെടുത്തുവാനും നമുക്ക് സാധിച്ചു. ഇതെല്ലാം സൂചിപ്പിക്കുന്നത് കഴിഞ്ഞ രണ്ടോ-മൂന്നോ പതിറ്റാണ്ടിനു മുമ്പ് നമുക്ക് സ്വപ്നം കാണുവാൻ പോലും സാധിക്കാതിരുന്ന നേട്ടങ്ങൾ സ്വായത്തമാവുന്നു എന്നുതന്നെയാണ്. ചുഴലിക്കൊടുങ്കാറ്റുകളുടെ പ്രവചനത്തിൽ ലോകത്തിലെ ഒന്നാംനിര രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ സ്ഥാനം പിടിച്ചു കഴിഞ്ഞു. ഹ്രസ്വ-മധ്യ കാലയളവിലും (Short and (3-7 days) Medium Range) നീണ്ട കാലയളവിലും (extended range-10 days) അന്തരീക്ഷ സ്ഥിതിയിൽ പ്രതീക്ഷിക്കാവുന്ന മാറ്റം ഏറെക്കുറെ കൃത്യമായി പ്രവചിക്കുവാൻ നമ്മുടെ രാജ്യത്തിന് സാധിക്കുന്നു എന്നത് പ്രശംസനീയമാണ്. ഇതോടൊപ്പം ഒരു മൺസൂൺ സീസണിൽ മുഴുവനായി (ജൂൺ മുതൽ സെപ്തംബർ വരെ) നൽകുന്ന സീസണൽ പ്രഡിക്ഷൻ നല്ല രീതിയിൽ കൃത്യതയോടെ നൽകുവാനും സാധിക്കുന്നുണ്ട്. എന്നാൽ ഓരോ വർഷവും പുറപ്പെടുവിക്കാറുള്ള സീസണൽ മൺസൂൺ പ്രവചനം പല കാരണങ്ങൾ കൊണ്ടും സങ്കീർണ്ണതകളേറിയ ഒരു ശാസ്ത്ര സമസ്യയാണ്. അതിൽ പ്രധാനമാണ് രണ്ട് വർഷം മുതൽ ഏഴ് വർഷം വരെ ഇടവേളകളിൽ ആവർത്തിക്കുന്ന എൽ-നിനോ എന്ന ആഗോള പ്രതിഭാസം.

## എൽ-നിനോയും ഇന്ത്യൻ മൺസൂണും

ഇന്ത്യൻ കാലവർഷത്തിന്റെ താളം തെറ്റിക്കുവാനും ആഗോളതലത്തിൽ തന്നെ കാലാവസ്ഥയിൽ വൻ മാറ്റങ്ങളുണ്ടാക്കുവാനും കെല്പുള്ള ഒരു സമുദ്ര അന്തരീക്ഷ സംയോജിത പ്രതിഭാസമാണ് "എൽ-നിനോ സതേൺ ഓസിലേഷൻ (ENSO)" എന്നത്. എൽ-നിനോ ശക്തിപ്പെട്ട 2009 ലും അതിനു മുമ്പുമൊക്കെ ഇന്ത്യ കഠിനമായ വരൾച്ചയിൽ അകപ്പെടുകയും ഉഷ്ണതരംഗം മുതലായ കഠിനമായ ചൂടിനാൽ നൂറു കണക്കിനാളുകൾ കൊല്ലപ്പെടുകയും ചെയ്തിരുന്നു. എൽ-നിനോ വർഷങ്ങളിൽ മൺസൂൺ അത്ഭുത പൂർവമായി ദുർബലപ്പെടുകയും അതുവഴി വൻ സാമൂഹ്യ-സാമ്പത്തിക നഷ്ടങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു.

ശാന്ത സമുദ്രത്തിൽ ഭൂമധ്യരേഖയോടു ചേർന്ന് സമുദ്രോപരിതല ജലത്തിന്റെ ഊഷ്മാവ് അസാധാരണമായി ഉയരുന്ന പ്രതിഭാസമാണ് എൽ-നിനോയ്ക്ക് കാരണം. ഈ അസാധാരണ ഊഷ്മാവ് അന്തരീക്ഷ വായുവിന്റെ ചൂടിനെ ബാധിക്കുകയും അന്തരീക്ഷ മർദ്ദ വ്യതിയാനത്തിന് കാരണമാവുകയും ചെയ്യും. തത്ഫലമായി അവിടെ സ്വാഭാവികമായി വീശിക്കൊണ്ടിരുന്ന വാണിജ്യ വാത(Trade Winds)ങ്ങളുടെ ദിശ വ്യത്യാസപ്പെടുകയും മഴമേഘങ്ങൾ സുലഭമായി ഉണ്ടാവേണ്ട സ്ഥലങ്ങളിൽ മേഘരൂപീകരണം തടഞ്ഞ് കൊടും വരൾച്ച ഉണ്ടാകുകയും, മഴ കുറഞ്ഞ സ്ഥലങ്ങളിൽ നേരെ തിരിച്ച് വൻ വെള്ളപ്പൊക്കമുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ പ്രത്യേകം ഉള്ള കാലാവസ്ഥയെ തകിടം മറിക്കുന്നതോടൊപ്പം ഇന്തോനേഷ്യ പോലുള്ള സ്ഥലങ്ങളിൽ വൻ കാട്ടുതീ ഉണ്ടാക്കുകയും, പെറു മുതലായ രാജ്യങ്ങളിൽ കഠിനമായ വെള്ളപ്പൊക്കം ഉണ്ടാക്കുകയും വൻ സാമ്പത്തിക നഷ്ടങ്ങൾക്ക് ഇത് ഹേതുവായി മാറുകയും ചെയ്യുന്നു.

ക്രിസ്മസ് കാലത്ത് തീരക്കടലിൽ നിന്ന് മത്സ്യങ്ങളെ തുരത്തി വറുതിയിലാഴ്ത്തുന്ന ഈ പ്രതിഭാസത്തിന് പെറുവിലെ മത്സ്യത്തൊഴിലാളികൾ പത്തൊൻപതാം നൂറ്റാണ്ടിലാണ് "ആൺ കുട്ടി" അഥവാ "ഉണ്ണിയേശു" എന്ന അർത്ഥം വരുന്ന സ്പാനിഷ് വാക്കായ "എൽ-നിനോ" എന്ന പേരിട്ടത്. എൽ-നിനോ ഉണ്ടാവാനുള്ള കാരണങ്ങളും ഈ പ്രതിഭാസത്തിന്റെ തീവ്രതയും കൃത്യമായി മനസ്സിലാക്കുവാനും പ്രവചിക്കുവാനും പൂർണമായ തോതിൽ ഇതുവരെ സാധിച്ചിട്ടില്ല. തുടർച്ചയായി എട്ടോ പത്തോ മാസം വരെ ചൂടുപിടിച്ച

ഈ പ്രതിഭാസം തുടരാറുണ്ട്.


എൽ നിനോ മൂലം ചൂടുപിടിക്കുന്ന കടൽജലം തെക്കേ അമേരിക്കൻ തീരത്തു നിന്നും ഫിലിപ്പൈൻസിന്റെയും ഓസ്ട്രേലിയയുടേയും തീരങ്ങളിലേക്ക് പതിയെ സ്ഥാനം മാറുന്നു. ഈ ഉഷ്ണ ജലം അതിന്റെ പ്രകൃത്യാലുള്ള പോഷകങ്ങൾ നഷ്ടപ്പെട്ട് മത്സ്യങ്ങളുൾപ്പെടെയുള്ള ജല ജീവജാലങ്ങളുടെ നാശത്തിന് കാരണമാവുന്നു. മത്സ്യ സമ്പത്ത് കുറയുന്നതോടെ കടൽപക്ഷികളുടെ പട്ടിണി മരണത്തിനും കാരണമാകുന്നു. 1982-83 കാലയളവിനുള്ളിൽ ഉണ്ടായ എൽ-നിനോ ഭൂമിയിലാകെ രണ്ടായിരത്തിൽപരം ആളുകളുടെ മരണത്തിലേക്കും 1200 കോടിയിലധികം ഡോളറിന്റെ നാശനഷ്ടത്തിനും കാരണമായി. 1977-1978 കാലഘട്ടത്തിലുണ്ടായ എൽ-നിനോ ഇതിലും ഭീകരമായി ലോക കാലാവസ്ഥയെ ആക്രമിച്ചു. ഇന്ത്യയിൽ മൺസൂണിന്റെ സ്വഭാവത്തിൽ വൻ മാറ്റം പ്രകടമായി. ക്രമം തെറ്റിയ കാലാവസ്ഥയും പേമാരിയും അതേത്തുടർന്നുണ്ടായി. കഴിഞ്ഞ അമ്പത് വർഷങ്ങൾക്കുള്ളിൽ എൽ-നിനോ ഉണ്ടാവാനുള്ള സാഹചര്യം 60% ൽ അധികം വർദ്ധിച്ചിട്ടുണ്ട് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

എൽ-നിനോയുടെ നേർ വിപരീത പ്രതിഭാസമാണ് പെൺകുട്ടി എന്നർത്ഥം വരുന്ന ലാ-നിന. ഭൂമധ്യരേഖാ പ്രദേശത്ത് ശാന്തസമുദ്രത്തിലെ ജലത്തിന്റെ ഊഷ്മാവ് ക്രമാതീതമായി താഴുന്ന പ്രതിഭാസമാണിത്. കടൽ ജലത്തിന്റെ താപനിലയിലും ആഗോള കാലാവസ്ഥയിലും എൽ-നിനോ ഉണ്ടാക്കുന്ന മാറ്റങ്ങൾക്ക് നേർ വിപരീതമാണിത്. എൽ-നിനോ വർഷങ്ങളിൽ ഇന്ത്യൻ മൺസൂൺ പതിവിലധികം ശക്തിപ്പെട്ട് പേമാരിയും കൊടുങ്കാറ്റും സൃഷ്ടിക്കുന്ന അവസ്ഥ സംജാതമാകുന്നു. പ്രകൃതി ദുരന്തങ്ങൾക്ക് ഒരു പരിധി വരെ കാരണം പ്രകൃതിക്കുമേൽ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലാണ്.

ആഗോളതാപനത്തിനും കാലാവസ്ഥ വ്യതിയാനത്തിനുമെല്ലാം കാരണമാകുന്ന വിഷയങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം ഇന്ന് രാജ്യത്താകെ നടക്കുന്നുണ്ട്. അത് സൂക്ഷ്മ ഭൗതികതത്വങ്ങൾ മുതൽ സ്ഥൂലപ്രതിഭാസങ്ങൾ വരെ വിശദീകരിക്കുവാൻ പര്യാപ്തവുമാകണം. ഈ മേഖലയിൽ ഒരു പുത്തൻ കാൽവയ്പാണ് കേന്ദ്ര സർക്കാറിനു കീഴിലുള്ള ശാസ്ത്ര സാങ്കേതിക വകുപ്പ്, ഭൗമശാസ്ത്ര മന്ത്രാലയം, ഇന്ത്യൻ ബഹിരാകാശ ഗവേഷണ വകുപ്പ് മുതലായവയുടെ നേതൃത്വത്തിൽ കാലാവസ്ഥ നിരീക്ഷണത്തിന് നടത്തുന്ന അത്യാധുനിക റഡാർ ശൃംഖലകളും ഉപഗ്രഹ-വിദൂര സംവേദന മാർഗ്ഗങ്ങളുമുപയോഗിച്ചുള്ള പുത്തൻ ഉദ്യമങ്ങൾ.

## ഗവേഷണത്തിലെ മുൻഗണനാ മേഖലകൾ

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സയൻസ് ആന്റ് എൻജിനീയറിംഗ്




റിസർച്ച് ബോർഡ്, ഗവേഷണ ക്രമത്തിൽ ചില വിഷയങ്ങളിൽ ആഴത്തിലുള്ള പഠനത്തിന് പ്രാമുഖ്യം കൊടുക്കുന്നുണ്ട്. അതിൽ പ്രധാനമാണ് കൊച്ചി ഉൾപ്പെടെയുള്ള തന്ത്രപ്രധാന മേഖലകളിൽ മൺസൂൺ ഗവേഷണത്തിനും കാലാവസ്ഥാ പഠനത്തിനുമായ സ്ഥാപിച്ചിട്ടുള്ള അത്യാധുനിക സജ്ജീകരണമായി സ്ട്രാറ്റോസ്ഫിയർ-ട്രോപോസ്ഫിയർ റഡാർ ശൃംഖല. ഇന്ത്യയുൾപ്പെടെ ഉഷ്ണമേഖല പ്രദേശങ്ങളിലെ കാലാവസ്ഥ പ്രവചനത്തിന്റെ പോരായ്മകളിൽ നിന്നാണ് ഇത്തരം റഡാറുകളുടെ ആശയം ഉത്ഭവിക്കുന്നത്. ഭൂപ്രതലത്തിൽ നിന്ന് ഇരുപതിൽ അധികം കിലോമീറ്റർ വരെ ഉയരത്തിലുള്ള കാറ്റിന്റെയും മറ്റ് അന്തരീക്ഷ പ്രവർത്തനങ്ങളുടെയും നേരിയ ചലനം പോലും അറിയുന്നതിന് ഉപയുക്തമാണ് എസ്.ടി.റഡാർ. ലോകത്താദ്യമായി 205 MHz ഫ്രീക്വൻസിയിൽ പ്രവർത്തിക്കുന്ന ഈ സംവിധാനം മൺസൂണിന്റെ ആരംഭം, വ്യാപനം, ശക്തിപ്പെടൽ, ശക്തിക്ഷയം, പിൻവാങ്ങൽ, ഇടിമുഴക്കത്തോടു കൂടിയ ശക്തമായ മഴ, മിന്നൽ, വെള്ളപ്പൊക്കം, വരൾച്ച, താപവിസ്ഫോടനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി നിരവധി മേഖലകളിൽ ശാസ്ത്രീയപഠനത്തിനു ഉപയുക്തമാക്കാൻ സാധിക്കും. ഇതൊടൊപ്പമാണ് ഡോപ്ലർ വെതർ റഡാറുകളുടെ മറ്റൊരു വൻ ശൃംഖല ഇന്ത്യയുടെ തീരപ്രദേശങ്ങളിലും മറ്റ് തന്ത്രപ്രധാന കേന്ദ്രങ്ങളിലും സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. അത്യാധുനിക കാലാവസ്ഥാ മാപിനികളുടെയും വിവര വിനിമയശേഷിയുടെയും കാര്യത്തിൽ രാജ്യം അത്ഭുതപൂർവമായ വളർച്ച നേടിയെടുത്തിരിക്കുന്നു എന്നത് ആഹ്ലാദദായകമാണ്.

മേൽപറഞ്ഞ സാങ്കേതിക സൗകര്യങ്ങളോടൊപ്പം കമ്പ്യൂട്ടിങ്ങ് രംഗത്തെ വിപ്ലവവും, വൈദഗ്ധ്യമുള്ള പുതുതലമുറ ശാസ്ത്രജ്ഞരുടെ പ്രയത്നശേഷിയും ഒത്തുചേരുമ്പോൾ നമ്മുടെ വികസ്വര രാജ്യം വൻ കുതിച്ചു ചാട്ടത്തിന് തയ്യാറാണ് എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. കാലാവസ്ഥാ ഗവേഷണത്തിൽ മാത്രമല്ല, ശാസ്ത്രത്തിന്റെ മറ്റേത് മേഖലകളിലും രാജ്യം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിനായി നമുക്ക് പ്രയത്നിക്കാം.

*(കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫെറിക് റഡാർ റിസർച്ചിൽ റിസർച്ച് സയന്റിസ്റ്റാണ് ലേഖകൻ)*

# ഡിജിറ്റൽ ഇന്ത്യ: പുരോഗതിയിലേക്കുള്ള കുതിപ്പ്

Digital India
Power To Empower

**അനസ് മോൻ എസ്., ഡോ.ബിജു.ടി**

**ഏ**തൊരു രാഷ്ട്രത്തിന്റെയും ത്വരിതവും എന്നാൽ സ്ഥായിയായതുമായ വികസനമത്രേ സർക്കാരുകളുടെ ആത്യന്തിക ലക്ഷ്യം. അത്തരത്തിലുള്ള വികസന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് രാഷ്ട്രത്തിലെ മുഴുവൻ പൗരന്മാരെയും ഡിജിറ്റൽ സാക്ഷരതയുള്ളവരും, ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ അനുഭവിക്കുന്നവരും, ഡിജിറ്റൽ ഇടപാടുകൾ നടത്താൻ പ്രാപ്തരും ആക്കിതീർക്കുവാൻ ലക്ഷ്യമിടുന്ന മികച്ച പദ്ധതിയാണ് ഡിജിറ്റൽ ഇന്ത്യാ മിഷൻ.

ഇതിലേക്ക് ഇന്ത്യയെ സുസജ്ജമാക്കുന്നതിന് അനുയോജ്യമാണ് ടെക് ഇന്ത്യാ (TEC ട്രാൻസ്ഫോം എനർജൈസ് ക്ലീൻ ഇന്ത്യാ) എന്ന പേരിലെത്തിയ കേന്ദ്രബജറ്റ്. ഡിജിറ്റൽ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുക എന്ന മുഖ്യലക്ഷ്യം ബജറ്റിൽ അതീവ പ്രാധാന്യത്തോടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. സമസ്ത മേഖലകളെയും ഡിജിറ്റലൈസ് ചെയ്യുക എന്ന വിശാല ലക്ഷ്യം മുൻനിർത്തി ഗ്രാമഗ്രാമാന്തരങ്ങളിൽ അതിവേഗ വൈഫൈ ഇന്റർനെറ്റ് സംവിധാനം ഉറപ്പുവരുത്താൻ ബജറ്റ് വിഭാവനം ചെയ്യുന്നു. ഡിജിറ്റൽ സമ്പദ്ഘടനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഭീം ആപ് (BHIM), റഫറൽ ബോണസ് സ്കീം, വ്യാപാരികൾക്കായി ക്യാഷ് ബാക്ക് സ്കീം, ആധാർ പേ തുടങ്ങി അനവധി പദ്ധതികൾക്ക് ആരംഭം കുറിച്ചു. സർക്കാരിലേക്കുള്ള മുഴുവൻ പണഇടപാടുകളും ഡിജിറ്റൽ രൂപത്തിലായിരിക്കണമെന്ന നിർദ്ദേശത്തോടൊപ്പം തന്നെ യു.പി.ഐ (UPI), യു.എസ്.എസ്.ഡി (USSD), ആധാർ പേ, ഐ.എം.പി.എസ് (IMPS), ഡെബിറ്റ് കാർഡ് തുടങ്ങിയവയിലൂടെ 2017-18 ൽ 2500 കോടി ഡിജിറ്റൽ ഇടപാടുകളാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഡിജിറ്റലൈസേഷനിലൂടെ ശാക്തീകരിക്കപ്പെട്ട സാമൂഹിക വ്യവസ്ഥയും വൈജ്ഞാനിക സമ്പദ്വ്യവസ്ഥയും സാദ്ധ്യമാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ആയതിലേക്ക് എല്ലാ ഗ്രാമങ്ങളിലും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയും എല്ലാ പൗരന്മാർക്കും ഡിജിറ്റൽ ഐഡന്റിഫിക്കേഷൻ, മൊബൈൽ ബാങ്കിംഗ്, പൊതുസേവന കേന്ദ്രങ്ങൾ എന്നിവയും ഉറപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം സൈബർ സുരക്ഷ ഉറപ്പാക്കുക എന്നതും ഡിജിറ്റൽ ഇന്ത്യാ പദ്ധതിയുടെ ദർശനങ്ങളിൽ ഉൾപ്പെടുന്നു.

എന്താണ് വികസന പ്രക്രിയയ്ക്കു വിഘാതം സൃഷ്ടിക്കുന്നത്! ഗവൺമെന്റ് തലത്തിൽ നിന്നുള്ള സേവനങ്ങളും, അറിവുകളും ആവശ്യമുള്ളവന്, ആവശ്യമുള്ളയിടങ്ങളിൽ, ആവശ്യമായ സമയത്ത് ലഭ്യമാകാത്തതല്ലേ? ഇതിനൊരു ശാശ്വതമായ പരിഹാരം നിർദ്ദേശിക്കപ്പെടുകയാണ് ഡിജിറ്റൽ ഇന്ത്യാ പദ്ധതിയിലൂടെ. എല്ലാ ഗവൺമെന്റ് സേവനങ്ങളും, വിവരങ്ങളും ആവശ്യക്കാരന്, എവിടെയും, എപ്പോഴും, ഉചിത മാർഗ്ഗത്തിലൂടെ ഉപയോഗപ്പെടുത്താനും, ലഭ്യതയ്ക്കപ്പുറം, ആയാസരഹിതവും, സുരക്ഷിതവുമായ ഉപയോഗം ഉറപ്പുവരുത്താനുമാകും എന്നതത്രേ വികസനത്തിന്റെ പുതുയുഗപ്പിറവിയായ ഡിജിറ്റൽ ഇന്ത്യാ പദ്ധതിയുടെ ലക്ഷ്യം. ലോകം ആകമാനം അതിവേഗം മുന്നോട്ടു കുതിക്കുന്ന വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെ ഭാഗമാകുമ്പോൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ അതിനോടൊപ്പം കുതിക്കാൻ പ്രാപ്തമാക്കുകയാണ് ഇതിലൂടെ സർക്കാർ ചെയ്യുന്നത്. 2015 ജൂലൈ ഒന്നാം തീയതി പ്രഖ്യാപിക്കപ്പെട്ട പദ്ധതി ആഴ്ചകൾക്കുള്ളിൽ തന്നെ 160 ദശലക്ഷം ജൻധൻ അക്കൗണ്ടുകളും, 130 ദശലക്ഷം DBT (ഡയറക്ട് ബെനെഫിറ്റ് ട്രാൻസ്ഫർ) ഇടപാടുകളും 110 ദശലക്ഷം ഇൻഷുറൻസ് പോളിസികളും കടന്ന് മുന്നോട്ട് കുതിക്കുന്ന കാഴ്ച ഇതിന്റെ സ്വീകാര്യതയെയും, അതിലേറെ അനിവാര്യതയേയുമാണ് വ്യക്തമാക്കുന്നത്.

ആഗോളതലത്തിൽ തന്നെ സോഫ്റ്റ്വെയർ രംഗത്തെ ഒരു പ്രധാന ബുദ്ധികേന്ദ്രമാണ് ഇന്ത്യ എന്നത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ഇതിന്റെ ഗുണഫലങ്ങൾ രാജ്യത്തെ സാധാരണക്കാരന് പ്രാപ്യമാണോ എന്നത് വിലയിരുത്തേണ്ടതുണ്ട്. ഇ-ഗവേണൻസ് എന്ന പേരിൽ സർക്കാർ സേവനങ്ങൾ സാധാരണക്കാരന് ഡിജിറ്റൽ രീതിയിൽ പ്രാപ്തമാക്കാൻ ഒട്ടനവധി പദ്ധതികളുണ്ടായെങ്കിലും ഇന്നും ഗ്രാമീണ

ഇന്ത്യയിലെ സാധാരണക്കാരനിലേക്ക് പൂർണ്ണമായും ഇത് ലഭ്യമാക്കാനും, അത് സുഗമമായി ഉപയോഗിക്കാൻ അവരെ പ്രാപ്തരാക്കാനും നമുക്കായിട്ടില്ല. ഇതേ തുടർന്ന് ചില കാര്യങ്ങൾ നിർബന്ധപൂർവ്വം തന്നെ ജനങ്ങളിലെത്തിച്ച് ഇത്തരം മേഖലകളുടെ ഗുണഫലങ്ങൾ അനുഭവിച്ചറിയാൻ തക്കവിധം അവരെ മാറ്റാൻ ഗവൺമെന്റ് പദ്ധതി തയ്യാറാക്കുകയുണ്ടായി. 2006 ലെ ദേശീയ ഇ-ഗവേണൻസ് പദ്ധതി, അടിസ്ഥാന സൗകര്യ രംഗത്ത് ഒരു മിഷൻ മോഡിലുള്ള വികസനത്തിന് വഴി തെളിച്ചു. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ പദ്ധതിയുടെ പ്രധാന ഊന്നൽ ഡിജിറ്റലൈസേഷനാവശ്യമായ അടിസ്ഥാന ഇലക്ട്രോണിക് ഉൽപന്നങ്ങൾ നിർമ്മിക്കുകയും, ഇ-ഗവേണൻസിന് അടിത്തറപാകുകയും ചെയ്യുക എന്നതായിരുന്നു. ഇതിന്റെ തുടർച്ചയെന്നോണം വിശാലതലത്തിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി എല്ലാവരുടെയും വികസനം എന്നതിന് ആക്കം കൂട്ടുകയാണ് ഡിജിറ്റൽ ഇന്ത്യ എന്ന ദർശനം. ആയതിലേക്ക് ഇലക്ട്രോണിക് ഉല്പന്നങ്ങളുടെയും, ഉപകരണങ്ങളുടെയും നിർമ്മാണം, ഇലക്ട്രോണിക് സേവനങ്ങളുടെ വ്യാപനം, വ്യാപകമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയെല്ലാം ഇതിലൂടെ സാധ്യമാകുന്നു. ഇത്തരത്തിൽ ആഗോള സമൂഹവുമായും, ആഭ്യന്തരമായും ആയാസരഹിതവുമായും ബന്ധിപ്പിക്കപ്പെടുന്ന ഒരു സമൂഹത്തിന് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, വാണിജ്യ- വ്യാപാര രംഗത്തെ കൂടുതൽ ശക്തിപ്പെടുത്താനും അതിലൂടെ സമൂലമായ ഒരു പരിവർത്തനം സാധ്യമാക്കാനും കഴിയും എന്നതാണ് 1.13 ലക്ഷം കോടി രൂപയുടെ മുതൽ മുടക്കുള്ള ഡിജിറ്റൽ ഇന്ത്യാ പദ്ധതി മുന്നോട്ടു വയ്ക്കുമ്പോൾ ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും, സൂക്ഷ്മവുമായി മാറ്റുന്നതിനും ഭാരതത്തെ ലോക വൈജ്ഞാനിക സമ്പദ് വ്യവസ്ഥയുടെ സുപ്രധാന കണ്ണിയാക്കുക എന്നതും ഈ പദ്ധതിയിലൂടെ കൈവരിക്കാനാകും. എന്നാൽ ഇത് ലളിതവും ആയാസരഹിതവുമായ ഒരു കാര്യമല്ല. പ്രാഥമികമായി ഇതിലേക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. ബ്യൂറോക്രസിയുടെ അലസ മനോഭാവങ്ങളിൽ മാറ്റമുണ്ടാകണം. അടിസ്ഥാന ജനവിഭാഗങ്ങളെ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ബോധ്യപ്പെടുത്തുകയും, അത് ഉപയോഗിക്കാൻ അവരെ പഠിപ്പിക്കുകയും, അവരുടെ ആശങ്കകൾ അകറ്റുകയും വേണം. ഇതൊക്കെ മുന്നിൽ കണ്ട് ഒൻപത് സുപ്രധാന മേഖലകളിലായാണ് ഡിജിറ്റൽ ഇന്ത്യാ പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. അവ ചുവടെ വിവരിക്കുന്നു.

## ഡിജിറ്റൽ ഇന്ത്യ - 9 തൂണുകൾ

### 1. ബ്രോഡ് ബാൻഡ് ഹൈവേകൾ

ഡിജിറ്റൽ ഇന്ത്യാ പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരുന്നതിന് ഏറ്റവും അനിവാര്യമായത് അതിവേഗ ഇന്റർനെറ്റിന്റെ ലഭ്യതയാണ്. ഇത് ശരിയായ വിധത്തിൽ മനസ്സിലാക്കി തന്നെയാണ് പദ്ധതിയുടെ ഭാഗമായി 500 കോടി രൂപ അതിവേഗ ബ്രോഡ്ബാൻഡ് ഹൈവേകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് ഹൈവേകൾ വഴി ഗ്രാമഗ്രാമാന്തരങ്ങളേയും ഗവൺമെന്റ് സ്ഥാപനങ്ങളെയും, സർവ്വകലാശാലകളേയും എല്ലാം പരസ്പരം ബന്ധിപ്പിക്കാനും അതിലൂടെ വികസനകുതിപ്പിന് ആക്കം കൂട്ടാനുമാകും. വികസനത്തിനു തടസ്സമാകുന്നവയെ എല്ലാം ഈ അതിവേഗ ഇന്റർനെറ്റ് ബ്രോഡ് ബാൻഡ് ഹൈവേകളിലൂടെ അതിജീവിച്ച് കുതിക്കാനാകുമെന്നതാണ് പദ്ധതിയുടെ പ്രതീക്ഷ. 2017-18 സാമ്പത്തിക വർഷത്തിൽ 2,50,000 ഗ്രാമപഞ്ചായത്തുകളെ ഭാരത് നെറ്റ് പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ കണക്ടിവിറ്റിയുള്ള മേഖലകളാക്കി മാറ്റാൻ ഇത്തവണത്തെ ബജറ്റിൽ 10000 കോടി രൂപാ വകയിരുത്തിയതും ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ പ്രാധാന്യം വിളിച്ചോതുന്നു.

### 2. ഇ-ഗവേണൻസ്

കേന്ദ്ര ഇലക്ട്രോണിക് വിവരസാങ്കേതിക വകുപ്പും, ഭരണപരിഷ്കരണത്തിനും പൊതുപരാതി പരിഹാരത്തിനുമായുള്ള വകുപ്പും ചേർന്ന് രൂപം കൊടുത്ത ദേശീയ ഇ-ഗവേണൻസ് പദ്ധതി കേന്ദ്രീകൃതവും, വികേന്ദ്രീകൃതവുമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഇതിന്റെ ഭാഗമായി അനേകം പദ്ധതികൾ ഇതിനോടകം തന്നെ വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. കേരളം ഇത്തരം കാര്യങ്ങളിൽ ഏറെ മുന്നിലാണെന്നത് വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഡിജിറ്റൽ രൂപത്തിൽ സാധാരണക്കാരിലെത്തിക്കാൻ സർക്കാർ തലത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ഡിജിറ്റൽ ഇന്ത്യാ മിഷൻ ആരംഭിച്ച നാൾ മുതൽ തന്നെ ഇതിന്റെ ഗുണഫലങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ പൗരന്മാർക്കു നൽകുന്ന പെൻഷൻ, തൊഴിലുറപ്പു പദ്ധതിയിലെ വേതനം, സ്കോളർഷിപ്പുകൾ തുടങ്ങി വിവിധങ്ങളായ പെയ്മെന്റുകൾ ജൻധൻ- ആധാർ - മൊബൈൽ (JAM) പ്ലാറ്റ്ഫോമിലൂടെ നൽകി തുടങ്ങിയിട്ടുള്ളതാണ്.

### 3. ഇ- ക്രാന്തി

### (E-Kranti ( Electronic Delivery of Services))

ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് അതിവേഗമെത്തിക്കുന്നതിന് നേരത്തേ നിലവിലുണ്ടായിരുന്ന ഇ-ഗവേണൻസ് പദ്ധതിയുടെ കുറെക്കൂടി വിശാലമായ രൂപമാണ് ഇ-ക്രാന്തി. 44 വ്യത്യസ്ത മിഷൻ പ്രോജക്ടുകൾ ഇതിന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലുണ്ടായിരുന്ന ദേശീയ ഇ-ഗവേണൻസ് ആസൂത്രണത്തിന്റെ സംയോജനമാണ് ഇ-

ക്രാന്തി. പൊതുസേവനങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, സാമൂഹ്യനീതി, സുരക്ഷിതത്വം, സാമ്പത്തിക ഉൾപ്പെടുത്തൽ തുടങ്ങിയ വിവിധ ഘടകങ്ങൾ ഇ-ക്രാന്തിയുടെ ഭാഗമായി ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിർവ്വഹിച്ചു വരുന്നു.

### 4. വിവരവ്യാപനം എല്ലാവരിലേക്കും

പൊതുസമൂഹത്തിലെ സാധാരണ ജനവിഭാഗം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സർക്കാരിന്റെ പദ്ധതികളെക്കുറിച്ചും, സേവനങ്ങളെക്കുറിച്ചും, എന്തിനേറെ താന്താങ്ങളുടെ അവകാശങ്ങളെക്കുറിച്ചു പോലും വ്യക്തമായ അറിവോ, ധാരണയോ ഇല്ല എന്നതാണ്. വിജ്ഞാന വ്യാപനത്തിനായി വർഷം തോറും വിവിധ വകുപ്പുകൾ കോടിക്കണക്കിനു രൂപ ഉപയോഗിച്ച് പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. അടിസ്ഥാനപരമായി വികസനം സാധ്യമാകുന്നത് ഭരണപരവും പൊതുസേവനങ്ങളെ സംബന്ധിച്ചതുമായ എല്ലാ വിവരങ്ങളും എല്ലാ പൗരൻമാർക്കും എളുപ്പത്തിൽ സമയബന്ധിതമായി എത്തിച്ചു നൽകുന്നതിലൂടെ മാത്രമാണ്. ഡിജിറ്റൽ ഇന്ത്യാ മിഷൻ ഇത്തരത്തിൽ സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോമുകൾ ഉപയോഗപ്പെടുത്തി സർക്കാർ തലത്തിലെ എല്ലാ വിവരങ്ങളും സുതാര്യമായും വേഗത്തിലും സാധാരണ ജനവിഭാഗങ്ങളിലേക്ക് എത്തിച്ചു നൽകുന്നു.

### 5. യൂണിവേഴ്സൽ മൊബൈൽ ആക്സസ്

സാധാരണ ജനജീവിതത്തിലേക്ക് അതിവേഗം കടന്നെത്തി ആഴത്തിൽ സ്വാധീനം ചെലുത്തിയ ഇലക്ട്രോണിക് ആശയ വിനിമയ ഉപകരണമാണ് മൊബൈൽ ഫോൺ. കേരളത്തിലെ കണക്കുകൾ മാത്രം പരിശോധിച്ചാൽ പോലും ഒരു കുടുംബത്തിന് ഒന്നിലേറെ മൊബൈൽ കണക്ഷൻ എന്ന നിലയിലേക്ക് മൊബൈൽ ഫോണുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്നുണ്ട്. ഈ അനുകൂല സാഹചര്യത്തെ മുതലെടുത്തുകൊണ്ട് ഗവൺമെന്റ് സേവനങ്ങൾ മൊബൈൽ ഇന്റർനെറ്റ് സംവിധാനത്തിലൂടെ സാധാരണക്കാരിലെക്കെത്തിക്കുവാൻ ഡിജിറ്റൽ ഇന്ത്യാ മിഷൻ ഊന്നൽ നൽകുന്നു. 3 ജി, 4ജി, 5 ജി നെറ്റ്‌വർക്ക് സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി വരും വർഷങ്ങളിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി എല്ലായിടങ്ങളിലും സാധ്യമാക്കാനാകുമെന്നും അതിലൂടെ, കണക്ടിവിറ്റി ഇല്ലാത്ത ഇടങ്ങളെപ്പോലും കണക്ടിവിറ്റി സാധ്യമാക്കി എല്ലാ സേവനങ്ങളും വിരൽ തുമ്പിലെത്തിക്കാനും മിഷനു സാധ്യമാകും.

### 6. തൊഴിൽ നിർമ്മിതിക്ക് വിവര സാങ്കേതിക വിദ്യ

ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമായ ഇന്ത്യയുടെ ശക്തി കുടികൊള്ളുന്നത് ജനസംഖ്യയുടെ 60 ശതമാനത്തോളം പേരും 35 വയസ്സിനു താഴെയുള്ളവരാണെന്ന വസ്തുതയിലാണ്. ഈ യുവശക്തി ഒരേ സമയം കരുത്തും മറുവശത്ത് ആശങ്കൾക്കും നിദാനവുമാകുന്നു. വർദ്ധിച്ചു വരുന്ന യുവജനതയ്ക്ക് ആവശ്യമായ തൊഴിൽ പ്രദാനം ചെയ്യാൻ നാം സജ്ജരാണോ എന്നതാണ് ആശങ്കയ്ക്കുള്ള പ്രധാന കാരണം. ഈ പാശ്ചാത്തലത്തിൽ ഡിജിറ്റൽ ഇന്ത്യാ മിഷൻ വിവരസാങ്കേതിക വിദ്യാരംഗത്തെ തൊഴിൽ നിർമ്മിതിക്കായുള്ള വിശാലമായ ഒരിടമായി കാണാവുന്നതാണ്. വിവര-വിനിമയ-സാങ്കേതിക രംഗങ്ങളിൽ നിർമ്മിക്കപ്പെടുന്ന വിവിധങ്ങളായ തൊഴിലവസരങ്ങൾക്ക് ഇന്ത്യയിലെ യുവജനങ്ങളെ സജ്ജരാക്കുന്നതിനാവശ്യമായ നൈപുണ്യ വികസന പദ്ധതികളും, പരിശീലനങ്ങളും ഇതിന്റെ ഭാഗമായി തന്നെ നടപ്പിലാക്കുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി യുവാക്കൾക്ക് വിദ്യാഭ്യാസത്തിനും, നൈപുണ്യ വികസനത്തിനും വേദിയൊരുക്കുകയാണ് സർക്കാർ. കേന്ദ്ര മാനവശേഷി വികസന വകുപ്പിന്റെ സ്വയം (SWAYAM), കൗശൽ വികാസ് യോജന (PM KVY) തുടങ്ങി അനേകം പദ്ധതികൾ ഇതിന്റെ ഭാഗമാണ്.

### 7. ഐ.ടി, ഇലക്ട്രോണിക് ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക.

ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടിട്ടുള്ള ഡിജിറ്റൽ ഇന്ത്യാ മിഷൻ 2020 ഓടെ ഈ മേഖലയിലെ ഇറക്കുമതി പൂർണ്ണമായി ഇല്ലാതാക്കാൻ പദ്ധതിയിടുന്നു. എന്നാൽ ഇത് യാഥാർത്ഥ്യമാക്കുന്നതിന് വിവിധ മേഖലകളുടെ ഏകോപനത്തോടു കൂടിയുള്ള പ്രവർത്തനം അനിവാര്യമാണ്. നികുതി സംവിധാനത്തിലും, ഉല്പാദന മേഖലയ്ക്ക് പ്രോത്സാഹനജനകമായ നിലപാടുകളിലും നയപരമായ മാറ്റങ്ങൾ ആവശ്യമാണ്. മാത്രവുമല്ല വിവിധ ഘട്ടങ്ങളിൽ ഊന്നൽ നൽകേണ്ട മേഖലകളും പ്രവർത്തനങ്ങളും മുൻഗണന നിശ്ചയിച്ചു ക്രമപ്പെടുത്തേണ്ടതും അനിവാര്യമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ വ്യക്തമായ ആസൂത്രണത്തോടു കൂടിയ മുന്നേറ്റം ഡിജിറ്റൽ ഇന്ത്യാ മിഷന്റെ ഭാഗമായി ഉണ്ടാകുന്നു എന്നത് പ്രതീക്ഷകൾ നൽകുന്നു. ഡിജിറ്റൽ ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നതിന് ആവശ്യമായ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടത് അനിവാര്യമാണെന്ന തിരിച്ചറിവിന്റെ ഫലമായി ഇത്തവണത്തെ ബജറ്റ് മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങളും മിഷന്റെ ഈ തലത്തിലൂന്നി നിന്നു കൊണ്ടുള്ളതാണ്. വിവിധ ഘട്ടങ്ങളിലായി POS (പോയിന്റ് ഓഫ് സെയിൽസ്) മെഷീനുകൾ തുടങ്ങി മൈക്രോ എറ്റിഎമ്മുകൾ വരെയുള്ള ഉപകരണങ്ങളുടെ തദ്ദേശീയമായ നിർമ്മാണം വർദ്ധിപ്പിക്കുകയും അവയുടെ ഉപയോഗം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി, കൗണ്ടർ വെയ്‌ലിംഗ് ഡ്യൂട്ടി, ഉൽപാദനപ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി ഇറക്കുമതി ചെയ്യുന്ന ഉപകരണ ഭാഗങ്ങൾക്കായുള്ള പ്രത്യേക അധിക നികുതി എന്നിവ ഒഴിവാക്കുകയും

ചെയ്തു. പലവിധ POS മെഷീനുകൾക്കുള്ള എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതും, മൈക്രോ എറ്റിഎം, ഫിംഗർ പ്രിന്റ് റീഡർ, സ്കാനർ, ഐറിസ് സ്കാനർ എന്നിവയുടെയെല്ലാം എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതും പദ്ധതിയുടെ ലക്ഷ്യപൂർത്തീകരണത്തിന് ഗതിവേഗം വർദ്ധിപ്പിക്കുന്നു. ഉല്പാദന മേഖലയ്ക്ക് മോഡിഫൈഡ് സ്പെഷ്യൽ ഇൻസന്റീവ് പാക്കേജ്, ഇലക്ട്രോണിക് ഡവലപ്മെന്റ് ഫണ്ട് തുടങ്ങിയ പ്രോത്സാഹന പദ്ധതികൾക്കായി 745 കോടി രൂപ ബജറ്റിൽ വകയിരുത്തിയതും ആശാവഹമാണ്.

### 8. പൊതു ഇന്റർനെറ്റ് പ്രവേശനം സുഗമമാക്കൽ

ഗ്രാമീണ ജനതയ്ക്ക് ഇന്റർനെറ്റ് ഉപയോഗം ഒരു പരിധി വരെ ദുഷ്കരമായി തുടരുന്നതിന് ഒട്ടേറെ കാരണങ്ങളുണ്ട്. അതിൽ പ്രധാനം ലഭ്യതയ്ക്കപ്പുറം അതിലടങ്ങിയിട്ടുള്ള ചെലവും, സുരക്ഷിതത്വമില്ലായ്മയുമൊക്കെയാണ്. അതിനാൽ തന്നെ ഡിജിറ്റൽ ഇന്ത്യാ മിഷൻ ഇത്തരം സേവനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കാൻ രണ്ട് മുഖ്യ പരിപാടികൾ മുന്നോട്ട് വയ്ക്കുന്നു. അതിൽ സുപ്രധാനമായിട്ടുള്ളത് പൊതുസേവനകേന്ദ്രങ്ങൾ ആരംഭിക്കുക എന്നതാണ്. 2,50,000 പൊതുസേവന കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തിലൂടെ ഭാരതത്തിലെ 2,50,000 ഗ്രാമപഞ്ചായത്തുകളെ സാധാരണക്കാരായ ജനങ്ങൾക്കാവശ്യമായ മുഴുവൻ സേവനങ്ങളും, വിവരങ്ങളും നൽകുന്ന പൊതുസേവന കേന്ദ്രങ്ങളായി ഉയർത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിലൂടെ ഓരോ ഗ്രാമപഞ്ചായത്തും പൗരനാവശ്യമായി ഇ-സേവനങ്ങൾ നൽകുന്ന പൊതു ഇടങ്ങളായി ഉയർത്തപ്പെടും. ഇതു കൂടാതെ രാജ്യത്തെ പോസ്റ്റ് ഓഫീസുകളെ വിവിധ സേവനങ്ങൾ നൽകുന്ന മൾട്ടി സർവ്വീസ് സെന്ററുകളായി ഉയർത്താനും ലക്ഷ്യമിടുന്നു. ഇത്തരത്തിൽ രാജ്യത്തെ 1,50000 പോസ്റ്റ് ഓഫീസുകൾ മൾട്ടി സർവ്വീസ് സെന്ററുകളായി ഉയർത്തി സാധാരണ ജനത്തിന് ഡിജിറ്റൽ സേവനങ്ങൾ ആയാസരഹിതമായി പ്രാപ്തമാക്കാൻ ലക്ഷ്യമിടുന്നു.

### 9. അതിവേഗം വികസനം

ദീർഘകാല പദ്ധതികളിലധിഷ്ഠിതമായ സ്വപ്നങ്ങളുമായി ഡിജിറ്റൽ ഇന്ത്യാമിഷൻ മുന്നേറുമ്പോൾ, ശരിയായ ദിശയിൽ ദിശാബോധം നഷ്ടപ്പെടാതെ മുന്നേറാൻ ഹ്രസ്വകാല നേട്ടങ്ങൾ പ്രോത്സാഹനജനകമാകുമെന്നത് നിസ്തർക്കമായ കാര്യമാണ്. ആയതിനാൽ Early Harvest എന്നതിലൂടെ ഹ്രസ്വകാലയളവിനുള്ളിൽ നടപ്പിലാക്കി ഗുണഫലങ്ങളുടെ ആദ്യകൊയ്ത്ത് നേരത്തേ നടത്തുവാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി സന്ദേശങ്ങൾ അയയ്ക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ അടിസ്ഥാനം ഉപയോഗപ്പെടുത്തൽ, സർക്കാർ സന്ദേശങ്ങളും ആശംസകളും ഇ-ആശംസകളുടെ രൂപത്തിലേക്ക് മാറ്റുക, ഓഫീസുകളിലെ ഹാജർ രേഖപ്പെടുത്തൽ ബയോമെട്രിക് അടിസ്ഥാനത്തിലാക്കുക, എല്ലാ സർവ്വകലാശാലകളിലും വൈഫൈ ലഭ്യമാക്കൽ, ഗവൺമെന്റ് വകുപ്പുകൾക്കുള്ളിലെ ആശയ വിനിമയത്തിന് സുരക്ഷിതമായ ഇ-മെയിൽ സംവിധാനം ഉപയോഗപ്പെടുത്തൽ, പൊതു സൗജന്യ വൈ-ഫൈ ഹോട്ട് സ്പോട്ടുകളുടെ സ്ഥാപനം, വിദ്യാർത്ഥികൾക്ക് ഇ-ബുക്കുകൾ, എസ്.എം.എസ്. സംവിധാനം ഉപയോഗപ്പെടുത്തി കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകൽ, കാണാതായ കുട്ടികളെ കണ്ടെത്തുന്നതിനും, സുരക്ഷിതത്വമുറപ്പാക്കുന്നതിനും ദേശീയതലത്തിലുള്ള പ്രത്യേക പോർട്ടൽ എന്നിവയെല്ലാം ഇതിന്റെ ഭാഗമായ നടപടികളാണ്. ഇവയിലേറെയും ഇതിനോടകം തന്നെ ആരംഭിക്കാനായി എന്നത് പദ്ധതിയുടെ പുരോഗതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഡിജിറ്റൽ ഇന്ത്യാ പദ്ധതി രാഷ്ട്രത്തിന്റെ വികസന പ്രക്രിയയുടെ ഗതിവേഗം വർദ്ധിപ്പിക്കുമെന്നതിൽ സംശയമില്ല. സുശക്തമായ അടിസ്ഥാന സൗകര്യമൊരുക്കി മുന്നോട്ട് പോകാൻ ലക്ഷ്യമിടുന്ന പദ്ധതി ഏറെ താമസിയാതെ തന്നെ സർക്കാർ സേവനങ്ങൾ സാധാരണ മനുഷ്യർക്ക് അനുനിമിഷമെന്നോണം ലഭ്യമാകുന്ന അവസ്ഥ സൃഷ്ടിക്കും. എന്നാൽ ഇതിന് അഴിമതിരഹിതവും സമർപ്പിതവുമായ നടപ്പിലാക്കൽ അനിവാര്യമാണ്. രാജ്യത്തെ വിദ്യാഭ്യാസരംഗം വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ അതിർ വരമ്പുകൾക്കപ്പുറം ആഗോള വൈജ്ഞാനിക - സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായി വിജ്ഞാന ശേഖരണം നടത്താനൊരുങ്ങുന്ന പുതുതലമുറയ്ക്കു മുന്നിൽ ഗുണമേന്മ പുലർത്തുന്ന സ്ഥാപനങ്ങൾക്കും, സംവിധാനങ്ങൾക്കും മാത്രമേ നിലനിൽക്കാനാകൂ. ഡിജിറ്റൽ ഇന്ത്യ മിഷൻ അതിന്റെ പൂർണതയിൽ അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അത് പ്രാപ്യമാക്കാൻ അടിസ്ഥാന നൈപുണികൾ നേടിയ യുവതലമുറയെ വാർത്തെടുക്കാനാകുമെങ്കിൽ മനുഷ്യശേഷിയുടെ ഫലവത്തായ ഉപയോഗത്തെ ഉറപ്പുവരുത്താനാകും. ശുഭകരമായ കാര്യമെന്തെന്നാൽ ലോകമെമ്പാടുമുള്ള സാങ്കേതിക വിദഗ്ധരും, വ്യവസായികളും ഇതിനോടകം തന്നെ ഡിജിറ്റൽ ഇന്ത്യാ പദ്ധതിയുമായി കൈകോർക്കാൻ സന്നദ്ധരായി മുന്നോട്ടുവന്നു എന്നതാണ്. നാളത്തെ ഇന്ത്യ സൗജന്യ വൈഫൈ പൊതു ഇടങ്ങളും, യൂണിവേഴ്സൽ ഫോൺ കണക്ഷനും, മെച്ചപ്പെട്ട തൊഴിലവസരങ്ങളും അതിവേഗ ഇന്റർനെറ്റും, ഇ-ഗവേണൻസും ഉള്ള ഇടമായി മാറും. രാജ്യത്തെ എല്ലാ പൗരന്മാരും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ അനുഭവിക്കാൻ പ്രാപ്തി നേടുമ്പോഴും സേവനങ്ങൾ ഡിജിറ്റൽ രൂപത്തിൽ സുഗമമായും സുതാര്യമായും എല്ലാവരിലേക്കും എത്തുമ്പോഴുമാണ് ഡിജിറ്റൽ ഇന്ത്യാ ദൗത്യം പൂർത്തീകരിക്കപ്പെടുക.

*(ലേഖകർ യഥാക്രമം ചാത്തന്നൂർ എസ്.എൻ.കോളേജിൽ ഗസ്റ്റ് ലക്ചററും ചവറ ബി.ജെ.എം. ഗവ.കോളേജിൽ കോമേഴ്സ് വിഭാഗം അസി.പ്രൊഫസറുമാണ്)*

# പൊതു ധനകാര്യ ഏകീകരണം: ജിഎസ്ടി, JAM സേവനങ്ങളുടെ സാധ്യതകൾ

**രേണു കൃഷ്ണൻ. ജി**

**ഇ**ക്കഴിഞ്ഞ 2016, നവംബർ 8-ാം തീയതി ഇന്ത്യൻ സാമ്പത്തിക രംഗത്തെ ഒരു ചരിത്ര മുഹൂർത്തമായിരുന്നു. 500, 1000 രൂപ കറൻസികൾ അസാധുവായി പ്രഖ്യാപിച്ചതായിരുന്നു ഇതിനു കാരണം. ഡി-മോണിറ്റൈസേഷൻ പ്രക്രിയയിലൂടെ രാജ്യത്ത് കള്ളപ്പണ വിപണിയേയും, ഭീകരവാദത്തേയും തുടച്ചു മാറ്റാൻ ഭാരത സർക്കാർ കൈക്കൊണ്ട തീരുമാനത്തിന്റെ തുടർച്ചയായി ചരക്ക് സേവന നികുതിയിലൂടെയും, ജാം (JAM) ട്രിനിറ്റിയും നടപ്പിലാക്കി പൊതുധനകാര്യ ഏകീകരണവും, ദീർഘകാല പുരോഗതിയുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഭാരതത്തിന്റെ ബൃഹത് സമ്പദ് വ്യവസ്ഥയിൽ നാണയപ്പെരുപ്പം ഒരു പ്രധാന ഘടകമാണ്. ഉപഭോക്തൃ വില സൂചികയിൽ ഈ വർഷം ഫെബ്രുവരിയിൽ നാണയപ്പെരുപ്പം 3.65 ശതമാനമാണ് വിലയിരുത്തിയത്. അതായത് മുൻ വർഷങ്ങളിലേതിനേക്കാൾ 1.86 ശതമാനം നാണയ പെരുപ്പം വർദ്ധിച്ചതായി കണക്കാക്കാം. 2012-2017 സാമ്പത്തിക വർഷത്തിൽ മൊത്ത ആഭ്യന്തര ഉല്പ്പാദനത്തിന്റെ വളർച്ച, 2002-2012നെ അപേക്ഷിച്ച് കുറഞ്ഞതായി വിവിധ സാമ്പത്തിക സർവ്വേകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017ലെ സാമ്പത്തിക സർവ്വേയിൽ പൊതുധനകമ്മി 3.5 ശതമാനം (ജിഡിപിയിൽ) എന്നത് 2013-2014 സാമ്പത്തിക വർഷത്തേക്കാൾ 4.1 ശതമാനം കുറഞ്ഞതായി കാണാൻ സാധിച്ചു.

ഭാരതത്തിൽ പൊതുധന ഏകീകരണവും സാമ്പത്തിക ഭരണ സംവിധാനവും നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാറിന്റെ സാമ്പത്തിക ധനകാര്യ വകുപ്പ്, ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ബഡ്ജറ്റ് മാനേജ്മെന്റ്(എഫ്ആർബിഎം,2003) നിയമത്തിലൂടെയാണ്. 2017 ലെ യൂണിയൻ ബഡ്ജറ്റ് ഫിസ്ക്കൽ ഡെഫിസിറ്റ് 3.5 ശതമാനമാക്കി ലക്ഷ്യമിട്ടു. കഴിഞ്ഞ വർഷത്തിൽ ഫിസ്ക്കൽ ഡെഫിസിറ്റ് 3.9 ശതമാനമായിരുന്നു. എന്നാൽ എഫ്ആർബിഎം നിയമത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ മന്ത്രാലയം 2018 സാമ്പത്തിക വർഷത്തിൽ ധനകമ്മി 3 ശതമാനമായി കുറയ്ക്കാൻ ലക്ഷ്യമിടുന്നു.

ഈ അവലോകനത്തിലൂടെ ഭാരതത്തിലെ പൊതുധനകാര്യ ഏകീകരണം ലക്ഷ്യമിടുന്നത് മൊത്ത ആഭ്യന്തര ഉല്പ്പാദന വളർച്ചയും, പൊതുജന ഉപഭോഗ വർദ്ധനവും, അതോടൊപ്പം കടബാധ്യതയും കുറയ്ക്കുക എന്നുള്ളതുമാണ്. അങ്ങനെ നോക്കുമ്പോൾ പ്രധാനമായും ചർച്ച ചെയ്യേണ്ടത് ചരക്ക് സേവന നികുതി (ജിഎസ്ടി), ജൻധൻ- ആധാർ- മൊബൈൽ (ജാം) എന്നിവയാണ്.

ആദ്യമായി ചരക്കുസേവന നികുതി (ജിഎസ്ടി)യെ കുറിച്ച് വിശദമായി നോക്കാം. രാജ്യത്ത് ഒരു വിപണിയും ഒരു നികുതിസമ്പ്രദായവും എന്ന സിദ്ധാന്തത്തെ ഊട്ടി ഉറപ്പിക്കുന്ന സുപ്രധാനമായ ആയുധമാണ് ജിഎസ്ടി. ഈ നികുതി നടപ്പിലാക്കുന്നതിലൂടെ അടുത്ത സാമ്പത്തിക വർഷത്തിൽ മികച്ച നികുതി ഭരണ വ്യവസ്ഥയിലേയ്ക്ക് രാജ്യം വിപ്ലവാത്മകമായി മാറുമെന്ന് കരുതാം.

രാജ്യത്ത് ഭരണഘടനാ (ഭേദഗതി 101-ാം) വകുപ്പ് ജിഎസ്ടിയെ വ്യാഖ്യാനിച്ചിരിക്കുന്നു. ശേഷം, ആർട്ടിക്കിൽ 246 പ്രകാരവും 254 ഉം പ്രകാരവും അതിലെ ഭരണ സംവിധാനം വിഷയമാകുന്ന ക്ലോസ്സ് (2) ഉം പ്രകാരം എല്ലാ സംസ്ഥാനങ്ങൾക്കും ചരക്ക് സേവന നികുതി നിയമങ്ങൾ നിർമ്മിക്കുവാനും നടപ്പിലാക്കുവാനുള്ള അധികാരം നല്കപ്പെട്ടി രിക്കുന്നു.

അതുപോലെ, ഭരണ സംവിധാനത്തിന്റെ വിശാല അധികാരത്തിലൂടെ ചരക്ക് സേവന നികുതി എല്ലാ സംസ്ഥാനങ്ങൾക്കും അന്തർസംസ്ഥാന വ്യാപാര വ്യവസായങ്ങൾക്കും ഉപയോഗിക്കാമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഈ വ്യവസ്ഥാപിതമായ നികുതിയിലൂടെ ഒരൊറ്റ നികുതി നിർമ്മാണം നിലവിൽ വരുകയും, നികുതിയുടെ മേൽ നികുതിയെന്ന ഭാരം ഉല്പ്പാദകർക്കും, ഉപഭോക്താക്കൾക്കും ഇല്ലാതാകുകയും ചെയ്യും.

പ്രധാനമായും, കേന്ദ്ര, സംയോജിത, കേന്ദ്ര ഭരണപ്രദേശ, നഷ്ടപരിഹാര ജിഎസ്ടി ധന ബില്ലുകളാണ് ഭാരതത്തിൽ നടപ്പിലാക്കുന്ന ജിഎസ്ടി സമ്പ്രദായം. 2016 സെപ്തംബർ 16 ന്, ജിഎസ്ടി കൗൺസിൽ രൂപീകരിക്കുകയും, 2017 ജൂലൈ ഒന്നു മുതൽ, ജിഎസ്ടി രാജ്യത്ത് നടപ്പിലാക്കാൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഏകദേശം 2000-മാണ്ടു മുതൽ ജിഎസ്ടി സമ്പ്രദായത്തിന്റെ ആവശ്യകത ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയിരുന്നു. അതിനായി ജിഎസ്ടി കൗൺസിൽ രൂപീകരിക്കണമെന്നും അവരുടെ അധികാര പരിധികൾ നിശ്ചയിക്കണമെന്നും അതിനായി കാലാകാലങ്ങളിൽ നയ രൂപീകരണം നടത്തണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു.

അതിന്റെ ഭാഗമായി, 2006 ൽ ജിഎസ്ടിയുടെ പ്രാഥമിക രൂപകല്പ്പന നടപ്പിലാക്കുകയുണ്ടായി. എന്നാൽ സംസ്ഥാനങ്ങളുടെ എതിർപ്പ് മൂലം ആ നിയമം നടപ്പിലാക്കാൻ സാധിച്ചില്ല.

നികുതി ഭരണ സംവിധാനം സുതാര്യവും സുശക്തവുമാക്കുന്നതിന് 2016 ൽ ഭരണഘടനയുടെ 101-ാം ഭേദഗതി നിയമത്തിലൂടെ ജി.എസ്.ടിയെന്ന പരോക്ഷ നികുതി സമ്പ്രദായം നിലവിൽ വരുത്തി. നികുതി നിരക്കുകൾ ഏകദേശം 5 ശതമാനം മുതൽ 28 ശതമാനം വരെയുള്ള നാലു ശാഖകളിലായി പിരിച്ചെടുക്കാൻ ധാരണയായി. ആദ്യമായി ജിഎസ്ടി നികുതി സമ്പ്രദായം ആസ്സാമിൽ 2016, ആഗസ്റ്റ് 12 ന് നിലവിൽ വന്നു. മേഖലാടിസ്ഥാനത്തിൽ നികുതിയടവും പിരിവും നടപ്പിലാക്കാനുള്ള അധികാരം ജിഎസ്ടി കൗൺസിൽ തീരുമാനിക്കുകയുണ്ടായി. അതിൽ അവശ്യ സാധനങ്ങൾക്ക് 5 ശതമാനമോ അല്ലെങ്കിൽ പൂജ്യം തീരുവയോ, ആഢംബര സാധനങ്ങൾക്ക് 28 ശതമാനമോ, 30 ശതമാനമോ നികുതി ഈടാക്കാനും തീരുമാനമുണ്ടായി. രാജ്യത്ത് ഇരട്ട ജിഎസ്ടി നികുതി സമ്പ്രദായം 2017 ജൂലൈ 1 മുതൽ നടപ്പിലാക്കാൻ നിശ്ചയിച്ചു.

ഇന്ത്യയിലെ വിപണി വളർച്ചയ്ക്ക് സുശക്തമായ ഒരു സാമ്പത്തിക ഭരണ സംവിധാനവും എല്ലാ പൗരന്മാർക്കും പ്രയോജനപ്രദവുമായ സർവത്രിക അടിസ്ഥാന വരുമാന പദ്ധതിയും, സുസജ്ജമായ ജൻധൻ-ആധാർ-മൊബൈൽ (JAM) സംവിധാനവും അത്യന്താപേക്ഷിതമാണ്. ഇതിൽ ജാം ട്രിനിറ്റി എന്ന ഓമനപ്പേരിലറിയപ്പെടുന്ന ജാം (JAM) രാജ്യത്ത് ഉപകാരപ്രദമായ സാമൂഹിക ക്ഷേമ കാര്യങ്ങളിൽ പ്രധാനപ്പെട്ടതാണ്.

സാമ്പത്തിക സർവ്വേ-2014 പ്രകാരം രാജ്യത്ത് ഏകദേശം 125.5 ദശലക്ഷം ജൻധൻ ബാങ്ക് അക്കൗണ്ടുകൾ, 17.58 ദശലക്ഷം ആധാർ നമ്പറുകൾ, 904 ദശലക്ഷം മൊബൈൽ ഫോണുകളും എന്നിവ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സുശക്തമായ ഒരു സാമ്പത്തിക അടിത്തറ രാജ്യത്ത് നിലനില്ക്കണമെങ്കിൽ പൗരന്മാരുടെ വരുമാന സ്രോതസ്സും, നികുതിയടവും കൃത്യമായും വ്യക്തമായും സർക്കാറിന് ലഭ്യമാകണം. പൗരന്മാർക്കായുള്ള ധനസഹായങ്ങളും, ഇളവുകളും യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്ന ഒരു പ്രക്രിയയാണ് ജാം ട്രിനിറ്റി. ഇതുപ്രകാരം സർക്കാർ പൗരന്മാർക്ക് ഏർപ്പെടുത്തുന്ന സഹായധനവും, ഇളവുകളും വായ്പകളും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് അവരുടെ ബാങ്ക് അക്കൗണ്ടും, ആധാർ നമ്പറുകളും, മൊബൈൽ നമ്പറുമായി പരസ്പരം ബന്ധിപ്പിക്കുകയും അർഹമായ സഹായങ്ങൾ യഥാവിധി ലഭ്യമാകുന്നുവെന്നും നേരിട്ട് യാതൊരു വ്യവസ്ഥകളുമില്ലാതെ കൈപ്പറ്റുന്നുവെന്നും ഉറപ്പു വരുത്തുന്നു. ജാം ട്രിനിറ്റിയെ കുറിച്ച് ലോക ബാങ്കിലെ മുതിർന്ന സാമ്പത്തിക വിദഗ്ദ്ധനായ പോൾ റോമർ പറയുന്നത് ലോകത്തിലെ സുശക്തവും നൂതനവുമായ തിരിച്ചറിയൽ പരിപാടിയാണ് ഇതെന്നാണ് (ഇക്കണോമിക് സർവ്വേ- 2017)

ജൻധൻ യോജന 2014 ആഗസ്റ്റ് 28 ൽ നിലവിൽ വന്നിരുന്നു. ആധാർ നിർബന്ധമാക്കിയ ഉത്തരവ് 2016 ജൂലൈയിലും നിലവിൽ വന്നു. ഈ പ്രക്രിയയിലൂടെ ജാം ട്രിനിറ്റിയുണ്ടാകുകയും അവയെ ഉപഭോക്താവിന്റെ മൊബൈൽ നമ്പരുമായി ചേർത്ത് ക്ഷേമകാര്യ സംവിധാനം ഉറപ്പുവരുത്തുകയും അർഹരായവർക്ക് ആനുകൂല്യങ്ങൾ നല്കുകയും ചെയ്യുന്നു. ഇതിന്റെ ആദ്യ ഘട്ടത്തിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെ ത്തുന്നു. രണ്ടാമത്തെ ഘട്ടത്തിൽ ഇവരുടെ അർഹമായ ധനസഹായം, അല്ലെങ്കിൽ ഇളവുകൾ അവരുടെ ജൻധൻ അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുന്നു. മൂന്നാമത്തെ ഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് അവരുടെ നിക്ഷേപം ഉപയുക്തമാക്കാനാവുന്നു.

ജാം ട്രിനിറ്റിയിൽ ആനുകൂല്യങ്ങൾ നേരിട്ട് ഗുണഭാക്താക്കൾക്ക് എത്തുന്നുവെന്നത്, ഭാവിയിൽ ഇന്ത്യയിലെ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ലളിതവും സുതാര്യവുമാക്കും. പൊതുധനകാര്യ ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത് പരമ്പരാഗത ആനുകൂല്യ ബില്ലുകളെ മുൻഗണനാ ക്രമത്തിൽ തരംതിരിച്ച് ചെലവുകളെ വികസനാധിഷ്ഠിത ചെലവുകളാക്കി മാറ്റുകയെന്നതാണ്. ജാം ട്രിനിറ്റിയിലൂടെ സർക്കാർ ഇതാണ് ലക്ഷ്യമിടുന്നത്. സാമ്പത്തിക ആനുകൂല്യങ്ങളുടെ അധികഭാരം ഏകദേശം 25 ശതമാനം മുതൽ 30 ശതമാനം വരെ കുറയ്ക്കുവാൻ ഇതിലൂടെ സർക്കാറിനു സാധിക്കുന്നു.

യഥാർത്ഥത്തിൽ, ഈ പരമ്പരാഗത ആനുകൂല്യങ്ങൾ പൊതുധനകമ്മി സൃഷ്ടിക്കുന്നവയാണ്. ഇതിലൂടെ സർക്കാറിന് ഋണബാധ്യത ഏറുകയാണ് ചെയ്യുന്നത്. സാമ്പത്തിക നയങ്ങളിൽ സുവർണ്ണ രേഖാസിദ്ധാന്തം പറയുന്നത്, "നിക്ഷേപങ്ങൾക്ക് കടം വാങ്ങുക" എന്നുള്ളതാണ്. ഭാരതത്തിൽ ചെലവിന്റെ ഏകദേശം 10 ശതമാനം ധനസാമ്പത്തികാനുകൂല്യങ്ങൾക്കും ഇളവുകൾക്കുമായി മാറ്റി വയ്ക്കപ്പെടുന്നു. വിഭവവിഹിതത്തിലും ആനുകൂല്യങ്ങൾക്ക് തിരിച്ചടിയുണ്ടാകുന്ന അവസ്ഥയാണ് ഭാരതത്തിൽ നിലവിലുള്ളത്. അതായത് ധനസഹായ ആനുകൂല്യങ്ങളുള്ള വിഭവങ്ങളുടെ നിർമ്മാണം ഉപയോഗയുക്തമല്ലെങ്കിലും, വിപണിയിൽ വിറ്റഴിക്കാത്തവയാണെങ്കിലും വീണ്ടും നിർമ്മിച്ചു കൊണ്ടേയിരിക്കുന്നു. ഇതിലുടെ നിർമ്മാണ ചെലവുകൾ കൂടുകയും, പൊതുധനകമ്മി കൂടുകയും ചെയ്യുന്നു. ഇതുപോലെ ഇളവുകൾ ലഭിക്കുന്ന ഉല്പ്പന്നങ്ങൾ മാർക്കറ്റിൽ അധികവിലയ്ക്ക് വില്ക്കുകയും യഥാർത്ഥ ഗുണഭോക്താവിന് ഉല്പ്പന്നം ലഭ്യമല്ലാതാകുക

യും ചെയ്യുന്നു. ഉദാഹരണത്തിന് റേഷൻ കടകളിലൂടെ വിൽക്കുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയും ഇളവോടെ നൽകുന്ന യൂറിയ പോലുള്ള കാർഷിക ഉല്പ്പന്നങ്ങളും മറ്റും കരിഞ്ചന്ത സൃഷ്ടിക്കുന്നു. ഇതിനെതിരെയുള്ള കാര്യക്ഷമമായ ഒരു സംവിധാനമായാണ് ജാം ട്രിനിറ്റിയെ കാണുന്നത്.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിക്കും നിലനിൽപ്പിനും വേണ്ടി രൂപികരിച്ചിട്ടുള്ള ജിഎസ്ടിയും ജാം ട്രിനിറ്റിയും പൊതുധനകാര്യ ഏകീകരണത്തിന് സഹായകമാകുന്നവയാണ്. എന്നാൽ, സമ്പദ്‌വ്യവസ്ഥയിൽ മാറ്റി നിർത്താൻ കഴിയാത്ത ഉല്പ്പന്നങ്ങളായ വൈദ്യുതി, ഡീസൽ, പെട്രോൾ, ക്രൂഡ്ഓയിൽ എന്നിവയെ ജിഎസ്ടി യിൽ നിന്ന് മാറ്റി നിർത്തിയിരിക്കുകയാണ്. ഈ സാമ്പത്തിക വർഷത്തിൽ ജിഎസ്ടി നികുതി വരുമാനം പൊതുധനകമ്മിയിൽ കാര്യമായ മാറ്റം വരുത്തുകയില്ല. കാരണം ഹ്രസ്വകാലത്തിൽ പണപെരുപ്പത്തിനും, നികുതിപ്പൊരുത്തമില്ലായ്മയുണ്ടാകുന്നതിനും ധനകമ്മി കൂടുതലാകുന്നതിനുമുള്ള സാധ്യതകൾ ഏറെയാണ്. ദീർഘ കാലാടിസ്ഥാനത്തിൽ ജിഎസ്ടി ഒരു സമ്പദ് വ്യവസ്ഥയെ മത്സരക്ഷമതയാർജ്ജിക്കാനും വില സ്ഥിരത നേടുവാനും, പണപെരുപ്പം കുറയ്ക്കുവാനും സഹായിക്കും.

എഫ് ആർ ബി എം നിയമത്തിന്റെ പോരായ്മകൾ യഥാർത്ഥത്തിൽ പൊതു ധനകാര്യ ഏകീകരണത്തിന് വിഘാതമാകുന്നുണ്ട്. അന്താരാഷ്ട്രാ സാമ്പത്തിക നിധി (IMF) നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ശ്രദ്ധിക്കേണ്ടുന്ന കാര്യങ്ങൾ എന്നനിലയിൽ പറഞ്ഞവയാണ് ഈ നിയമങ്ങൾ.

കേന്ദ്ര-സംസ്ഥാന പൊതുമേഖലാ തലങ്ങളിലെ ഋണബാധ്യതകൾ പൊതുധനകമ്മിയേക്കാൾ കൂടുതലാണെന്നു FRBM ചൂണ്ടിക്കാട്ടുന്നു. മറ്റൊന്ന് 1998 മുതൽ 2003 വരെ കേന്ദ്രസർക്കാറിന്റെ ധനകമ്മി കൂടുതലായി വരുകയാണ് എന്നതാണ്. എഫ് ആർ ബി എം ചട്ടകൂട് ഇതിനെ നിർമാർജ്ജനം ചെയ്യുക എന്നതിനു ലക്ഷ്യമിടുന്നു. സാമ്പത്തിക പ്രതിസന്ധി കാലത്തും പൊതുമേഖലാ വരുമാനം ലാഭകരമായിരുന്നു വെന്നുള്ളത് അതിശയകരമായിട്ടാണ് ഐഎംഎഫ് പറയുന്നത്. ഇതിനു പുറമെ, പൊതുധനനയം വേറിട്ട ദിശാചംക്രമണ നയങ്ങൾ നടപ്പാക്കുകയും, അവ സ്വയം വിപണിയിൽ വഴികാട്ടിയാവുകയും ചെയ്യണമെന്നും IMF അഭിപ്രായപ്പെടുന്നു.

ജാം ട്രിനിറ്റിയിലൂടെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ അല്ലെങ്കിൽ അവകാശങ്ങൾ നഷ്ടപ്പെടാതിരിക്കാൻ സാധിക്കും. അർഹമായ ധനസഹായം ഉറപ്പുവരുത്തുകയും ഇളവുകളുടെ ചോർച്ച അടയ്ക്കുകയും ചെയ്യാനാകും എന്നതാണ് അവ. ഈ സംവിധാനം നിയന്ത്രിക്കുന്നതും, സംരക്ഷിക്കുന്നതും കേന്ദ്രസർക്കാറാണെന്നുള്ളത് പ്രത്യേകതയാണ്. എന്നിരുന്നാലും, ജാം ട്രിനിറ്റിയ്ക്കും പോരായ്മകൾ ഉണ്ടെന്നുള്ളത് വാസ്തവമാണ്. അതായത്, ജാം ട്രിനിറ്റിയിലൂടെ തെരെഞ്ഞടുക്കപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമായ സാമ്പത്തിക ഇളവ്, അല്ലെങ്കിൽ ധനസഹായം ഒരു സ്ത്രീയ്ക്കോ, അല്ലെങ്കിൽ വൃദ്ധയ്ക്കോ ലഭിക്കുകയാണെങ്കിൽ അത് യഥാർത്ഥത്തിൽ അവരുടെ രക്ഷിതാവോ അല്ലെങ്കിൽ ഭർത്താവോ ദുരുപയോഗം ചെയ്തെന്നിരിക്കാം. ആയതിനാൽ, ഈ സംവിധാനം ബാങ്ക് കാർഡുകളുടേയോ, ആധാർ കാർഡുകളുടേയോ സഹായത്താൽ പ്രവർത്തിപ്പിക്കാൻ സാധിക്കണം. ഇപ്പോഴത്തെ അവസ്ഥയിൽ ആധാർ കാർഡ് ഒരു തിരിച്ചറിയൽ രേഖമാത്രമാണ്, ഒരു അവകാശ രേഖയോ, അർഹതയ്ക്കുള്ള രേഖയോ അല്ല എന്നുള്ളത് ഒരു പോരായ്മയാണ്.

മൊബൈൽ ബാങ്കിംഗിലൂടെ ജാം ട്രിനിറ്റി നടപ്പിലാക്കുമ്പോൾ ബാങ്കുകൾ അടിസ്ഥാന സൗകര്യങ്ങൾ അതായത് ഡിജിറ്റൽ സാങ്കേതികതയ്ക്കാവശ്യമായ സാങ്കേതിക വിദ്യയും ഉപകരണങ്ങളും ലഭ്യമാണെന്ന് ഉറപ്പുവരുത്തണം.

2016-17 ലെ പൊതുധനകാര്യ നയങ്ങളിലൂടെ സമ്പദ് വ്യവസ്ഥയുടെ വളർച്ചാനിരക്കിന്റെ ആക്കവും വ്യാപ്തിയും സ്ഥാപനവത്ക്കരണത്തിലൂടെയും സംയോജിത സഹകരണ ബന്ധങ്ങളിലൂടെയും നടപ്പിലാക്കുവാനുള്ള വഴിയാണ് ഇത്തവണത്തെ ബഡ്ജറ്റ് തുറന്നു കാട്ടുന്നത്. ജിഎസ്ടി ലോക്സഭാ അംഗീകരിക്കുകയും രാജ്യമൊട്ടുക്ക് ഒരു നികുതി എന്ന വിപ്ലവകരമായ മാറ്റത്തിലേക്ക് ചുവടുവയ്ക്കുകയുമാണ്. ഇതിലൂടെ രാജ്യത്തിന്റെ മൊത്ത നികുതി നിരക്ക് വർദ്ധിക്കുകയും അതുവഴി ജിഡിപി 10.8 ശതമാനം എന്ന നിരക്ക് 2017-18ൽ നേടിയെടുക്കാൻ സാധിക്കുമെന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നു.

യഥാർത്ഥത്തിൽ പൊതുധന ഏകീകരണം സാധ്യമാകണമെങ്കിൽ രണ്ട് പ്രധാനപ്പെട്ട അടിത്തറകൾ സുശക്തമായിരിക്കണം. ഒന്ന് നികുതിയും ജിഡിപി നിരക്കും തമ്മിലുള്ള വളർച്ച ആനുപാതികമായി ഉയർന്ന് വരണം. മറ്റൊന്ന് യുക്തിപരമായ ചെലവുകളെയും, ജിഡി പി ശതമാന നിരക്കിനേയും ശരിയായ ദിശയിൽ തുടരാൻ അനുവദിക്കുകയും അവികസിത ചെലവുകൾ വെട്ടിച്ചുരുക്കി രാജ്യത്തിന്റെ വികസനത്തിന് വഴി തെളിക്കുകയും വേണം. ജിഎസ്ടിയും, ജാം ട്രിനിറ്റിയും ഇത്തരത്തിൽ രാജ്യത്തിന്റെ വികസനത്തിന് ഉപകാരപ്രദമായ ഉപാധികളാക്കി മാറ്റിയെടുക്കാനാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

*(തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സാമ്പത്തിക ശാസ്ത്ര വിഭാഗം ഗവേഷകയാണ് ലേഖിക)*

# നൈപുണി സംരംഭകത്വ വികസനം: രാഷ്ട്ര പുരോഗതിയിലേക്കൊരു യുവവീഥി

**സെയ്ദ് ഷിയാസ്**

രാഷ്ട്രവികസന പ്രക്രിയയിലെ ഏറ്റവും പ്രാധാന്യമേറിയ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. യുവാക്കളുടെ രാഷ്ട്രം എന്ന വിളിപ്പേരിനർഹമാക്കിക്കൊണ്ട് 35 വയസിനു താഴെ പ്രായമുള്ള 800 മില്യൺ യുവാക്കളാണ് ഇപ്പോൾ ഇന്ത്യൻ ജനസംഖ്യയുടെ ഭാഗമായുള്ളത്. രാജ്യത്തിന്റെ പുരോഗതി യുവാക്കളുടെ ഉന്നമനത്തിലൂടെ  ലക്ഷ്യമിടാനും മികച്ചതും ചിട്ടയോടുള്ളതുമായ പ്രവർത്തനത്തിലൂടെ ആ ലക്ഷ്യം  വളരെയെളുപ്പം കൈവരിയ്ക്കാനും സഹായകമായ സാഹചര്യമാണ് ഇപ്പോൾ നമുക്ക് മുന്നിലുള്ളത്.

രാജ്യം പുരോഗതിയുടെ പുതിയ ഉയരങ്ങൾ കീഴടക്കുന്ന ഈ വേളയിൽ  യുവാക്കളുടെ പങ്കാളിത്തത്തോടെ നമുക്ക് പലതും നേടാൻ സാധിക്കും. ലോകത്തിൽ ഏറ്റവും വേഗം വളരുന്ന രാജ്യങ്ങളിൽ ഒന്നാണ് നമ്മുടേത്. എന്നാൽ നേട്ടങ്ങൾ ഓരോന്നും  സ്വന്തമാക്കുമ്പോഴും ഇന്ത്യയിൽ യുവാക്കൾക്കിടയിലെ അവസ്ഥാ വിശേഷം ഞെട്ടിപ്പിക്കുന്നതാണ്. ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് കോർപറേഷൻ ആൻഡ് ഡെവലപ്മെന്റ് (ഒ.ഇ.സി.ഡി.) നടത്തിയ പഠന റിപ്പോർട്ട് നമ്മുടെ രാജ്യത്ത് തൊഴിൽരഹിതരുടെ എണ്ണം അഭൂതപൂർവ്വമായി വർദ്ധിക്കുന്നതായാണ് കണ്ടെത്തിയിരിക്കുന്നത്. യുവാക്കളുടെ തോളേറി പുരോഗതിയിലേക്കുള്ള യാത്രയിൽ രാജ്യത്തിനു ഭീഷണി ഈ തൊഴിലില്ലായ്മയും നൈപുണി വികസനത്തിന്റെ അഭാവവുമാണ്.

നമ്മുടെ രാജ്യത്ത് 15നും 29നുമിടയിൽ പ്രായമുള്ള മുപ്പത് ശതമാനം യുവാക്കളും തൊഴിലിന് പ്രാപ്തി നേടാൻ തക്ക രീതിയിൽ വിദ്യാഭ്യാസം നേടാത്തവരോ തൊഴിൽ രഹിതരോ ആണെന്ന് ഒഇസിഡിയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ചൈനയിൽ 11.2 ശതമാനം യുവജനങ്ങൾക്കാണ് തൊഴിലില്ലാത്തതെങ്കിൽ ഇന്ത്യയിൽ ഇതിന്റെ ഏകദേശം മൂന്നിരട്ടിയാണ് തൊഴിൽ രഹിതരെന്നത് ആശങ്കയുളവാക്കുന്ന വസ്തുതയാണ്. 23.24 ശതമാനം തൊഴിൽ രഹിതരുള്ള ഇന്തോനേഷ്യയാണ് ഇന്ത്യയ്ക്ക് തൊട്ടുമുൻപിലുള്ളത്. 36.65 ശതമാനം തൊഴിൽരഹിതരായ യുവാക്കളുള്ള ദക്ഷിണാഫ്രിക്കയുടെ സ്ഥിതിയെക്കാൾ അല്പം മെച്ചമാണ് നമ്മുടേതെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ഈ രീതിയിൽ മു ന്നോട്ടു പോയാൽ നമുക്ക് യുവാക്കളിലൂടെ ലക്ഷ്യമിടുന്ന നേട്ടം കൈവരിക്കാൻ സാധിക്കുമോ എന്നത് ചിന്തനീയമാണ്.

## രാജ്യത്തിന്റെ സമൂല വളർച്ചയ്ക്ക് തടസ്സമാകുന്ന തൊഴിലില്ലായ്മ

ചൈനയുൾപ്പടെയുള്ള ലോകരാജ്യങ്ങളിലെ ജനസംഖ്യയുടെ ഭൂരിഭാഗവും വാർദ്ധക്യത്തിലേയ്ക്ക് നീങ്ങുമ്പോൾ യുവത്വം ഇന്ത്യയ്ക്ക് വലിയ സമ്പത്തായി മാറുന്നു. ഊർജ്ജസ്വലരും അധ്വാനശേഷിയുമുള്ള യുവാക്കളുടെ കർമ്മസേനയാണ് അടുത്ത 40 വർഷക്കാലം നമ്മുടെ രാജ്യത്ത് ജോലിയിലേർപ്പെടുക. സാങ്കേതിക ശാസ്ത്രമേഖല അനുദിനവും മാറിക്കൊണ്ടിരിക്കുന്നു. അതിനാവശ്യമായ സാങ്കേതിക വിദഗ്ധരെയാണ് വാർത്തെടുക്കപ്പെടേണ്ടത്. തൊഴിലില്ലായ്മയല്ല ഇന്ത്യയുടെ പ്രശ്നമെന്നും വിദഗ്ധരായ അഭ്യസ്തവിദ്യരുടെ അപര്യാപ്തതതയാണ് നമ്മുടെ ശാപമെന്നും പറഞ്ഞ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമിന്റെ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്.

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെയും സാമൂഹിക വികസനത്തിന്റെയും ചാലകശക്തികളായ  നൈപുണ്യവും അറിവും കൈകോർത്തു കൊണ്ടുള്ള ഒരു വികസനമാണ് യുവാക്കളിലൂടെ  ലക്ഷ്യമിടേണ്ടത്. ഏതു രാജ്യത്തെയും നൈപുണ്യ വികസന പദ്ധതികളുടെ കേന്ദ്ര ബിന്ദു പ്രാഥമികമായും യുവാക്കളാണ് എന്ന തിരിച്ചറിവാണ് യുവാക്കളിൽ രാജ്യപുരോഗതിയുടെ പ്രതീക്ഷാ ഭരമേല്പിക്കുന്നതിന്റെ അടിസ്ഥാനം. രാജ്യത്തെ യുവാക്കളുടെ വലിയ തോതിലുള്ള സഞ്ചയം ഒരേസമയം വൻ അവസരവും വെല്ലുവിളിയുമാണ് നമുക്ക് മുന്നിൽ ഉയർത്തുന്നത്. ഒരു വശത്ത് 25 വയസിനു താഴെയുള്ള 605 ദശലക്ഷം യുവാക്കളുമായി കുതിക്കാൻ നിൽക്കുന്ന ഇന്ത്യ; മറുവശത്ത് ഈ സ്വപ്നത്തെ വിഴുങ്ങാൻ വായ പൊളിച്ചു നിൽക്കുന്ന തൊഴിലില്ലായ്മ.

## നൈപുണി വികസനത്തിലൂടെ പരിഹാരം

ക്രിയാത്മകമായ ഇടപെടലിലൂടെ തൊഴിൽ പരമായ നൈപുണ്യങ്ങളാൽ ശാക്തീകരിക്കപ്പെട്ട മാറ്റത്തിന്റെ പതാക വാഹകരാകാൻ നമ്മുടെ യുവാക്കൾക്ക് കഴിയണം. അതിനുള്ള ശ്രമമാണ്  നമ്മുടെ രാജ്യത്തിന്റെ ഭരണചക്രം നിയന്ത്രിക്കുന്നവരിൽ നിന്നും ഉണ്ടായിരിക്കുന്നത്.യുവാക്കളുടെ നൈപുണ്യ വികസനത്തിനായുള്ള നിരവധി പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ രാജ്യമൊട്ടാകെ നടപ്പിലാക്കി വരുന്നത്. രാജ്യത്തിന്റെ ചില ഭാഗത്ത് മാത്രം  കേന്ദ്രീകരി ക്കാതെ ഓരോ സംസ്ഥാനങ്ങളിലും ഓരോ ജനവിഭാഗത്തിലും നൈപുണി വികസനത്തിനും സംരംഭകത്വത്തിനും കാവലാളാകുന്ന ശ്രമമാണ് ഇപ്പോഴുള്ളതെന്നത് ഏറെ പ്രതീക്ഷയുളവാക്കുന്നു.

ആഗോള സോഫ്റ്റ്വെയർ ഭീമന്മാരായ മൈക്രോസോഫ്റ്റിന്റെ സൂത്രധാരൻ ബിൽ ഗേറ്റ്സ് കേവലം ഒരു സ്കൂൾ ഡ്രോപ്പ്ഔട്ടായിരുന്നു. ജീവിത ലക്ഷ്യത്തിലെത്തുന്ന വ്യക്തികളാണ് സമൂഹത്തിന്റെ ഉയർച്ച

യുടെ മാനദണ്ഡം.ഇതിനായി അതി സങ്കീർണ്ണമായതും മികവുറ്റതുമായ കഴിവുകൾ വികസിപ്പിച്ചെടുക്കേണ്ട തായിട്ടുണ്ട്. യുവാക്കളുടെ സാങ്കേതിക അഭിരുചിക ളും സൃഷ്ടിപരമായ കഴിവുകളും ലളിതമായി സമന്വയി പ്പിച്ച് ആനുകാലിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദേ ശിക്കുന്ന രീതിയാണ് രാജ്യം ലക്ഷ്യമിടേണ്ടുന്നത്. അ തിലൂടെ ശാസ്ത്ര വിജ്ഞാന സാമ്പത്തിക തൊഴിൽ മേഖലകളിലേയ്ക്ക് സമഗ്ര സംഭാവനകൾ നൽകുന്ന സംരഭകത്വ സംസ്കാരത്തിന് തുടക്കമാവും. വികസന ത്തിലൂടെ രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയ്ക്ക് പുതി യ മാനം കൈവരികയും ചെയ്യും.

## നൈപുണി വികസനത്തിലൂടെ സംരംഭകത്വ ത്തിലേക്ക്

അമേരിക്കയിൽ കുടിയേറ്റക്കാരാൽ സ്ഥാപിച്ചി ട്ടുള്ളതായ 33.2 ശതമാനം കമ്പനികളുടെയും സഹ സ്ഥാപകർ ഇന്ത്യക്കാരനാണെന്ന് പഠനങ്ങൾ സൂചിപ്പി ക്കുന്നു. അതിൽ തന്നെ മികവ് പ്രകടിപ്പിച്ചിട്ടുള്ളവരിൽ കൂടുതൽ പേരും മലയാളികളെന്നതാണ് യാഥാർത്ഥ്യം. മെച്ചപ്പെട്ട ജോലിതേടി പുറം നാട്ടിലെത്തുന്ന മലയാളി കൾ അവിടെ വിജയികളായ സംരംഭകരായി മാറുന്നു. നമ്മുടെ നാടിന്റെ വൈജ്ഞാനിക സമ്പദ്ഘടനകളിൽ ഇത് അപരിഹാര്യമായ നഷ്ടം തന്നെയാണ്. സംസ്ഥാന ത്ത് മിടുക്കരായ യുവതീയുവാക്കൾക്ക് അവരുടെ കഴി വും അറിവും സാധ്യമാക്കുവാൻ പരമാവധി പ്രയോജ നപ്പെടുത്തുന്നതിനനുസൃതമായ അന്തരീക്ഷം സൃഷ്ടി ക്കുകയെന്നതും വെല്ലുവിളിയാണ്.

രാജ്യത്തിന്റെ സമൂല വളർച്ചയ്ക്ക് തൊഴിലില്ലാ യ്മ തടസ്സമാകുന്ന സാഹചര്യത്തിലാണ് തൊഴിൽ നൈപുണ്യ വികസനവും സംരംഭകത്വവും കൂടുതൽ ശ്രദ്ധ നേടുന്നത്.കേന്ദ്ര നൈപുണി, സംരംഭകത്വ വിക സന മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം വികസി ത രാജ്യങ്ങളിൽ തൊഴിലാളികളിൽ 60 മുതൽ 90 ശത മാനം വരെയും അതാത് മേഖലകളിൽ നൈപുണ്യ മുള്ളവരാണെങ്കിൽ, നമ്മുടെ രാജ്യത്ത് 20നും 24 വയ സ്സിനുമിടയിലുള്ള യുവാക്കളിൽ വെറും 5% മാത്രമേ ഔ പചാരികമായി തൊഴിൽ പരിശീലനം നേടിയിട്ടുള്ളൂ. ഈ കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ യുവാക്ക ൾ തൊഴിൽ വൈദഗ്ധ്യം ആർജിക്കേണ്ടതിന്റെ പ്രാധാ ന്യം കൂടുതൽ വ്യക്തമാകുകയാണ്.

രാജ്യത്തിനകത്തെയും, പുറത്തെയും വ്യവസാ യ മേഖലയുടെ ആവശ്യത്തിനനുസരിച്ച് തൊഴിൽ വൈദഗ്ധ്യമുള്ളവരെ നൽകുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ ഇരുപതോളം മന്ത്രാലയങ്ങൾ അല്ലെങ്കിൽ വകുപ്പുകൾ ഒറ്റയ്ക്കും കൂട്ടായും എഴുപതിലധികം നൈപുണി വികസന പദ്ധതികൾ നടത്തി വരുന്നുണ്ട്. രാജ്യത്തെ നൈപുണി വികസനവും സംരംഭകത്വ വിക സനവും ലക്ഷ്യമിട്ട് 2014 ജൂലൈ 31 ന് കേന്ദ്രത്തിൽ നിലവിൽ വന്ന നൈപുണി സംരംഭകത്വ വികസന വകുപ്പും, 2014 നവംബർ 10 ന് പ്രവർത്തനം ആരംഭിച്ച കേന്ദ്ര നൈപുണിസംരംഭകത്വ വികസന മന്ത്രാലയവും ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർക്കും അല്ലാത്തവ ർക്കും പ്രത്യേക പരിശീലനങ്ങളിലൂടെ തൊഴിൽ നൈ പുണി നേടിക്കൊടുക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

## കേന്ദ്ര നൈപുണി സംരംഭകത്വ വികസന മന്ത്രാലയത്തിന്റെ ഉദ്ദേശ്യങ്ങൾ:

1) കുറഞ്ഞ ശമ്പളത്തിൽ അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് തങ്ങളുടെ നൈപുണി വികസ നത്തിലൂടെ ജീവിതം മെച്ചപ്പെടുത്താനുള്ള അവസരമു ള്ളതാക്കുക.

2) വ്യാവസായിക മേഖലയ്ക്ക് ആവശ്യമുള്ള വിദഗ്ധ തൊഴിലാളികളെ നൽകി പ്രസ്തുത മേഖലകളെ പുഷ്ടി പ്പെടുത്തുകയും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.

3) യുവതലമുറയെ നൈപുണികത കൈവരിക്കാൻ ആ ഗ്രഹിക്കുന്ന ഒരു സമൂഹമായി മാറ്റുക-എന്നിവയാണ് ലക്ഷ്യമിടുന്ന പ്രധാന മാറ്റങ്ങൾ.

സംരംഭകത്വ വിദ്യാഭ്യാസം, സാമുഹിക സംരം ഭകത്വം, ഇൻകുബേറ്റർ, ആക്സിലറേറ്റർ, മെന്റർനെറ്റ് വർക്ക് എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ഇവർ ആവിഷ്കരിച്ചിരിക്കുന്നത്.

## കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന ചില പദ്ധതികൾ

**1.സ്വയം (SWAYAM):** കേന്ദ്ര മാനവ വിഭവ ശേഷി വകു പ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വയം (SWAYAM). എവിടിരുന്നു കൊണ്ടും എപ്പോൾ വേണമെങ്കിലും പഠന പ്രക്രിയയുടെ ഭാഗമാകുക, പഠ നം രസകരവും എളുപ്പത്തിലുമാക്കുക, സ്മാർട്ട് എഡ്യൂ ക്കേഷനിലേക്ക് രാജ്യത്തെ കൈപിടിച്ചുയർത്തുക, പ്രാ യഭേദമന്യേ ഫലവത്തായ വിദ്യാഭ്യാസം സാധ്യമാക്കു ക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്ക് പിന്നിലുള്ള ത്. പ്രധാനമായും ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെ ക്നിക്കൽ എഡ്യൂക്കേഷനുമായി സഹകരിച്ചു നടപ്പി ലാക്കുന്ന ഈ പദ്ധതിയിൽ എൻ.സി.ഇ. ആർ.ടി, എൻ. ഐ.ഒ.എസ്, ഇഗ്നോ, ഐ.ഐ.എം ബാംഗ്ലൂർ, എൻ. പി ടെൽ എന്നിവർ പങ്കാളികളായുണ്ട്.

സ്കൂൾ വിദ്യാഭ്യാസം ലഭിച്ചവർക്കും അല്ലാത്ത വർക്കും തുടങ്ങി ബിരുദാനന്ദ ബിരുദം നേടിയവർക്ക് വരെ അനുയോജ്യമായ കോഴ്സുകൾ സ്വയം എന്ന പദ്ധതിയുടെ ഭാഗമായുണ്ട്. വിവിധ വിഭാഗങ്ങളിലായി 345 ൽ പരം കോഴ്സുകളാണ് സ്വയത്തിലൂടെ നടന്നു വരുന്നത്. ഓൺലൈനായി ലോകത്തിന്റെ ഏതുഭാഗ ത്ത് നിന്നും പഠിക്കാനാകും എന്നത് ഈ പദ്ധതിയെ കാലഘട്ടത്തിനു അനുയോജ്യമായി മാറ്റുന്നു. swayam. gov.in എന്ന പോർട്ടലിൽ നിന്നും ഈ പദ്ധതിയെക്കു റിച്ചു കൂടുതൽ വിവരങ്ങൾ അറിയാൻ സാധിക്കും.

**2. സ്ട്രൈവ് (STRIVE) :** കേന്ദ്ര നൈപുണിസംരംഭകത്വ വികസന മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) എന്ന സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് SKILLS STRENGTHENING FOR INDUSTRIAL VALUE ENHANCEMENT (STRIVE). ഇൻ ഡസ്ട്രിയൽ ട്രെയിനിങ് കേന്ദ്രങ്ങൾ അഥവാ ഐ.ടി. ഐ കൾ വഴിയോ അപ്രന്റീസ്ഷിപ്പ് വഴിയോ നൽകുന്ന തൊഴിൽ പരിശീലനങ്ങളുടെ മികവും, കാര്യക്ഷമത

യും വർധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. വനിതകൾക്കും സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കിടയിലുള്ളവർക്കും ഇടയിൽ ഇന്ന് നിലനിൽക്കുന്ന തൊഴിൽപരമായ അരക്ഷിതാവസ്ഥ ഇല്ലാതാക്കുന്നതിനാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്.

ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ കീഴിൽ രാജ്യത്ത് പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിങ് സ്ഥാപനങ്ങളിലും ഐ.ടി.ഐകളിലും സ്ട്രൈവ് (STRIVE) പദ്ധതിയിൽ ഉൾപ്പെടുത്തി അതാത് സംസ്ഥാനങ്ങളിലെ തൊഴിൽ ഘടനയ്ക്കനുസരിച്ച് തൊഴിൽ നൈപുണ്യ സംസ്കാരം വളർത്തിയെടുക്കാനാണ് ലക്ഷ്യമിടുന്നത്. ഓരോ തൊഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മികച്ച ഭൗതിക അന്തരീക്ഷത്തിനൊപ്പം രാജ്യത്തും രാജ്യാന്തര തൊഴിലുകൾക്കും കഴിയുന്ന തരത്തിൽ വിദ്യാർത്ഥികളെയും അപ്രന്റീസ് ട്രെയിനികളെയും മാറ്റിയെടുക്കാനാണ് സ്ട്രൈവിലൂടെ ലക്ഷ്യമിടുന്നത്.

**4. സ്കിൽ ഇൻഡ്യ:** രാജ്യത്തെ നാൽപ്പതു കോടിയോളം ജനങ്ങളെ നൈപുണി വികസനത്തിലൂടെ വിവിധ തൊഴിൽ മേഖലകളിലേക്കെത്തിക്കാനായി പ്രധാന മന്ത്രി നരേന്ദ്ര മോദി മുന്നോട്ടു വച്ച പദ്ധതിയാണ് സ്കിൽ ഇന്ത്യാ ദൗത്യം. 2015 ജൂലൈ 15 ന് പ്രഖ്യാപിക്കപ്പെട്ട ഈ ദൗത്യമനുസരിച്ച് ലക്ഷ്യമിടുന്ന നേട്ടത്തിലേക്ക് 2022 ൽ എത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്കിൽ ഇൻഡ്യാ മിഷന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളാണ് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് മിഷൻ, നാഷണൽ പോളിസി ഫോർ സ്കിൽ ഡവലപ്പ്മെന്റ് & ഓൺട്രപ്രണർഷിപ്, 2015, പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം.കെ.വി.വൈ), റൂറൽ ഇന്ത്യ സ്കിൽ പദ്ധതി എന്നിവ.

യു.കെയും ഇന്ത്യയുമായി സ്കിൽ ഇൻഡ്യാ മിഷൻ പദ്ധതി പ്രകാരം ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ടെന്നത് ഈ പദ്ധതി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകാർഷിച്ചിട്ടുണ്ടെന്നതിനുള്ള മികച്ച തെളിവാണ്. ആഗോള തൊഴിൽ മേഖലകളുടെ ആവശ്യങ്ങൾക്കനുസരിച്ചു സ്കിൽ ഉള്ള തലമുറയെ വാർത്തെടുക്കാൻ സ്കൂൾ തലം മുതൽ ശ്രമങ്ങൾ ആരംഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഡിജിറ്റൽ ഇന്ത്യ, മേക്ക് ഇൻ ഇന്ത്യ എന്നീ പദ്ധതികൾക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോഡി തുടങ്ങിവച്ച പദ്ധതിയാണ് സ്കിൽ ഇന്ത്യ പദ്ധതി. നൈപുണ്യ വികസന നയത്തിനു കീഴിൽ മുൻപ് നടത്തിവന്നിരുന്ന ഒരു പദ്ധതിയുടെ നവീകരിച്ച രൂപമാണ് സ്കിൽ ഇന്ത്യ. ഇത് ഒരു നൈപുണ്യ വൈവിധ്യ പരിശീലന മിഷൻ ആണ്.

## ലക്ഷ്യങ്ങൾ

ഇന്ത്യൻ യുവത്വത്തിന്റെ ക്രിയാത്മക ശക്തിയെ വ്യാവസായികമായി ഉപയോഗിച്ചാൽ ഇന്ത്യക്ക് ലോകത്ത് ഒന്നാംകിട ശക്തിയായി മാറാൻ കഴിയും. നമുക്ക് നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതിക പരിശീലന സ്ഥാപനങ്ങളും ഉണ്ട്. എന്നാൽ ഇവിടങ്ങളിൽനിന്നും പഠനം പൂർത്തിയാക്കുന്ന ചെറുപ്പക്കാർക്ക് വ്യാവസായിക തൊഴിലുകളിൽ നേരിട്ട് പ്രവേശിക്കുന്നതിന് വേണ്ട വൈദഗ്ധ്യമില്ല എന്നതാണ് വ്യവസായങ്ങൾ നയിക്കുന്നവരുടെ പരാതി.

ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം യുവാക്കൾക്ക് വിദഗ്ധ തൊഴിലുകളിൽ പരിശീലനം നൽകി അവരെ മെച്ചപ്പെട്ട നിലവാരത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കുകയാണ്. 2020ൽ 500 ദശലക്ഷം യുവാക്കൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നല്കാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി നിരവധി സ്കീമുകൾ ഗവൺമെന്റ് മുൻപോട്ടു വയ്ക്കുന്നു.

## സ്കിൽ ഇന്ത്യയുടെ ഉദ്ദേശ്യങ്ങൾ:

1) യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിനും അവരിൽ സംരംഭകത്വം വളർത്തുന്നതിനും പദ്ധതി പ്രാമുഖ്യം നൽകുക.

2) പരമ്പരാഗത തൊഴിലുകളായ കാർപെന്റർ, ചെരുപ്പുകുത്തി, വെൽഡർ, കൊല്ലൻ, മേസൺ, പരിചാരിക, സൂതികർമിണി, ടെയ്ലർ, നെയ്ത്തുകാരൻ എന്നീ തൊഴിലുകളിൽ പരിശീലനവും ഉപദേശങ്ങളും സഹായവും നൽകുക.

3) രാജ്യത്തിന് സാമ്പത്തികമായി കൂടുതൽ പ്രാധാന്യമുള്ള മേഖലകളായ റിയൽ എസ്റ്റേറ്റ്, കൺസ്ട്രക്ഷൻ, ട്രാൻസ്പോർട്ടേഷൻ, വസ്ത്ര വ്യാപാരം, ഡയമണ്ട് കട്ടിങ്, ആഭരണ ഡിസൈനിങ്, ബാങ്കിങ്, ടൂറിസം എന്നിവയിൽ വിദഗ്ധ പരിശീലനം നൽകുക.

4) രാജ്യത്തിനകത്തെ തൊഴിൽ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനു മാത്രമല്ല, വികസിത രാജ്യങ്ങളായ യു എസ്.എ, ജപ്പാൻ, ചൈന, ജർമ്മനി, റഷ്യ എന്നീ രാജ്യങ്ങളിലും പശ്ചിമേഷ്യയിലും തൊഴിലും അംഗീകാരവും നേടുന്നതിന് ഉതകുന്ന തരത്തിൽ അന്തരാഷ്ട്ര നിലവാരമുള്ള പരിശീലനമാവും സ്കിൽ ഇന്ത്യയിൽ നൽകുക.

5) ട്രെയിനിങ് പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഏർപ്പെടുത്തുന്ന 'റൂറൽ ഇന്ത്യ സ്കിൽ ഗുണനിലവാര മുദ്ര' സ്കിൽ ഇന്ത്യയുടെ പ്രത്യേകതയാണ്.

6) പ്രത്യേക ആവശ്യങ്ങൾക്കായി വിഭാവനം ചെയ്ത നൈപുണ്യ പരിശീലനം നടത്തും. ഭാഷാ പരിജ്ഞാനം, വ്യക്തിത്വ വികസനം, മാനേജ്മന്റ് വൈദഗ്ധ്യം, ശുഭചിന്താശേഷി പരിശീലനം (പോസിറ്റീവ് തിങ്കിങ്) സ്വഭാവ പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടും.

7) സ്കിൽ ഇന്ത്യയുടെ കോഴ്സ് പദ്ധതിശാസ്ത്രം വ്യത്യസ്തവും നൂതനവുമായിരിക്കും. ഇതിൽ ഗെയിമുകൾ, ഗ്രൂപ്പ് ചർച്ചകൾ, മനസികോദ്ദീപനം, പ്രായോഗിക പരിശീലനം (Practical training), കേസ് പഠനങ്ങൾ (Case study) എന്നിവ ഉൾപ്പെടും.

## 'സ്കിൽ ഇന്ത്യ' എങ്ങനെ വേറിട്ട് നിൽക്കുന്നു?

സ്കിൽ ഇന്ത്യ മുൻ വൈദഗ്ധ്യ പരിശീലന പരിപാടികളെക്കാൾ സ്വഭാവത്തിൽ വ്യത്യസ്തമാണ്. മുൻകാലങ്ങളിൽ തൊഴിൽ പരിശീലന പരിപാടികൾ വിവിധ മന്ത്രാലയങ്ങൾക്കു കീഴിൽ സംഘടിക്കപ്പെട്ടിരുന്നതും തമ്മിൽ ബന്ധമില്ലാത്തതുമായിരുന്നുവെങ്കിൽ ഇപ്പോൾ അവയെല്ലാം ഒറ്റ കുടക്കീഴിൽ കൊണ്ടുവരപ്പെട്ടു.

വൈദഗ്ധ്യ പരിശീലനത്തിന് ഒരു മന്ത്രാലയം തന്നെ രൂപം കൊടുത്തു. മുൻപ് പരമ്പരാഗത ജോലികൾക്കായിരുന്നു മുൻഗണന എങ്കിൽ ഇപ്പോൾ നൂതനമായ തൊഴിൽ സാധ്യതകളും പരീക്ഷിക്കപ്പെടുന്നു.

വൈദഗ്ധ്യ പരിശീലനത്തിനും സംരംഭക വികസനത്തിനും ഉള്ള മന്ത്രാലയം പരിശീലനം നൽകുന്ന മറ്റു മന്ത്രാലയങ്ങളും വകുപ്പുകളുമായി ആശയ വിനിമയവും സഹായവും നൽകി പ്രവർത്തനത്തിന് നേതൃത്വം നൽകും. നഗരഗ്രാമ മേഖലകളിൽനിന്നും തൊഴിൽ രഹിതരായ ചെറുപ്പക്കാർ, കോളേജ്, സ്കൂൾ പരിത്യക്തർ, വിദ്യാഭ്യാസം പൂർത്തിയാക്കിയവർ എന്നിവർക്ക് പരിശീലനം വഴി മൂല്യ വർധന കൊടുത്ത് അവരെ മെച്ചപ്പെട്ട നിലവാരത്തിലുള്ള ജീവിതത്തിന് പ്രാപ്തരാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. പുതിയ മന്ത്രാലയമാകും ഇവരുടെ സാക്ഷ്യപത്രം (Certificate) നൽകുക.

### സ്കിൽ ഇന്ത്യ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില ട്രെയിനിങ് പദ്ധതികൾ:

ഓൺട്രപ്രണർഷിപ് ഡെവലപ്മെന്റ് പ്രോഗ്രാം (EDP), വുമൺ ഇ ഡി പി, ലിംഗ സമത്വത്തിലൂടെ സ്ത്രീ ശാക്തീകരണം,എന്റർപ്രെണർഷിപ് കം സ്കിൽ ഡെവലപ്മെന്റ് പരിപാടികളും ട്രെയിനർമാർക്കുള്ള ട്രെയിനിങ് പരിപാടികളും, എയർകണ്ടീഷണർ & വാട്ടർ കൂളർ റിപ്പയർ,കാർഷിക ജല പമ്പുകളുടെ റിപ്പയർ, ബേക്കറി ഉത്പന്നങ്ങൾ, ബയോടെക്നോളജി, ബ്ലാക്ക്സ്മിത്ത്, CAD/CAM ഉപകരണങ്ങളുടെ കാലിബ്രേഷൻ, കാർപെന്ററി, കാറ്ററിംഗ്, CNG ലേത്ത് കം മില്ലിങ്, കമ്പ്രസ്സർ റിപ്പയർ, ടാലി കമ്പ്യൂട്ടർ അക്കൗണ്ടിംഗ്, ബ്യൂട്ടീഷ്യൻ കം കോസ്മെറ്റോളജി, സൈബർ കഫേ മാനേജ്മെന്റ്, ഡയറി അധിഷ്ഠിത തൊഴിലുകൾ, കൃത്രിമ ആഭരണങ്ങളുടെ നിർമാണവും ഡിസൈനിങ്ങും, ഡൈ ഫിറ്റർ, ഡ്രാഫ്റ്റ്സ്മാൻഷിപ് ട്രെയിനിങ്, ഡിറ്റിപി, ഇലക്ട്രിക്കൽ ഉപകരണ റിപ്പയറിങ്, ഇലക്ട്രോണിക് അസംബ്ലിങ് എന്നിവയാണവ.

**5. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പി.എം. കെ.വി.വൈ):** സ്കിൽ ഇൻഡ്യാ മിഷന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജന അഥവാ പി. എം.കെ.വി.വൈ 2016-20 വർഷത്തിൽ ഒരു കോടി ഇന്ത്യൻ യുവജനതയെ വിവിധ തൊഴിൽ നൈപുണിയുള്ളവരാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് വേണ്ടി ഏകദേശം 120 ബില്യൺ രൂപ വകയിരുത്തിയിട്ടുണ്ടെന്നത് തന്നെ ഈ പദ്ധതിയെ ഏറെ ശ്രദ്ധേയമാക്കുന്നു. കഴിഞ്ഞ വർഷം ജൂലായിലെ കണക്കനുസരിച്ച് 17.93 ലക്ഷം യുവജനങ്ങളെ ഈ സ്കീമിൽ ഉൾപ്പെടുത്തി പരിശീലനം നൽകിക്കഴിഞ്ഞു.

അനൗദ്യോഗിക നൈപുണ്യം, വ്യക്തിഗത പരിശീലനം, പെരുമാറ്റരീതി വികസനം തുടങ്ങിയ വിവിധ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കേന്ദ്രനൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയം ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ (എൻ.എസ്.ഡി.സി) എന്നിവ വഴിയാണു പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന പദ്ധതി നടപ്പാക്കുന്നത്. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ചട്ടക്കൂടിനെയും (NSQF) മറ്റു വ്യവസായ തലത്തിലെ നിലവാരത്തേയും അടിസ്ഥാനമാക്കിയാണു നൈപുണ്യ പരിശീലനം. മൂന്നാം കക്ഷിയുടെ വിലയിരുത്തലിന്റെയും സർട്ടിഫിക്കേഷന്റെയും അടിസ്ഥാനത്തിൽ ട്രെയ്നികൾക്ക് ധനസഹായങ്ങളും നല്കുന്നുണ്ട്. ഒരു ട്രെയ്നിക്ക് ശരാശരി ലഭിക്കാവുന്ന ധനസഹായം 8000 രൂപയാണ്.

എൻ.എസ്.ഡി.സി 2013-17 കാലഘട്ടത്തിലേക്ക് നടത്തിയ ആവശ്യകതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നൈപുണ്യ പരിശീലനം. ഇനിയുണ്ടാകുന്ന ആവശ്യകതകളെ സംബന്ധിച്ച് കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകളുടെയും വ്യവസായ, വാണിജ്യ സ്ഥാപനങ്ങളുടെയും ഉപദേശനിർദ്ദേശങ്ങൾ തേടും. ഇതിനു വേണ്ടി ഒരു ഡിമാൻഡ് അഗ്രിഗേറ്റർ പ്ലാറ്റ്ഫോമിനും തുടക്കമിട്ടിട്ടുണ്ട്. മേക്ക് ഇൻ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, ദേശീയ സൗരോർജ്ജ ദൗത്യം, സ്വച്ഛ് ഭാരത് അഭിയാൻ തുടങ്ങിയ സുപ്രധാന പദ്ധതികളിൽ നിന്നുണ്ടാകുന്ന ആവശ്യകതയും കണക്കിലെടുത്താണ് നൈപുണ്യ വികസന ലക്ഷ്യം തീരുമാനിക്കുന്നത്.

തൊഴിൽ മാർക്കറ്റിലേക്ക് ആദ്യമായി എത്തുന്നവരെ കേന്ദ്രീകരിക്കുന്ന പിഎംകെവിവൈ പദ്ധതി 10, 12 ക്ലാസുകളിൽ സ്കൂൾ പഠനം ഇടയ്ക്കു വച്ച് അവസാനിപ്പിച്ചവരെയും ലക്ഷ്യമിടുന്നു. എൻ.എസ്.ഡി.സി. പരിശീലന പങ്കാളികളിലൂടെയാണു പദ്ധതി നടപ്പാക്കുന്നത്. നിലവിൽ 2300 കേന്ദ്രങ്ങളിലായി 187 പരിശീലന പങ്കാളികളാണ് എൻ.എസ്.ഡി.സിക്കുള്ളത്. ഇതിനു പുറമേ കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകളുമായി അഫീലിയേറ്റ് ചെയ്യപ്പെട്ട പരിശീലന ദായകരെയും പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്. എല്ലാ പരിശീലന ദായകർക്കും പദ്ധതിയുടെ ഭാഗമാകുന്നതിന് ശ്രദ്ധാപൂർവകമായ ഒരു പ്രക്രിയയിലൂടെ കടന്നു പോകേണ്ടതുണ്ട്. മേഖലാ നൈപുണ്യ കൗൺസിലുകളും സംസ്ഥാന ഗവണ്മെന്റുകളും പി.എം.കെ.വി.വൈ പദ്ധതിക്കു കീഴിലുള്ള നൈപുണ്യപരിശീലന പദ്ധതിക്ക് മേൽ നോട്ടം വഹിക്കുന്നതാണ്.

ഇന്ത്യയിലെ എല്ലാ പരിശീലന കേന്ദ്രങ്ങളുടെയും വിവരങ്ങളും, അവയുടെ പരിശീലനത്തിന്റെയും കോഴ്സുകളുടെയും ഗുണനിലവാരവും രേഖപ്പെടുത്തുന്നതിന് ഒരു നൈപുണ്യ വികസന നിർവഹണ സംവിധാനവും ഈ പദ്ധതിക്ക് കീഴിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി അടങ്കലായ 1120 കോടി രൂപയിൽ 220 കോടി രൂപയും നീക്കി വച്ചിരിക്കുന്നത് മുൻകൂർ പഠനത്തിനാണ്. 67 കോടി രൂപ അവബോധമുണ്ടാക്കുന്നതിനും യുവാക്കളെ ഒരുമിച്ചു കൊണ്ടുവരുന്നതിനും നീക്കിവച്ചിരിക്കുന്നു. സംസ്ഥാന ഗവണ്മെന്റുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ പ്രാദേശിക തലത്തിൽ നടത്തുന്ന നൈപുണ്യ മേളകളിലൂടെയാണ് യുവാക്കളെ വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നത്. മാർഗ്ഗ ദർശനം നൽകുന്നതിനും പ്ലേസ്മെന്റുകൾ ഒരുക്കുന്നതിനും 67 കോടി രൂപയും വടക്കു കിഴക്കൻ മേഖലകളിലെ യുവാക്കളുടെ പരിശീലനത്തിന് 150 കോടി രൂപയും വകയിരുത്തിയിരിക്കുന്നു.

ഉത്പാദനരംഗം അടക്കമുള്ള വിവിധ മേഖലക

ളിലായി വളരുന്ന സമ്പദ് വ്യവസ്ഥയുടെ ആവശ്യകതയ്ക്ക് അനുസൃതമായി നൈപുണ്യമുള്ള തൊഴിൽ സേന രൂപീകരിക്കുന്നതിന് മന്ത്രാലയം പ്രമുഖ പങ്ക് വഹിക്കും. ഈ നിലയ്ക്കുള്ള എല്ലാ സംരംഭങ്ങളെയും ഉൾപ്പെടുത്തി നൈപുണ്യ, സംരംഭകത്വ വികസനത്തെ കുറിച്ച് ഒരു പുതിയ ദേശീയ നയവും ഉയർന്നു വന്നിട്ടുണ്ട്. 2022 ഓടു കൂടി 500 ദശലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നല്കുകയാണ് ഈ നയം ലക്ഷ്യമിടുന്നത്. ദേശീയ നൈപുണ്യ വികസന ദൗത്യത്തിന്റെ കീഴിൽ മൂന്ന് സ്ഥാപനങ്ങളാണ് ഈ ശ്രമങ്ങൾക്ക് കരുത്ത് പകരാൻ പ്രവർത്തിക്കുന്നത്.

പ്രധാനമന്ത്രിയുടെ അധ്യക്ഷതയിലുള്ള നൈപുണ്യ വികസന ദേശീയ കൗൺസിൽ പുതിയ ദിശാബോധം നല്കുകയും നൈപുണ്യ വികസന ശ്രമങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. നിതി ആയോഗ് വൈസ് ചെയർമാന്റെ അധ്യക്ഷതയിലുള്ള ദേശീയ നൈപുണ്യ വികസന ഏകോപന ബോർഡ് പ്രധാന മന്ത്രിയുടെ അധ്യക്ഷതയിലുള്ള കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള നയരേഖ തയ്യാറാക്കുന്നു. അസംഘടിത മേഖല ഉൾപ്പെടെയുള്ളവയുടെ തൊഴിൽ മാർക്കറ്റിലെ നൈപുണ്യ പരിശീലന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ലാഭരഹിത കമ്പനിയാണ് ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ.

2020 ഓടു കൂടി ഇന്ത്യ ലോകത്തെ ഏറ്റവും വളർച്ച നേടിയ മൂന്നു രാജ്യങ്ങളിലൊന്നും ഏറ്റവും വലിയ മൂന്ന് ഉത്പാദന കേന്ദ്രങ്ങളിലൊന്നുമാകുമെന്ന് കണക്കാക്കുന്നു. നൈപുണ്യ വികസനത്തിലൂന്നി നിന്ന് മാനവിക മൂലധനം സൃഷ്ടിക്കാൻ ശ്രമിക്കുന്ന നൂതന പദ്ധതിയായ പി.എം.കെ.വി.വൈ നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് തീർച്ചയായും നേട്ടങ്ങളുണ്ടാക്കി തരും. ഈ പദ്ധതിയുടെ കൂടുതൽ വിവരങ്ങൾ www.pmkvyofficial.org എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. കേരളത്തിലുള്ള ട്രെയിനിംഗ് സെന്ററുകൾ ജില്ലാ അടിസ്ഥാനത്തിൽ ഈ ലിങ്കിൽ നിന്നും കണ്ടു പിടിക്കാം http://pmkvyofficial.org/ Training-Cetnre.aspx. ഈ പദ്ധതിയുടെ ഭാഗമായി ട്രെയിനിങ് ലഭിക്കുന്നതിനായി 088000 55555 എന്ന ടോൾ ഫ്രീ നമ്പറും എൻ.എസ്.ഡി.സി ഒരുക്കിയിട്ടുണ്ട്.

## കേരളത്തിലെ പദ്ധതികൾ

കേരളത്തിൽ പ്രതിവർഷം 153 എഞ്ചിനീയറിംഗ് കോളേജുകളിലായി 48,988 വിദ്യാർത്ഥികളും 59 പോളിടെക്നിക്കുകളിൽ ഏകദേശം 10,580 വിദ്യാർത്ഥികളും ഐ.ടി.ഐ.കളിൽ 6,750 വിദ്യാർത്ഥികളും പ്രവേശനം നേടുന്നുണ്ട്. ഈ വിദ്യാർത്ഥികളിൽ സംരംഭകത്വത്തിനുതകുന്ന നൈപുണിക വിദ്യാഭ്യാസം നൽകേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനും അത്യന്താപേക്ഷിതമാണ്.ഇതിനായി കേരള സർക്കാരും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്, അവയിൽപ്പെട്ടവയാണ്

**1. സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് പ്രോജക്ട് (SSDP):** തൊഴിൽ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ഇതിലെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. 14.8 ലക്ഷം ആളുകൾക്ക് നൈപുണിക വിദ്യാഭ്യാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**2.അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം (ASAP) :** ഹയർസെക്കന്ററി, കോളേജ് വിദ്യാർത്ഥികൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നത് ലക്ഷ്യമാക്കിയുള്ള ഈ പദ്ധതി 2012-17 കാലയളവിൽ 3.1 ലക്ഷം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും. ഇതിനായി 633.3 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

**3. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം :** ഐ.ടി.ഐ. വിദ്യാർത്ഥികൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രത്യേകം രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും നൈപുണി വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടന്നു വരുന്നത്. 2012-17 കാലഘട്ടത്തിൽ 11.7 ലക്ഷം ആളുകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

പഠനശേഷം തൊഴിൽ തേടി അലയുന്നതിലൂടെ ഉണ്ടാകുന്ന തൊഴിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സ്വന്തമായി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സ്വയം തൊഴിൽ കണ്ടെത്തുതിനോടൊപ്പം മറ്റുള്ളവർക്ക് തൊഴിലവസരങ്ങളും നൽകുക എന്നതാണ് 2014 ൽ കേരള സർക്കാർ പ്രഖ്യാപിച്ച സ്റ്റാർട്ടപ്പ് പോളിസി ലക്ഷ്യമിടുന്നത്. കേരളത്തിലെ വിദ്യാർത്ഥികളും യുവാക്കളും സംരംഭകരാകുന്നതിന് കളമൊരുക്കുകയാണ് ഇത്തരമൊരു പദ്ധതിയിലൂടെ നിലവിൽ അഞ്ഞൂറോളം സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടക്കമിട്ടു കഴിഞ്ഞു. ഐ.ടി./ ടെലികോം മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതി ടൂറിസം, ഭക്ഷ്യസംസ്കരണം, കൃഷി, ജനിതകശാസ്ത്രം എന്നീ മേഖലകളിലും ഫുഡ് പ്രോസസിംഗ്, റെഡിമെയ്ഡ് ഗാർമെന്റ് & എംബ്രോയ്ഡറി, തടികൊണ്ടുള്ള വീട്ടുപകരണ നിർമ്മാണം, രാസവസ്തു അധിഷ്ഠിത ഉൽപന്ന നിർമ്മാണം, റബർ ഉൽപ്പന്ന നിർമ്മാണം, കൈത്തറി, പ്ലാസ്റ്റിക് നിർമ്മാണം എന്നിവ മുൻനിർത്തിയാണ് കേരളത്തിലെ ഉൽപ്പാദന മേഖലകളിൽ സംരംഭകത്വം ലക്ഷ്യമിടുന്നത്.

കാർഷിക മേഖല, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് /ടൂറിസം എന്നിവയും ഇവിടെ സംരംഭകത്വത്തിന് ശ്രദ്ധേയമായ മേഖലകളാണ്. കേരളത്തിലെ പൊതുവിദ്യാലയങ്ങളെ ഹൈടെക്ക് സൗകര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് കേരള സർക്കാർ പുതിയ പദ്ധതി പ്രഖ്യാപിച്ചതോടെ സ്കൂൾ തലത്തിൽ വച്ച് തന്നെ ഐ.സി.ടി അധിഷ്ഠിത പഠന സൗകര്യം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കും. അതിലൂടെ വിദ്യാർത്ഥിയുടെ തൊഴിൽപരമായ അഭിരുചിവളരെ നേരത്തെതന്നെ തിരിച്ചറിയാൻ സാധിക്കുമെന്നാണ് കരുതുന്നത്.

*(സംസ്ഥാന വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് വിഭാഗം അധ്യാപകനാണ് ലേഖകൻ)*

# ഇ – സമ്പർക്ക്

മെയിലർ, എസ്എംഎസ് പ്രചാരണങ്ങൾ, ഔട്ട് ബോണ്ട് ഡയലിംങ് എന്നിവ വഴി ഗവൺമെന്റ് നേരിട്ട് പൗരന്മാരിലെത്തുന്ന സംവിധാനത്തെയാണ് ഇ – സമ്പർക്ക് എന്നു പറയുന്നത്. 2016 മെയിലാണ് ഇന്ത്യ ഗവൺമെന്റ് ഇ – സമ്പർക്ക് പോർട്ടൽ ആരംഭിച്ചത്. ജനങ്ങൾക്ക് സന്ദേശം അയക്കാനും ഗവൺമന്റിൽ നിന്നു സന്ദേശങ്ങൾ സ്വീകരിക്കാനുമുള്ള സംവിധാനമായി അതു പ്രവർത്തിക്കുന്നു. ഗവൺമെന്റും പൗരന്മാരുമായുള്ള സമ്പർക്കം കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ് ഈ പോർട്ടലിന്റെ ലക്ഷ്യം. നിലവിൽ ഇതുമായി ബന്ധപ്പെട്ട് 404 പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും 230 കോടി ഈ മെയിലുകൾ ഇ– സമ്പർക്ക് വഴിയായി കൈമാറുകയും ചെയ്തു. ഡിജിറ്റൽ പ്രചാരണപരിപാടികൾ വഴി സജീവമായ സമ്പർക്കം സ്ഥാപിക്കുകയാണ് ഇ സമ്പർക്ക് എന്ന സങ്കല്പം .ഇതിന്റെ ബഹുമുഖ ജാലകങ്ങൾ ഗവൺമെന്റും പൗരന്മാരും തമ്മിലുള്ള ആശയവിനിമയം മാത്രമല്ല, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബന്ധപ്പെട്ട വിവരങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം കൂടി ഒരുക്കുന്നു. പോർട്ടൽ ഉപയോഗിക്കുന്നവർക്ക് മുൻ പ്രചാരണപരിപാടികൾ വീക്ഷിക്കാനുള്ള സൗകര്യവും ലഭ്യമാണ്. ഈ – സമ്പർക്ക് ഡിജിറ്റൽ ഇന്ത്യയുടെ സത്തയാണ് ഉൾക്കൊള്ളുന്നത്. വിവിധ പരിപാടികളും പദ്ധതികളും സംബന്ധിച്ച് പൗരന്മാരുമായി ആശയവിനിമയം നടത്താൻ അത് ഗവൺമെന്റിനെ പ്രാപ്തമാക്കുന്നു. അപകട നിവാരണ നിർവഹണത്തിലൂടെ ഇന്ത്യയെ മാറ്റുക, ആഴ്ച്ചയിൽ ഒരു ദിവസം പെട്രോൾ ഡീസൽ വാഹനങ്ങൾ ഉപേക്ഷിക്കാൻ പൗരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് പ്രചാരണ പരിപാടികളിൽ പ്രധാനം. പ്രധാന മന്ത്രിയുടെ പ്രതിമാസ ജനകീയ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കീ ബാത് സംബന്ധിച്ച വീക്ഷണങ്ങളും ഇതിലുണ്ട്.

## ഇ – സമ്പർക്കിന്റെ സവിശേഷതകൾ

• മെയിലുകൾ, എസ്എംഎസ്, ഔട്ട് ബോണ്ട് ഡയലിംങ് എന്നിവ വഴി പൊതുജനങ്ങൾ അറിയേണ്ടുന്ന വിവരങ്ങൾ പൗരന്മാരെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെയും ഗവൺമെന്റ് ജീവനക്കാരെയും അറിയിക്കുക.

• നിർദ്ദിഷ്ട ഉപയോക്താക്കളുടെ പട്ടികയിലേയ്ക്ക് പ്രത്യേക ആപ് വഴി എസ്എം എസ് അയക്കുക.

കാലാകാലങ്ങളിൽ പുതുക്കുന്ന ജനപ്രതിനിധികളുടെയും ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും വിലാസങ്ങളും ബന്ധപ്പെടാനുള്ള ഫോൺ നമ്പരുകളും ചേർന്ന വിശാലമായ വിവര ശേഖരണി.

• വിവരശേഖരം ഒന്നിച്ചും ഒറ്റയ്ക്കും പുതുക്കാം.

• അയച്ച സന്ദേശങ്ങൾ, അത് വായിച്ചവർ എത്ര, ഫോർവേഡ് ചെയ്തവ എത്ര, യുആർഎൽ (URL) തുടങ്ങിയവ പരിശോധിക്കാൻ അവസരം

• വ്യക്തികൾക്കും ഇ സമ്പർക്ക് വിവര ശേഖരത്തിന്റെ വരിക്കാരാകാം. അപ്പോൾ അവർക്കും ഗവൺമെന്റിൽ നിന്നുള്ള മെയിലുകളും എസ്എം എസുകളും ലഭിക്കും. എപ്പോൾ വേണമെങ്കിലും ഇതിന്റെ വരിക്കാരുടെ ലിസ്റ്റിൽ നിന്നു പുറത്തു പോവുകയും ചെയ്യാം

## നിരവധി ആനുകൂല്യങ്ങൾ ഇതുമൂലം ലഭിക്കും.

• ഔദ്യോഗിക കത്തുകൾ അയക്കുന്നിന് ഗവൺമെന്റ് ( കേന്ദ്ര സംസ്ഥാന) ഉദ്യോഗസ്ഥരുടെ വിശാലമായ വിവരശേഖരം

• നിലവിലുള്ള ഗവൺമെന്റ് നയങ്ങൾ, തീരുമാനങ്ങൾ പുതിയ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ. ഇത് ആശയവിനിമയത്തിന്റെ കാര്യശേഷി വർധിപ്പിക്കും.

• ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ക്ഷേമ പദ്ധതികളെ കുറിച്ച് മറ്റ് ആനുകൂല്യങ്ങളെ കുറിച്ച് ഏറ്റവും പുതിയ വിവരങ്ങൾ പങ്കു വയ്ക്കപ്പെടുന്നതോടെ അവ അറിയാൻ പൗരന്മാർക്കിടയിൽ കൂടുതൽ ബോധവത്ക്കരണം നടക്കും.